1996

# എടപ്പറ്റ ഗ്രാമപഞ്ചായത്ത്



## വികസന റിപ്പോർട്ട്

ജനകീയാസൂത്രണം

KERALA INSTITUTE OF LOCAL ADMINISTRATION
LIBRARY
THRISSUR-680581
4305


എടപ്പറ്റ
ഗ്രാമപഞ്ചായത്ത്
മലപ്പുറം

116-2

ഒൻപതാം പദ്ധതി ജനകീയ പദ്ധതി

# എടപ്പറ്റ ഗ്രാമപഞ്ചായത്ത്

## വികസന സെമിനാർ




# സമഗ്ര വികസന റിപ്പോർട്ട്



"എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റുവാൻ
വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്.
എന്നാൽ ആരുടേയും ദുരയെ
തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും."

-മഹാത്മാഗാന്ധി


ചീഫ് എഡിറ്റർ

ജോർജ്ജ് മാത്യു

സബ് എഡിറ്റർ

മുഹമ്മദ് ചാലിൽ

എഡിറ്റോറിയൽ ബോർഡ്

M.K. അലി
K. കബീർ
T.J മറിയക്കുട്ടി
C.T. ഇബ്രാഹിം
K. അജയ്ഘോഷ്
K അബൂബക്കർ
P. സെബാസ്റ്റ്യൻ
ക്ലമന്റ് P. ജേക്കബ്ബ്
P. ഹനീഫ
P.D. സണ്ണി
A. ഗംഗാധരൻ
T.P. സൂപ്പി.
M.P. അബ്ദുള്ള

കൺവീനർ

E. കോയഹാജി

കല

കുമാരൻ ചേരിപറമ്പ്



പ്രിന്റിംഗ്

ഉദയ ഓഫ്സെറ്റ്
ചൂണ്ടൽ, കുന്നംകുളം.
ഫോൺ 522714

# എടപ്പറ്റ ഗ്രാമപഞ്ചായത്ത്
# ഭരണ സമിതി



M.K. അലി
(പ്രസിഡണ്ട്)



K. കബീർ
(വൈ.പ്രസിഡണ്ട്)

മെമ്പർമാർ

- M. മുഹമ്മദാലി
- C.T. ഇബ്രാഹിം
- K. ശാരദ
- K. ലൈല
- P. അബ്ദുള്ള എന്ന കുഞ്ഞാൻ.
- K. അജയഘോഷ്.



T.J. മറിയകുട്ടി
(സ്റ്റാന്റിഗ് കമ്മറ്റി
ചെയർ പേഴ്സൺ)



O.M.I. തങ്ങൾ
(സെക്രട്ടറി, എടപ്പറ്റ
ഗ്രാമ പഞ്ചായത്ത്)

# എടപ്പറ്റ ഗ്രാമപഞ്ചായത്ത്




# അധികാരം ജനങ്ങൾക്ക്

## ജനകീയാസൂത്രണ പ്രസ്ഥാനം

# എഡിറ്റോറിയൽ



ജോർജ്ജ് മാത്യു
(ചീഫ് എഡിറ്റർ)

നമ്മുടെ ഭരണഘടന പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് വൻ പങ്കാളിത്തം ഉറപ്പുനൽകുന്നു. 1993 ലെ 73-ാം ഭരണഘടനാഭേദഗതികളിലൂടെയാണ് ഗ്രാമപഞ്ചായത്തുകൾ ഈ നേട്ടം കൈവരിച്ചത്. 9-ാം പഞ്ചവത്സരപദ്ധതിയുടെ ആരംഭത്തിന് ഇനി 4 മാസങ്ങൾ മാത്രം. പഞ്ചവത്സരപദ്ധതിയുടെ അടങ്കലിന്റെ 35-40 ശതമാനം പഞ്ചായത്തുകൾക്ക് ലഭിക്കുവാൻ പോകുന്നു. ഒരു വൻതുകയായിരിക്കും പഞ്ചായത്തിനുലഭിക്കുക. പ്രസ്തുത തുകയ്ക്കുള്ള വികസന പരിപാടികൾ താഴെ തട്ടിൽതന്നെ ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തി എടുക്കുക എന്നതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ജനകീയ പങ്കാളിത്തത്തോടെ സ്കീമുകൾ തയ്യാറാക്കുവാൻ കഴിഞ്ഞാൽ ജനഹിതമായിരിക്കും പദ്ധതിയിൽ പ്രതിഫലിക്കുക. മുകളിൽ നിന്നും അടിച്ചേൽപ്പിക്കുന്ന മാമൂൽ പരിപാടികൾ ഇല്ലാതാകും. പദ്ധതിപ്രവർത്തനങ്ങളോട് ജനങ്ങൾക്കുള്ള നിസ്സംഗത മാറുകയും വികസനപ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം വർദ്ധിക്കുകയും ചെയ്യും.

ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടാണ് 9-ാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചതും ജനപങ്കാളിത്തത്തോടെ പുതിയൊരു വികസന രാഷ്ട്രീയ സംസ്കാരത്തിനു രൂപം നൽകികകൊണ്ട് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചതും.

നമ്മുടെ പദ്ധതി നാം തന്നെ തയ്യാറാക്കുന്ന ശ്രമകരമായ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിനുള്ള മുന്നൊരുക്കങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. പ്രാദേശിക പ്രവർത്തകർക്ക് 2 ഘട്ടങ്ങളിലായി പരിശീലനം നൽകി. ഗ്രാമസഭകൾ വിജയകരമായി പൂർത്തിയാക്കി. നമ്മുടെ വികസന പ്രശ്നങ്ങൾ എന്തൊക്കെയെന്ന് മനസ്സിലാക്കി. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സാധ്യതകൾ അവലോകനം ചെയ്തു കഴിഞ്ഞു. അവ ഈ വികസന റിപ്പോർട്ടിലുണ്ട്.

ഇനി പ്രശ്നങ്ങളും, സാധ്യതകളും വിലയിരുത്തികൊണ്ടാണ് പ്രശ്നപരിഹാരങ്ങൾ നിർദ്ദേശിക്കേണ്ടത് വികസന സെമിനാറാണ്. പരിഹാരങ്ങൾ നിർദ്ദേശിക്കപ്പെട്ടുകഴിഞ്ഞാൽ പദ്ധതികൾക്കുള്ള രൂപരേഖയായി രൂപരേഖകളെ സ്കീമുകളാക്കി മാറ്റുവാൻ വിദഗ്ധ കർമ്മ സമിതികൾക്കു രൂപം നൽകണം. സെമിനാറിൽ നിന്നുമാണ് കർമ്മ സമിതികൾ രൂപീകരിക്കുക. കർമ്മ സമിതികൾ പദ്ധതികൾ തയ്യാറാക്കുക എന്ന ഭാരിച്ച ഉത്തരവാദിത്തം നിർവ്വഹിക്കണം.

മുൻഅനുഭവങ്ങൾ ഉള്ളവർ ചുരുക്കം വികസനത്തെപ്പറ്റിയുള്ള വികലമായ അവബോധം, ഉചിതമായ ചട്ടങ്ങൾ ഇല്ല, വേണ്ടത്ര അധികാരങ്ങൾ ഇല്ല എന്നിവ പദ്ധതികൾക്കു രൂപം നൽകുന്നതിനുള്ള തടസ്സങ്ങളാണ്. ഇവയെല്ലാം ചൂണ്ടിക്കാണിച്ച് ആസൂത്രണ-വികേന്ദ്രീകരണ പ്രക്രിയയെ 10-ാം പദ്ധതിയിലേക്ക് നീട്ടിവെക്കുവാൻ സാധ്യമല്ല ചെയ്യേണ്ടത് ഇപ്പോൾ തന്നെ ചെയ്തേ പറ്റൂ. സമയം നമുക്കു വേണ്ടി കാത്തു നിൽക്കുകയില്ല!

പഞ്ചായത്തുഭരണസമിതിയേയും, ജനകീയാസൂത്രണ സമിതിയേയും ഈ വികസന റിപ്പോർട്ട് തയ്യാറാക്കുവാൻ സഹായിച്ച പൊതുജനങ്ങളോടും ഉദ്യോഗസ്ഥരോടും, അനുഭവസമ്പത്തുകൾ പകർന്നുതന്ന ഓരോരുത്തരോടും ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. അവരോട് എടപ്പറ്റ ഗ്രാമപഞ്ചായിത്തിനും, എടപ്പറ്റ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ സമിതിക്കുമുള്ള നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ വികസന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള നമ്മുടെ പ്രശ്നങ്ങളെ ശാശ്വതമായി പരിഹരിക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്നും, നിർദ്ദേശങ്ങളെ 9-ാം പഞ്ചവത്സരപദ്ധതിക്കുള്ള സ്കീമുകളാക്കി മാറ്റുവാനുള്ള സഹായസഹകരണങ്ങൾ നൽകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഈ വികസനറിപ്പോർട്ട് അവതരിപ്പിച്ചുകൊള്ളുന്നു.

ജോർജ് മാത്യു
ചീഫ് എഡിറ്റർ & കോ. ഓർഡിനേറ്റർ
ജനകീയാസൂത്രണ സമിതി, എടപ്പറ്റ ഗ്രാമപഞ്ചായത്ത്.

# പേജുകളിൽ


1 ആമുഖം ........ 7

2 പഞ്ചായത്ത് പൊതുവിവരണം ........ 10

3 സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക ചരിത്ര പശ്ചാത്തലം ........ 13

4 ഭൂ പ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി ........ 18

5
1. കൃഷി, ജലസേചനം ........ 27
2. മൃഗസംരക്ഷണം, തേനീച്ച വളർത്തൽ, കോഴി വളർത്തൽ, മത്സ്യബന്ധനം ........ 43
3. വ്യവസായം ........ 48
4. ഗതാഗതം, ഊർജ്ജം, വാർത്താവിനിമയം ........ 55
5. വിഭവ സമാഹരണം ........ 74
6. വനിത ........ 81
7. സംസ്കാരം, കായികം ........ 88
8. സഹകരണം ........ 96
9. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം ........ 102
10. വിദ്യാഭ്യാസം ........ 110
11. കുടിവെള്ളം, ആരോഗ്യം ........ 121
12. പാർപ്പിടം, സാമൂഹ്യക്ഷേമം ........ 134
13. വനം ........ 153

6 ഉപസംഹാരം ........ 156



# 1 ആമുഖം

"ഗ്രാമസ്വരാജ്" - നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ സ്വപ്നമായിരുന്നു. ലക്ഷോപലക്ഷം ഗ്രാമങ്ങളിലാണ് ഭാരതത്തിന്റെ ആത്മാവ് കുടികൊള്ളുന്നത് എന്ന് അദ്ദേഹം കണ്ടു.

പുരാതന കാലം മുതൽ ഭാരതീയ ഗ്രാമങ്ങളിൽ പഞ്ചായത്തുകൾ നിലവിലുണ്ടായിരുന്നു. തെരഞ്ഞെടുക്കപ്പെട്ടവരായിരുന്നില്ല പഞ്ചായത്തംഗങ്ങൾ. ഗ്രാമങ്ങളിലെ പ്രധാനികളുടെ സഭയായിരുന്നു പഞ്ചായത്ത്. ഗ്രാമീണരുടെ പരാതികൾക്ക് തീർപ്പുകൽപ്പിക്കുക, കുടിൽ വ്യവസായങ്ങൾ ആരംഭിക്കുക, വിദ്യാഭ്യാസപ്രവർത്തനങ്ങൾ നടത്തുക, വികസനപ്രവർത്തനങ്ങൾ നടത്തുക, തുടങ്ങി ഗ്രാമീണരുടെ മിക്ക പ്രശ്നങ്ങളും പഴയകാല ഗ്രാമപഞ്ചായത്തുകളിൽ പരിഹരിക്കപ്പെട്ടിരുന്നു. പക്ഷെ അതിന് നിയമപ്രാബല്യം ഉണ്ടായിരുന്നില്ല.

ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടി പുതിയ ഭരണഘടന നിലവിൽ വന്നു. രാഷ്ട്രപിതാവിന്റെ സ്വപ്നം - "ഗ്രാമസ്വരാജ്" - പൂവണിയിക്കുവാൻ ഭരണഘടനയിൽ വ്യവസ്ഥകൾ ഉണ്ടായില്ല. പഞ്ചായത്തീരാജിന് സംസ്ഥാനപരിധി യിൽ വരുന്ന നിർദ്ദേശകതത്വങ്ങളുടെ പട്ടിക യിൽ മാത്രമാണ് സ്ഥാനം ലഭിച്ചത്. പല സംസ്ഥാനങ്ങളിലും പഞ്ചായത്തുകളുടെ പ്രവർത്തനം പല രൂപത്തിലായിരുന്നു. കേരളമൊഴികെയുള്ള മിക്കസംസ്ഥാനങ്ങളിലും ഗ്രാമസഭകൾ പോലും നിലവിലുണ്ടായിരുന്നു. പക്ഷെ പഞ്ചായത്തുകൾക്ക് അധികാരങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. അധികാരമില്ലാത്ത പഞ്ചായത്തുകൾക്ക് വിശ്വാസ്യത നഷ്ടപ്പെട്ടു. ബ്യൂറോക്രസി ജനഹിതം നോക്കാതെ ഭരണം നടത്തി. പ്രാദേശികമായി പരാജയപ്പെടുന്ന പദ്ധതികൾ ഗ്രാമങ്ങളിൽ അടിച്ചേൽപ്പിക്ക പ്പെട്ടുപോകുന്ന പഞ്ചായത്തു തെരഞ്ഞെടുപ്പുകൾ നിശ്ചിതമായി നീട്ടി വെയ്ക്കപ്പെട്ടു. അധികാരവികേന്ദ്രീകരണം ആഹ്വാനങ്ങളിൽ മാത്രം ഒതുങ്ങി. ജനപങ്കാളിത്തമില്ലാത്തതിനാൽ അഴിമതി കുന്നുകൂടി പൊതുധനം ധൂർത്തടിക്കപ്പെട്ടു. പ്രശ്നം സർക്കാരിനും ബോധ്യപ്പെട്ടു. അ

ധികാര വികേന്ദ്രീകരണത്തെ പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ വിവിധ കമ്മീഷ നുകളെ നിയമിച്ചു. ഭരണഘടനാഭേദ ഗതിയിലൂടെ മാത്രമേ പഞ്ചായത്തുകൾക്കും ജനങ്ങൾക്കും ഭരണത്തിൽ പങ്കാളികളാകുവാൻ കഴിയുകയുള്ളൂ എന്ന് കേന്ദ്ര സർക്കാർ കണ്ടെത്തി.

രാജീവ്ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രി യായി. പഞ്ചായത്തുകൾക്ക് വളരെയേറെ അ ധികാരങ്ങൾ നൽകുന്നതും ഗ്രാമസഭകൾക്ക് ഭരണഘടനാപരമായി നിയമപ്രാബല്യം നൽകു ന്നതുമായ 64-ാം ഭരണഘടനാഭേദഗതി ബിൽ ലോകസഭയിൽ അവതിരിപ്പിക്കപ്പെട്ടു. ലോക് സഭ യിൽ ബിൽ പാസായി. രാജ്യസഭയിൽ പരാജയപ്പെട്ടതിനെ തുടർന്ന് ബിൽ നിയമ മായില്ല. പിന്നീട് 1993-ൽ 7374 ഭരണഘടനാ ഭേദഗതികളിലൂടെ ഇന്ത്യൻ പാർലിമെൻര് പ ഞ്ചായത്തീ രാജ് -നഗരപാലികാ ബിൽ പാസാ ക്കി. ഇന്ത്യ യിലാകമാനം നിയമം നടപ്പിലായി. 1994-ൽ കേരളനിയമസഭ ആവശ്യമായ ചട്ട ങ്ങൾക്ക് രൂപം നൽകി അംഗീകരിച്ചതോടെ കേ രളത്തിലും പഞ്ചായത്തീ രാജ് - നഗരപാലികാ ബിൽ നിയമമായി.

1995-ൽ പുതിയ പഞ്ചായതീ രാജ്നിയമം അനുസരിച്ച് സംസ്ഥാനത്ത് തെരഞ്ഞെടുപ്പു നടന്നു. അധികാരങ്ങളുള്ള പഞ്ചായത്തു ഭരണസമിതികൾ 1995 ഒക്ടോബർ 2-ാംനു നിലവിൽ വന്നു. വാർഡു തലത്തിലുള്ള ഗ്രാമസഭകൾക്കും അധികാരം കൈവന്നു.

എല്ലാ പദ്ധതികളും രൂപപ്പെടുത്തി യിരുന്നത്ഉദ്യോഗസ്ഥമേധാവികളായിരുന്നു.8 പഞ്ചവൽസരപദ്ധതികൾക്കും രൂപം നൽകിയ ത് ബ്യൂറോക്രസിയായിരുന്നു. നിയമാനു സൃതം ഗ്രാമസഭയാണ് ഏറ്റവും താഴെ തട്ടിലുള്ള അധികാരകേന്ദ്രമെങ്കിലും തീരുമാനം മുകളിൽ നിന്നും അടിച്ചേൽപ്പിയ്ക്കുന്നു. ഈ സ്ഥിതി മാറിയേ തീരൂ എന്ന് സംസ്ഥാന സർക്കാ രിനു ബോധ്യമായി.

ഒമ്പതാം പഞ്ചവൽസരപദ്ധതി നമ്മുടെ കൺമുമ്പിലാണ്. 1997-ൽ ആരംഭിക്കുവാൻ പോകുന്നു. ഒമ്പതാം പദ്ധതിക്കുള്ള സ്കീമു കൾ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭ കളിൽ നിന്നും ഉയർന്നുവരണം. വികസനപ്ര ക്രിയയിൽ ജനകീയപങ്കാളിത്തം കൂടിയേ തീരൂ. അതിനായി ''ഒമ്പതാം പദ്ധതി ജനകീയപദ്ധതി''യാക്കി മാറ്റുവാൻ 1996 ജൂലായ് മാസത്തിൽ സംസ്ഥാനസർക്കാർ തീരു മാനം കൈകൊണ്ടു.

അധികാരം ജനങ്ങൾക്ക് എന്ന ഭരണഘടനാവാ ഗ്ദാനം യാഥാർത്ഥ്യമാക്കുന്നതിൻെറ ഭാഗമായി സംസ്ഥാനസർക്കാരിൻെറ നിദ്ദേശാനുസരണം ഈ പഞ്ചായത്തിൽ വിശേ ഷാൽ ഗ്രാമസഭകൾ നടന്നു. സെപ്തംബർ 20-ാനു ഒക്ടോബർ 2നും ഇടയിൽ 9 ഗ്രാമസഭകളും ചേർന്നു. വളരെ വിജയകരമായി 9-ാം പദ്ധതി രൂപീകരണത്തി നുള്ള ചർച്ചകൾ ഗ്രാമസഭകളിലുണ്ടായി. വാർഡുകളുടെ സമഗ്രവികസനത്തിനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നു. സ്ത്രീപങ്കാളിത്തിം മോശമായിരുന്നില്ല. പഞ്ചായത്തുതല ശില്പശാലയിൽ പരിശീലനം നേടിയ പ്രാദേശികപരിശീലകരും ജില്ലാപരിശീ ലകരും ഗ്രാമസഭകളിൽ വിദഗ്ധോപദേശം നൽകി.

ഗ്രാമസഭകളിൽ ഉയന്നുവന്ന നിർദ്ദേശളെ ക്രോഡീകരിച്ച് ഈ പഞ്ചായത്തിൻെറ പ്രശ്ന ങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തുവാൻ കഴിഞ്ഞു. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വികസനപ്രവർത്തനങ്ങളും നടന്നവയും വിശ കലനം ചെയ്തു. അവയെല്ലാം ഈ വികസന രേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്.

9-ാം പദ്ധതി ജനകീയപദ്ധതിയാക്കി മാറ്റുവാനുതകുന്ന ഏതു പ്രവർത്തനവും ഏറ്റെടുക്കുവാൻ കഴിവുള്ള ആത്മാർത്ഥത യുള്ള പ്രവർത്തകരുടെ സഹായം ഈ വികസന രേഖ തയ്യാറാക്കുന്ന കാര്യത്തിൽ ലഭിച്ചിട്ടുണ്ട്.

അതുകൊണ്ടുതന്നെ ജനകീയാസൂത്രണ രഥം വിജയകരമായി മുന്നോട്ടു കൊണ്ടു പോകുവാൻ നമുക്കുകഴിയുംഎന്നുപ്രത്യാശിക്കുന്നു.

അധികാരത്തോടൊപ്പം സമ്പത്തും പഞ്ചായത്തിനു ലഭിയ്ക്കും എന്ന പ്രതീക്ഷയുണ്ട്. പദ്ധതി വിഹിതത്തിൻെറ 40 ശതമാനം പഞ്ചായത്തുകൾക്ക് ലഭിയ്ക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. സംസ്ഥാനസർക്കാരിൻെറ വിവി ധ പദ്ധതികൾ പ്രകാരമുള്ള ഫണ്ടുകൾ, സന്നദ്ധസംഘടനകൾ വഴി ലഭിക്കുന്ന വികസനഫണ്ടുകൾ, നികുതിവരുമാനം, ജനീകയപങ്കാളിത്തം എന്നിങ്ങനെയുള്ള സാമ്പത്തിക സ്രോതസ്സുകൾ ഈ പഞ്ചായത്തിൻെറ വികസനപ്രക്രിയക്ക് വേഗത പകരും എന്നു പ്രതീക്ഷിക്കാം. പുത്തൻ ആസൂത്രണതന്ത്രമായ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് ബഹുജനപങ്കാളിത്തം ഉറപ്പാക്കുവാൻ കഴിഞ്ഞാൽ പ്രവൃത്തികളുടെ നടത്തിപ്പ്കാര്യക്ഷമവും ശീഘ്രവും, തൃപ്തികരവുമായി നിർവ്വഹിക്കുവാൻ കഴിയും. മാത്രമല്ല അഴിമതിയുടെ നീരാളിപ്പിടുത്തത്തിൽ നിന്നും ജനങ്ങൾ മോചിതരാവുകയും ചെയ്യും.

9 ഗ്രാമസഭകളിലൂടെ ഉയർന്നുവന്നതും വിദഗ്ധർ ചൂണ്ടിക്കാട്ടിയതുമായ പ്രശ്നങ്ങളും സാധ്യതകളുമാണ് ഈ വികസനരേഖയിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. അവയെ്ക്കല്ലാം പരിഹാരനിർദ്ദേശങ്ങൾ ഈ വികസനസെമിനാറിൽനിന്നും ഉയർന്നുവരേണ്ടതുണ്ട്. നിർദ്ദേശങ്ങളെ പദ്ധതികളാക്കി മാറ്റുകയും വേണം.

മരവിച്ചു കിടന്നിരുന്ന ജനകീയ ശക്തിയെ ഫലപ്രദമായി ഉയർത്തെഴുന്നേൽപ്പിച്ച് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് കരുത്തേകി എടപ്പറ്റയുടെ വികസനസ്വപ്നം അധികം വൈകാതെ തന്നെ യാഥാർത്ഥ്യമാക്കി മാറ്റുവാനുള്ള മഹായജ്ഞത്തിൽ എടപ്പറ്റയുടെ മുഴുവൻ മക്കളും പങ്കുചേരുമെന്നു പ്രതീക്ഷിച്ചു കൊണ്ട് ഈ വികസനരേഖ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കട്ടെ. !





# 2 പഞ്ചായത്ത്: പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | എടപ്പറ്റ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന റവന്യൂ വില്ലേജ് | : | എടപ്പറ്റ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | എടപ്പറ്റ |
| ബ്ലോക്ക് പഞ്ചായത്ത് | : | പെരിന്തൽമണ്ണ |
| താലൂക്ക് | : | പെരിന്തൽമണ്ണ |
| അസംബ്ലി മണ്ഡലം | : | പെരിന്തൽമണ്ണ |
| പാർലമെന്റ് മണ്ഡലം | : | പൊന്നാനി |
| ജില്ല | : | മലപ്പുറം |
| വിസ്തീർണ്ണം | : | 25.77 ച.കി.മീ. |

|  |  |  |  |
|---|---|---|---|
| അതിരുകൾ - | വടക്ക് | - | വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിലെ കരുവാരകുണ്ട്, തുവൂർ പഞ്ചായത്തുകളും ഒലിപ്പുഴയും |
| - | കിഴക്ക് | - | പാലക്കാടു ജില്ലയിലെ അലനല്ലൂർ, വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിലെ കരുവാരകുണ്ട് പഞ്ചായത്തുകൾ |
| - | തെക്ക് | - | വള്ളിയാറും, അലനല്ലൂർ, മേലാറ്റൂർ ഗ്രാമപഞ്ചായത്തുകളും |
| - | പടിഞ്ഞാറ് | - | മേലാറ്റൂർ ഗ്രാമപഞ്ചായത്തും വണ്ടൂർബ്ലോക്ക് പഞ്ചായത്തിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തും |

|  |  |  |  |
|---|---|---|---|
| വാർഡുകളുടെ എണ്ണം | - | 9 |  |
| ജനസംഖ്യ | - | പുരുഷൻ | - 9884 |
|  | - | സ്ത്രീ | - 10240 |
|  | - | ആകെ | - 20124 |
| ജനസാന്ദ്രത | - |  | 780.91 |
| പ്രസിഡണ്ട് | - | എം.കെ. അലി |  |
| വൈസ് പ്രസിഡണ്ട് | - | കെ.കബീർ |  |
| സ്റ്റാൻഡിംഗ് കമ്മിറ്റി | - | ടി.ജെ.മറിയക്കുട്ടി |  |
| ചെയപെർസൺ | - |  |  |

പഴയപാലക്കാട് ജില്ലയുടെ ഭാഗമായ വള്ളുവ നാട്ടിൽ ഉൾപ്പെടുന്ന എടപ്പറ്റവില്ലേജ് മുഴുവൻ ഉൾപ്പെടുത്തികൊണ്ട് 1962ലാണ് എടപ്പറ്റ പഞ്ചായത്ത് രൂപം കൊണ്ടത്. വടക്ക് ഒലിപ്പുഴ യുടെയും തെക്ക് വള്ളിയാർ എന്ന കടലുണ്ടി പുഴയുടെയും ഇടയിൽ സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്തിൻെറ കിഴക്കേ അതിര് പാലക്കാട് ജില്ലയും സഹ്യപർവ്വതത്തിൻെറ താഴ്‌വാരമായ പറയൻമാടുമാണ്. സമതലപ്രദേശങ്ങൾ വളരെ കുറഞ്ഞ ചെരിവുകൃഷി സ്ഥലങ്ങളാണ്പഞ്ചായത്തിൻെറ ഭൂരിഭാഗവും. ചെമ്മൺ പ്രദേശമായ പഞ്ചായത്തിൻെറ മിക്ക ഭാഗങ്ങളിലും വെട്ടുക്കല്ല് സുലഭമാണ്.

ഈ പഞ്ചായത്തിൻെറ പ്രഥമപ്രസിഡണ്ട് വി.സി.നാരായണപണിക്കരും വൈസ് പ്രസിഡണ്ട് താഴത്തെ പീടിക അബൂബക്കർ ഹാജിയുമായി രുന്നു.

1. ചാലിൽ മുഹമ്മദ് എന്ന ബാപ്പുട്ടി ഹാജി
2. ഇ.പി.അപ്പുണ്ണിനായർ
3. പുത്തങ്ങോട്ട് അബ്ദുൾറഹിമാൻ
4. നാന്നാട്ടു ഉണ്ണീൻ കുട്ടിഹാജി
5. പി.ഉണ്ണിപുറയൻ

എന്നിവർ പ്രഥമപഞ്ചായത്ത് കമ്മറ്റിയിലെ തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാരുമായിരുന്നു. കാപ്പാട്ട് ശ്രീദേവിയമ്മ നോമിനേറ്റു ചെയ്യപ്പെട്ട പ്രഥമവനിതാ പഞ്ചായത്ത് മെമ്പറായി

1962ൽ തെരഞ്ഞെടുക്കപ്പെട്ടു പ്രഥമപഞ്ചായത്ത് കമ്മറ്റി 16 വർഷക്കാലം പഞ്ചായത്തു ഭരിച്ചു. മാറിമാറിവന്ന സർക്കാരുകൾ തെരഞ്ഞെടുപ്പു നടത്താതെ ഭരണസമിതിയു ടെ കാലാവധി നീട്ടികൊടുക്കുക യാണ് ചെയ്തത്.

1978ലാണ് രണ്ടാമത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നത്. തെരഞ്ഞടുപ്പിനെ തുടർന്ന് കാപ്പാട്ട് ഭാസ്ക്കരൻനായർ പ്രസിഡണ്ടും, പാറമ്മൽ ഇബ്രാഹിം ഹാജി വൈസ് പ്രസിഡ ണ്ടുമായി, കെ.ഹൈ മാവതി, വി.സി നാരായണപണിക്കർ, പുത്തഞ്ഞോട്ട് അബ്ദുൾ റഹിമാൻ, കെ.വി.തോമസ്., ചെഞ്ചരത്ത് അബൂബക്കർ, കെ.അപ്പുണ്ണി എന്നിവ രായിരുന്നു രണ്ടാമത്തെ പഞ്ചായത്ത് കമ്മററി അം ഗങ്ങൾ.

മൂന്നാമതു പഞ്ചായത്ത് തെരഞ്ഞെടുപ്പ് 1988ൽ നടന്നു. ഏറാടൻ കോയ ഹാജി പഞ്ചായത്ത് പ്രസിഡണ്ടും എം.കെ അലി പഞ്ചായത്ത് വൈസ് പ്രസിഡണ്ടുമായി താഴെ പറയുന്നവരായിരുന്നു പഞ്ചായത്ത്അംഗങ്ങൾ.

: കാവിൽ കുത്ത് പാത്തുമ്മ

: പുത്തൻ പുരയ്ക്കൽ തോമസ്

: കാപ്പാട്ട് ഭാസ്ക്കരൻ നായർ

: കീഴിശ്ശേരി നബീസ

: കുറുക്കൻ മമ്മദ് ഹാജി

: വെള്ളിയഞ്ചേരി ചാഞ്ചു

പഞ്ചായത്തു മെമ്പറായ കാവിൽകുത്ത് പാത്തുമ്മ മെമ്പർ ആയിരിക്കെ ഒരു ബസ് അപകടത്തിൽ മരിച്ചു. 1996 ഒക്ടോബർ 2ന് നിലവിലുള്ള പഞ്ചായത്ത് സമിതി അധികാരത്തിൽ വന്നു. 1978ൽ പഞ്ചായത്തിന് സ്വന്തമായി ഓഫീസ് കെട്ടിടം ഉണ്ടായി.

താഴെ പറയുന്ന സർക്കാർ ഓഫീസുകൾ ഈ പഞ്ചായത്തിലുണ്ട്.

: വില്ലേജ് ഓഫീസ് - 1

: കൃഷി ഭവൻ - 1

: വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് - 2

ഈ പഞ്ചായത്തിലുള്ള സേവനരംഗത്തെ സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

: ഗവൺമെൻറ് ഡിസ്പെൻസറി (95-96ൽ ആരംഭിച്ചത്)

: ഗവൺമെൻറ് ആയുർവ്വേദഡിസ്പെൻസറി 1

: എൽ.പി.സ്കൂൾ - സർക്കാർ - 5

എയ്ഡഡ് - 2

: യു.പി.സ്കൂൾ - ഗവൺമെൻറ് - 1

എയിഡഡ്-1

:ഹൈസ്കൂൾ- എയിഡഡ് - 1

:ബ്ലോക്ക്റിസോഴ്സ്സെൻറർ (ഡി.പി.ഇ.പി)1

: മൃഗാസ്പത്രി - 1 ( 95-96 വർഷത്തിൽ ആരംഭിച്ചത്

: കൃത്രിമബീജസങ്കലനകേന്ദ്രം -1

: അംഗൻവാടികൾ - 12

: ഹെൽത്ത് സബ് സെൻററുകൾ - 5

: സഹകരണ ബാങ്ക് - 1

: മറ്റുസഹകരണസ്ഥാപനങ്ങൾ - 4

: വായനശാലകൾ - 2

: ബ്രാഞ്ച് പോസ്റ്റാഫീസുകൾ - 3

എടപ്പറ്റ ഒരു സെക്കൻറ് ഗ്രേഡ് പഞ്ചായത്താണ്. വരുമാനമാർഗ്ഗങ്ങൾ വളരെ പരിമിതമാണ്.



# 3 സാമൂഹ്യസാമ്പത്തിക സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം

ആനമുടിയിൽ നിന്നും ഉൽഭവിച്ച് കടലുണ്ടി പുഴയായി മാറി അറബിക്കടലിൽ ചേരുന്ന വള്ളിയാറിൻെറയും, സഹ്യപർവ്വതത്തിൽ നിന്നുൽഭവിച്ച് വള്ളിയാറിൽ ചേരുന്ന ഒലിപ്പുഴയുടെയും ഇടയിൽ പറയൻ മാടിനോട് പറ്റിചേർന്നുകിടക്കുന്ന പ്രദേശമാണ് എടപ്പറ്റ.

## പുരാവസ്തുക്കൾ

പ്രാചീന കാലം മുതൽ ഈ പഞ്ചായത്തിൻെറ മുഖ്യപ്രദേശങ്ങളിലും ജനവാസമുണ്ടായിരുന്നു എന്നതിന് ധാരാളം തെളിവുകളുണ്ട്. മൂനാടിയിലെ വലിയ പാറക്കല്ലുകൾ കൊണ്ടുണ്ടാക്കിയ നന്നങ്ങാ ടികൾ എന്നു പറയുന്ന ശവക്കല്ലറകൾ മലമുകളി ലുള്ള ക്ഷേത്രത്തിൻെറ അവശിഷ്ടങ്ങൾ, എടപ്പറ്റ, പാതിരിക്കോട് ഭാഗങ്ങളിലെ ശിവക്ഷേത്രങ്ങൾ , അമ്പഴപറമ്പിലെ നന്നങ്ങാടികൾ, ചുള്ളിയോട്കുന്നിലെ വാരിയ കുളത്തുള്ള ക്ഷേത്രാവശിഷ്ടങ്ങൾ എന്നിവ അതിന് തെളിവാണ്. മൂനാടിയിലെ കൊട്ടിപാറയിൽ നിന്നും പൊളിച്ചെടുത്ത വളരെ വലിയ പാറക്കല്ലുകൾ കൊണ്ടാണ് നന്നങ്ങാടികൾ മൂടിയിരുന്നത്. അന്നത്തെ മനുഷ്യരുടെ അതിശക്തി തെളിയിക്കുന്നവയാണ് ആ കല്ലുകൾ. ആ തലമുറ ഇന്നില്ല. കാലക്രമേണ പല ഭാഗങ്ങളിൽ നിന്നും വന്നു താമസമാക്കിയവരാണ് ഈ പഞ്ചായത്തിലെ ഇന്നത്തെ തലമുറയുടെ പിൻമുറക്കാർ.

## ദേശീയപ്രസ്ഥാനം

ഈ നൂറ്റാണ്ടിൻെറ ആദ്യദശകങ്ങളിൽ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ നിന്നും ധാരാളം പേർ പങ്കെടുത്തിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തിൻെറ ഭാഗമായ 1921ലെ ഖിലാഫത്ത് പ്രസ്ഥാനത്തിൽ പങ്കെടുത്ത് വളരെയധികം ദേശാഭിമാനികൾ മരിക്കുകയും അവരുടെ കുടുംബാംഗങ്ങൾ പെരുംയാതനകൾ അനുഭവിക്കുകയും ചെയ്തി ട്ടുണ്ട്.

ഗൂർഖാപട്ടാളത്തിൻെറ അതിക്രമങ്ങളനു ഭവിച്ച കാരണവൻമാരുടെ മക്കളാണ് ഈ പഞ്ചായത്തിലെ നല്ലൊരു ശതമാനം ജനങ്ങളും. അനേകം മുസ്ലീം സ്ത്രീകൾ ഗൂർഖാ പട്ടാള ത്തിൻെറ അതിക്രമങ്ങൾക്ക് ഇരയായിട്ടുണ്ട്. സമരനായകമാരെ വീടുകളിൽ നിന്നും പിടി ച്ചിറക്കി വെടിവെച്ചു കൊന്നിരുന്നു. പട്ടാള ത്തെ പേടിച്ച് ഏപ്പിക്കാട് എൽ.പി. സ്കൂളിനു മുകൾ ഭാഗത്തുള്ള വെള്ളച്ചാലിൽ ഒളിച്ചിരുന്ന 40 ഓളം മാപ്പിള മക്കളെ അതിക്രൂരമായി വെടിവെച്ചു കൊല്ലുകയും അതേ ഒടവിൽ മണ്ണിട്ടു മൂടുകയും ചെയ്തതിൻെറ നൊമ്പരം ഇന്നും ഏപ്പികാടുകാർ മറന്നിട്ടില്ല.

കൊമ്പൻകല്ലിൽ ഖിലാഫത്ത് പ്രസ്ഥാന ക്കാർ ഒളിവിൽ പാർത്തിരുന്ന ''മുള്ളൻ മട''കൾ ഇന്നും മണ്ണിനടിയൽ തകരാതെ നിലനിൽക്കു ന്നു. സമരനായകന്മാർ ഒളിവിൽ കഴിഞ്ഞി രുന്ന മറ്റൊരു പ്രദേശമാണ് പറയൻമാട്. എടപ്പറ്റ യിലൂടെ കടന്നുപോകുന്ന ഷൊർണ്ണൂർ- നിലമ്പൂർ റെയിൽവേ ലൈൻ സ്വതന്ത്രസമര ത്തിൻെറ ഭാഗമായ ഖിലാഫത്ത് പ്രസ്ഥാനത്തി ൻെറ ഒരു നിത്യസ്മാരകവും, ബാക്കി പത്രവു മാണ്. കാരണം പട്ടാളക്കാരെ ഇറക്കുമതി ചെയ്ത് ഏറനാട്ടിലും വള്ളുവനാട്ടിലും പടർന്നുപിടിച്ച ഖിലാഫത്ത് സമരത്തെ അ ടിച്ചമർത്തുന്നതിനാണ് ബ്രിട്ടീഷുകാർ ഷൊർ ണ്ണൂർ- നിലമ്പൂർ റെയിൽവേ ലൈൻ നിർമ്മി ച്ചത്.

## ടിപ്പു സുൽത്താൻ

18-ാം നൂറ്റാണ്ടിൽ ടിപ്പു സുൽത്താൻ എടപ്പറ്റയിലൂടെ പടയോട്ടം നടത്തുകയും റോഡ് നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. മൈസൂറിൽ നിന്നും പാലക്കാട്ടേക്ക് പോകുന്നതിനുള്ള റോഡ് ഇതുവഴി കടന്നുപോകുന്നു. പുത്തൻ കുളത്തുനിന്ന് - എടപ്പറ്റവഴിയായിരുന്നു മൈസൂരിലേക്കുള്ള ടിപ്പു സുൽത്താൻ റോഡ്. ഈ റോഡിനിരുവശവും സമീപകാലം വരെ ടിപ്പുസുൽത്താൻ വെച്ചുപിടിപ്പിച്ചിരുന്ന വൻ മരങ്ങളുണ്ടായിരുന്നു. മരങ്ങൾ പഞ്ചായത്ത് മുറിച്ചു മുതൽ കൂട്ടിയെങ്കിലും നല്ല വീതിയുള്ള പുത്തൻകുളം ഒലിപ്പുഴ റോഡ് ടിപ്പു സുൽത്താ ൻെറ ഒരു സ്മാരകമായി ഇന്നും നിലനിൽ ക്കുന്നു.

## കൃഷി

1950 വരെ നെൽകൃഷിയായിരുന്നു ഈ പ്രദേശത്തിൻെറ മുഖ്യവരുമാനമാർഗ്ഗം. വീടി നുചുറ്റുമായി ഏതാനും തെങ്ങുകളും, മാവുകവും, പ്ലാവുകളും വെച്ചുപിടിപ്പിച്ചിരു ന്നു. കൂടാതെ തോട്ടമായി തന്നെ കശുമാവും വെച്ചുപിടിപ്പിച്ചിരുന്നു. എങ്കിലും കര ഭൂമി ഭൂരിഭാഗവും തരിശായി തന്നെ കിടന്നിരുന്നു. ഇഞ്ചി, മോടൻ, മുളക്, കുരുമുളക് എന്നിവയും കൃഷി ചെയ്തിരുന്നു. 1950നു ശേഷം പുൽതൈലം വാറ്റുന്നതിനായി ചെങ്ങണയും കൃഷി ചെയ്യുവാൻ തുടങ്ങി.

സാമ്പത്തികമായി എല്ലാവരും തന്നെ വളരെ പിന്നിലായിരുന്നു. ഭക്ഷണത്തിനുള്ള നെല്ലുപോലും ചുരുക്കം വീടുകൾക്കെ ലഭിച്ചി രുന്നുള്ളൂ. മരം മുറിച്ച് ചൂള വെച്ച് കരി ഉണ്ടാ ക്കിയും ഇഞ്ചി, മുളക്, കശുവണ്ടി എന്നിവ വിറ്റും പല കുടുംബങ്ങളും ജീവിച്ചു പോന്നു.

## കുടിയേറ്റം

1940കളിലാണ് തിരുവിതാംകൂറിൽ നിന്നും കുടിയേറ്റ കർഷകർ ഈ പഞ്ചായ ത്തിലേക്ക് വരുവാൻ തുടങ്ങിയത്. അവരുടെ വരവോടെ ആദ്യം പൂള കൃഷിയും പിന്നീട് പതുക്കെ പതുക്കെ റബ്ബർ കൃഷിയും പ്രചരിക്കുവാൻ തുടങ്ങി. ആദ്യകുടിയേറ്റം പുളിയക്കോടായിരുന്നു. പൂള കൃഷി ഒരു പരിധി വരെ ഈ നാടിൻെറ പട്ടിണി മാറ്റുവാൻ സഹായിച്ചു. പുൽതൈലം വാറ്റാൻ ഒരു കുടിൽ വ്യവസായമാക്കി മാറ്റി വളർത്തിയെ ടുത്തതും കുടിയേറ്റകർഷകരായിരുന്നു. കശുവണ്ടിക്ക് ശരിയായ വില കിട്ടാതായപ്പോൾ കശുമാവിൻ തോട്ടങ്ങൾ 75 ശതമാനം റബ്ബർ തോട്ടങ്ങൾക്കും 15 ശതമാനം തെങ്ങിൻ തോട്ടങ്ങൾക്കും വഴിമാറി. കുടിയേറ്റ കർഷകരുടെ വരവ്

കാർഷികരംഗത്ത് വൻ വിപ്ലവം തന്നെ സൃഷ്ടിച്ചു.

## ഭൂപരിഷ്ക്കരണപ്രസ്ഥാനം

1957 മുതൽ 1971 വരെയുള്ള കാലഘട്ടങ്ങളിൽ വിവിധ ഭൂപരിഷ്ക്കരണനിയമങ്ങൾ ഉണ്ടായതു വരെ ഭൂമിയുടെ കൈവശകുടിയാൻമാർ വളരെ യേറെ അവശതയനുഭവിച്ചിരുന്നു. അവരുടെ മുഖ്യഉൽപ്പാദനമായ നെല്ലും മറ്റ് വരുമാനങ്ങളും ഏതാനും ചില ജന്മികളും കാണാവകാശ ക്കാരുമാണ് അനുഭവിച്ചിരുന്നത്. കൈവശകുടിയാൻ ഉൽപാദിപ്പിക്കുന്ന നെല്ലും, വൈക്കോലും മുഴുവൻ കൊടുത്തിട്ടും പാട്ടം തീരാത്തതിനാൽ കുടിയാൻെറ തൊഴുത്തിൽ നിന്നിരുന്ന കന്നുകാലികളെ വരെ അഴിച്ചുകൊണ്ടുപോയ ജന്മിമാരുടെ കഥകൾ ഈ പ്രദേശത്തുകാർ ഭയത്തോടെ ഓർമ്മിക്കുന്നു. ജന്മിയെന്നു കേൾക്കുമ്പോൾ ഭയന്നു വിറക്കുന്ന കുടിയാൻമാർ ഓണം പോലുള്ള വിശേഷദിവസങ്ങളിൽ വിലപ്പെട്ട കാഴ്ചകൾ നൽകി ജന്മിമാരെ പ്രസാദിപ്പിച്ചിരുന്നു. 95 ശതമാനത്തിലധികം ജനങ്ങളും പാട്ട- മിച്ചവാര വ്യവസ്ഥിതിയുടെ പിടിയിലമർന്നവരായിരുന്നു.

അതുകൊണ്ടുതന്നെ ജന്മിത്വത്തിനെതിരായ സമരങ്ങളിൽ കർഷകർ മുഴുവൻ പങ്കുകൊണ്ടു. മിച്ചഭൂമി പിടിച്ചെടുത്ത് സർക്കാർ ഭൂരഹിതർക്ക് പതിച്ചു നൽകുവാൻ തുടങ്ങി. 1960ൽ ഈ പ്രദേശത്തെ 5 ശതാനം പേർക്ക് പോലും കൃഷി ഭൂമി സ്വന്തമായി ഉണ്ടായിരുന്നില്ല. ഭൂമി മുഴുവൻ ഏതാനും കോവിലകങ്ങളുടെയും ദേവസ്വങ്ങളുടെ യും വകയായിരുന്നു. ജനസംഖ്യയിൽ 71.8 ശതമാനം വരുന്ന മുസ്ലീം കളുടെയും 23.36 ശതമാനം വരുന്ന ഹിന്ദുക്കളിലെ പിന്നോക്ക ജാതിക്കാരുടെയും കൈവശം പട്ടയം ഉള്ള ഭൂമികളെ ഉണ്ടായിരുന്നില്ല. എന്നാൽ ഭൂപിരഷ്ക്കരണ നടപടികളെ തുടർന്ന് ഈ പഞ്ചായത്തിലെ 1800ൽ അധികം കർഷകർക്ക് കൈവശഭൂമിക്ക് പട്ടയം ലഭിച്ചു. സാമ്പത്തിക രംഗത്തെ കുതിച്ചുകയറ്റത്തിനും സാമൂഹ്യമാറ്റത്തിനും ഭൂപരിഷ്ക്കരണം കാരണമായി.

## വിദ്യാഭ്യാസം

ഈ പഞ്ചായത്തിലെ ആദ്യസ്കൂൾ 1910ൽ ആരംഭിച്ച പാതിരിക്കോട് മാപ്പിള ലോവർ പ്രൈമറി സ്കൂളാണ്. 1950ന് മുമ്പ് തന്നെ ലോവർ പ്രൈമറി സ്കൂളുകൾ ആറെണ്ണം ഉണ്ടായിരുന്നെങ്കിലും സ്കൂളുകളിൽ പഠിക്കുവാൻ കുട്ടികളെ കിട്ടിയിരുന്നില്ല. അദ്ധ്യാപകർ വീടുകളിൽ പോയി കുട്ടികളെ കൂട്ടിവരുമായിരുന്നു. പെൺകുട്ടികൾ പ്രത്യേകിച്ചും മുസ്ലീം പെൺകുട്ടികൾ സ്കൂളിൽ പോകുവാൻ കൂട്ടാക്കിയിരുന്നില്ല. ആര്യനെഴുത്ത്പഠിക്കുന്നത് മതവിരുദ്ധമാണെന്ന് വിശ്വസി ച്ചിരുന്ന യാഥാസ്ഥിതികർ മുസ്ലീം കുടും ബങ്ങളായിരുന്നു അധികവും. മതപഠനത്തി നായി അക്കാലത്തും ഓത്തുപള്ളി കളിൽ ഏതാണ്ട് മുഴുവൻ കുട്ടികളും പോയിരുന്നു. 1970നു ശേഷമാണ് ഈ പ്രദേശത്ത് പൊതുവെ വിദ്യാഭ്യാസകാര്യത്തിൽ താൽപര്യം കൈവന്നത്.

## കലാ-കായികം

കാരകളി, തലമ്മപ്പന്തുകളി, കുട്ടിയും കോലും കളി എന്നിവയായിരുന്നു ആൺകുട്ടികളുടെ വിനോദം. ആ കളികളൊന്നും ഇന്ന് കേട്ടുകേൾവി പോലുമില്ലാതായി. സ്ത്രീകൾ വിനോദരംഗത്ത് പ്രത്യക്ഷപ്പെട്ടിരുന്നില്ല. എന്നാൽ ഹിന്ദു പെൺകു ട്ടികളും സ്ത്രീകളും തിരുവാതിരക്കളിയിലും ഊഞ്ഞാലാട്ടത്തിലും ഓണകളിയിലും തൽപര രായിരുന്നു.

നഞ്ഞും നായാട്ടും 1960 വരെ പുരുഷന്മാരുടെ ഒരു പ്രധാന നേരംപോക്കായിരുന്നു. മുയൽ, കാട, കാട്ടുകോഴി എന്നിവ സുലഭമായിരുന്നു. ഇവയെ കെണിവെച്ചുപിടിച്ച് വിറ്റു കിട്ടുന്ന കാശുകൊണ്ട് ജീവിച്ചു പോന്നവർ ഇന്നുമുണ്ട്. കൊയ്ത്തിനുശേഷം പാടങ്ങളിൽ നിന്നും വേനൽകാലത്ത് തോടുകളിൽനിന്നും പുഴകളിൽ നിന്നും വളരെയേറെ മൽസ്യം

കിട്ടിയിരുന്നു. മടയിൽ കയ്യിട്ടും കുരുത്തി വെച്ചും, വല പിടിച്ചും, മുണ്ടു കൊണ്ടരിച്ചും മൽസ്യം പിടിച്ചുവിറ്റ് കിട്ടുന്ന പണം ജീവിതമാർഗ്ഗമാക്കിയിരുന്നവർ 1960 വരെ ഉണ്ടായിരുന്നു. നഞ്ഞിട്ടു മീൻ പിടിക്കുന്ന പ്രാകൃത രീതി മൂലവും കീടനാശിനികളുടെ പ്രയോഗം മൂലവും മൽസ്യം തന്നെ ഇല്ലാത്ത അവസ്ഥയാണിന്ന്. കാടുകൾ കൃഷിഭൂമികളായി മാറിയപ്പോൾ കാട്ടുമൃഗങ്ങളും പക്ഷികളും നാമാവശേഷമായി.

ഈ പഞ്ചായത്തിലുള്ള ആരാധനാലയങ്ങളുടെ കണക്കുകൾ താഴെ പറയുന്നു.

മുസ്ലീം പള്ളികൾ - 12

ഹിന്ദുക്ഷേത്രങ്ങൾ - 6

ക്രിസ്ത്യൻ പള്ളികൾ -6

മുസ്ലീം വിദ്യാത്ഥികൾക്ക് മതപഠനം നൽകുന്ന ഈ പഞ്ചായത്തിലുള്ള മദ്രസ്സകൾ കുട്ടികളുടെ സ്വഭാവരൂപീകരണത്തിനു നൽകുന്ന സംഭാവനചെറുതല്ല. പഴയ ഓത്തുപള്ളിക്കൂടങ്ങൾ ഏകീകൃതരൂപത്തിൽ മദ്രസ്സകളായി മാറി.

അമ്പലങ്ങളിൽ നടക്കുന്ന ഉത്സവങ്ങളിലും ക്രിസ്ത്യൻ പള്ളികളിൽ നട്ക്കുന്ന പെരുന്നാളുകളിലും മതഭേദമന്യെ എല്ലാവരും പങ്കെടുക്കാറുണ്ട്.

## ഗതാഗതം

എടപ്പറ്റയിലെ ആദ്യഗതാഗതമാർഗ്ഗം മേലാറ്റൂർ - ഇരിങ്ങാട്ടിരി റോഡായിരുന്നു. കാളവണ്ടിയും പോത്തുവണ്ടിയും മാത്രമായിരുന്നു വാഹനങ്ങൾ. കാർഷികോൽപ്പന്നങ്ങൾ തലചുമടായി തന്നെ കൊണ്ടുപോയിരുന്നു. തലചുമടുകാർക്ക് താങ്ങായി അനേകം അത്താണികൾ നിർമ്മിച്ചിരുന്നു. അവയെല്ലാം ഇന്ന് നിലവിലില്ല. വെള്ളിയഞ്ചേരി, പാതിരിക്കോട് പ്രദേശത്തുകാർ തലച്ചുമടായി പുത്തനഴിയിൽ എത്തിച്ചശേഷമാണ് സാധനങ്ങൾ കാളവണ്ടിയിൽ കൊണ്ടുപോയിരുന്നത്. 1963ൽ പഞ്ചായത്ത് നിലവിൽവന്നശേഷമാണ് കാളവണ്ടിക്ക് പോകുവാനുള്ള വഴികളെങ്കിലും പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും ഉണ്ടായത്. യാത്രക്ക് കാൽനട മാത്രമെ പോംവഴിയുണ്ടായിരുന്നുള്ളൂ. 1956 ലാണ് ഈ പഞ്ചായ.ത്തിലൂടെ ആദ്യമായി ഒരു ബസ് ഓടിയത്. കാൽനടയത്രക്കാർക്ക് ദാഹശമനത്തിനുവേണ്ടി 1963 വരെ അത്താണികളിൽ ഒരു തണ്ണീർ പന്തൽ പ്രവർത്തിച്ചിരുന്നു. അവിടെ മോര് വെള്ളം സൗജന്യമായിരുന്നു.

## സംസ്ക്കാരം

അയിത്തവും അന്ധവിശ്വാസങ്ങളും ഈ പ്രദേശത്ത് അതിരൂക്ഷമായിരുന്നു. 30 കൊല്ലം മുമ്പുവരെ പട്ടിക ജാതിയിൽപ്പെട്ടവർ ഈ വഴിയിലൂടെ നടക്കുമ്പോൾ ഇടയ്ക്കിടക്ക് ഉറക്കെ ശബ്ദം പറപ്പെടുവിച്ചിരുന്നു. ദൂരെ നിന്നും വരുന്ന ഉന്നത ജാതിക്കാർക്ക് അയിത്തമാകാതെ ദൂരെ മാറി നിൽക്കുന്നതിനുവേണ്ടിയായിരുന്നു അത്. ചായ ക്കടകളിൽ നിന്നും പട്ടികജാതി ക്കാർക്ക് ക്ലാസിൽ ചായ പോലും ലഭിച്ചിരുന്നില്ല. പട്ടികജാതി പുരുഷൻമാർ ആരും മേൽമുണ്ട് പോലും ഉപയോഗിച്ചിരുന്നില്ല. യുവതികളായ പട്ടികജാതി സ്ത്രീകൾക്ക് പോലും 30 വർഷം മുമ്പ് വരെ ബ്ലൗസ് ഉപയോഗിക്കുവാനുള്ള സ്വാതന്ത്ര്യം മേൽജാതിക്കാർ അനുവദിച്ചിരുന്നില്ല.

ജന്മിമാരിലൊഴികെ നിത്യവൃത്തിക്ക് പണം ഉണ്ടായിരുന്നവർ വിരലിലെണ്ണാനേ കാൽ നൂറ്റാണ്ടിനുമുമ്പ് ഇവിടെ ഉണ്ടായിരുന്നുള്ളൂ. മണ്ണെണ്ണ വാങ്ങുവാൻ കാശില്ലാതെ അതിരുകളിൽ വേലിയായി വെച്ചു പിടിപ്പിച്ചിരുന്ന കള്ളിച്ചെടി കായയുടെ എണ്ണ ഉപയോഗിച്ച് വിളക്ക് കത്തി ച്ചിരുന്ന. ക്ഷാമകാലമായ കർക്കിടകമാസത്തിൽ കാട്ടുചേന തണ്ടും, തവരയിലയും മുളരിയും പനയുടെ പൊടിയും എല്ലാം ഭക്ഷണപദാർത്ഥമായി ഉപയോഗിച്ചിട്ടും വിശപ്പ് മാറ്റുവാൻ കഴിയാത്തവ രായിരുന്നു എടപ്പറ്റക്കാർ. കഴിഞ്ഞ 30 വർഷങ്ങളി ലാണ് ആ സ്ഥിതിക്കൊരു മാറ്റം കണ്ടുതുടങ്ങിയത്.

# പുതിയ വെല്ലുവിളികൾ

കാലം മുന്നോട്ടു പോയി. പഴയ പല പ്രശ്നങ്ങളും ഇന്നില്ല. 1967ലെ മദ്യനിരോധനം നീക്കം ചെയ്യൽ മൂലമുണ്ടായ മൂല്യശോഷണം, യുവാക്കളുടേയും യുവതികളുടേയും കാർഷികരംഗത്തേക്കും തൊഴിൽരംഗത്തേക്കും വരുവാനുള്ള മടി, പാർപ്പിടസൗകര്യങ്ങളുടെ അപര്യാപ്തത, ഗതാഗതസൗകര്യങ്ങളുടെ കുറവ്, വാർത്താവിനിമയ സൗകര്യങ്ങൾ വേണ്ടത്രയില്ലായ്മ, വിദ്യാഭ്യാസനിലവാരതകർച്ച, സാംസ്ക്കാരിക കായിക രംഗങ്ങളിലെ സൗകര്യക്കുറവും പങ്കാളിത്തക്കുറവും ആരോഗ്യരംഗത്തും വേണ്ടത്ര സൗകര്യമില്ലായ്മ, കുടിവെള്ള ക്ഷാമം, ഊർജ്ജരംഗത്തെ പ്രതിസന്ധി എന്നിവ പുതിയ പ്രശ്നങ്ങളായി അവശേഷിക്കുന്നു. മറ്റൊന്ന് സ്ത്രീകൾ സാമൂഹ്യസാമ്പത്തിക തൊഴിൽ രംഗങ്ങളിൽ പിൻനിരയിലാണ് എന്നതാണ്.





# 4 : ഭൂപ്രകൃതി
# : ജനപ്രകൃതി
# : ജലപ്രകൃതി

(അവലംബം - റവന്യു രേഖകൾ, കൃഷിഭവൻ രേഖകൾ, പഠനപര്യടനം)

## ഭൂപ്രകൃതി

മലപ്പുറം ജില്ലയുടെ കിഴക്കെ അതിർത്തിയിൽ , പഴയ വള്ളുവനാടിന്റെ വടക്കുകിഴക്ക് മൂലയിൽ സഹ്യപർവ്വത താഴ്വരയിൽ സ്ഥിതി ചെയ്യുന്ന എടപ്പറ്റ പഞ്ചായത്ത് സർക്കാർ പട്ടികയനുസരിച്ച് 6-ാമത് കാർഷികമേഖലയായ ' വടക്കൻ ഇടനാടി'ൽ പ്പെടുന്നു കൊല്ലത്തിൽ ശരാശരി 3260 മി.മീ. മഴ ലഭിക്കുന്ന ഈ പ്രദേശം പൊതുവെ സസ്യശാമളമാണ്.

ഭൂപ്രകൃതിയനുസരിച്ച് എടപ്പറ്റയെ പ്രധാനമായും 4 മേഖലകളായി തിരിക്കാം.

1. വനപ്രദേശം
2. ചെരിവുപ്രദേശം
3. നിരന്ന കരഭൂമി
4. നിരന്ന പാടഭൂമി

ഇവ ഓരോന്നിൻെറയും വിസ്തീർണ്ണം താഴെ കൊടുക്കുന്നു.

പട്ടിക 1

| നമ്പർ | തരം | വിസ്തീർണ്ണം | ശതമാനം |
|---|---|---|---|
| 1 | വനപ്രദേശം | 54 - 65 | 2.12 |
| 2. | ചെരിവു പ്രദേശം | | |
| | 1. ചെറുചെരിവ് | 520 | 20.05 |
| | 2.ഇടത്തരം ചെരിവ് | 998 | 38.47 |
| | 3.കുത്തനെയുള്ള ചെരിവ് | 84.74 | 3.27 |
| 3. | നിരന്ന കരഭൂമി | 476 | 18.35 |
| 4. | നിരന്ന പാടഭൂമി 460 | | 17.74 |
| | ആകെ | 2593.39 | 100 |

## വനപ്രദേശം

സഹ്യപർവ്വതത്തിൻെറ താഴ്വരയിലെ പറയൻമാട് മലവാരത്തിലെ 54.20 ഹെക്ടർ സ്ഥലം വെസ്റ്റഡ്, ഫോറസ്റ്റ് ആക്ട് അനുസരിച്ച്സ്വകാര്യവ്യക്തികളുടെ കൈവശത്തിൽ നിന്നും സർക്കാർ ഏറ്റെടുത്തതാണ് . എടപ്പറ്റയിലെ ഏറ്റവും ഉയർന്ന സ്ഥലം മൂനാടിയിലെ ഈ വനപ്രദേശമാണ്. 1985ൽ സർക്കാർ ഏറ്റെടുക്കുന്നതുവരെ ഈ മലവാരത്തിൽ മരങ്ങൾ കാര്യമായി ഉണ്ടായിരുന്നില്ല,. മോഡൻ, ഇഞ്ചി, എന്നിവ കൃഷിചെയ്തിരുന്നു. സർക്കാർ ഏറ്റെടുത്തതോടെ അതിവേഗത്തിൽ രെുവനഭൂമിയായി മാറികൊണ്ടിരിക്കുകയാണ്. കറുത്ത മണ്ണുള്ള ഫലഭൂയിഷ്ഠമായ പറയൻമാട് കുത്തനെയുള്ള ചെരിവുകളുള്ള ഈ പ്രദേശത്ത് പാറക്കെട്ടുകളും ഒന്നുരണ്ടു വെള്ളച്ചോലകളുണ്ട്. ഈ ചോലകൾ നല്ല ജലസ്രോതസ്സുകളാണ്.

## ചെരിവുപ്രദേശങ്ങൾ

ഈ പഞ്ചായത്തിലെ 61.79 ശതമാനം ഭൂമിയും ചെരിവുപ്രദേശങ്ങളാണ്. കൊമ്പൻ കല്ലിലും , പേഴുംതറയിലുമാണ്ചെരിവുപ്രദേശങ്ങൾ ഏറ്റവും അധികം. കുണ്ടൻ ചോല, പൊരുപ്പൻ കുന്ന്, രാമൻ തിരുത്തി, ചൂണ്ടിക്കാലായ്, ചുള്ളിയോടുകുന്ന് , ചേരിപറമ്പ്, കാളമാടം, സ്രാമ്പിക്കൽകുന്ന് താഴെ പുളിയക്കോട് എന്നീ ഭാഗങ്ങളിലും ചെരിവു പ്രദേശങ്ങൾ കൂടതലാണ്. ആകെ 1606 ഹെക്ടർ സ്ഥലം ചെരിവു പ്രദശേങ്ങളാണ്. താഴെ പറയുന്ന പട്ടിക നോക്കുക.

| | തരം | വിസ്തീർണ്ണം (ഹെക്ടർ) | ശതമാനം |
|---|---|---|---|
| 1 | ചെറുചെരിവ് | 520 | 32.46 |
| 2. | ഇടത്തരം ചെരിവ് | 998 | 62.30 |
| 3. | കുത്തനെയുള്ള ചെരിവ് | 84.74 | 5.24 |
| | ആകെ | 1602.74 | |

ചെരിവുപ്രദേശങ്ങളിൽ മിക്കവാറും റബ്ബർതോട്ടങ്ങളോ തെങ്ങിൻതോട്ടങ്ങളോ ആണ്. ചുരുക്കം കശുമാവ് കൃഷി സ്ഥലങ്ങളുമുണ്ട്. ചെരിഞ്ഞപ്രദേശങ്ങളിൽ വീടുവെച്ച് മിശ്രിത വിളകൾകൃഷിചെയ്യുന്നവരുംവളരെയാണ്. അവിടവിടെയായി പാറകൾ തെളിഞ്ഞുകാണുന്നുണ്ടെങ്കിലും അധികവും റബ്ബർ, കശുമാവ്, തെങ്ങ് കൃഷികൾക്ക് യോജിച്ചതാണ്. മണ്ണ് വളക്കുറവുള്ളതാണ്. കൊമ്പൻകല്ല്, പേഴുംതറ, എടപ്പറ്റ എന്നിവിടങ്ങളിലെ ചില സ്ഥലങ്ങൾ ഇപ്പോഴും തരിശായി കിടക്കുന്നുണ്ട്. മണ്ണൊലിപ്പുമുണ്ട്. കാളമഠം, എടപ്പറ്റ, ഓലപാറ എന്നിവിടങ്ങളിലെ ചില ചെരിവ് സ്ഥലങ്ങളിൽ വെള്ളാരം കല്ലും ചെറിയ പാറക്കൂട്ടങ്ങളും കാണുന്നുണ്ട്. മണ്ണൊലിപ്പു മൂലം ഈകല്ലുകൾ ഓരോ വർഷവും തെളിഞ്ഞു തെളിഞ്ഞു വരുന്നുണ്ട്. ചെരിവുപ്രദേശങ്ങളിൽ പെയ്യുന്ന മഴ വെള്ളം മണ്ണിൽ താഴാതെ കുത്തിയൊലിച്ചുപോവു കയാണ്. മണ്ണൊലിപ്പ് തടയാൻ ഫലപ്രദമായ നടപടികൾ കാണുന്നില്ല.

നിരന്നപ്രദേശങ്ങളേ പോലെതന്നെ ചെരിവ് പ്രദേശങ്ങളിലും വെട്ടുകല്ല് സുലഭമാണ്. എന്നാൽ കുത്തനെയുള്ള കുന്നുകളിൽ വെട്ടുകല്ല് ഇല്ലെന്നു തന്നെ പറയാം. ചെറുചെരുവ് പ്രദേശങ്ങളിലാണ് വെട്ടുകല്ല് അധികം. ഓലപാറയിലെ വെട്ടുകല്ല് പ്രസിദ്ധമാണ്. വെട്ടുകൽ പ്രദേശങ്ങളിലും റബ്ബർ, തെങ്ങ്, എന്നിവ കൃഷിചെയ്യുന്നുണ്ട്. എന്നാൽ ചീങ്കല്ലു നിറഞ്ഞ 20 ഹെക്ടറിലധികം സ്ഥലങ്ങൾ എടപ്പറ്റ, ഓലപാറ, ചേരിപറമ്പ് ഭാഗങ്ങളിലായുണ്ട്. അവിടെ കശുമാവ് മാത്രമേ വളരുന്നുള്ളൂ. മൂനാടിയിലെ മണ്ണ് മാത്രം കറുത്തതും ബാക്കി പ്രദേശങ്ങളിലേത് പൊതുവെ ചുമന്നതുമാണ്.

ഏപ്പിക്കാട്, പുത്തനഴി, മയിലാടി, മൂനാടി, കാരാട്ട്പാറ എന്നീ ഭാഗങ്ങളിലായി 15 ഹെക്ടറോളം ചെരുവ്ഭൂമി കടുത്ത പാറയാണ് അവിടങ്ങളിൽ കൽകോറികൾ പ്രവർത്തിക്കുന്നു.

## നിരന്ന കരഭൂമി

നിരന്ന കരഭൂമിയായി കാണപ്പെടുന്ന സ്ഥലം മൊത്തവിസ്തീർണ്ണത്തിൻെറ 18.35 ശതമാനം വരും. ഇവയിലധികവും പഴയഞാറ്റുപള്ളിയാലുകളാണ്. പള്ളിയാലുകളല്ലാത്ത നിരന്ന കരഭൂമികൾ കുടിയിരിപ്പുകളാണധികവും. ഈ നിരന്ന കരഭൂമിയും ഒരു പൂകൃഷി ചെയ്തതിരുന്ന പള്ളിയാലുകളത്രയും ഇന്ന് റബ്ബർ, തെങ്ങ്, കമുകിൻതോട്ടങ്ങളാണ്. കുടിയിരുപ്പകളായി മാറിയ പള്ളിയാലുകളും ഏറെയാണ്. മൂനാടിയിലെ കുറച്ചു നിരന്ന ഭൂമിയല്ലാത്തതെല്ലാം തന്നെചരൽ നിറഞ്ഞ ചെമ്മൺ പ്രദേശങ്ങളാണ്. എങ്കിലും ചെരുവു ഭൂമിയേക്കാൾ ഫലപൂയിഷ്ടമാണ് നിരന്ന സ്ഥലങ്ങൾ. ചെരിഞ്ഞ പ്രദേശങ്ങളിൽ നി ന്നും ഒലിച്ചുവരുന്ന മണ്ണ് ഇവിടത്തെ ഫലപൂയിഷ്ടിക്ക് കാരണമാകുന്നു. വെട്ടുകല്ല് നിറഞ്ഞ സമതലങ്ങളും ഇല്ലാതില്ല.

## നിരന്ന പാടഭൂമി

തട്ടുതട്ടുകളായുള്ള പാടശേഖരങ്ങൾ മൊത്തം വിസ്തൃതിയുടെ 17.74 ശതമാനം വരും. 460 ഹെക്ടർ വിസ്തൃതിയുണ്ടായിരുന്ന നിരന്ന പാടഭൂമിയുടെ പകുതിയോളം സ്ഥലം തെങ്ങും കവുങ്ങും ബാക്കി കുടിയിരുപ്പുകളുമായി മാറി. 270 ഹെക്ടർ സ്ഥലത്തുനിന്നും നെൽകൃഷി ചെയ്യുന്നുണ്ട്. . പാടങ്ങളിലെ ഏക്കൽ മണ്ണും കറുത്ത നിറമുള്ള മണ്ണും പൊതുവെ വളക്കൂറുള്ളതാണ്. മഴയെ ആശ്രയിച്ചാണ് കൃഷികൾ നടക്കുന്നത്. എങ്കിലും പൊതുവെ ജനുവരി മാസം വരെ പാടങ്ങളിൽ വെള്ളമുണ്ട്. എടപ്പറ്റ, ഏപ്പിക്കാട്, ചെമ്പ്ര മുണ്ട, പാതിരിക്കോട്, വെള്ളിയഞ്ചേരി, കൊമ്പൻകല്ല് എന്നീ ഭാഗങ്ങളിലാണ് അധികം പാടങ്ങളുമുള്ളത്. പാടങ്ങളിലുള്ള കുളങ്ങളിലും പഞ്ചായത്തിൻെറ നടുവിലൂടെ ഒഴുകുന്ന പുളിയൻ തോടിലും വടക്ക് തെക്ക് ഭാഗങ്ങളിലുള്ള പുഴകളിലും സ്ഥാപിച്ചിട്ടുള്ള പമ്പ് സെറ്റുകൾ ജലസേചനത്തിന് ഉപയോഗപ്പെടുത്തുന്നു.

# ജനപ്രകൃതി

1991ലെ കനേഷുമാരി കണക്കുകൾ പ്രകാരം എടപ്പറ്റയിലെ ജനസംഖ്യ 16879 ആണ്. ഇതിൽ 8272 പുരുഷൻമാരും 8667 സ്ത്രീകളുമാണ്. പട്ടികജാതിക്കാർ 1524 വരും . 743 പുരുഷൻമാരും 781 സ്ത്രീകളും പട്ടികവർഗ്ഗ ജനസംഖ്യ 39 ആണ്. 21 പുരുഷൻ 18 സ്ത്രീ. മൊത്തം വീടുകളുടെ എണ്ണം 2736 ആയിരുന്നു.

എന്നാൽ 1996 സെപ്തംബർ മാസത്തിലെ കണക്കുകൾ പ്രകാരം (അംഗനവാടി അധ്യാപികമാർ മുഖേന) പഞ്ചായത്തിലെ ജനസംഖ്യ 20124 ആണ്. ഇതിൽ 9784 പുരുഷൻമാരും 10240 സ്ത്രീകളുമാണ്. വീടുകളുടെ എണ്ണം 3382 ആയി ഉയർന്നു. വീടൊന്നിന് ശരാശരി 6.13 ആളുകൾ വീതമുണ്ട്. ഇത് സംസ്ഥാനശരാശരിയേക്കാൾ 0.53 ശതമാനം കൂടുതലാണ്. (സംസ്ഥാന ശരാശരി 5,.6 ആണ്)

സാക്ഷരതാനിരക്ക് 78 ശതമാനമാണ്. 15 വയസ്സിനുമേൽ പ്രായമുള്ളവരിൽ 8 ശതമാനം മാത്രമേ എസ്.എസ്.എൽ.സി. പാസായവരുള്ളൂ. ബിരുദധാരികൾ, ബിരുദാനന്തര ബിരുദമുള്ളവർ, പ്രൊഫഷണൽ ബിരുദമുള്ളവർ സാങ്കേതിക വിദ്യാഭ്യാസയോഗ്യതയുള്ളവർ എല്ലാം കൂടി ആകെ 196 പേർ മാത്രമേ ഈ പഞ്ചായതിതലുള്ളൂ സ്ത്രീകൾ വിദ്യാഭ്യാസപരമായി കൂടുതൽ പിന്നിലാണ്. ശരാശരി സാക്ഷരതാനിരക്ക് 73 ശതമാനം ആണെങ്കിൽ സ്ത്രീകളുടേത് 68 ശതമാനമാണ്.

മൊത്തം ജനസംഖ്യയിൽ മുസ്ലീംകൾക്കാണ് ഭൂരിപക്ഷം. ക്രിസ്ത്യാനികൾ എറണാംകുളം, കോട്ടയം ജില്ലകളിൽ നിന്നും കുടിയേറിയവരും സ്കൂളുകളിലും ഓഫീസുകളിലും ജോലി ക്കായി വന്ന് താമസമാക്കിയവരുമാണ്.

വാർഡ് തിരിച്ചുള്ള ജനസംഖ്യ

പട്ടിക 3

| വാർഡ് | ജനസംഖ്യ | | | ശതമാനം | |
|---|---|---|---|---|---|
| | പു . | സ്ത്രീ. | ആകെ | പു. | സ്ത്രീ. |
| 1 | 1324 | 1469 | 2793 | 47.41 | 52.59 |
| 2 | 1049 | 1107 | 2156 | 48.65 | 51.35 |
| 3 | 1032 | 1086 | 2118 | 48.72 | 51.28 |
| 4 | 1106 | 1117 | 2223 | 49.75 | 50..25 |
| 5 | 921 | 994 | 1915 | 48.09 | 51.91 |
| 6 | 1190 | 1266 | 2456 | 48.45 | 51.55 |
| 7 | 954 | 993 | 1947 | 49 | 51 |
| 8 | 1007 | 1028 | 2035 | 49.48 | 51.52 |
| 9 | 1201 | 1280 | 2481 | 48.4 | 51.6 |
| ആകെ | 9784 | 10340 | 20124 | 48.61 | 51.39 |

### ജനസംഖ്യയുടെ ജാതിതിരിച്ചുള്ള കണക്ക്

പട്ടിക 4

| | ജനസംഖ്യ | | | | ശതമാനം | |
|---|---|---|---|---|---|---|
| ജാതി-മതം | ശതമാനം | പു . | സ്ത്രീ. | ആകെ | പു. | സ്ത്രീ. |
| മുസ്ലീം | 71.08 | 6959 | 7345 | 14304 | 48.65 | 51.35 |
| ഹിന്ദു | 23.36 | 2279 | 2422 | 4701 | 48.47 | 51.53 |
| ക്രിസ്ത്യൻ | 5.56 | 546 | 573 | 1119 | 4879 | 51.39 |
| ആകെ | | 9784 | 10340 | 20124 | 48.61 | 51.39 |

മൊത്തം ജനസംഖ്യയുടെ 48.61 ശതമാനം പുരുഷൻമാരും 51.39 ശതമാനം സ്ത്രീകളുമാണ്. മതത്തിൻെറ അടിസ്ഥാനത്തിൽ നോക്കുമ്പോൾ മുസ്ലീംകൾ 71.08 ശതമാനം വരും. ഹിന്ദുക്കൾ 23,36 ശതമാനവും ക്രിസ്ത്യാനികൾ 5.56 ശതമാനവും ഉണ്ട്. പട്ടികജാതിക്കാരെ ഒഴിച്ചു നിർത്തിയാൽ എല്ലാ ജാതിക്കാരിലും പാവപ്പെട്ടവരും പണക്കാ രുമുണ്ട്. സ്വന്തമായ കൃഷിയിടത്തിലെ വരുമാനം കൊണ്ട് മാത്രം ജീവിക്കുന്നവർ വളരെ ചുരുക്ക മാണ്.മൂന്നു മതവിഭാഗങ്ങളിലും ഈ വിഭാഗത്തിൻെറ ജനസംഖ്യാനുപാതം തുല്യമാണെന്നു കാ ണാം. ചെറുകിട ഭൂവുടകൾ അധികം മറ്റു മേഖലകളിൽ കൂലിവേലയോ, ശമ്പളജോലിയോ ചെയ്യുന്നവരാണ്.

പട്ടികജാതിക്കാർ മൊത്തം ജനസംഖ്യയുടെ 8.76 ശതമാനം വരും അവ ഭൂരിഭാഗവും കൂലി ജോലിക്കാണ്. വിദ്യാഭ്യാസപരമായും സാമൂഹ്യ മായും പിന്നിലാണ്. 41 പട്ടികവർഗ്ഗക്കാരുംഈ പഞ്ചായത്തിലുണ്ട്. അവർതേൻസംഭരിച്ചും കൂലി വേല ചെയ്തും ജീവിക്കുന്നു.

### പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യാകണക്ക്

പട്ടിക 5- എ

| വിഭാഗം | ജനസംഖ്യ | | |
|---|---|---|---|
| | പു. | സ്ത്രീ | ആകെ |
| പട്ടികജാതി | 828 | 844 | 1672 |
| പട്ടികവർഗ്ഗം | 20 | 21 | 41 |
| ആകെ | 848 | 865 | 1713 |

പട്ടിക 5- ബി

| ആകെ ജനസംഖ്യ | പട്ടികജാതി ജനസംഖ്യ | | പട്ടികവർഗ്ഗ ജനസംഖ്യ | |
|---|---|---|---|---|
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| 20124 | 1762 | 8,76 | 41 | 0.2 |
| ഹിന്ദു ജനസംഖ്യ 4701 | 1762 | 37.48 | 41 | 0.87 |

ഹിന്ദു ജനസംഖ്യ ആകെ 4701 ആണ്. അതിന്റെ 37.48% പട്ടികജാതിക്കാരും 0.87% പട്ടിക വർഗ്ഗക്കാരുമാണ്. പട്ടികവർഗ്ഗക്കാർ ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയവർ ആരും തന്നെ ഇല്ല. പട്ടികജാതിക്കാരിൽ 4 പേർ മാത്രമേ സർക്കാർ ജോലിയിലുള്ളു.

കൃഷിയാണ് പഞ്ചായത്തിലെ മുഖ്യവരുമാന മാർഗ്ഗം. പക്ഷെ ജനസംഖ്യയിൽ ഭൂരിപക്ഷം വരുന്ന സ്ത്രീകളുടെ പങ്കാളിത്തം കാർഷിക രംഗത്തുപോലുമില്ല. തൊഴിൽ മേഖല തന്നെ വളരെ ശുഷ്കമാണ്. സ്ത്രീകൾ വളരെ പിന്നിലും. ഈ പഞ്ചായത്തിലെ സർക്കാർ ജോലികളിൽ എടപ്പറ്റക്കാർ വളരെ കുറവാണ്. താഴെ കൊടുത്ത കണക്കുകൾ പരിശോധിക്കാം.

## പട്ടിക 6
## തൊഴിലുള്ളവരുടെ എണ്ണം വിവിധ മേഖലകളിൽ

| ക്രമനമ്പർ | തൊഴിൽ | പു | സ്ത്രീ | ആകെ | % |
|---|---|---|---|---|---|
| 1. | കൃഷിക്കാർ | 578 | 86 | 664 | 18 |
| 2. | കർഷക തൊഴിലാളികൾ | 562 | 340 | 902 | 24.44 |
| 3. | തേനീച്ച വളർത്തൽ | 110 | 04 | 114 | 3.08 |
| 4. | മൃഗപരിപാലനം | 73 | 18 | 91 | 2.46 |
| 5. | പാറ പൊട്ടിക്കൽ | 59 | 34 | 93 | 2.92 |
| 6. | കൈതൊഴിൽ/കുടിൽ വ്യവസായം | 104 | 18 | 122 | 3.31 |
| 7. | കെട്ടിടം/റോഡ് നിർമ്മാണം | 345 | 202 | 547 | 14.82 |
| 8. | കച്ചവടം/വാണിജ്യം | 390 | 10 | 400 | 10.84 |
| 9. | ഗതാഗതം | 47 | – | 47 | 1.27 |
| 10. | വിവിധ സേവന മേഖലകൾ | 170 | 94 | 264 | 7.15 |
| 11. | ചെറുകിടവ്യവസായം | 22 | – | 22 | 0.6 |
| 12 | വിദേശജോലി | 420 | 04 | 424 | 11.49 |
| | ആകെ | 2880 | 810 | 3690 | 100% |

കാർഷിക രംഗത്തുനിന്നുള്ള വരുമാനം കൊണ്ടു ജീവിക്കുന്നവർ 664 പേരുണ്ട്. അതിൽ 86 പേർ മാത്രമേ സ്ത്രീകളായിട്ടുള്ളു. അവർ തന്നെ കുടുംബനാഥൻമാരില്ലാത്ത വീടുകളിലെ സ്ത്രീകളാണ്. ഏറ്റവും അധികം ആൾക്കാർ ജോലി ചെയ്യുന്ന മേഖല കർഷക തൊഴിലാളി മേഖല തന്നെ. ആകെ തൊഴിൽ ചെയ്തു ജീവിക്കുന്നവരിൽ 24.44% കർഷകതൊഴിലാളികളാണ്. കർഷകത്തൊഴിലാളി രംഗത്തും കെട്ടിട നിർമ്മാണ രംഗത്തും സ്ത്രീകൾ സജീവമായുണ്ട്. യഥാക്രമം 37.69 ശതമാനവും 36.92 ശതമാനവും.

മുസ്ലീം സ്ത്രീകൾ പൊതുവെ തൊഴിൽരംഗത്ത് കുറവാണെന്നു കാണാം. എന്നാൽ കെട്ടിടനിർമ്മാണരംഗത്ത് മുസ്ലീം സ്ത്രീകൾക്കാണ് മുൻതുക്കം. കർഷക തൊഴിലാളിരംഗത്ത് പട്ടിക ജാതിക്കാർക്കും.

മൊത്തം ജനസംഖ്യയിൽ 564 പേരാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവരിൽ 60% പേരും ചുരുങ്ങിയത് S.S.L.C. എങ്കിലും പാസായിട്ടുള്ളവരാണ്. രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ 30% പേർക്ക് ഇന്ന് ഏതെങ്കിലും തൊഴിലുണ്ട്. 15% പേർ പഠനത്തിലുമാണ്. അഭ്യസ്തവിദ്യർ മാത്രമേ തൊഴിലിനു വേണ്ടി പേർ രജിസ്റ്റർ ചെയ്യുന്നുള്ളു എന്ന് മുകളിലെ കണക്കുകളിൽനിന്നും വ്യക്തമാകും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ 416 പേർ പുരുഷൻമാരാണ്. സ്ത്രീകൾ തൊഴിലില്ലാത്തവരെങ്കിലും തൊഴിൽ അന്വേഷിക്കുന്ന കാര്യത്തിൽ പിന്നിലാണ്.

വ്യവസായ മേഖലയിൽ തൊഴിൽ ചെയ്യുന്നവർ ഈ പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം. തേനീച്ചകൾ കൂട്ടത്തോടെ ചത്തൊടുങ്ങിയതിനാൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആ മേഖലയിലും പണി ഇല്ലാതായിട്ടുണ്ട്. വെള്ളിയഞ്ചേരി ഭാഗത്ത് കുടിൽ വ്യവസായമായി ബീഡി തെറുപ്പ് നടത്തിയിരുന്ന തൊഴിലാളികൾ ഇടത്തട്ടുകാരുടെ ചൂഷണം മൂലം തകർച്ചയെ നേരിടുന്നു. ആ രംഗത്ത് ജോലി ചെയ്തിരുന്നവരുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വരുന്നു. മരവ്യവസായം, നാളികേര അധിഷ്ഠിത വ്യവസായങ്ങൾ, റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ, ഇഷ്ടിക ഗൃഹോപകരണനിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ ചെയ്ത് ജീവിയ്ക്കുന്നവരുടെ എണ്ണവും വളരെ കുറവാണ്.

420 പുരുഷൻമാരും 4 സ്ത്രീകളുമടക്കം 424 പേർ വിദേശത്ത് ജോലി ചെയ്യുന്നുണ്ട്. വിദേശത്ത് സ്ത്രീകളുടെ തൊഴിൽ സാധ്യത ഉപയോഗപ്പെടുത്തുന്നില്ല. അതുപോലെ പട്ടികജാതി യുവാക്കളും വിദേശ ജോലിയ്ക്കുള്ള സാധ്യത ഉപയോഗപ്പെടുത്തുന്നില്ല.

ചുരുക്കത്തിൽ ജനങ്ങളുടെ വരുമാന മാർഗ്ഗം കുറവാണ്. എന്തെങ്കിലും തൊഴിലുള്ളവരുടെ എണ്ണമാകട്ടെ വളരെ കുറവും. പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 20124 ആണ്. അതിൽ 9784 പുരുഷന്മാരും 10340 സ്ത്രീകളുമാണ്. പുരുഷ ജനസംഖ്യുടെ 29.43% പേർക്കു മാത്രമേ സ്ഥിരമായോ ഭാഗികമായോ എന്തെങ്കിലും ജോലിയുള്ളു. സ്ത്രീ തൊഴിലാളികളാകട്ടെ സ്ത്രീജനസംഖ്യയുടെ 7.83 ശതമാനം മാത്രം. ഈ സ്ഥിതി ഒട്ടും ആശ്വാസകരമല്ല.

## ജലപ്രകൃതി

മഴയെ ആശ്രയിച്ചുള്ള ഒരു കാർഷിക മേഖലയാണ് എടപ്പറ്റ. കൊല്ലത്തിൽ ശരാശരി 3260 മി.മീ. മഴ ലഭിക്കുന്നുണ്ട്. കാലവർഷാരംഭത്തിൽ അതായത് ജൂൺ–ജൂലയ് മാസങ്ങളിലാണ് അധികം മഴ ലഭിക്കുന്നത്. ജനുവരി മാസത്തിൽ മഴ പെയ്യാറെ ഇല്ല. തുടർച്ചയായി മഴ പെയ്യുന്ന അവസരങ്ങളിൽ പാടങ്ങളിലും, തോട്–പുഴയോരങ്ങളിലും കൃഷി നാശം സംഭവിക്കാറുണ്ട്.

ചെറു തോടുകളിലും പുഴകളിലും വെള്ളപ്പൊക്കവും ഉണ്ടാകാറുണ്ട്. എന്നാൽ വേനൽക്കാലങ്ങളിൽ പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും കുടി– കുളി വെള്ളത്തിന് കടുത്ത ക്ഷാമം അനുഭവപ്പെടുന്നുണ്ട്. വേനൽക്കാല കൃഷികൾക്കും വെള്ളം ലഭിക്കുന്നില്ല. ഏപ്രിൽ, മെയ് മാസങ്ങളിലാണ് ജലക്ഷാമം ഏറ്റവും രൂക്ഷം.

മഴക്കാലങ്ങളിൽ ചെരിഞ്ഞ പ്രദേശങ്ങളിൽ പെയ്യുന്ന മഴവെള്ളം മണ്ണിൽ താഴാതെ കുത്തിയൊലിച്ചു നഷ്ടപ്പെടുന്നു. ജൈവാംശമുള്ള മേൽമണ്ണും വെള്ളത്തോടൊപ്പം തോടുകളിലേക്കൊഴുകുന്നു.

എടപ്പറ്റയിലെ മുഖ്യ ഉപരിതല സ്രോതസ്സുകൾ വെള്ളിയഞ്ചേരി, പാതിരിക്കോട് ദേശങ്ങളിലൂടെ ഒഴുകി ഉച്ചാരക്കടവിൽ വള്ളിയാറിൽ ചേരുന്ന പുളിയന്തോടും, ഏതാനും കുളങ്ങളും, കിണറുകളുമാണ്. വലിയാറതോട്, പാതിരിക്കോട്, മുണ്ടതോട്, ഏപ്പിക്കാട്, കൈതത്തോട് എന്നിവ വേനൽകാലങ്ങളിൽ വരണ്ടുപോകുന്ന വയാണ്. വടക്കുഭാഗത്തുള്ള ഒലിപ്പുഴയിലേയും തെക്കുഭാഗത്തുള്ള വള്ളിയാറിലേയും വെള്ളവും 1,2, 6 വാർഡുനിവാസികൾക്ക് വളരെയേറെ പ്രയോജനപ്പെടുന്നുണ്ട്.

## പട്ടിക 1
## എടപ്പറ്റയിലെ പൊതുകുളങ്ങൾ

| ക്രമ നമ്പർ | വാർഡ് | കുളത്തിന്റെ പേര് | വിസ്തീർണ്ണം |
|---|---|---|---|
| 01 | 01 | പല്ലികുളം | 20 സെന്റ് |
| 02 | 02 | കല്ലുകുളം | 20 സെന്റ് |
| 03 | 03 | അയ്യപ്പൻമുക്കുകുളം | 15 സെന്റ് |
| 04. | 04 | ഓലപാറവള്ളുണ്ടകുളം | 20 സെന്റ് |
| 05. | 07 | പെരുമ്പാറകുളം | 20 സെന്റ് |
| 06 | 08 | സ്രാമ്പിക്കൽകുളം | 18 സെന്റ് |
| 07 | | | |

മുകളിൽ പറഞ്ഞ കുളങ്ങൾ കൃഷി ആവശ്യത്തിനുവേണ്ടിയും കുളിക്കുന്നതിനുവേണ്ടിയും ഉപയോഗിച്ചുവരുന്നു.

പൊതുകിണറുകൾ 32 എണ്ണമുണ്ടെങ്കിലും പകുതിയിലധികം കിണറുകളിൽ വേനൽകാലത്ത് വെള്ളമില്ല. ചേരിപ്പറമ്പ് ദ്വീപ്, കാളമാടം, സ്രാമ്പിക്കൽക്കുന്ന്, മുത്തപ്പൻപാറ, പുളിയൻതോടുകര, മൂനാടി, എടപ്പറ്റ L.P. സ്കൂൾ, എടപ്പറ്റ U.P. സ്കൂൾ, കല്ലാംപാറ ഹരിജൻ കോളനി, ബാലവാടിപടി, ഓലപ്പാറ എന്നീ സ്ഥലങ്ങളിൽ പാറ നിറഞ്ഞ പ്രദേശമായതിനാൽ സാധാരണ കിണറുകളിൽ വെള്ളം കിട്ടാത്ത അവസ്ഥയുണ്ട്. മൂനാടി പറയൻമാട് താഴ്വര, അമ്പാഴപറമ്പ് ചോല, എന്നിവിടങ്ങളിലെ ജല ഉറവകൾ ജലസംഭരണത്തിന് ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല.

പുളിയൻ തോട്ടിലേയും, വലിയാറതോട്ടിലേയും ജലവും വെറുതെ പാഴായിപോകുന്നത് തടയാൻ കഴിയുന്നില്ല. ഒലിപ്പുഴയിലെയും വള്ളിയാറിലെയും വെള്ളം ഉപയോഗിച്ചുള്ള വൻ സാധ്യതകളും ഉപയോഗപ്പെടുത്താൻ കഴിയാത്തതിനാൽ എടപ്പറ്റയിൽ ജലക്ഷാമം പരിഹരിക്കപ്പെടുന്നില്ല.



# 5

# സാമൂഹിക സാമ്പത്തിക മേഖലകൾ



# ഗാന്ധിജിയെ അറിയുക

- ❑ ഗ്രാമം നശിച്ചാൽ ഇന്ത്യ നശിക്കും
- ❑ അഹിംസാധിഷ്ഠിതമായ സ്വരാജിൽ ആരും ആരുടെയും ശത്രുവല്ല.
- ❑ ഇന്ത്യയുടെ മുഴുവൻ ഏകാധിപതിയായി ഒരു മണിക്കൂർ നേരത്തേക്ക് ഞാൻ നിയമിക്കപ്പെട്ടാൽ ഒന്നാമതായി ഞാൻ ചെയ്യുന്ന കാര്യം യാതൊരു നഷ്ടപരിഹാരവും കൊടുക്കാതെ എല്ലാ മദ്യഷോപ്പുകളും അടച്ചിടുകയായിരിക്കും.
- ❑ മയക്കുമരുന്നും മദ്യവും പിശാചിൻെറ രണ്ടു കൈകളാണ്. അതുകൊണ്ടാണ് പിശാച് തൻെറ അടിമകളെ ബുദ്ധിശൂന്യതയിലേക്കും ലഹരിയിലേക്കും അടിച്ചുവീഴുത്തുന്നത്.
- ❑ ഇന്നത്തെ ആവശ്യം ഒററ മതമല്ല, ഭിന്നമതക്കാരുടെ പരസ്പര ബഹുമാനവും സഹിഷ്ണുതയുമാണ്.
- ❑ അഹിംസ ശക്തൻെറ ആയുധമാണ്.



# 5 -1
# കൃഷി - ജലസേചനം

**കൃഷി**

നെൽകൃഷിയായിരുന്നു എടപ്പറ്റയിലെ പ്രധാനകൃഷി. പാടങ്ങളിൽ ആര്യൻ, എണ്ണപ്പെട്ട, കുമ്പളോം ചീര, മുണ്ടവൻ, നകര ചിറ്റേനി തുടങ്ങിയ വിത്തിനങ്ങളാണ് കൃഷി ചെയ്തിരുന്നത്. 10 മേനി വരെ വിളവു കിട്ടിയിരുന്നു. കൃഷിയെന്നാൽ നെൽകൃഷി എന്നായിരുന്നു പൊതു ധാരണ. പാടങ്ങളിലെ ഇടവിളകൾ എള്ള്, രായി, ചാമ, മുതിര എന്നിവയായിരുന്നു. അവ ധാരാളമായി കൃഷി ചെയ്തിരുന്നു താനും.

പറമ്പുകളിൽ വീടിനു ചുറ്റും ചുരുക്കം തെങ്ങും കവുങ്ങും, കുരുമുളകും, ചേന, ചേമ്പ്, കാവുത്ത്, ചെറുകിഴങ്ങ്, മധുരക്കിഴങ്ങ്, കൂർക്ക, പയർ, ഇഞ്ചി, മുളക് എന്നിവയും കൃഷി ചെയ്തിരുന്നു. പറമ്പിലെ മോടൻ കൃഷിയും വ്യാപകമായിരുന്നു. തോട്ടച്ചീര, കല്ലൂർണി എന്നീ വിത്തിനങ്ങളായിരുന്നു അതിനുപയോഗിച്ചിരുന്നത്. ആറ്റുനേന്ത്രൻ, മൈസൂർ പൂവൻ, നാടൻ പൂവൻ, ഏറാടൻ, കുന്നൻ എന്നീ വാഴകളും വ്യാപകമായി കൃഷി ചെയ്തിരുന്നു. തോട്ടമായി ഉണ്ടായിരുന്നത് കശുമാവ് മാത്രം.

1940–കളിൽ കുടിയേറ്റ കർഷകർ എടപ്പറ്റയിൽ കുടിയേറാൻ തുടങ്ങി. അതോടെ പുളകൃഷിയും, പുൽ തൈലം വാറ്റുന്നതിനായി ചെങ്ങണയും കൃഷിചെയ്യുവാൻ തുടങ്ങി. 1960 മുതൽ റബ്ബർ കൃഷിയും ആരംഭിച്ചു. കുടിയേറ്റ കർഷകരുടെ വരവ് എടപ്പറ്റക്കാരിൽ കൃഷികളിൽ താൽപര്യം ജനിപ്പിച്ചു.

കാർഷിക വിപ്ലവം ആരംഭിച്ചതോടെ പുതിയ നെൽവിത്തിനങ്ങൾ വരുവാൻ തുടങ്ങി. പട്ടാമ്പി വിത്തുൽപാദനകേന്ദ്രത്തിൽ നിന്നും തൈനാൻ എന്ന ചൈനീസ് വർഗ്ഗത്തിൽ പെട്ട അത്യുൽപാദന ശേഷിയുള്ള വിത്തിനവും മൂപ്പു കുറഞ്ഞ കൾച്ചർ–28 വിത്തിനവും കൃഷി ചെയ്യുവാൻ തുടങ്ങി. കയർ പിടിച്ച് വരിവരിയായി ഞാറു നടുവാൻ കൃഷിവകുപ്പ് നിർദ്ദേശിച്ചു. രാസവള പ്രയോഗവും തുടങ്ങി. വിളവ് വർധിച്ചെങ്കിലും തൈനാൻ മെതിച്ചെടുക്കുവാനുള്ള ബുദ്ധിമുട്ടും, അരിയുടെ പശക്കൂടുതലും കാരണം ജനങ്ങൾ അതിഷ്ടപ്പെട്ടില്ല. കൾച്ചർ–28 മൂപ്പു കുറഞ്ഞ വിത്തിനമെന്ന നിലയിൽ പിടിച്ചുനിന്നു. പക്ഷേ രേഗക്കൂടുതലായിരുന്നു ആ വിത്തിനത്തിന്. പിന്നീട് I.R.8 പോലുള്ള പുതിയ നെൽവിത്തിനങ്ങൾ വന്നെങ്കിലും അതെല്ലാം കർഷകർ തിരസ്ക്കരിക്കുകയാണ് ചെയ്തത്.

## പട്ടിക 1

| ഭൂമിയുടെ തരം | വിസ്തീർണ്ണം ആകെ | ശതമാനം |
|---|---|---|
| വനഭൂമി | 54.65 | 2.12 |
| പാടം | 460.00 | 17.74 |
| പാടം നികത്തിയത് | 45.61 | 1.75 |
| കരഭൂമി | 1963.28 | 75.7 |
| പുറംപോക്ക് | 69.85 | 2.69 |
| തരിശ് | – | – |
| ആകെ | 2593.39 | 100% |

## പട്ടിക 1
## നെൽപാടത്തിന്റെ കണക്ക്

| | വിസ്തീർണ്ണം Hector | ശതമാനം |
|---|---|---|
| നെൽകൃഷി ചെയ്യുന്നത് | 270 | 53.4 |
| നികത്തിയത് | 45.61 | 9 |
| തോട്ടങ്ങളാക്കിയത് | 190. | 37.6 |
| ആകെ | 505.61 | – |

## *നെൽകൃഷി*

വില്ലേജ് കണക്കുകൾ പ്രകാരം 505.61 ഹെക്ടർ സ്ഥലം രണ്ടു വിള എടുക്കുന്ന പാടമാണ്. എന്നാൽ 270 ഹെക്ടർ സ്ഥലത്തുമാത്രമെ നെൽകൃഷി ചെയ്യുന്നുള്ളു. 45.61 ഏക്കർ നിലം നികത്തി കെട്ടിടങ്ങളോ റോഡോ നിർമ്മിക്കുകയും ചെയ്തിരിക്കുന്നു. 190 ഹെക്ടർ നെൽപാടം തെങ്ങിൻ തോട്ടങ്ങളോ കമുകിൻ തോട്ടങ്ങളോ ആയി മാറിയിട്ടുണ്ട്. ആകെ നെൽപാടങ്ങളുടെ 53.4% നെൽകൃഷി ചെയ്യുന്നു. 37.6% തോട്ടങ്ങളായി മാറി. 9%നെൽപാടങ്ങൾ നികത്തപ്പെടുകയും ചെയ്തു.

നെൽകൃഷിയിൽ കുറവുവന്നെങ്കിലും 1970ന് ശേഷം എടപ്പറ്റ പഞ്ചായത്തിൽ കാർഷിക മേഖലയിൽ ഒരു കുതിച്ചുകയറ്റം തന്നെ ഉണ്ടായി. ഹ്രസ്വകാല വിളവുകളിൽ ഒതുങ്ങിനിന്നിരുന്ന കൃഷിയിടങ്ങൾ തെങ്ങ്, കമുക്, കുരുമുളക്, റബ്ബർ എന്നീ കൃഷി സ്ഥലങ്ങളായി മാറി. കൃഷിയെന്നാൽ നെൽകൃഷിയാണെന്ന ധാരണ മാറി വന്നു. കശുമാവു കൃഷിയേക്കാൾ സാമ്പത്തിക മെച്ചം തെങ്ങിനും കമുകിനും, അതിനേക്കാളധികം റബ്ബറിനുമാണെന്ന് അനുഭവത്തിൽ നിന്നും പഠിച്ച കർഷകർ ആ കൃഷികളിലേക്കു തിരിഞ്ഞു. പച്ചക്കറികൃഷി ചെയ്യുന്നവർ നന്നെ ചുരുങ്ങി. ഇരുപൂകൃഷി ചെയ്തിരുന്ന നെൽപാടങ്ങളിൽ കമുകിൻ തോട്ടവും തെങ്ങിൻ തോട്ടവും വളർന്നു.

## പട്ടിക 3
## ഭൂവിനിയോഗം

| ഭൂമിയുടെ തരം | വിസ്തീർണ്ണം | ശതമാനം |
|---|---|---|
| നെല്ല് | 270 | 10.41 |
| വാഴ | 170 | 6.56 |
| പയർ | 8 | .3 |
| പച്ചക്കറികൾ | 6.89 | .27 |
| പൂള | 90 | 3.47 |
| മിശ്രിതവിളകൾ | 120 | 4.62 |
| മാവ്, പ്ലാവ് തുടങ്ങിയ മിശ്രിത വൃക്ഷങ്ങൾ | 46 | 1.77 |
| കമുക് | 115 | 4.43 |
| കുരുമുളക് | 48 | 1.85 |
| തെങ്ങ് | 475 | 18.31 |
| റബർ | 660 | 25.44 |
| കൃഷി ചെയ്യാവുന്ന തരിശ് | 254 | 9.79 |
| കൃഷി ചെയ്യാൻ കഴിയാത്ത തരിശ് (വീടുകൾ നിർമ്മിച്ച സ്ഥലം) | 136 | 5.24 |
| ചെങ്കൽ ക്വോറി | 13 | .51 |
| കരിങ്കൽ ക്വോറി | 15 | .58 |
| പുറമ്പോക്കുകൾ | 69.85 | 2.69 |
| വനം | 54.65 | 2.12 |
| കശുമാവ് | 42 | 1.61 |
| ആകെ | 2593.39 | |

നെല്ലുൽപാദനം പരമാവധി 10 മേനിയിൽ നിന്നും 20 മേനി വരെയായി വർധിച്ചുവെങ്കിലും കൂലിക്കൂടുതലും, രാസവള – കീടനാശിനി വില വർധനവും നെൽകൃഷി നഷ്ടമാക്കി. അതോടെ 500 ഹെക്ടറിലധികമുണ്ടാക്കിയിരുന്ന നെൽകൃഷി കുറഞ്ഞു കുറഞ്ഞു വന്ന് 270 ഹെക്ടറിൽ എത്തി. ഭൂപരിഷ്ക്കരണ നിയമങ്ങളെ തുടർന്ന് കർഷകന് ഭൂമി കൈവശം ലഭിച്ചതും കൈവശക്കാരന് ഇഷ്ടമുള്ള കൃഷികൾ ചെയ്യുവാൻ കാരണമായി തീർന്നു. അതിന് നിയമ പ്രാബല്യം ലഭിക്കണമെന്ന അഭിപ്രായമുള്ളവരാണ് 95% കർഷകരും.

## പരിസ്ഥിതി പ്രശ്നം

പാടങ്ങൾ മണ്ണിട്ടു നികത്തി കെട്ടിടങ്ങൾ ഉണ്ടാക്കുന്നത് പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് ഭയപ്പെടുന്ന നല്ലൊരു ശതമാനം ജനങ്ങൾ ഇവിടെയുണ്ട്. അതിനാൽ നെൽപാടങ്ങളെ മറ്റു കൃഷിയിടങ്ങളാക്കി മാറ്റുന്നത് തടഞ്ഞില്ലെങ്കിലും പരിസ്ഥിതി സംരക്ഷണത്തിനു വേണ്ടി പാടങ്ങളിൽ മണ്ണിട്ടു നികത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് തടയിടേണ്ടതുണ്ട്.

## പച്ചക്കറികൃഷി

വേനൽക്കാലത്ത് പച്ചക്കറി കൃഷി ചെയ്യുവാൻ സൗകര്യമുള്ള സ്ഥലങ്ങളിലൊക്കെ ജലസേചനസൗകര്യമുണ്ടാക്കിയാൽ ഈ പഞ്ചായത്തിലേക്ക് ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളുടെ സ്ഥാനം നാടൻ പച്ചക്കറികൾ കയ്യടക്കുന്നതാണ്. അതിന് പ്രോത്സാഹനം ലഭിക്കേണ്ടതുണ്ട്.

## കുരുമുളകു കൃഷി

പുരയിടങ്ങളിൽ കുരുമുളകു കൃഷി വ്യാപകമായിരുന്നു. എന്നാൽ ദ്രുതവാട്ടരോഗം മൂലം കുരുമുളകു കൃഷി 95 ശതമാനവും നശിച്ചിട്ടുണ്ട്. അതിന് പ്രതിവിധി കണ്ടെത്തുകയും കുരുമുളക് കൃഷി പുനർജീവിപ്പിക്കുവാൻ വർധിച്ച നിരക്കിലുള്ള ധനസഹായം നൽകുകയും ചെയ്താൽ നല്ല വില കിട്ടുന്ന കുരുമുളക് ഈ പഞ്ചായത്തിൽ ധാരാളമായി ഉൽപാദിപ്പിക്കുവാൻ കഴിയും.

## വെറ്റിലകൃഷി

വെറ്റിലകൃഷിക്കും സമീപകാലത്തായി രോഗം പിടിപെട്ടിട്ടുണ്ട്. അതിനും പ്രതിവിധി കണ്ടെത്തിയാൽ നല്ല ആദായമുള്ള കൃഷിയാക്കി മാറുവാൻ സാധ്യതയുണ്ട്.

## ഫലവൃക്ഷങ്ങൾ

ചക്ക, മാങ്ങ, പപ്പായ എന്നിവ കൃത്രിമമില്ലാത്ത ആഹാരസാധനങ്ങളാണെങ്കിലും അതുപയോഗിക്കുന്നത് പ്രാകൃതമാണെന്ന ധാരണ ജനങ്ങളിൽ നിലനിൽക്കുന്നുണ്ട്. അതുമാറ്റി മേൽ പറഞ്ഞ കൃഷികൾക്ക് വൻ പ്രോത്സാഹനം നൽകിയാൽ ഭക്ഷ്യ സംസ്ക്കരണ രംഗത്ത് വൻ സാധ്യതകൾ കാണുന്നു. തടിക്ക് വൻ വിലയുണ്ട് എന്നതും ഈ കൃഷിയെ ആകർഷകമാക്കുന്നതാണ്.

## പൂളകൃഷി

അരി കഴിഞ്ഞാൽ മറ്റൊരു പ്രധാന ആഹാരമായ പൂള പാവപ്പെട്ടവന്റെ ഭക്ഷണമായിരുന്നു. ഇന്നത് പണക്കാരന്റെ പ്രിയഭോജനമായിരിക്കുന്നു. കൃത്രിമമില്ലാത്ത ഒരാഹാരമാണത്. എടപ്പറ്റയിലെ മണ്ണ് പൂള കൃഷിക്ക് യോജിച്ചതാണ്. എങ്കിലും ഈ കൃഷി കുറഞ്ഞു കുറഞ്ഞു വരുകയാണ്. എലിശല്യമാണ് മുഖ്യഭീഷണി. പൂള കൃഷിക്കും പ്രോത്സാഹനം നൽകേണ്ടതാണ്.

## വാഴകൃഷി

നേന്ത്രവാഴ കൃഷിക്ക് വളരെ യോജിച്ച മണ്ണാണ് നമ്മുടേത്. പൂവൻ, മൈസൂർ പൂവൻ, കദളി, റോബസ്റ്റ് വാഴകളും നന്നായി വളരും. തെങ്ങിൻ തോട്ടങ്ങളിലെ ഇടവിള എന്ന നിലയിൽ വാഴകൃഷിക്ക് പ്രോത്സാഹനം നൽകണം.

ജനസംഖ്യ കൂടുന്നതിനനുസരിച്ച് നിലവിലുള്ള കൃഷി ഭൂമയിൽനിന്നും പല രൂപത്തിലായി ഉൽപാദനം കൂട്ടണമല്ലോ.

## കൃഷിഭൂമിയുടെ പ്രശ്നങ്ങൾ

ജനസംഖ്യാവർദ്ധനവ് സംസ്ഥാന ശരാശരിയേക്കാൾ കൂടുതാലാണിവിടെ. അത് കൃഷിയിടങ്ങൾ കുറയാൻ കാരണമാകുന്നുണ്ട്. ഈ പഞ്ചായത്തിൽ കൊമ്പൻ കല്ല് ഒഴികെയുള്ള പ്രദേശങ്ങളിൽ ജനസാന്ദ്രത ഏതാണ്ട് തുല്യമാണെന്ന് പറയാം. അതിനാൽ റോഡുകൾ വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. അതും കൃഷിസ്ഥലങ്ങൾ കുറയുവാൻ കാരണമായി. റോഡുകൾ നിർമ്മിക്കുമ്പോൾ നീർ ചാലുകളും തോടുകളും നിലവിലുണ്ടായിരുന്നവ നശിക്കുവാനോ, മാർഗ്ഗ തടസ്സം നേരിടുവാനോ കാരണമായിട്ടുണ്ട്. കൃഷിസാധ്യതകളെ പ്രതികൂലമായി ബാധിക്കുന്ന ഒരു കാര്യമാണത്.

ഈ നൂറ്റാണ്ടിന്റെ ആദ്യകാലം മുതൽ കുളങ്ങൾ, ചോലകൾ, തോടുകൾ എന്നിവ സമൂഹത്തിന്റെ പൊതുസ്വത്തായാണ് കണക്കാക്കിയിരുന്നത്. എന്നാൽ സമീപകാലത്തായി പ്രത്യേകിച്ച് ഭൂപരിഷ്ക്കരണ നടപടികൾക്കു ശേഷം ജലസ്രോതസ്സുകൾ സ്വാകര്യ സ്വത്തുക്കളായി മാറി. ഇത് കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

വിള ക്രമത്തിലും ഭൂവിനിയോഗത്തിലും ഉണ്ടായ മാറ്റങ്ങൾ, കാർഷിക രംഗത്തുണ്ടാക്കിയ പ്രത്യാഘാതങ്ങൾ എന്നിവയാണ് ഇതുവരെ പരിശോധിച്ചത്. ഇനി കാർഷിക രംഗത്തെ മറ്റു പ്രശ്നങ്ങൾ എന്തൊക്കെയെന്നു നോക്കാം. ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച കണക്കു നോക്കുക.

### പട്ടിക 4
### ഭൂമിയുടെ ഉടമസ്ഥത

| 1-10 | 11-25 സെന്റ് വരെ | 26-50 സെന്റ് വരെ | 56-100 സെന്റ് വരെ | 1 ഏക്കർ മുതൽ 2 ഏക്കർ വരെ | 2 ഏക്കർ മുതൽ 5 ഏക്കർ വരെ | 5 ഏക്കറിന് മുകളിൽ |
|---|---|---|---|---|---|---|
| 1266 | 988 | 797 | 640 | 485 | 380 | 170 |

## കാർഷികോത്പ്പാദനത്തിലെ കുറവ്

എടപ്പറ്റയിലെ കൃഷിഭൂമികൾ അധികവും നാമമാത്ര ചെറുകിട കർഷകരുടെ കൈവശമാണ്. അതുകൊണ്ടു തന്നെ കൃഷിഭൂമികൾ ചെറിയ തുണ്ടുകളാണ്. പഞ്ചായത്തിലെ 40% ഭൂഉടമകൾക്കും 25 സെന്റിൽ താഴെ മാത്രമേ ഭൂമിയുള്ളു. ഒരു കർഷകന്റെ ഭൂമിതന്നെ ചെറിയ ചെറിയ തുണ്ടുകളായി പല സ്ഥലങ്ങളിലാണ്. ഇത് ശാസ്ത്രീയ കൃഷിമുറകളെ സാരമായി ബാധിക്കുന്നു. 10 സെന്റും 20 സെന്റും മാത്രമുള്ള കർഷകൻ പരമാവധി തെങ്ങുകളും മറ്റു വൃക്ഷങ്ങളും വച്ചു പിടിപ്പിക്കുമ്പോൾ നിശ്ചിത ഇടയകലം പാലിക്കാൻ കഴിയുന്നില്ല. ഇത് വിളവിനെ ബാധിക്കുന്നു. എടപ്പറ്റയിൽ ഒരു മുഖ്യവിളയായ തെങ്ങിന്റെ ശരാശരി ഉൽപാദനക്ഷമത 41 ആണ്. നിലങ്ങളിൽ 34ഉം ഉയർന്ന പ്രദേശങ്ങളിലും, സമതല പ്രദേശങ്ങളിലും 44ഉം

ആണ് ശരാശരി നാളികേര ഉൽപാദനം. ഇത് സംസ്ഥാന ശരാശരിയായ 38 നേക്കാളും അൽപം കൂടുതലുണ്ടെങ്കിലും തെങ്ങുകൃഷി ലാഭമാകണ മെങ്കിൽ ഈ ഉൽപാദനം പോരാ.

എന്നാൽ വൻ തോട്ടങ്ങളുടെ ശരാശരി ഉൽപാ ദനക്ഷമത 105 ആണ്. ഇതിൽനിന്നും മനസ്സിലാ ക്കാൻ കഴിയുന്നത് തുണ്ടു ഭൂമികൾ തെങ്ങു കൃഷി വികസനത്തിന് തടസ്സമാണെന്നാണ്. നെല്ലുൽപാദനവും തുണ്ടു ഭൂമികളേക്കാൾ അധികം വൻ കിട പാടശേഖരങ്ങളിലാണ്. വൻ കിട പാടശേഖരങ്ങളിൽ ഹെക്ടറിന് 3200 Kg. നെല്ലുവിളയുമ്പോൾ 20 സെന്റിൽ താഴെയുള്ള പാടങ്ങളിൽ 2250 Kg. മാത്രം വിളയുന്നു.

ഭൂരിഭാഗം കർഷകരുടേയും മുഖ്യവരുമാനം കൃഷിയിൽനിന്നല്ല. കാർഷികാദായം കൊണ്ട് കുടുംബം പോറ്റുന്നവർ 664 ആണ്. കൃഷിയിൽനി ന്നുള്ള വരുമാനം കൊണ്ടു മാത്രം ജീവിയ്ക്കു ന്നവർ അതിന്റെ പകുതിയിലേറെ വരുന്നില്ല. അവർ കൃഷിയിൽ പൂർണ്ണമായി ശ്രദ്ധിയ്ക്കുന്നു. മറ്റു വരുമാനമുള്ളവരാകട്ടെ കൃഷി ഒരു ഉപതൊ ഴിൽ മാത്രമായി കണക്കാക്കുന്നു. അതും കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

## നടീൽ വസ്തുക്കൾ

നടീൽ വസ്തുക്കൾ ഗുണനിലവാരം കുറഞ്ഞ വയാകുന്നതും കാർഷികോൽപാദനത്തെ ബാധി യ്ക്കുന്നു. എടപ്പറ്റക്കാർ പൊതുവിൽ ഇഷ്ടപ്പെ ടുന്നത് നാടൻ വിത്തിനങ്ങളാണ്. അത് തെങ്ങിന്റെ കാര്യത്തിലും, കമുകിന്റെ കാര്യ ത്തിലും, നെല്ലിന്റെ കാര്യത്തിലും ശരിയാണ്. മോശമായ കാലാവസ്ഥയെ ചെറുക്കുവാനും, രോഗം വരാതിരിയ്ക്കുവാനും കൂടുതൽ കാലം വിളവു തരുവാനും നാടൻ വിത്തിനങ്ങൾക്കാണ് കഴിയുക. കൂടാതെ ഉൽപന്ന ഗുണനിലവാരവും നാടൻ ഇനങ്ങൾക്കുതന്നെ. എന്നാൽ നല്ല വിത്തി നങ്ങൾ തെരഞ്ഞെടുക്കുന്നതിന് ആവശ്യമായി പരിശീലനവും, നിർദ്ദേശവും നൽകുവാൻ സംവി ധാനങ്ങൾ ഒന്നും തന്നെയില്ല.

## രാസവളം, ജൈവവളം

രാസവളങ്ങൾ കച്ചവടക്കാരന്റെ ഇഷ്ടത്തിന നുസരിച്ചും പണത്തിന്റെ ലഭ്യതയനുസരിച്ചും ഉപ യോഗിയ്ക്കുന്നത് മണ്ണിന്റെ സ്വഭാവഘടനയെ തന്നെ മോശമായി ബാധിച്ചിരിക്കുന്നു. ഉൽപാദന ക്കുറവും, പണനഷ്ടവുമാണ് കർഷകന് അതു മൂലം ഉണ്ടാകുന്നത്. ഈ കാര്യത്തിൽ വ്യാപക മായ ബോധവൽക്കരണം ആവശ്യമാണ്. കാലി വളർത്തൽ കുറഞ്ഞതിനാൽ ജൈവവളങ്ങൾ ആവശ്യത്തിന് ലഭിക്കുന്നില്ല. അന്യസംസ്ഥാനങ്ങ ളിൽ നിന്നും കൊണ്ടു വരുന്ന ജൈവവളങ്ങൾ ഗുണനിലവാരം ഇല്ലാത്തതുമാണ്. പച്ചിലയും ലഭി ക്കുന്നില്ല. ജൈവവളങ്ങൾ ലഭ്യമാക്കുവാനും അവ ഉപയോഗിക്കുവാനും കർഷകർക്ക് പ്രോത്സാ ഹനം ലഭിയ്ക്കുന്നില്ല.

## കർഷകതൊഴിലാളി ക്ഷാമം

കർഷകത്തൊഴിലാളികളെ കിട്ടുവാനുള്ള ബുദ്ധിമുട്ടാണ് കാർഷികരംഗത്തെ മറ്റൊരു പ്രശ്നം. വിദ്യാഭ്യാസം നേടിയവർ കൃഷിവേല ചെയ്യുവാൻ മടിയ്ക്കുന്നു. മറ്റു സംസ്ഥാനങ്ങളിൽ പോയി ഏതു ജോലിയും ചെയ്യാൻ മടിയ്ക്കാത്ത ഗ്രാമീണർ നാടൻകൃഷി ജോലിയിൽ തീരെ താൽപര്യം കാണിക്കുന്നില്ല. അതുമൂലം പഞ്ചാ യത്തിന്റെ മിക്ക ഭാഗങ്ങളിലും കൂലി വളരെ കൂടി. സ്ത്രീകൾക്ക് 50–70 രൂപയും പുരുഷൻമാർക്ക് 80–110 രൂപയുമാണ് ഇന്നത്തെ കൂലി. ഉൽപ്പന്ന ങ്ങൾക്ക് കൃത്യമായ വില കിട്ടാത്ത അവസ്ഥയും കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. കൃഷി ഇറക്കുമ്പോൾ കർഷകന് നിശ്ചിതവില ലഭിക്കു മെന്ന ഒരുറപ്പും ഇന്നില്ല. കർഷകൻ ഉണ്ടാക്കുന്ന ഉൽപ്പന്നത്തിന് ന്യായമായ നിശ്ചിതവില ലഭിക്കു മെന്നുറുപ്പു വരുത്തിയാൽ കാർഷികോൽപാദനം വളരെ വലുതാകും.

ഒരു ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യേണ്ട തെങ്ങുകളുടെ എണ്ണം150–170 ആണെങ്കിലും കൂടുതൽ തെങ്ങുകൾ നടുന്നതും, പാടങ്ങളിൽ മണ്ണ് തൂർത്ത് നീർവാഴ്ച ഉറപ്പുവരുത്തി തെങ്ങ് വെയ്ക്കേണ്ടതിനു പകരം കുഴി കുഴിച്ച് തെങ്ങ് നടുന്നതും ഉൽപ്പാദന ക്ഷമതയെ ബാധിക്കുന്നു. തെങ്ങു കയറ്റതൊഴിലാളികളുടെ അഭാവം മൂലം തെങ്ങിൻകുലകൾ സംരക്ഷിക്കുവാൻ കഴിയാതെ വരുന്നതും ഉൽപ്പാദനനഷ്ടത്തിന് കാരണമാകുന്നു.

കാർഷിക വിളകളുടെ വർധനവിനാവശ്യമായ ജലസേചന സൗകര്യങ്ങൾ ഇല്ലാത്തതു പോലെ പമ്പ് സെറ്റിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നില്ല. കുളങ്ങൾ, കിണറുകൾ ഇവ കുഴിക്കുവാൻ നാമമാത്ര കർഷകർക്ക് ധനസഹായം ലഭിക്കുന്നില്ല. കൃഷിയിറക്കുന്നതിന് ധനസഹായം വായ്പയായി പോലും സമയത്തിന് ലഭിക്കുവാൻ സൗകര്യങ്ങളില്ല. കൃഷിഭൂമിയുടെ അളവനുസരിച്ച് വായ്പ ലഭ്യമാക്കുവാൻ തയ്യാറാകാതെ ധനകാര്യസ്ഥാപനങ്ങൾ മാമൂലുകളിൽ കടിച്ചു തൂങ്ങുന്നു. അതും കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

ഒരു പ്രദേശത്ത് ഒരേയിനം കൃഷികൾ ഒരേ സമയത്ത് ചെയ്താൽ കീടബാധയിൽനിന്നും ഒരു പരിധി വരെ രക്ഷ ലഭിക്കും. എന്നാൽ കർഷകരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനുള്ള ഏർപ്പാടുകൾ നാമമാത്രമാണ്.

ട്രാക്ടറുകൾ, ടില്ലറുകൾ, മരുന്നു തളി യന്ത്രങ്ങൾ, മെതിയന്ത്രങ്ങൾ, കൊയ്ത്ത് യന്ത്രങ്ങൾ എന്നിവ ആവശ്യത്തിന് വാടകക്ക് ലഭിക്കുവാനുള്ള ഏർപ്പാടുകൾ ഇന്നില്ലാത്തത് കൃഷിച്ചെലവ് വർദ്ധിപ്പിക്കുന്നു. ഇതും കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

## മാർക്കറ്റിംഗ് പ്രശ്നങ്ങൾ

കർഷകരുടെ ഉൽപ്പന്നങ്ങൾ പണയമായി സ്വീകരിച്ചും ഗുദാമുകളിൽ ശേഖരിച്ചും ഉൽപ്പാദകന് ആവശ്യമായ തുക നൽകിക്കൊണ്ട് ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുവാനുള്ള സംവിധാനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ നിലവിലില്ല. ഈ അവസ്ഥമാറ്റി കർഷകനെ സഹായിച്ചാൽ തന്നെ കാർഷികോൽപാദനം ഗണ്യമായി വർദ്ധിക്കും.

## കാട്ടുപന്നിശല്യം

മലയോര പ്രദേശങ്ങളായ മൂനാടി, പുളിയക്കോട്, വെള്ളിയഞ്ചേരി എന്നിവിടങ്ങളിലെ കാട്ടുപന്നിശല്യം തടയുവാൻ കഴിയാത്തത് ഫോറസ്റ്റ് നിയമത്തിന്റെ കടുകട്ടി മൂലമാണ്. നിയമത്തിൽ ഇളവനുവദിച്ച് പന്നിശല്യം തടയുവാൻ കഴിയാത്തിടത്തോളം കൃഷി സംരക്ഷിക്കുവാൻ സാധ്യമല്ല. കർഷകർ വൻ നഷ്ടത്തിലാണ്. ഈ പഞ്ചായത്തിലെ ഏറ്റവും വലിയ കാർഷികോൽപ്പാദന മേഖലയായ ഈ പ്രദേശത്തെ കൃഷികൾ പറയൻമാടിൽ നിന്നും ഇറങ്ങുന്ന കാട്ടുപന്നികൾ നശിപ്പിക്കുന്നതു തടയുവാനോ, നാശം സംഭവിച്ചവർക്ക് ധനസഹായം അനുവദിക്കുവാനോ അധികൃതർ യാതൊരു ശ്രമവും നടത്തുന്നില്ല. അതിരൂക്ഷമാണ് ഈ പ്രദേശത്തെ കാട്ടുപന്നിശല്യം. വാഴ,നെല്ല്, പൂള എന്നീ ഹ്രസ്വകാല വിളവുകൾക്കു പുറമെ തെങ്ങ്, കമുക് എന്നിവയും പൂർണ്ണമായി നശിപ്പിക്കുന്നു. റബ്ബറിനു പോലും രക്ഷയില്ലാത്ത അവസ്ഥ ഇവിടെയുണ്ട്. ഈ പ്രതിസന്ധി പരിഹരിച്ചേ പറ്റൂ.

## നഷ്ടപരിഹാരം

പ്രകൃതിക്ഷോഭം സംഭവിച്ചവർക്ക് നഷ്ടപരിഹാരം, സൗജന്യവിള ഇൻഷുറൻസ്, കർഷകത്തൊഴിലാളി പെൻഷൻ, കർഷകക്ഷേമ പരിപാടികൾ എന്നീ കാര്യങ്ങളിലും കൂടുതൽ ശ്രദ്ധ പതിയേണ്ടതുണ്ട്.

## വായ്പാസൗകര്യം

ഈ പഞ്ചായത്തിലെ ഏക ധനകാര്യസ്ഥാപനം എടപ്പറ്റ സർവ്വീസ് സഹകരണബാങ്കാണ്. പുതിയ ബാങ്ക് എന്ന നിലയിൽ കാർഷിക വായ്പകൾ ആവശ്യത്തിന് ലഭിയ്ക്കുന്ന സാഹചര്യം ഇന്ന് കർഷകർക്കില്ല. കൃഷിയാവശ്യത്തിന് 50 ലക്ഷം രൂപയെങ്കിലും വായ്പ കൊടുക്കേണ്ട സ്ഥാനത്ത് 6 ലക്ഷം രൂപ മാത്രമാണ് ബാങ്ക് വായ്പ നൽകിയത്. പെരിന്തൽമണ്ണ കൃഷി വികസന ബാങ്ക് ദീർഘകാല വായ്പകൾ നൽകിവരുന്നുണ്ട്. പരിമിതികൾ ഉണ്ടെന്നു മാത്രം.

## വളം, കീടനാശിനി, കാർഷികോപകരണങ്ങൾ

രാസവളങ്ങളും കീടനാശിനികളും ആവശ്യത്തിന് ലഭിയ്ക്കുവാൻ കർഷകർക്ക് ബുദ്ധിമുട്ടുണ്ട്. സ്വകാര്യ വ്യക്തികളുടെ രണ്ട് വളവിൽപന കേന്ദ്രങ്ങളാണ് ഓലപാറയിലും, പാതിരിക്കോട് ബാലവാടി പടിക്കലുമായി ഈ പഞ്ചായത്തിലുള്ളത്. കീടനാശിനികൾ ഉപയോഗിക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയ രീതിയോ, കർഷകർ പരിഗണിച്ചു കാണാറില്ല.

4 ട്രാക്ടറുകൾ, 2 പവ്വർ ടില്ലറുകൾ, 1 തെങ്ങുകയറ്റ യന്ത്രം എന്നിവയാണ് ഇവിടെയുള്ള കാർഷികോപകരണങ്ങൾ. 42 ജോഡി ഉഴവുമാടുകളും ഉണ്ട്. കൃഷിയാവശ്യത്തിനുള്ള 76 പമ്പുസെറ്റുകളുമുണ്ട്. ഇതിൽ 48 എണ്ണം വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്നവയാണ്.

## കർഷക സമിതികൾ

കർഷകർ വളരെയേറെയുണ്ടെങ്കിലും അവർ സംഘടിതരല്ല. കൃഷിഭവൻ മുഖേന രൂപീകരിച്ച താഴെ പറയുന്ന കർഷകസമിതികൾ നിലവിലുണ്ട്.

| | | |
|---|---|---|
| പാടശേഖര സമിതികൾ | – | 7 |
| കുരുമുളകു കൃഷി വികസന സമിതി | – | 1 |
| കേര വികസന സമിതി | – | 8 |
| ആകെ | – | 16 |

ഈ സമിതികളിൽ ചുരുക്കം മാത്രമേ നല്ല നിലയിൽ പ്രവൃത്തിക്കുന്നുള്ളു. പ്രവർത്തനം ഊർജ്ജിതമാക്കി കർഷക പങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. ചെമ്പ്രമുണ്ട പാടശേഖര സമിതിക്ക് ഒരു പവ്വർ ടില്ലർ കൃഷിഭവൻ മുഖേന സൗജന്യമായി നൽകിയിട്ടുണ്ട്.

## മണ്ണ് ജലസംരക്ഷണം

എടപ്പറ്റ ഭൂരിഭാഗവും ചെരിവു പ്രദേശങ്ങളാണ്. മഴവെള്ളവും, ഉറവകളും തടഞ്ഞു നിർത്തുന്ന കാര്യത്തിൽ കർഷകർക്ക് താൽപര്യമോ അറിവോ ഇല്ല. പുളിയൻ തോടിലുണ്ടായിരുന്ന 3 ചിറകളും – തോരക്കാട്ടിൽ ചിറ, കൈനിശേരി ചിറ, അരീക്കര ചിറ – ഇന്നില്ല. വലിയാറ തോട്, പാതിരിക്കോട് മുണ്ടൻ തോട്, ഏപ്പിക്കാട് കൈതതോട് എന്നീ ചെറിയ തോടുകളിൽ മുളയും മരവും മണ്ണും ഉപയോഗിച്ച് നിർമ്മിച്ചിരുന്ന തടയണകളും ഇന്നില്ല. പുളിയൻ തോടിൽ മൂന്നാം വാർഡിലെ മൺചിറയും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ പുനർനിർമ്മിച്ചിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പമ്പുസെറ്റുകൾ ആവശ്യത്തിന് സ്ഥാപിക്കുവാനും കഴിയുന്നില്ല.

ചെരിഞ്ഞ ഭൂപ്രദേശങ്ങളിലെ മണ്ണ് ഒരു വർഷത്തിൽ 1 സെ.മീ. ഘനത്തിലെങ്കിലും മണ്ണൊലിപ്പു മൂലം നഷ്ടപ്പെടുന്നുണ്ട്. ജൈവവളാംശമുള്ള മണ്ണാണ് നഷ്ടപ്പെട്ടു പോകുന്നത്. നീർചാലുകൾ, നീർക്കുണ്ടുകൾ ഇവ നിർമ്മിച്ചും "നീർമറി" അടിസ്ഥാനത്തിൽ കോണ്ടൂർ ലൈനുകൾ നിർമ്മിച്ചും, തടയണകൾ നിർമ്മിച്ചും

മേൽമണ്ണ് നഷ്ടപ്പെടുന്നത് തടയേണ്ടിയിരിക്കുന്നു.

## കൃഷിഭവൻ

കൃഷി ഭവന്റെ പ്രവർത്തനം പഞ്ചായത്തിന്റെ എല്ലാ മേഖലയിലും എത്തുന്നില്ല. വളരെ വിസ്തൃതമായ ഭൂ പ്രദേശവും, ഓഫീസിലെ സ്റ്റാഫിന്റെ കുറവുമാണ് അതിനു കാരണം. കൃഷിഭവന്റെ അറിയിപ്പുകൾ ബോർഡുകൾ സ്ഥാപിച്ച് വിവിധ സ്ഥലങ്ങളിൽ പരസ്യപ്പെടുത്തേണ്ടതുണ്ട്. കർഷക ക്യാമ്പുകൾ ഇടയ്ക്കിടക്ക് സംഘടിപ്പിക്കുവാൻ കൃഷിഭവന് കഴിയണം.

ജനസംഖ്യയുടെ 50%ത്തിൽ അധികം വരുന്ന വനിതകളെ കാർഷികരംഗത്തേക്ക് ആകർഷിക്കുവാൻ പ്രത്യേകപരിപാടികളൊന്നും കൃഷിഭവൻ ആസൂത്രണം ചെയ്തു കാണുന്നില്ല. ഏറ്റവുമധികം തൊഴിൽ സാധ്യതയും വികസന സാധ്യതയുമുള്ളതാണെന്ന ധാരണയോടെ പുതിയൊരു കാർഷിക വിപ്ലവത്തിന് വനിതകൾ കൃഷിഭവന്റെ നേതൃത്വത്തിൽ തയ്യാറാകേണ്ടിയിരിക്കുന്നു. കൃഷി ഓഫീസറുടെ ശാസ്ത്രജ്ഞാനവും ഉപദേശവും സ്വീകരിക്കുവാൻ കർഷകരും മടിക്കുന്നു. ഈ രീതിയും മാറണം.

ഒൻപത് ഗ്രാമസഭകളിലുമായി നടന്ന ചർച്ചകളുടെയും നിർദ്ദേശങ്ങളുടെയും സ്ഥിതിവിവരകണക്കുകളുടേയും അടിസ്ഥാനത്തിൽ കാർഷികരംഗത്തു നിലനിൽക്കുന്ന പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവരാണ്.

## പ്രശ്നങ്ങൾ

1. കാട്ടുപന്നികൾ മൂനാടി, പുളിയക്കോട്, വെള്ളിയഞ്ചേരി പ്രദേശങ്ങളിലെ കൃഷികൾ നശിപ്പിക്കുന്നു.

2. ജലസേചന സൗകര്യം തീരെയില്ല.

3. പച്ചക്കറി കൃഷി വികസനത്തിന് പ്രോത്സാഹനമില്ല.

4. മണ്ണൊലിപ്പു തടയുന്നതിന് പദ്ധതികൾ നടപ്പാക്കുന്നില്ല.

5. ജലനഷ്ടം തടഞ്ഞ് മണ്ണിന്റെ പച്ചപ്പ് നില നിർത്തുന്നതിന് പദ്ധതികൾ ഇല്ല.

6. മാർക്കറ്റിംഗ് സൗകര്യമില്ല.

7. വായ്പകൾ ലഭിക്കുന്നില്ല.

8. ഔഷധ സസ്യം, കൂൺ, മുല്ലപ്പൂ എന്നീ കൃഷികളെ പറ്റി കർഷകർക്കറിവില്ല.

9.വെറ്റിലകൃഷി രോഗം മൂലം നശിക്കുന്നു.

10. ഗ്രൂപ്പ് ഫാമിംഗിന് പ്രോത്സാഹനം ലഭിക്കുന്നില്ല.

11. കൃഷി വികസനസമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല.

12. രാസവള വിൽപനകേന്ദ്രങ്ങൾ ആവശ്യത്തിനില്ല. വളപ്രയോഗം, കീടനാശിനി പ്രയോഗം എന്നിവയെക്കുറിച്ച് ബോധവൽക്കരണമില്ല.

13. കുരുമുളകു കൃഷി പുനർജീവിപ്പിക്കുവാൻ നടപടികൾ വേണ്ടത്രയില്ല.

14. ജൈവവളങ്ങൾ ലഭ്യമല്ല.

15. കാർഷികോൽപ്പന്നങ്ങൾക്ക് സ്ഥിരമായ ന്യായവില ലഭിക്കുന്നില്ല.

16. ജനകീയ ജലസേചന പരിപാടി ഫലപ്രദമായി നടപ്പാക്കുന്നില്ല.

17. കൃഷിഭവന്റെ സേവനം എല്ലാ പ്രദേശങ്ങളിലും ലഭിക്കുന്നില്ല.

18. കുളങ്ങൾ നിലവിലുള്ളവ വിപുലീകരിക്കുന്നില്ല.

19. നാമമാത്ര കർഷകർക്ക് സമഗ്രതെങ്ങു കൃഷി വികസന പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

20. ഉപയോഗശൂന്യമായി കിടക്കുന്ന ചിറകൾ ഉപയോഗയോഗ്യമാക്കുന്നില്ല.

21. വാഴ കൃഷിക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല.

22. പ്ലാവ്, മാവ്, പപ്പായ എന്നീ പരമ്പരാഗത കാർഷിക വിളകൾക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല.

23. വള്ളിയാർ, ഒലിപ്പുഴ എന്നിവിടങ്ങളിലെ ജലസേചന സൗകര്യം ഉപയോഗപ്പെടുത്തുന്നില്ല.

24. മണ്ണിടിഞ്ഞ് കൊമ്പൻ കല്ലിൽ പുഴയോരത്തെ കൃഷികൾ നശിക്കുന്നു.

25. കമുകിന്റെ മഹാളിരോഗം  പടരുന്നു.

26. പുളിയൻ തോടിലെ വെള്ളം കൃഷിയാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നില്ല.

27.കർഷകരേയും കാർഷിക വിളവുകളേയും ഇൻഷൂർ ചെയ്യുന്നതിനുള്ള പദ്ധതികൾ ഫലപ്രദമല്ല.

28. കർഷകത്തൊഴിലാളി പെൻഷൻ കൃത്യമായി ലഭിക്കുന്നില്ല.

29. നഴ്സറി സൗകര്യമില്ല

30 റബ്ബർ പാൽ അളന്നു വില നൽകുവാൻ ഏർപ്പാടുകൾ ഇല്ല.

31. പരപരാഗണത്തിന് തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നില്ല.

32. ബോധവൽക്കരണം നടക്കുന്നില്ല.

കാർഷിക മേഖലയിലെ സാധ്യതകൾ താഴെ പറയുന്നവയാണ്.

## സാധ്യതകൾ

1. നീർമറി അടിസ്ഥാനത്തിൽ എടപ്പറ്റയെ മേഖലകളാക്കി തിരിച്ച് മണ്ണ്, ജലം ഇവ സംരക്ഷിക്കുന്നതിനായി കെട്ടുകളും നീർചാലുകളും, നീർക്കുണ്ടുകളും നിർമ്മിച്ചാൽ കൃഷിക്കും കുടിക്കുവാനും ആവശ്യത്തിന് ജലം ലഭിക്കും.

2. നിലവിലുള്ള കുളങ്ങൾ മുഴുവൻ വിപുലീകരിച്ച് മോട്ടോർ സ്ഥാപിക്കുകയോ ജലസേചനകനാലുകൾ ഉണ്ടാക്കുകയോ ചെയ്താൽ നെൽകൃഷിക്കും പച്ചക്കറിക്ക്യഷിക്കും വെള്ളം ലഭിക്കും.

3. 10 സെന്റ് കൃഷിഭൂമി ഉള്ളവനെകൂടി C.C.D.P. പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ തെങ്ങുകൾ നനയ്ക്കുവാനും ഉൽപ്പാദനം കൂടുവാനും സാധ്യതയുണ്ട്.

4. പുളിയൻ തോടിലെ വയനാടൻപടിയിൽ ഒരു വെന്റഡ് ക്രോസ് ബാർ (VCB) നിർമ്മിച്ചാൽ അങ്ങാടിപള്ളിയാൽ കൃഷി യോഗ്യമാക്കുവാൻ കഴിയും. 10 ഹെക്ടർ സ്ഥലത്ത് നനയ്ക്കുവാൻ സൗകര്യം കിട്ടും.

5. നീർമറി പദ്ധതിയിൽ ഉൾപ്പെടുത്തി അതിരുകളിൽ ശീമക്കൊന്നയും മറ്റു ചെടികളും വെച്ചുപിടിപ്പിച്ച്, മതിൽകെട്ടുന്ന പ്രവണത തടഞ്ഞാൽ പച്ചില വളങ്ങൾ ലഭിക്കുകയും, മണ്ണൊലിപ്പു തടയുകയും ചെയ്യുമെന്നതിനാൽ അതിനുള്ള ധനസഹായ പദ്ധതി നടപ്പാക്കിയാൽ പരിസ്ഥിതി സംരക്ഷിക്കുവാൻ കഴിയും.

6. മാങ്ങ, ചക്ക, പപ്പായ എന്നിവ കലർപ്പില്ലാത്ത ഭക്ഷ്യവസ്തുക്കളും പോഷകമൂല്യമുള്ളവയാണെന്നും പ്രചരണം നടത്തുകയും ഓരോ കുടുംബങ്ങളിലും മേൽപറഞ്ഞ വൃക്ഷങ്ങളും,

പപ്പായയും നടുന്നതിന് പദ്ധതിയുണ്ടാക്കുകയും ചെയ്താൽ വൻ വിജയസാധ്യതയുണ്ട്. 100 % കേന്ദ്രസഹായ പദ്ധതിയായ ഫലവർഗ്ഗ വികസനപദ്ധതി ഇതിനായി ഉപയോഗപ്പെടുത്തണം.

7. കൊമ്പൻകല്ല് വള്ളിയാറിൽ കല്ലംകോട് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിച്ചാൽ 75 ഹെക്ടർ സ്ഥലത്ത് പുതുതായി ജലസേചന സൗകര്യം ലഭിക്കുവാൻ സാധ്യതയുണ്ട്.

8. കോട്ടോത്ത പടി ഓത്തുപള്ളി കുളം വിപുലീകരിച്ചാൽ 12 ഹെക്ടർ സ്ഥലത്ത് ജലസേചന സാധ്യതയുണ്ട്.

9. പുളിയന്തോടിൽ നീളിക്കുണ്ടിൽ ഒരു ചെറിയ അണകെട്ടി മോട്ടോർ സ്ഥാപിച്ച് പുളിക്കാതൊട്ടിക കുന്നിൽ ടാങ്കു കെട്ടി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കിയാൽ 15 ഹെക്ടർ സ്ഥലത്തിന് പ്രയോജനപ്പെടുവാൻ സാധ്യതയുണ്ട്.

10. മുൻകാലങ്ങളിലുണ്ടായിരുന്ന പുളിയൻതോടിലെ മൺചിറ, കൈനിശ്ശേരി ചിറ, അരീക്കര ചിറ എന്നിവയുടെ സ്ഥാനത്ത് പുതിയ തടയണകൾ നിർമ്മിച്ചാൽ കൃഷി അഭിവൃദ്ധിപ്പെടുവാൻ വൻ സാധ്യതയുണ്ട്.

11. താഴെ പറയുന്ന കുളങ്ങൾ പുതുതായി നിർമ്മിക്കുകയോ അഭിവൃദ്ധിപ്പെടുത്തുകയോ ചെയ്താൽ ജലസേചന പ്രശ്നങ്ങൾ കുറെയൊക്കെ പരിഹരിയക്കപ്പെടുവാൻ സാധ്യതയുണ്ട്.

| ക്രമ നമ്പർ | വാർഡ് | കുളത്തിന്റെ പേര് |
|---|---|---|
| 01 | 01 | പുത്തൻകുളം |
| 02 | 02 | പഴുത്തുണികുളം |
| 03 | 02 | ചെമ്പ്രമുണ്ടകുളം |
| 04 | 02 | പൂവ്വൻകുളം |
| 05 | 03 | പുത്തനഴിപിലാക്കോടൻ പടികുളം |
| 06 | 05 | പാങ്ങാശേരികുളം |
| 07 | 05 | പാറക്കൽകുളം |
| 08 | 08 | വരടികുളം |
| 09 | 08 | പാറകുളം |
| 10 | 08 | മാടമ്പികുളം |
| 11 | 08 | തിയരുകുളം |
| 12 | 08 | പടിഞ്ഞാറേതിൽകുളം |
| 13 | 08 | തീണ്ടൽകുളം |
| 14 | 09 | ചാഴിയോടൻചോലകുളം |
| 15 | 09 | കിഴിശ്ശേരികുളം |

12. തെങ്ങു കൃഷി വികസനത്തിനായി തെങ്ങു നനയ്ക്കുവാൻ സൗജന്യ പദ്ധതിയ്ക്കു രൂപം നൽകിയാൽ നാളികേര ഉൽപ്പാദനം രണ്ട് ഇരട്ടിയായി വർദ്ധിക്കും. ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുവാൻ സാധ്യതയുണ്ട്. ജന കീയ ജലസേചനപരിപാടി ഇതിനായി നടപ്പാക്കാൻ സാധ്യതയുണ്ട്.

13. ഒരു മാർക്കറ്റിംഗ് സഹകരണസംഘം രൂപീകരിക്കുവാൻ സാധ്യതയുണ്ട്.

14. ജില്ലാ സഹകരണബാങ്ക് മുഖേന നബാർഡ് വായ്പാ പദ്ധതി അനുസരിച്ച് കർഷകർക്ക് വായ്പ നൽകിയാൽ കൃഷി അഭിവൃദ്ധിപ്പെടുവാൻ സാധ്യതയുണ്ട്.

15. കമ്പോസ്റ്റ് വളങ്ങളും, ചകിരിചോറ്, മുതലായവയും, ജൈവവളങ്ങളും ഉപയോഗിക്കുവാൻ പ്രത്യേക ധനസഹായം നൽകി "മരിക്കുന്ന മണ്ണിനെ" രക്ഷിക്കുവാൻ പ്രോത്സാഹനം നൽകണം.

16. കൃഷിത്തൊഴിൽ അന്തസ്സുള്ള തൊഴിലാക്കി മാറ്റി റോഡിൽ പൊരിയുന്ന ചൂടത്ത് ടാറിംഗ് ജോലിക്കു പോകുന്ന സഹോദരിമാരെ ചെളിയിൽ പണിയെടുക്കുന്ന കൃഷിജോലിയിലേക്ക് ആകർഷിപ്പിക്കുവാൻ കഴിയണം.

17. വനിതകളെ കാർഷികരംഗത്തേക്ക് കൂടുതലായികൊണ്ടുവരുവാൻ പദ്ധതി തയ്യാറാക്കിയാൽ കാർഷികരംഗത്ത് വിപ്ലവം നടക്കുവാൻ സാധ്യതയുണ്ട്.

18. കൃഷിഭവന്റെ ബോർഡുകൾ വാർഡുകൾ തോറും മൂന്നെണ്ണമെങ്കിലും സ്ഥാപിക്കുവാൻ സന്നദ്ധസംഘടനകളേക്കൊണ്ടും സ്ഥാപനങ്ങളെക്കൊണ്ടും വ്യക്തികളെക്കൊണ്ടും സ്പോൺസർ ചെയ്യിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയാൽ കൃഷിഭവന്റെ പ്രവർത്തനങ്ങൾ ജനങ്ങൾ അറിയുവാൻ ഇടവരും.

19. തെങ്ങിൻ തോട്ടങ്ങളിലും ഒഴിവുള്ള സ്ഥലങ്ങളിലും കൃഷിചെയ്യുന്നതിന് നേന്ത്രൻ, റോബസ്റ്റ, കദളി, പൂവൻ, മൈസൂർ പൂവൻ എന്നിവയുടെ വാഴക്കന്നുകൾ സൗജന്യമായി വിതരണം ചെയ്യുവാൻ പദ്ധതി തയ്യാറാക്കിയാൽ പഴ സംസ്ക്കരണ രംഗത്ത് വൻ സാധ്യത കാണുന്നു.

20. മൂനാടി, പുളിയക്കോട്, വെള്ളിയഞ്ചേരി എന്നിവിടങ്ങളിലെ കാട്ടുപന്നി ശല്യം തടയുവാൻ ഏറ്റവും ചെലവു കുറവുള്ള പദ്ധതി എന്ന നിലയിൽ അനർട്ടിന്റെ വന്യമൃഗങ്ങളെ സൗരോർജ്ജം കൊണ്ട് പേടിപ്പിച്ച് അകറ്റുന്ന പദ്ധതി നടപ്പാക്കുവാൻ കഴിയും. കമ്പിവേലികൾ ഇടുന്നുണ്ടെങ്കിലും ഇത് മനുഷ്യനു ഹാനികരവുമല്ല എന്നതിനാൽ വൈദ്യുതി ഇല്ലാത്ത സ്ഥലമായ മൂനാടിയിൽ ഈ കാര്യത്തിന് 50% കേന്ദ്രധനസഹായത്തോടെ അനർട്ട് നടപ്പാക്കുന്ന ഈ പദ്ധതി മാത്രമേ പ്രായോഗികമാവുകയുള്ളു. ഈ പദ്ധതിയിലൂടെ പറയൻമാടിൽനിന്നും ഇറങ്ങുന്ന കാട്ടുപന്നി ശല്യം അവസാനിപ്പിച്ച് ഈ പ്രദേശത്തിന്റെ വളരെ ഗൗരവമേറിയ കാർഷികപ്രശ്നം പരിഹരിക്കുവാൻ സാധ്യതകാണുന്നു. (പദ്ധതിയുടെ പേര് സൗര വൈദ്യുതി കമ്പിവേലി)

21. രാസവള വില്പന കേന്ദ്രങ്ങൾ എടപ്പറ്റ സർവ്വീസ് സഹകരണ ബാങ്കിന് ആരംഭിക്കുവാൻ കഴിയും.

22. പച്ചക്കറികളും, കാവുത്ത്, മധുരകിഴങ്ങ്, കൂർക്ക മുതലായ തെങ്ങിൻ തോട്ടങ്ങളിലെ ഇടവിളകളും കൃഷിചെയ്യുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി പച്ചക്കറി വികസനസഹകരണസംഘം രൂപീകരിക്കുവാനുള്ള സാധ്യതയുണ്ട്.

23. വെറ്റിലക്കൃഷി രോഗം മൂലം നശിക്കുന്നതിന് പ്രതിവിധികണ്ടെത്തുവാൻ കൃഷിവകുപ്പിനു കഴിയണം. മാർക്കറ്റിംഗിന് ബുദ്ധിമുട്ടില്ല. അതിനാൽ വെറ്റിലക്കൃഷി വികസനത്തിന് വൻ സാധ്യത കാണുന്നു. മുഴുവൻ കേന്ദ്രധന സഹായപദ്ധതിയായ വെറ്റിലക്കൊടി വികസന പദ്ധതിയിൻ കീഴിൽ ധനസഹായവും കുഴൽ

കിണറിന് ധനസഹായവും ലഭ്യമാക്കുവാൻ കഴിയും.

24. മുല്ലപ്പൂ കൃഷി, ഔഷധ സസ്യ കൃഷി, കൂൺ കൃഷി ഇവ പ്രോത്സാഹിപ്പിച്ചാൽ 200 പേർക്കെങ്കിലും തൊഴിൽ ലഭിക്കുവാൻ സാധ്യതയുണ്ട്. പരിശീലനമാണ് ആദ്യം വേണ്ടത്.

25. അലങ്കാര ചെടികൾ ലഭിക്കുന്നതിന് ഒരു നഴ്സറിയ്ക്കുള്ള സാധ്യതയുണ്ട്.

26. കക്കാടം കയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയാൽ വൻ കൃഷി വികസന സാധ്യത കാണുന്നു.

27. ഒലിപ്പുഴ ചെറയക്കോട് ആദ്യകാലത്തുണ്ടായിരുന്ന ചിറയ്ക്കു പകരം പുതിയതു നിർമ്മിച്ച് 50 ഹെക്ടർ സ്ഥലമെങ്കിലും ജലസേചനസൗകര്യമുള്ളതാക്കി മാറ്റുവാൻ കഴിയും.

28. കൊമ്പൻ കല്ലിൽ പുഴയോരത്തിന് ഭിത്തി കെട്ടിയാൽ വൻ മണ്ണിടിച്ചിലും അതുമൂലമുള്ള കൃഷിനാശവും ഒഴിവായി കിട്ടും.

29. കുരുമുളകു വികസന പദ്ധതിയിൻ കീഴിൽ കേന്ദ്രധനസഹായത്തോടെ കുരുമുളകു പുനർജീവിപ്പിക്കുവാൻ കഴിഞ്ഞാൽ ഈ പ്രദേശത്തിന്റെ മുഖ്യവരുമാനമാർഗ്ഗമായി മാറുവാൻ കുരുമുളക് കൃഷിക്ക് കഴിയും.

30. 100% കേന്ദ്ര സഹായത്തോടെ നടത്തുന്ന പദ്ധതിയായ കമുക് വികസനപദ്ധതിയിൻ കീഴിൽ മഹാളിരോഗപ്രതിരോധത്തിന് ധനസഹായ പദ്ധതി നടപ്പാക്കുവാൻ കഴിയും.

31. കിഴങ്ങു വർഗ്ഗവികസന പദ്ധതിയിൻ കീഴിൽ മരച്ചീനി കൃഷിക്ക് ധനസഹായം ലഭ്യമാക്കിയാൽ മരച്ചീനി കൃഷി പ്രോത്സാഹിപ്പിക്കുവാൻ കഴിയും.

32. ചെങ്കല്ലും, ചീങ്കല്ലും നിറഞ്ഞ പ്രദേശങ്ങളിൽ കശുമാവ് കൃഷിക്ക് പ്രത്യേക സഹായങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുവാൻ കഴിയും. 100 % കേന്ദ്രസഹായത്തോടെ നടപ്പാക്കുന്ന സംയോജന കശുമാവു കൃഷി വികസന പദ്ധതിയിൻ കീഴിൽ കശുമാവ് കൃഷിക്ക് ധനസഹായം ലഭിച്ചാൽ ഈ കൃഷിക്ക് ഇന്നും നല്ല സാധ്യതയുണ്ട്.

33. വിള ഇൻഷൂറൻസ് പദ്ധതിയിൻ കീഴിൽ പഞ്ചായത്തിലെ മുഴുവൻ കാർഷിക വിളകളും ഇൻഷൂർ ചെയ്താൽ കർഷകർക്ക് ആത്മവിശ്വാസം കൈവരും.

34. ചെറുകിട കൃഷിത്തോട്ടങ്ങൾ യന്ത്രവൽക്കരണപരിപാടിയിൻ കീഴിൽ അർഹരായ കർഷകർക്ക് 50% സബ്സിഡിയോടെ ട്രാക്ടർ, ട്രില്ലർ, മെതിയന്ത്രം, പവ്വർ സ്പ്രെയർ എന്നിവ വാങ്ങുവാനുള്ള പദ്ധതി നടപ്പാക്കിയാൽ കൃഷി വികസന സാധ്യത വർദ്ധിക്കും.

35. പ്രത്യേക ഘടക പദ്ധതിയിൻ കീഴിൽ പട്ടികജാതിക്കാരുടെ കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കിമാറ്റുവാനും, അവരെ കാർഷികരംഗത്തേക്ക് ആകർഷിക്കുവാനുമായി 100% സബ്സിഡിയോടുകൂടിയ പദ്ധതി നടപ്പാക്കണം. അതിനായി അംഗീകൃത ഹരിജൻ കോളനികൾ തെരഞ്ഞെടുക്കുവാൻ കഴിയും.

36. പാടശേഖര കമ്മിറ്റികൾ, കേരവികസന സമിതികൾ, കുരുമുളകു കൃഷിവികസന സമിതികൾ എന്നിവ രൂപീകരിച്ചും നിലവിലുള്ളവ സജീവമാക്കിയും കൃഷിക്കാരെ സംഘടിപ്പിക്കണം. ആവശ്യമായ സ്ഥലങ്ങളിലൊക്കെ ട്രാക്ടർ, ട്രില്ലർ എന്നിവ സൗജന്യമായി വാങ്ങിയെടുത്ത് കർഷകർക്ക് സേവനം ലഭ്യമാക്കണം.

37. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ നിന്നും കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ കുഴൽ കിണർ കുഴിയ്ക്കൽ പദ്ധതിയിൻ കീഴിൽ അമ്പാഴപറമ്പിൽ വ്യാസം കൂടിയ കുഴൽ കിണർ കുഴിച്ച് ടാങ്ക് നിർമ്മിച്ചാൽ പൈപ്പ് ലൈൻ മുഖേന 3–ാം വാർഡ് മുഴുവൻ കൃഷി ആവശ്യത്തിനു വെള്ളം ലഭിക്കുവാൻ സാധ്യതയുണ്ട്. ഇപ്പോൾ അവിടെയുള്ള വ്യാസം കുറഞ്ഞ കുഴൽ കിണറിൽ വൻ ജലശ്രോതസ്സുണ്ട്. ഇത്

ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞാൽ മറ്റു ജല സ്രോതസ്സുകൾ കുറവായ ഈ പ്രദേശത്തെ കൃഷി ആവശ്യവും കുടിവെള്ള ആവശ്യവും നിറവേറും.

38. ജനകീയ ജലസേചന പദ്ധതയിൻ കീഴിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള 90% ധനസഹായത്തോടെ കുഴൽ കിണർ കാർഷിക സൊസൈറ്റികൾക്ക് കുഴിച്ചു നൽകുന്ന പദ്ധതിയിൻ കീഴിൽ കുഴൽ കിണർ കുഴിച്ച് ജല ലഭ്യത വർധിപ്പിക്കാൻ കഴിയും.

39. "പട്ടിക ജാതി കോളനികളിൽ ഭൂജലം " പദ്ധതിയിൻ കീഴിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും കുഴൽ കിണർ നിർമ്മിക്കുന്ന പരിപാടി അനുസരിച്ച് കല്ലാപാറ ഹരിജൻ കോളനി, ചുള്ളിയോടുകുന്ന് ഹരിജൻ കോളനി, കിഴക്കും പാടം ഹരിജൻ കോളനി, പേഴും തറ ഹരിജൻ കോളനി, ചേരിപറമ്പ് I.H.D.P. കോളനി, ചെറുമൻ കുണ്ട് ഹരിജൻ കോളനി എന്നിവിടങ്ങളിൽ കുഴൽ കിണർ കുഴിയ്ക്കുവാൻ കഴിയും.

40. "ഭൂ ജലം സംരക്ഷണവും, ശേഖരിക്കലും" പദ്ധതിയിൻ കീഴിൽ മൂനാടി പറയൻമാടിലെ വൻ ജലസ്രോതസ്സ് തടഞ്ഞു നിർത്തി ജല വിതാനം ഉയർത്തുന്നതിനായി ഭൂഗർഭ ഡാം ഉണ്ടാക്കിയാൽ മൂനാടിയിൽ വൻ ജല ലഭ്യത ഉറപ്പു വരുത്തുവാൻ സാധ്യതയുണ്ട്. മൂനാടിയിൽ അതിനായി ഒരു ജനകീയ സമിതിക്ക് രൂപം നൽകാവുന്നതുമമാണ്.

41. "പഞ്ചക പ്രോജക്ടി"ൻ കീഴിൽ ഈ പഞ്ചായത്തിനെ ഉൾപ്പെടുത്തി കൃഷി, മൃഗസംരക്ഷണം, കോഴിവളർത്തൽ, മാംസം, മത്സ്യം എന്നീ 5 വരുമാന പദ്ധതികളിൽ ഒരു കുടുംബം ഒരു യൂണിറ്റാക്കി തെരഞ്ഞെടുത്ത് കുടുംബത്തിന്റെ വരുമാനം വർധിപ്പിക്കുന്നതിനുള്ള ധന സഹായം നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകി 200 ഇടത്തരം കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനുള്ള സാധ്യതയുണ്ട്.

42. ഒരു തേനീച്ച കോളനിക്ക് 150 രൂപ സബ്സിഡി നൽകുന്ന പദ്ധതിയിൻ കീഴിൽ തേനീച്ച കോളനികൾ വിതരണം ചെയ്യുന്ന ധന സഹായ പദ്ധതി വ്യാപകമാക്കുവാനുള്ള നടപടികൾ സ്വീകരിക്കണം. വൻ വികസന സാധ്യതയുള്ള തേനീച്ച വളർത്തലിലൂടെ പരപരാഗണ സാധ്യത വർധിച്ച് കാർഷികോൽപ്പാദനവും വർധിക്കും.

43. കുടുംബ വരുമാനം വർദ്ധിപ്പിക്കുവാൻ നല്ലൊരു മാർഗ്ഗമാണ് ഓർക്കിഡ് പുഷ്പകൃഷി. നല്ല ആന്തൂറിയം പൂവ് ഒന്നിന് 35 രൂപ വരെ വില കിട്ടും. കൃഷി ഭവന്റെ സഹായത്തോടെ ഓർക്കിഡ് കൃഷിയും വികസിപ്പിക്കാവുന്നതാണ്.

44. നമ്മുടെ വീട്ടിലെ ഏതു മരത്തിലും കുരുമുളക് ചെടി പടർന്നു കയറും. വറ്റൽ മുളകിന്റെ സ്ഥാനം കുരുമുളകിനു നൽകുന്നത് ആരോഗ്യത്തിനും നല്ലതാണ്. വീടൊന്നിന് മൂന്നു കുരുമുളകു വള്ളിയെങ്കിലും ഒറ്റ ദിവസം കൊണ്ട് ഇട്ടുപിടിപ്പിക്കുവാൻ പദ്ധതിയിട്ടാൽ 9846 മരങ്ങളിൽ കുരുമുളക് ചെടി പടർന്ന് കയറും.

45. തെങ്ങിൻ തോട്ടങ്ങളിൽ പോഷകമൂല്യമുള്ള പുല്ലു കൃഷി ചെയ്ത് വർഷക്കാലത്ത് അത് കാലിതീറ്റയായി സൂക്ഷിച്ചു വെച്ച് കമ്പോളത്തിലെ കാലിതീറ്റ ഒഴിവാക്കുവാൻ പദ്ധതി തയ്യാറാക്കുവാൻ കഴിയും.

കൃഷിഭൂമിയുടെ ലഭ്യത അനുദിനം കുറഞ്ഞു കുറഞ്ഞുവരുന്നു. ജനസംഖ്യ കൂടി വരുന്നു. കടും കൃഷിയിലൂടെ കാർഷികോത്പാദനവും അതുവഴി കാർഷികവരുമാനവും തൊഴിലവസരങ്ങളും വർധിപ്പിക്കേണ്ടതിന്റെ പ്രസക്തി ഏറിവരുന്നു. ആ ഉത്തരവാദിത്വം ഏറ്റെടുത്ത് നമ്മുടെ പരിചയസമ്പത്തുകൂടി ഉൾക്കൊള്ളിച്ചു കൊണ്ട് കാർഷികരംഗത്തെ പ്രശ്നങ്ങൾ പരിഹരിച്ച് നമുക്ക് മുന്നേറാം. അതിനുള്ള പദ്ധതികൾക്ക് എടപ്പറ്റയുടെ മണ്ണിന്റെ മണമുള്ള നാം തന്നെ രൂപം നൽകണം.

5 - 2



# മൃഗസംരക്ഷണം
# തേനിച്ച വളർത്തൽ
# കോഴി വളർത്തൽ
# മത്സ്യബന്ധനം

## മൃഗസംരക്ഷണം

കാർഷികഗ്രാമമായിരുന്ന എടപ്പറയിൽ കൃഷിക്കാരുടെ അവിഭാജ്യഘടകമായിരുന്നു കാലിവളർത്തൽ. നിലം ഉഴുന്നതിനും, വണ്ടി വലിക്കുന്നതിനും, പാലുൽപ്പാദിപ്പിക്കുന്നതിനും മാത്രമല്ല, കൃഷിക്കാവശ്യമായ ചാണകവളം ലഭിക്കുന്നതിനും ധാരാളം കന്നുകാലികളെ വളർത്തിയിരുന്നു. 1940-50 കളിൽ കാലിവളർത്തലും, ആടുവളർത്തലും മുഖ്യ തൊഴിലാക്കിയ കുടുംബങ്ങൾ വളരെയായിരുന്നു. കാലികളെ മേയ്ക്കുവാൻ ഒഴിഞ്ഞ പറമ്പുകളും, വിളവെടുപ്പിനു ശേഷമുള്ള നെൽപ്പാടങ്ങളും വേണ്ടുവോളമുണ്ടായിരുന്നു. കൂട്ടങ്ങളായി കാലിമേക്കുന്ന ഇടയൻമാരും ഉണ്ടായിരുന്നു. ഒരു മാസത്തേക്കുള്ള കൂലി പറഞ്ഞ് തീരുമാനിച്ചാൽ ദിവസേന തൊഴുത്തിൽനിന്നും മേയ്ക്കാനായി കൊണ്ടുപോവുകയും വൈകുന്നേരം തിരികെ കൊണ്ടുവരികയും ചെയ്യുമായിരുന്നു. മിക്കവാറും കരഭൂമികൾ തരിശായിരുന്നു എന്നതായിരുന്നു കാലിവളർത്തലിൻെറ അനുകൂലഘടകം. പശുക്കളെ വളർത്താൻ ഏൽപ്പിക്കുന്ന പതിവും അന്നുണ്ടായിരുന്നു. ഇതനുസരിച്ച് വളർത്താൻ എടുക്കുന്ന പശുവിൻെറ ആദ്യപ്രസവത്തിലെ കുട്ടി വളർത്തുകാരൻേറതാകും രണ്ടാം പ്രസവം നടന്നാലുടനെ പശുവിനേയും, കുട്ടിയേയും ഉടമയെ ഏൽപ്പിച്ചുകൊള്ളണം. കോഴി വളർത്തലും മിക്കവാറും എല്ലാ വീടുകളിലും ഉണ്ടായിരുന്നു.

കഴിഞ്ഞ 30 വർഷമായി കന്നുകാലികൾ, ആട് എന്നീ വളർത്തുമൃഗങ്ങളുടെ സംഖ്യയിൽ കാര്യമായ കുറവുവന്നിട്ടുണ്ട്. പട്ടികളെ വളർത്തുന്ന കാര്യത്തിലും ജനങ്ങൾ പുറകോട്ടാണ്. കാളവണ്ടി ഉപയോഗവും തീർത്തും ഇല്ലാതായി. കൃഷി കുറഞ്ഞതിനാൽ കലപ്പയും അധികം പ്രചാരത്തിലില്ല. പക്ഷേ വീടുകളിൽ പഴയ കലപ്പകൾ സൂക്ഷിച്ചുവരുന്നു.

### മൃഗ ചികിത്സാ സൗകര്യം

പഞ്ചായത്തിൽ ആകെയുള്ള മൃഗസംരക്ഷണ സംവിധാനം കഴിഞ്ഞ 12 വർഷമായി മൃഗസംരക്ഷണ വകുപ്പിൻെറ കീഴിലുള്ള കൃത്രിമ ബീജസങ്കലന കേന്ദ്രം മാത്രമായിരുന്നു. പാതിരിക്കോട് കുരിശിൽ ആണ് ഇതു പ്രവൃത്തിക്കുന്നത് എന്നാൽ കഴിഞ്ഞ മാർച്ചുമാസത്തിൽ ഒരു വെററിനറി ഡിസ്പെൻസറി അനുവദിക്കു

## വളർത്തുമൃഗങ്ങളും പക്ഷികളും

| | ഇനം | 1928 | 1966 | 1992 | 1992 |
|---|---|---|---|---|---|
| 1. | പശു | 590 | 610 | 410 | 280 |
| 2. | കന്നുകുട്ടികൾ | 440 | 490 | 136 | 112 |
| 3. | എരുമ | 270 | 560 | 107 | 92 |
| 4. | കാള | 430 | 520 | 390 | 160 |
| 5. | പോത്ത് | 420 | 730 | 220 | 74 |
| 6. | ആട് | 870 | 1170 | 760 | 480 |
| 7. | കോഴി | ലഭ്യമല്ല | 9800 | 14160 | 11400 |
| 8. | താറാവ് | ലഭ്യമല്ല | 18 | 24 | 18 |
| 9. | കാളവണ്ടി | 28 | 17 | - | - |
| 10. | കലപ്പ | 340 | 510 | 480 | 34 |
| 11. | ആന | - | - | 1 | 1 |
| 12. | പട്ടി | 110 | 360 | 280 | 195 |

കയും, ഒരു ഡോക്ടറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പാതിരിക്കോട് കുരിശിങ്ങൽ പ്രവർത്തിച്ചിരുന്ന സബ്സെൻററിൽ കൃത്രിമ ബീസസങ്കലനത്തിന് സൗകര്യം ചെയ്തിരുന്നു. പശുക്കൾക്ക് ബീജസങ്കലനത്തിന് ഒന്നുരണ്ടു സ്വകാര്യവ്കതികളുടെ വിത്തുകാളകളും ഉണ്ട്.

## ക്ഷീരവികസനം

ക്ഷീരവിപണനരംഗത്ത് 1981 ൽ പ്രവർത്തനം ആരംഭിച്ച പാതിരിക്കോട് ക്ഷീരോൽപ്പാദക സഹകരണസംഘം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഉത്പ്പാദിപ്പിക്കുന്ന മുഴുവൻ പാലും അളന്ന് വിപണനം നടത്തുന്ന കാര്യത്തിൽ സംഘത്തിൻെറ പ്രവർത്തനം തൃപ്തികരമല്ല. ഏപ്രിൽ മാസത്തിൽ പ്രവർത്തനമാരംഭിച്ച പുളിയക്കോട് ക്ഷീര സഹകരണസംഘവും ഇപ്പോൾ പഞ്ചായത്തിലെ ക്ഷീര വിപണനരംഗത്ത് പ്രവർത്തിക്കുന്നു. മിൽമയ്ക്ക് പാൽ മൊത്തമായി നൽകുന്നതിനാൽ ഉൽപ്പാദകർക്ക് ആകർഷകമായ വില നൽകുന്നതിൽ സംഘം പരാജയമാണ്. തൊട്ടടുത്ത മേലാററൂർ പഞ്ചായത്തിൽ ഒരു ബൂത്ത് തുറന്ന് പാൽ വിൽക്കുന്നത് ആ പ്രദേശത്തെ ക്ഷീരോൽപ്പാദകർക്ക് ഒട്ടൊക്കെ ആശ്വാസമാണ്.

കാലിത്തീററയുടെ വിലക്കയററവും ദൗർല്ലഭ്യവുമാണ് കാലിവളർത്തൽകാർ നേരിടുന്ന പ്രധാന പ്രശ്നം. നെൽകൃഷി കുറഞ്ഞതിനാൽ വയ്ക്കോൽപ്പോലും ലഭ്യമല്ല. ചെലവു കുറഞ്ഞ കാലിത്തീററ നിർമ്മിക്കാൻ പദ്ധതികൾ ഒന്നുമില്ല. തീററ പ്പുൽകൃഷി ചെയ്യുവാൻ ധനസഹായവും പ്രോത്സാഹനവും നൽകുകയും, പിണ്ണാക്ക്, റബ്ബർക്കുരു, പൂള, ചക്കകുരു മുതലായവ ഉപയോഗിച്ച് കാലിത്തീററ നിർമ്മിക്കുകയും ചെയ്താൽ ഒരു പരിധിവരെ കാലിവളർത്തുന്ന കർഷകർക്ക് ആശ്വാസമാകും. ഗോബർ ഗ്യാസ് പ്ലാൻറുകൾക്ക് വർദ്ധിച്ച ആനുകൂല്യങ്ങൾ നൽകുന്നതും, പാലിന് പുതിയ വിപണന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതും, കർഷകർക്ക് ആശ്വാസമരുളുന്ന പദ്ധതികളായിരിക്കും. കാലികൾക്ക് സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തി കർഷകർക്ക് ആശ്വാസമരുളേണ്ടതുണ്ട്. ക്ഷീര അനുബന്ധ വ്യവസായങ്ങൾ, മാംസ സംസ്കരണ യൂണിററ്, ഇവയും ആരംഭിക്കുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

# തേനിച്ച വളർത്തൽ

തേനിച്ച വളർത്തൽ കൃഷിയിൽ ഏർപ്പെട്ടിരുന്ന 110 കുടുംബങ്ങൾ ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുണ്ട്. 1971-ൽ എറണാകുളം ജില്ലയിൽ നിന്നും കുടിയേററക്കാരനായി വന്ന പി. എ. തോമസ് എന്ന കർഷകനാണ് തേനിച്ച കൂടുകൾ കൊണ്ട്വന്ന് ഈ പഞ്ചായത്തിൽ തേനിച്ച കൃഷിക്ക് വിത്തുപാകിയത്. 1978- ൽ രൂപം കൊണ്ട മേലാററൂർ ബീകീപ്പേർസ് വില്ലേജ് ഇൻഡസ്ട്രീയൽ - കോ-ഓപ്പറേററീവ് സൊസൈററിയുടെ ആസ്ഥാനം ഈ പഞ്ചായത്തിലാണ്. അതോടുകൂടി വളരെ പെട്ടെന്ന് തേനീച്ച വളർത്തൽ പഞ്ചായത്തുമുഴുവൻ പ്രചരിച്ചു. മലപ്പുറം ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിലും, പാലക്കാട് ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിലും തേനീച്ച വളർത്തൽ പ്രചരിക്കുവാൻ വലിയ താമസമുണ്ടായില്ല. വളരെ പേർക്ക് തൊഴിൽ നൽകികൊണ്ട് തേനീച്ച വളർത്തൽ സഹകരണസംഘം മുന്നേറി. സ്വന്തമായി സ്ഥലമില്ലാത്തവർക്കും തേനീച്ചവളർത്തൽ ആദായകരമായി നടത്തുവാൻ കഴിഞ്ഞു. എന്നാൽ 1991 - മുതൽ തേനീച്ചവളർത്തൽ തകർച്ചയെ നേരിടുവാൻ തുടങ്ങി. വൈറസ് രോഗം മൂലം ഈ പഞ്ചായത്തിലുണ്ടായിരുന്ന 9000 ത്തിലധികം തേനീച്ച കോളനികൾ ചത്തൊടുങ്ങി. തേനീച്ചകർഷകർ സാമ്പത്തികഞെരുക്കത്തിലായി. ഒരാശ്വാസവും കർഷകർക്കു ലഭിച്ചില്ല. 114 കുടുംബങ്ങളുടേയും, ആ രംഗത്തു പ്രവർത്തിച്ചിരുന്ന 100 - ലധികം തൊഴിലാളികളുടേയും ജീവിതമാർഗ്ഗം അടഞ്ഞു.

## പുനരുദ്ധാരണ പ്രവർത്തനങ്ങൾ

ഖാദി ഗ്രാമ വ്യവസായ കമ്മീഷനും, ബോർഡും, മേലാററൂർ ബീകിപ്പേഴ്സ് സൊസൈററിയും ഇററാലിയൻ എപ്പിസ് മെല്ലിഫെറ എന്ന രോഗവിമുക്തി നേടിയ തേനീച്ച കോളനികൾ കൊണ്ടുവന്നെങ്കിലും അവ കാലവസ്ഥക്കുയോജിക്കാത്തതിനാൽ തീർത്തും പരാജയപ്പെട്ടു. സംഘം മററു പ്രദേശങ്ങളിൽ നിന്നും രോഗവിമുക്തി നേടിയ 'എപ്പിസ് സെറാന ഇൻഡിക്ക' എന്ന നാടൻ തേനീച്ചകളെ കൊണ്ടുവന്നെങ്കിലും അവയും ചത്തൊടുങ്ങി. തേനീച്ച കർഷകരും ഒപ്പം ബീകീപ്പിംഗ് സഹകരണസംഘവും സാമ്പത്തികമായി തകർന്ന് കടക്കെണിയിൽ കുടുങ്ങി. സംഘത്തെ പുനർജീവിപ്പിച്ച് രോഗവിമുക്തി നേടുന്ന മുറയ്ക്ക് തേനീച്ചവളർത്തൽ രംഗത്ത് പ്രവർത്തിക്കുവാൻ അധികൃതർ പദ്ധതികളൊന്നും തയ്യാറാക്കുന്നില്ല. കേരള സ്റേററ് ബീ കീപ്പിംഗ് ഇൻഡസ്ട്രീസ് ഫെഡറേഷൻ ഈ പഞ്ചായത്തിൽ പുതിയ തേനീച്ച വളർത്തൽ സംരംഭത്തിനു വേണ്ടി 1994 - ൽ വാങ്ങിയ സ്ഥലവും ഒരു പ്രവർത്തനവും ആരംഭിക്കാതെ അനാഥമായി കിടക്കുന്നു.

തേനീച്ച കർഷകരുടേയും സംഘത്തിൻേറയും ലക്ഷകണക്കിന് രൂപ വിലവരുന്ന കാലിയായ തേനീച്ചകൂടുകളും ഉപകരണങ്ങളും വെറുതെ നശിച്ചുകഴിഞ്ഞു. ഈ സാഹചര്യത്തിൽ അധികൃതരുടെ അടിയന്തിരശ്രദ്ധ തേനീച്ച വളർത്തൽ രംഗത്ത് പതിയേണ്ടതുണ്ട്. ഈ കൃഷിയെ പുനരുദ്ധരിക്കേണ്ടതുമാണ്.

രോഗവിമുക്തി നേടിയാൽ ഇനിയും വളരെ വലിയ വികസനസാധ്യത തേനീച്ച വളർത്തൽ രംഗത്തുണ്ട്. റബ്ബർ തോട്ടങ്ങളിൽ നിന്നാണ് തേൻ മുഖ്യമായും ശേഖരിക്കുന്നത്. റബ്ബർതോട്ടങ്ങൾ വളരെയേറെ പെരുകിയതിനാൽ ഈ രംഗത്ത് വൻതൊഴിൽ സാധ്യതയുണ്ട്. പ്രകൃതിയിൽ നഷ്ടപെടുന്ന തേൻ എന്ന അമൂല്യ വിഭവം തേനീച്ചകൾ ശേഖരിക്കുമ്പോൾ, തെങ്ങ്, കമുക്, മാവ്, കശുമാവ് എന്നീ നാണ്യവിളകളിൽ പരപരാഗണം വഴി വൻ ഉൽപ്പാദന വർദ്ധനവുണ്ടാകുന്നു. ഈ കാര്യത്തിൽ വ്യാപകമായ ബോധവൽക്കരണവും ആവശ്യമാണ്. തേൻ പാക്കിംഗ്, അഗ്മാർക്കിംഗ്, തേനീച്ചകൂടുകളുടേയും, ഉപകരണങ്ങളുടേയും നിർമ്മാണവും അവയുടെ വിണനവും വൻ തൊഴിൽ സാധ്യതകൾ സൃഷ്ടിക്കും.

# മത്സ്യം വളർത്തൽ

മത്സ്യം വളർത്തുവാനുള്ള സൗകര്യങ്ങൾ ഒന്നുംതന്നെയില്ല. പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിലുള്ള കുളങ്ങൾ വിപുലീകരിച്ച് മത്സ്യം വളർത്തുന്നതിന് ധനസഹായവും പ്രോത്സാഹനവും നൽകിയാൽ പഞ്ചായത്തിൽ നല്ല മത്സ്യങ്ങൾ ലഭിക്കുകയും കുറെപ്പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്യും.

താഴെ പറയുന്ന പ്രശ്നങ്ങളാണ് ഗ്രാമസഭകളിൽ ചർച്ച ചെയ്തത്.

### പ്രശ്നങ്ങൾ

★ പാൽ വിപണനത്തിന് സൗകര്യങ്ങൾ കുറവാണ്.

★ കാലിത്തീററയ്ക്ക് വൻ വിലക്കയററമാണ്.

★ മൃഗാശുപത്രി അനുവദിച്ചെങ്കിലും പ്രവർത്തനം തുടങ്ങിയിട്ടില്ല.

★ കൃത്രിമ ബീജസങ്കലനത്തിനുപുറമെ നല്ല വിത്തുകാളകൾ ഇല്ല.

★ പാതിരിക്കോട് ക്ഷീരോൽപ്പാദക സഹകരണസംഘം പുതിയ മിൽക്കുബൂത്തുകൾ ആരംഭിക്കുന്നില്ല.

★ പാതിരിക്കോട് സംഘത്തെ അപേക്ഷിച്ച് പുളിയക്കോട് സംഘം കുറഞ്ഞ വിലയാണ് ഉൽപ്പാദകർക്ക് നൽകുന്നത്.

★ പാൽ അനുബന്ധ വ്യവസായങ്ങൾ ഒന്നും തന്നെ തുടങ്ങുവാൻ സംഘങ്ങൾ താത്പര്യം കാണിക്കുന്നില്ല.

★ ക്ഷീര കർഷകർക്ക് യഥാസമയം വായ്പകൾ ലഭിക്കുന്നില്ല.

★ സൗജന്യ ഇൻഷ്വറൻസ് പദ്ധതിയിൽ ക്ഷീര കർഷകരേയും, കറവമാടുകളേയും ഉൾപ്പെടുത്താൻ അധികൃതർ ഒന്നും ചെയ്യുന്നില്ല.

★ ഗോബർഗ്യാസ് പരിപാടി നടപ്പാക്കുവാൻ ലളിതമായ രീതിയിൽ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നില്ല.

★ പുൽകൃഷി വ്യാപകമാക്കുവാൻ നൽകുന്ന ധനസഹായം തീരെ അപര്യാപ്തമാണ്.

# കോഴി വളർത്തൽ

കോഴി വളർത്തൽ ഗൃഹനായികമാരുടെ ഒരു വരുമാനമാർഗ്ഗം എന്നനിലയിൽ ഈ നൂററാണ്ടിൻെറ ആദ്യകാലം മുതൽ വ്യാപകമായി ഈ പഞ്ചായത്തിലുണ്ടായിരുന്നു. വലിയ സാമ്പത്തികഞെരുക്കം അനുഭവിച്ചിരുന്ന 1970 വരെയുള്ള കാലങ്ങളിൽ കോഴിമുട്ട തുഛമായ വിലയ്ക്കുവിററുകിട്ടുന്നതുക കൊണ്ട് വീട്ടുസാമാനങ്ങൾ വാങ്ങി ചെലവുകഴിഞ്ഞിരുന്ന കുടുംബനികൾ വളരെയുണ്ടായിരുന്നു. കോഴികളെ വിററും നല്ല വരുമാനം ഉണ്ടാക്കുന്നവർ ഉണ്ടായിരുന്നു. എന്നാൽ കുടുംബത്തിൻെറ വരുമാനത്തിൽ 1970 മുതൽ വൻ വർദ്ധനവുണ്ടായി. അതോടെ കോഴി വളർത്തൽ കുറഞ്ഞുകുറഞ്ഞു വന്നു. കോഴികളിലെ വസന്തയും കോഴി വളർത്തൽ ക്ഷയിക്കുവാൻ കാരണമായി.

എന്നാൽ 1992 നു ശേഷം 'സ്വയം തൊഴിൽ' എന്ന നിലയിൽ കോഴി വളർത്തലും മാംസാവശ്യത്തിനുവേണ്ടിയുള്ള വിൽപ്പനയും പഞ്ചായത്തിൻെറ പലഭാഗങ്ങളിലും ആരംഭിച്ചു. പക്ഷേ ആദ്യകാലങ്ങളിലുണ്ടായിരുന്ന നാടൻ കോഴികൾക്കു പകരം 'ബ്രോയ്ലർ' കോഴികൾ കോഴിവളർത്തൽ രംഗം കയ്യടക്കി. നാടൻ കോഴികളുടെ കുറവുകാരണം ബ്രോയ്ലർ കോഴികളുടെ വിൽപ്പന സാമാന്യം നല്ല നിലയിലുണ്ട്. കോഴിമുട്ടയ്ക്ക്വേണ്ടി മുട്ടക്കോഴി വളർത്തലിനും, ഇറച്ചിക്കോഴിവളർത്തലിനും നല്ല സാധ്യത ഈ പഞ്ചായത്തിലുണ്ട്. ധനസഹായവും, വായ്പാ സൗകര്യവും ലഭ്യമാകണമെന്നുമാത്രം. ആധുനികരീതിയിലുള്ള കോഴിക്കൂടുകൾ നിർമ്മിക്കുവാൻ ധനസഹായം ലഭ്യമാക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ പഞ്ചായത്തിൽ 8 ഇറച്ചിക്കോഴി വിൽപ്പന കേന്ദ്രങ്ങൾ ഉണ്ട്. എന്നാൽ മുട്ടക്കോഴി വളർത്തൽ കേന്ദ്രം ഒന്നുപോലും ഇല്ല. തമിഴ്നാട്ടിൽനിന്നും ഇറക്കുമതി ചെയ്യുന്ന കോഴിമുട്ടയ്ക്കുപകരം നാടൻ കോഴി വളർത്തലിനും, മുട്ടക്കോഴികളെ വളർത്തുന്നതിനും നല്ല സാധ്യത ഈ പഞ്ചായത്തിലുണ്ട്.

★ IRDP ലിസ്ററിലുള്ളവർക്ക് പശുക്കുട്ടികളേയും, കോഴികളേയും, ആടുകളേയും, തേനീച്ച കോളനികളും, സൗജന്യമായി നൽകുവാൻ പദ്ധതികളൊന്നുമില്ല.

★ ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ പുതുതായി രൂപീകരിക്കുവാൻ അധികൃതർ ശ്രദ്ധിക്കുന്നില്ല.

★ നിലവിലുള്ള ക്ഷീരസംഘങ്ങൾക്ക് സ്വന്തം കെട്ടിടമോ, സൗകര്യങ്ങളോ ഇല്ല.

★ രോഗം മൂലം നശിച്ച തേനീച്ചകൃഷി പുനർജ്ജീവിപ്പിക്കുവാൻ അധികൃതർ കാര്യമായൊന്നും ചെയ്യുന്നില്ല.

★ കർഷകർക്ക് വിള നശിക്കുമ്പോൾ ആശ്വാസധനം നൽകുന്നതുപോലെ തേനീച്ച കൃഷി നശിച്ചവർക്ക് ഒരാശ്വാസവും നൽകിയിട്ടില്ല.

★ തേനുൽപ്പാദനം നിലച്ചതിനെത്തുടർന്നും രോഗം മൂല സംഘത്തിൻെറ കൂടുകലം നശിച്ചതിനെ തുടർന്നും സാമ്പത്തിക പ്രതിസന്ധിയിലായ മേലാററൂർ ബീകിപ്പിംഗ് സഹകരണ സംഘം പുനർജ്ജീവിപ്പിക്കുവാൻ ഒരു പ്രവർത്തനവും നടക്കുന്നില്ല.

★ തേനീച്ച വളർത്തൽ കൃഷിക്കുവേണ്ടി വാങ്ങിയ വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാത്ത സംഘത്തിനും, കർഷകർക്കും കടാശ്വാസനടപടികളൊന്നും ഉണ്ടായിട്ടില്ല.

★ കേരള ബീ കീപ്പിംഗ് ഫെഡറേഷൻെറ എടപ്പററയിലുള്ള സ്ഥലത്ത് പുതിയ പദ്ധതികളൊന്നും ആരംഭിക്കുവാൻ പദ്ധതിയുണ്ടാക്കിയിട്ടില്ല.

★ രോഗവിമുക്തി നേടുന്നതനുസരിച്ച് നാടൻ തേനീച്ച കോളനികൾ വികസിപ്പിക്കുന്നതിനും, കൂടുകൾ വിതരണം നടത്തുന്നതിനും, നശിച്ചുപോയ പഴയ കൂടുകൾക്കും ഉപകരണങ്ങൾക്കും പകരം പുതിയ കൂടുകളും ഉപകരണങ്ങളും നിർമ്മിക്കുന്നതിന് ഒരു പദ്ധതിയും ഉള്ളതായി അറിയില്ല.

★ പരപരാഗണത്തിന് തേനീച്ചകളാണ് ഏററവും പററിയ മാധ്യമം എന്ന കാര്യത്തെപ്പററി ബോധവൽക്കരണം നടക്കുന്നില്ല.

★ മത്സ്യം വളർത്തുന്നതിന് കുളങ്ങൾ വിപുലീകരിക്കുകയോ, മത്സ്യബന്ധനത്തിന് പരിശീലനം നൽകുകയോ ചെയ്യുന്നില്ല.

★ മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കുവാൻ ഏർപ്പാടുകൾ ഉണ്ടാക്കുന്നില്ല.

★ മത്സ്യവിൽപ്പന കേന്ദ്രങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നില്ല.

★ മത്സ്യവിൽപ്പന കേന്ദ്രങ്ങളിൽ അഴുക്കുകൾ കുന്നുകൂടുന്നത് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

★ പ്രധാന കേന്ദ്രങ്ങളായ ഏപ്പിക്കാട്, ആഞ്ഞിലങ്ങാടി, ഓലപ്പാറ, എടപ്പററ എന്നിവിടങ്ങളിൽപ്പോലും മഴ കൊള്ളാത്ത, വൃത്തിയാക്കുവാൻ കഴിയുന്ന വിധത്തിലുള്ള മത്സ്യവിൽപ്പനകേന്ദ്രങ്ങൾ ഇല്ല.

★ നാടൻ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ ഒരു നടപടിയും ഇല്ല.

★ മുട്ടക്കോഴി വളർത്തലിന് പരിശീലനമോ, സാമ്പത്തിക സഹായമോ നൽകുന്നില്ല.

★ ഇറച്ചിക്കോഴി വളർത്തൽ ലാഭകരമാക്കുവാൻ കോഴിത്തീററ സൗജന്യനിരക്കിൽ ലഭ്യമാക്കുന്നില്ല. .

★ കോഴിക്കൂടുകളും, ഷെഡുകളും ഉണ്ടാക്കുവാൻ സബ്സീഡിയും, ഉദാര വ്യവസ്ഥകളിൽ വായ്പയും ലഭിക്കുന്നില്ല.

★ കോഴിയിറച്ചി സംസ്ക്കരിച്ച് കയററിയയച്ചാൽ നല്ല മാർക്കററിംഗ് ലഭിക്കുമെങ്കിലും ഈ രംഗത്തേയ്ക്ക് ആരും വരുന്നില്ല.

ഗ്രാമസഭകളിൽ ഉയർന്ന മുകളിൽ കൊടുത്ത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും പ്രശ്നപരിഹാരസാധ്യതകളും കണ്ടെത്തി പദ്ധതി തയ്യാറാക്കി എടപ്പററയുടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ നമുക്കു കൂട്ടായി പരിശ്രമിക്കാം.







5 - 3

# വ്യവസായം വൈദഗ്ധ്യപോഷണം



വ്യാവസായിക ഭൂപടത്തിൽ എടപ്പറക്ക് ഒരു സ്ഥാനവുമില്ല. രണ്ട് SSI യൂണിററു കളൊഴികെ ഒരു വ്യവസായ സ്ഥാപനവും ഇവി ടെയില്ല. പണം മുടക്കുവാൻ കഴിവുള്ളവർ ഉണ്ടെങ്കിലും സാങ്കേതികജ്ഞാനം ഇല്ലായ്മ, ഉത്തരവാദിത്തം (Risk) ഏറെറടുക്കുവാനുള്ള വൈമനസ്യം, എന്നിവമൂലം വ്യവസായസംരഭ കരായി ആരും വരുന്നില്ല. അതുമൂലം തൊഴി ലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം വളരെ കൂടു തലാണിവിടെ. തൊഴിലില്ലാത്ത 18-40 നും മദ്ധ്യേ പ്രായമുള്ള 2700 ചെറുപ്പക്കാർ ഇവിടെയുണ്ട്.

## ചെറുകിടവ്യവസായം

വൻകിടവ്യവസായങ്ങൾക്കും, 60 ലക്ഷത്തി ലധികം രൂപ മുതൽമുടക്കുവരുന്ന ഇടത്തരം വ്യവസായങ്ങൾക്കും ഇവിടെ സാദ്ധ്യതകാണു ന്നില്ലെങ്കിലും 60 ലക്ഷത്തിൽ താഴെ യന്ത്രസാ മഗ്രികൾക്കുമാത്രമായി മുതൽമുടക്കുവരുന്ന ചെറുകിടവ്യവസായങ്ങൾക്ക് ഈ പഞ്ചായത്തിൽ സാധ്യതകൾ ഏറെയുണ്ട്.

വ്യവസായം തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ (സ്ഥലം, വൈദ്യു തി, വെള്ളം, ഗതാഗത സൗകര്യം) ഇവിടെയു ണ്ട്. എന്നിട്ടും മുതൽമുടക്കി Risk ഏറെറടു ക്കാൻ ആരും മുതിരാത്തത് എന്ത് കൊണ്ടാ ണെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. വ്യവ സായവികസനത്തിന് ഏററവും വലിയ തടസ്സ വും അതുതന്നെ. 25.77 ചതുരശ്ര കിലോമീ ററർ വിസ്തീർണ്ണവും 20000 ത്തിലധികം ജന സംഖ്യയുമുള്ള ഈ പഞ്ചായത്ത് നിത്യോപയോഗ സാധനങ്ങളുടെ നല്ലൊരു വിപണിയാണ്. റബ്ബർ, നാളികേരം, അടക്ക എന്നീ കാർഷിക അസംസ്കൃതവസ്തുക്കളും ഇവിടെ വേണ്ടു വോളമുണ്ട്.

ഭവന നിർമ്മാണ സാമഗ്രികളുടെ നിർമ്മാ ണം, ഭവനോപകരണങ്ങളുടെ നിർമ്മാണം, തടി വ്യവസായം, ഭക്ഷ്യവസ്തുക്കളുടെ സംസ്കരണം എന്നിവ വിപണന സാധ്യതകളുള്ള വ്യവസാ യങ്ങളാണ്.

## ഖാദി ഗ്രാമ വ്യവസായങ്ങൾ

ഖാദി ഗ്രാമ വ്യവസായമായിരുന്ന തേനീച്ച വളർത്തൽ ഒരു മുഖ്യതൊഴിലാക്കിയ 300 ൽ പരം കുടുംബങ്ങൾ ഇവിടെയുണ്ടായിരുന്നു. ഇപ്പോൾ അതും തേനീച്ചരോഗം മൂലം 100 ശതമാനവും നശിച്ചിരിക്കുന്നു. ഈ രംഗത്ത് പ്രവർത്തിച്ചിരന്നു. സഹകരണസംഘവും തീർത്തും പ്രവർത്തനരഹിതമാണ്. ഇലക്ട്രിക്കൽ സബ്സ്റേഷൻ 20 കിലോമീററിലധികം ദൂരെ പെരിന്തൽമണ്ണയിലായതിനാൽ വൈദ്യുതിക്ഷാമം രൂക്ഷമായി ഉണ്ട് എന്നതും വ്യവസായസംരംഭകർക്ക് ഒരു തടസ്സമാണ്.

ഫോട്ടോസ്ററാററ്, ടി.വി - റേഡിയോ റിപ്പയർ, STD ബൂത്ത്, വർക്ക്ഷോപ്പ്, അലക്കുകട, ബാർബർഷോപ്പ്, വയറിംഗ്-പ്ലംബിംഗ് ജോലികൾ, എന്നീ സേവനമേഖലകൾപോലും SSI വ്യവസായമായി അംഗീകരിച്ചിട്ടും ഈ രംഗത്തേക്ക് ആരും കടന്നുവരുന്നില്ല. നേന്ത്രവാഴ കൃഷി വളരെയുണ്ടായിട്ടും ഒരു ചിപ്സ് നിർമ്മാണയൂണിററുപോലും ഇവിടെയില്ല. മരകച്ചവടക്കാരും മരവും ഏറെയുണ്ടായിട്ടും ഒരു ഈർച്ച മിൽ പോലും ഇവിടെയില്ല. ഈ വസ്തുതകൾ പരിശോധിക്കുമ്പോൾ വ്യവസായബോധവൽക്കരണം വളരെയേറെ ആവശ്യമാണെന്ന് മനസ്സിലാക്കാം.

ഇന്ത്യയിൽ 150 ലക്ഷത്തിലധികം ചെറുകിടവ്യവസായങ്ങൾ പ്രവർത്തിക്കുന്നു. തമിഴ്നാട്ടിലെ തിരുപ്പൂർമാത്രം 3000 റെഡിമെയ്ഡ് യൂണിററുകൾ ലാഭകരമായി പ്രവർത്തിക്കുന്നു. സ്ത്രീ തൊഴിലാളികൾക്കുപോലും അവിടെ 120 രൂപ വരെ കൂലി ലഭിക്കുന്നു. 44830 മെട്രിക് ടൺ റബ്ബർ ഉൽപ്പാദിപ്പിക്കുന്ന കേരളത്തിലുള്ളതിനേക്കാൾ അധികം റബ്ബർ അധിഷ്ഠിതവ്യവസായ സ്ഥാപനങ്ങൾ പഞ്ചാബിൽ പ്രവർത്തിക്കുന്നു. ഇതിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുന്നത് കേരളം പൊതുവേ വ്യവസായിക രംഗത്ത് വളരെ പിന്നിലാണ് എന്നാണ്. അതുകൊണ്ടാണ് പ്രതിശീർഷവരുമാനത്തിൽ കേരളം പിന്നിലായത്. തൊഴിലില്ലായ്മ അതിരൂക്ഷമാകുന്നതും അതുകൊണ്ട്തന്നെ. അതുമൂലം സേവനതുറയിലും വികസനം വഴിമുട്ടുന്നു. എടപ്പററ കേരളശരാശരിയെക്കാൻ വളരെ പിന്നിൽ കഴിയേണ്ടിവരുന്നതും അതുകൊണ്ടുതന്നെ. ഈ നില മാററിയെടുത്തേ പററൂ. അതിനായി ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെട്ട പ്രശ്നങ്ങളും സാധ്യതകളും ഒന്ന് പരിശോധിക്കാം.

### പ്രശ്നങ്ങൾ

- ☆ സാങ്കേതിക അറിവ് ലഭിക്കുന്നില്ല.
- ☆ ബാങ്ക് വായ്പാ സൗകര്യം ലഭ്യമല്ല.
- ☆ ലൈസൻസ് ലഭിക്കുവാൻ ബുദ്ധിമുട്ട്.
- ☆ മാർക്കററിംഗ് സൗകര്യം ഇല്ല.
- ☆ സംരഭകരുടെ കുറവ്.
- ☆ വൈദ്യുതിക്ഷാമം.
- ☆ ഗതാഗത സൗകര്യക്കുറവ്.
- ☆ സ്ഥലം വില കൂടുതൽ.

### സാധ്യതകൾ

1. 60 ലക്ഷത്തിനു താഴെ മിഷനറികൾക്കുമാത്രം മുതൽ മുടക്കുവരുന്ന വ്യവസായങ്ങൾക്ക് പഞ്ചായത്തു ലൈസൻസുമാത്രം മതി, 100 മീററിനുള്ളിൽ താമസിക്കുന്നവരുടെ അനുമതിപത്രം വേണം, D.M.O. യുടെ ലൈസൻസ് വേണം എന്ന നിബന്ധനകൾ ഒന്നും ഇന്നില്ല എന്നു പ്രചരിപ്പിക്കണം. അതിനായി ഒരു ശില്പശാല സംഘടിപ്പിച്ച് വ്യവസായ സംരഭകരെ തെരഞ്ഞെടുത്ത് പരിശീലനവും നിർദ്ദേശങ്ങളും നൽകണം.

2. വ്യവസായ സംരംഭങ്ങൾക്ക് വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കണം.

3. വിദേശജോലിക്കാരുടെ വരുമാനം സഹകരണാടിസ്ഥാനത്തിൽ സ്വരൂപിച്ച് വ്യവസായങ്ങൾ തുടങ്ങുകയും വിദേശജോലി അവസാനിപ്പിച്ച് വരുമ്പോൾ അവർക്ക് ജോലി ലഭിക്കുവാൻ സൗകര്യമുണ്ടാക്കുകയും വേണം.

4. ഖാദിഗ്രാമവ്യവസായബോർഡിൻെറ കീഴിൽ പട്ടികജാതി ഗ്രാമ വ്യവസായ സഹകരണ സംഘം രൂപീകരിച്ച് 1,00,000 രൂപ ഗ്രാൻറ് വാങ്ങി

ഇഷ്ടിക നിർമ്മാണയൂണിററ് സ്ഥാപിച്ചാൽ 20 പട്ടികജാതി ചെറുപ്പക്കാർക്കെങ്കിലും ജോലി ലഭിക്കുവാൻ സാധ്യതയുണ്ട്.

5. ഗ്രാമീണ കൈതൊഴിലുകാരായ സ്വർണ്ണപണിക്കാരൻ, ഇലക്ട്രീഷ്യൻ, പ്ലംബർ എന്നിവർക്ക് വ്യവസായവികസന ഓഫീസർ മുഖേന ഗ്രാമീണ കൈത്തൊഴിലുകാർക്കുള്ള പരിപാടിയിൽ കീഴിൽ ആധുനികതൊഴിലുപകരണങ്ങൾ സൗജന്യനിരക്കിൽ ലഭ്യമാക്കിയാൽ ആ രംഗത്ത് തൊഴിൽ സാധ്യത വർദ്ധിക്കും.

6. റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം (R.A.P) അനുസരിച്ച് ബ്ലോക്ക് ഡവലപ്പ്മെൻറ് വ്യവസായ എക്സ്ററൻഷൻ ഓഫീസുമായി ബന്ധപ്പെട്ട് കൈതൊഴിലുകാർക്കുള്ള ധനസഹായ പദ്ധതി തൊഴിൽ മേന്മ വർദ്ധിപ്പിക്കുന്നതാണ്.

7. പട്ടികജാതിക്കാർക്ക് വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും തൊഴിൽ ലഭിക്കുന്നതിനും വ്യവസായ കേന്ദ്രവുമായി ബന്ധപ്പെട്ട് സർക്കാർ സഹായത്തോടെ പട്ടികജാതി വ്യവസായ സഹകരണസംഘം രൂപീകരിച്ചാൽ 20 പേർക്കെങ്കിലും തൊഴിൽ ലഭിക്കും.

8. വ്യവസായത്തിൽ വനിതകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വനിതാ വ്യവസായ സഹകരണസംഘം രജിസ്ററർ ചെയ്ത് ഭക്ഷ്യ സംസ്ക്കരണം, ഹോളോബ്രിക്സ് നിർമ്മാണം, റെഡിമേയ്ഡ് നിർമ്മാണം, സോപ്പ് നിർമ്മാണം, പേപ്പർ കവർ നിർമ്മാണം, റെക്സിൻ നിർമ്മാണം, ചെരിപ്പ് നിർമ്മാണം, കയർ വ്യവസായം, ചിരട്ട പൗഡർ നിർമ്മാണം, റബ്ബർ അധിഷ്ടിത വ്യവസായങ്ങൾ, ഇലക്ട്രോണിക്സ്, ബേക്കറി എന്നിങ്ങനെ 15 വനിതാ യൂണിററുകൾ പ്രവർത്തിക്കുന്നതുവഴി 150 വനിതകൾക്ക് നേരിട്ടും അതിലധികം വനിതകൾക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും. സാമൂഹ്യക്ഷേമബോർഡിൽ നിന്നുമുള്ള കേന്ദ്രധനസഹായം വനിതാ യൂണിററുകൾക്ക് ലഭിക്കുകയും ചെയ്യും.

9. മെററൽ ക്രഷർ യൂണിററുകൾക്കുളള സാദ്ധ്യതയും പരിഗണിക്കേണ്ടതാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്.

10. സേവനരംഗത്ത് പ്രവർത്തിക്കുവാൻ തയ്യാറായിവരുന്നവർക്ക് വർക്ക്ഷോപ്പ്, ടി.വി., റേഡിയോ റിപ്പയർ, ഇലക്ട്രീഷൻ, പ്ലംബർ, ഫോട്ടോകോപ്പി, STD ബൂത്ത് എന്നീ രംഗങ്ങളിൽ പുതിയ ഉദ്ധ്യമങ്ങൾ ആരംഭിക്കുവാൻ ധനസഹായം ലഭ്യമാക്കിയാൽ 40 പേർക്കെങ്കിലും തൊഴിൽ ലഭിക്കും.

11. സ്വകാര്യമേഖലയിൽ രണ്ടോ മൂന്നോ ഈർച്ചമില്ലുകൾക്കും അതുവഴി 30 തൊഴിലവസരങ്ങൾക്കും സാദ്ധ്യതകളുണ്ട്.

12. ഫർണീച്ചർ നിർമ്മാണരംഗത്ത് പുതിയ സാങ്കേതികവിദ്യകൾ ലഭ്യമാക്കിയും, നിലവിലുള്ള ഫർണീച്ചർ ഷോപ്പുകൾ വിപുലീകരിച്ചും, പുതിയവ തുടങ്ങിയും 100 പേർക്കെങ്കിലും തൊഴിൽ നൽകുവാനുള്ള സാദ്ധ്യതയുണ്ട്. സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്.

13. മുഖ്യ കാർഷികവിളയായ തെങ്ങിനെ അടിസ്ഥാനമാക്കി കൊപ്ര സംസ്ക്കരണം, എണ്ണ പാക്കിങ്ങ്, എണ്ണയാട്ടൽ എന്നിവയുടെ നിലവിലുള്ള തൊഴിൽ സാധ്യത വളരെയേറെ കൂട്ടുവാൻ കഴിയും. വെളിച്ചെണ്ണ പാക്കററിലാക്കി വിപണനം ചെയ്യുവാൻ കഴിയണം.

14. തെങ്ങുതടികൊണ്ട് ഗൃഹോപകരണങ്ങൾ നിർമ്മിക്കൽ, ഗൃഹനിർമ്മാണ സാമഗ്രികൾ നിർമ്മിക്കൽ, ചകിരിനാശമാക്കി കളയാതെ നാരു നിർമ്മാണം, ചിരട്ടകൊണ്ട് കൗകുകവസ്തുക്കൾ നിർമ്മാണം, ചിരട്ടക്കരി നിർമ്മാണം, എന്നിവയുടെ യൂണിററുകൾ ആരംഭിച്ച് 500 പേർക്കെങ്കിലും തൊഴിൽ നൽകുവാൻ സാധ്യതയുണ്ട്.

15. കെട്ടിടനിർമ്മാണ സാമഗ്രികൾ, ഇഷ്ടിക, വെട്ടുകല്ല്, സിമൻറ് ഇഷ്ടിക, സിമൻറ് കട്ടിലകൾ, ജനലുകൾ, സ്ലാബുകൾ എന്നിവ നിർമ്മിക്കുന്ന രണ്ട് യൂണിററുകൾക്കെങ്കിലും സാധ്യതയുണ്ട്.

16. ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നിർമ്മാണം, T.V., റേഡിയോ അസംബ്ലിംഗ് യൂണിററ് എന്നിവക്കും സാധ്യതകളുണ്ട്.

17. കൃഷി ഉപകരണങ്ങളുടെ നിർമ്മാണം., വെൽഡിംഗ്, സ്ററീൽ ഫർണീച്ചർ നിർമ്മാണം എന്നീ രംഗത്തും യൂണിററിനു സാധ്യതയുണ്ട്.

18. ഒരു കിലോക്ക് അൻപതോ അൻപത്തിയഞ്ചോ

രൂപ വിലയുള്ള റബ്ബർഷീററ് ചെരിപ്പാക്കിമാററുമ്പോൾ കിലോഗ്രാമിന് 160-175 രൂപ ലഭിക്കുന്നു. റബ്ബർ ധാരാളമുണ്ടുതാനും. റബ്ബർ ചെരിപ്പുകൾക്ക് മാർക്കററിംഗുമുണ്ട് SSI യൂണിററ് മാത്രം മതി. റബ്ബർ ചെരിപ്പ് നിർമ്മാണത്തിന് 25 പേർക്കെങ്കിലും തൊഴിൽ ലഭിക്കുവാൻ സാധ്യതയുള്ള ഒരു റബ്ബർ യൂണിററ് സ്വകാര്യമേഖലയിലോ സഹകരണമേഖലയിലോ ആരംഭിക്കാവുന്നതാണ്.

19. വ്യവസായസംരംഭങ്ങൾ തുടങ്ങുന്നമുറക്ക് പഞ്ചായത്ത് റോഡുകൾ ഗതാഗതയോഗ്യമാക്കേണ്ടതാണ്.

20. വൈദ്യുതിയുടെ വോൾട്ടേജ് കുറവ് പരിഹരിക്കുവാൻ എടപ്പററയിലൊ, മേലാററൂരോ ഒരു സബ് സ്റേറഷൻ തുടങ്ങുവാൻ പഞ്ചായത്ത് വൈദ്യുതി ബോർഡിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്.

21. എടപ്പററ പഞ്ചായത്തിൽ വ്യവസായ പരിശീലനത്തിന് സ്ഥിരം സംവിധാനം ഉണ്ടാക്കണം.

22. അടക്കാതോട്ടങ്ങളും അടക്കാ കച്ചവടക്കാരും വളരെയേറെയുള്ള പഞ്ചായത്തിൽ അടക്കാസംസ്ക്കരണം, കളിയടക്ക നിർ മ്മാണം എന്നീ മേഖലകളിലായി 100 പേർ ക്കെങ്കിലും തൊഴിൽ കൊടുക്കുവാൻ കഴിയും.

23. ഒരേ സ്ഥലത്തുതന്നെ വിവിധയിനം യൂണിററുകൾ പ്രവർത്തിക്കുന്നത് സൗകര്യപ്രദമാണ്. വൈദ്യുതി, റോഡ്, ജലം, എന്നീ, അടിസ്ഥാന സൗകര്യങ്ങൾക്ക് ചെലവ് കുറയും. അതിനാൽ വ്യവസായ സംരംഭകർക്ക് ലീസ് അടിസ്ഥാനത്തിൽ നൽകുന്നതിനായി ഒരു ഏക്കർ വീതമുള്ള രണ്ട് മിനി വ്യവസായ എസ്റേററ് തുടങ്ങിയാൽ ഗ്രാമപഞ്ചായത്ത് വ്യവസായ വികസനത്തിന് സാധ്യതയുണ്ട്.

24. പരമ്പരാഗത കൈതൊഴിലുകാരായ പനമ്പ് തൊഴിലാളികൾക്ക് ഒരു സഹകരണ സംഘം രൂപീകരിച്ചാൽ 20 ഓളം കുടുംബങ്ങൾക്ക് തൊഴിൽ ലഭിക്കും.

25. സോഫ്ട്വെയർ, ഇലക്ട്രോണിക്സ് വ്യവസായങ്ങൾക്കുള്ള വൻ സാധ്യത ഉപയോഗപ്പെടുത്തണം.

# വൈദഗ്ധ്യ പോഷണം.

വ്യവസായസ്ഥാപനങ്ങൾ ഒന്നുംതന്നെയില്ലാത്തതിനാൽ ഈ പഞ്ചായത്തിൽ തൊഴിലില്ലായ്മ രൂക്ഷമാണ്. 2700 പേർക്ക് ഇവിടെ തൊഴിലില്ല. അതേസമയം പലരംഗത്തും തൊഴിലിന് ആളെ കിട്ടാത്ത അവസ്ഥയുമുണ്ട്. കൃഷിപ്പണിക്ക് ആളില്ല, വീട്ടുപണിക്ക് ആളില്ല, മരപ്പണിക്കാരേയും പടവുപണിക്കാരേയും ആവശ്യത്തിന് കിട്ടുന്നില്ല, തെങ്ങുകയറുവാൻ ആളില്ല എന്ന പരാതികൾ ധാരാളമാണ്. തൊഴിൽ രംഗത്ത് ജോലിചെയ്യുന്നവരിൽ നല്ലൊരുപങ്ക് തമിഴ്നാട്ടിൽ നിന്നുള്ളവരാണ്. നമുക്കാവശ്യമുള്ള ഉൽപ്പന്നങ്ങൾ ഇവിടെത്തന്നെ ഉണ്ടാക്കുക, കാർഷികോൽപ്പന്നങ്ങൾ സംസ്കരിച്ച് പുതിയ ഉൽപ്പന്നമാക്കി മാററി പരമാവധി വിലക്ക് വിൽക്കുക, സേവനമേഖല വളർത്തിയെടുക്കുക തുടങ്ങിയവയാണ് തൊഴിലവസരങ്ങളുടെ സൃഷ്ടിക്ക് വേണ്ടത്. അതിനാവാശ്യമായ പണം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കണം, പരിശീലനവും ബോധവൽക്കരണവും നടത്തണം.

ജോലി എന്നാൽ സർക്കാർ ജോലി അല്ലെങ്കിൽ കമ്പനിജോലി എന്നാണ് എല്ലാവരുടേയും വിലയിരുത്തൽ. ഇതിനുകാരണം സർക്കാർ ജോലിക്ക് സ്ഥിരത, നിശ്ചിത മാസശബളം, പ്രോവിടണ്ട് ഫണ്ട്, പെൻഷൻ, ബോണസ്, വീട്ടുവാടക അലവൻസ് എന്നിവ ലഭിക്കുന്നതുകൊണ്ടാണ്. ഈ സ്ഥിതി മാററണമെങ്കിൽ എല്ലാ തൊഴിലും മാന്യമാണ് എന്ന് ചിന്തിക്കുവാൻ ചെറുപ്പക്കാർക്ക് കഴിയണം. തൊഴിൽ അനുസരിച്ചാണ് ഇവിടെ ജാതികൾ രൂപം കൊണ്ടത്. മുടിവെട്ടുന്നവൻ ഓസ്സാനായി, കുട്ടയുണ്ടാക്കുന്നവൻ പറയനും, കുടയുണ്ടാക്കുന്നവൻ പാണനും, ഇരുമ്പുപണിയെടുക്കുന്നവൻ കരുവാനും, സ്വർണ്ണപ്പണിചെയ്യുന്നൻ തട്ടാനും, മരപ്പണിചെയ്യുന്നവൻ ആശാരിയുമായി. കാലങ്ങൾ വളരെ

കഴിഞ്ഞിട്ടും തൊഴിലും ജാതിയും തമ്മിലുള്ള ഈ ബന്ധം വിട്ടുമാറാതെ നിലനിൽക്കുന്ന അവസ്ഥ മാററിയേതീരൂ. ഇവിടെയാണ് ഗ്രാമ പഞ്ചായത്തുകളുടെ ഇടപെടലുകളുടെ പ്രസക്തി.

## ഗ്രാമപഞ്ചായത്തിൻെറ പ്രസക്തി

വൻകിട വ്യവസായങ്ങൾക്ക് സാധ്യതയില്ല. സർക്കാർജോലിക്കും സാധ്യത വളരെകുറവ്. ഈ സാഹചര്യത്തിൽ ബോധവൽക്കരണത്തിലൂടെയും സേവനരംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും തൊഴിലുകൾക്ക് മാന്യത നൽകിയും ആധുനികവൽക്കരണങ്ങളിലൂടെയും കുറെ ചെറുപ്പക്കാർക്കെങ്കിലും തൊഴിൽ നൽകുവാൻ ഗ്രാമപഞ്ചായത്തിന് പദ്ധതി തയ്യാറാക്കുവാൻ കഴിയും.

പദ്ധതിയിലൂടെ തൊഴിലവസരമാകുമ്പോൾ ജോലിസ്ഥിരതയുണ്ടാവുകയും സേവനവേതന വ്യവസ്ഥകൾ ആകർഷകമാവുകയുംച്ചെയ്യും. ആധുനികവൽക്കരണത്തിലൂടെ ജാതി അടിസ്ഥാനത്തിൽ തിരിച്ചിട്ടുള്ള ജോലികൾക്കുപോലും മാന്യത കൈവരും. അതുകൊണ്ട് പരമ്പരാഗത തൊഴിലുകളെ ആധുനികവൽക്കരിക്കാനുള്ള ബോധപൂർവ്വമായ ശ്രമം ഉണ്ടായേതീരൂ. എങ്കിലേ വിമുഖരായ യുവാക്കളെ ഈ രംഗത്തേക്ക് ആകർഷിക്കുവാൻ കഴിയൂ.

## ലേബർ കോൺട്രാക്ട് സംഘം

നമ്മുടെ പഞ്ചായത്തിലെ തൊഴിൽ എടുക്കുവാൻ തയ്യാറുള്ള തൊഴിലാളികളെ സംഘടിപ്പിച്ച്കൊണ്ട് ഒരു സംഘം രജിസ്ററർ ചെയ്യാവുന്നതാണ്. ആവശ്യമെങ്കിൽ സംഘത്തിൻെറ എണ്ണം കൂട്ടാവുന്നതുമാണ്. ഗ്രാമപഞ്ചായത്തു മുഖേനയും ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ മുഖേനെയും ഈ പഞ്ചായത്തിൽ നടക്കുന്ന നിർമ്മാണ പ്രവർത്തികൾ ഈ സംഘത്തിന് ഏറെറടുത്തു നടത്തുവാൻ കഴിയും. അംഗങ്ങളായ തൊഴിലാളികളാണ് ജോലി, ചെയ്യുന്നത്. സംഘം വരവുചെലവുകണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നു. അമിതലാഭം എടുക്കാതെ എസ്ററിമേററ് തുക മുഴുവൻ പണിക്ക് വേണ്ടി ചെലവഴിക്കുന്നു. ലാഭം ഉണ്ടായാൽ തൊഴിലാളികൾക്ക് വീതിക്കുന്നു. പൊതു പണം ചെലവഴിക്കുന്നതിൽ സുതാര്യത കൈവരുന്നു. കൂലിപ്പണിക്ക് പോകുവാൻ അന്തസ്സിൻെറ പേരിൽ മടിക്കുന്നവരും കൂട്ടായ്മയുടെ പേരിൽ ശ്രമധാനത്തിന് പങ്കെടുക്കുന്നതുപോലെ ഇത്തരം നിർമ്മാണജോലികളിൽ പങ്കെടുക്കും.

കൂലിയുടെ ഒരു വിഹിതം ക്ഷേമനിധികളിൽ നിക്ഷേപിക്കുന്നതിനും പെൻഷൻ, പ്രൊവിഡണ്ട് ഫണ്ട് മാററിവെച്ച് വേതനം, ഇൻഷുറൻസ് എന്നീ എല്ലാവിധ ആനുകൂല്യങ്ങളും തൊഴിലാളിക്ക് നൽകുന്നതിനും കഴിയുന്നു. ദിവസക്കൂലിക്ക് പകരം മാസശമ്പളം ആയി നൽകിയാൽ കമ്പനിജോലിക്കാരൻെറ മാന്യത തൊഴിലാളിക്ക് ലഭിക്കുകയും ചെയ്യുന്നു.

പഞ്ചായത്ത് കരാർ ജോലിക്ക് പുറമേ സ്വകാര്യ വ്യക്തികളുടെ ജോലികളും കരാർ വ്യവസ്ഥയിൽ സംഘത്തിന് ഏറെറടുക്കാവുന്നതാണ്. കൃഷിപ്പണി, നിർമ്മാണ ജോലികൾ, തെങ്ങുകയററം, കമുകുകയററം പോലുള്ള വിദഗ്ദതൊഴിലുകൾ എന്നിവയും സംഘത്തിന് ഏറെറടുത്തു നടത്താവുന്നതാണ്.

മരപ്പണി, കൽപ്പണി, കയററിറക്ക്, കോൺട്രാക്ട് ജോലികൾ എന്നിവയും സംഘം ഏറെറടുത്ത് വിദഗ്ദതൊഴിലാളികളെ ഉപയോഗിച്ച് ച്ചെയ്യിക്കുവാൻ കഴിയും. അതിനായി വേറെ സംഘം രൂപീകരിക്കുകയും ആവാം. നിർമ്മാണ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ ഈ വിഭാഗത്തിന് പ്രത്യേകമായി ലഭിക്കും എന്നോർക്കുക. സംഘടിതരായതിനാൽ സർക്കാരിലേക്കടയ്ക്കേണ്ട വിഹിതങ്ങൾ കൃത്യമായി അടക്കുവാൻ ഇവർക്കു കഴിയുകയും ച്ചെയ്യും.

തൊഴിലാളികളെ ആവശ്യമുള്ളവർ ഇന്ന് വ്യക്തിപരമായി ആളെ വിളിക്കുവാൻ വളരെ കഷ്ടപ്പെടുന്നുണ്ട്. സംഘം നല്ല നിലയിൽ പ്രവർത്തിക്കുന്ന പക്ഷം തൊഴിൽദായകൻ സംഘവുമായി മാത്രം ബന്ധപ്പെട്ടാൽ മതിയാകും. കരാർ പ്രകാരം പണിപൂർത്തിയായശേഷം സംഘം പണം കൈപ്പററുന്നു. പഞ്ചായത്തുമുഴുവനും കൂലിനിരക്കും എകീകരിക്കപ്പെടുന്നു.



## തൊഴിലിൻെറ അന്തസ്സ് ഉയർത്തൽ

തൊഴിലിൻെറ അന്തസ്സ് ഒരു പരിധിവരെ അതിനു ലഭിക്കുന്ന വരുമാനവുമായി ബന്ധപ്പെട്ടിരിക്കുന്നു. വരുമാനം കൂട്ടുന്നതിന് യന്ത്രങ്ങളുടെ ഉപയോഗവും ആധുനിക സങ്കേതങ്ങളും സഹായിക്കും. ഉദാഹരണത്തിന് തുണിയലക്കുന്ന പ്രാകൃത രീതിമാററി അലക്കുകാരന് ഒരു മുറിയും ഒരു വാഷിംഗ്മെഷീനും ഉണ്ടെങ്കിൽ വരുമാനം വളരെയധികം വർദ്ധിക്കും. അലക്കുകാരൻ "ലാൻഡ്രി മാനേജ"രായി മാറുകയും തൊഴിലിന് അന്തസ്സ് കൈവരുകയും ചെയ്യുന്നു. ബാർബർഷാപ്പുകൾ ബ്യൂട്ടി പാർലറുകൾ ആക്കിമാററുകയും ചെയ്യുന്നതോടൊപ്പം ബാർബർ ബ്യൂട്ടീഷ്യനായി മാറുന്നു. വരുമാനം വർദ്ധിക്കുന്നു. തൊഴിലിന് മാന്യത കൈവരിക്കുന്നു.

## സദ്യ ഒരുക്കൽ

പന്തലിടുക, സദ്യ ഒരുക്കുക, എന്നിവ സംഘമായി നിർവഹിക്കുവാൻ കഴിയുന്ന ഒരു തൊഴിലാണ്. വെപ്പുകാരൻെറ ജോലി ചെയ്യുവാൻ അന്തസ്സിൻെറ പേരിൽ മടിക്കുന്നവർക്കും സംഘം സദ്യ ഒരുക്കുമ്പോൾ വെപ്പുകാരനാവാൻ മടിയുണ്ടാവില്ല. ബിരിയാണിയോ മററു പരമ്പരാഗത ഭക്ഷണമോ ചായസൽക്കാരമോ എന്തുമാകട്ടെ സംഘം ഏറെറടുത്തുചെയ്യുന്നു. വിളമ്പുന്ന ജോലിയും സംഘം ഏറെറടുത്തു നടത്തുമ്പോൾ സദ്യ നടത്തുന്ന ആൾക്ക് പണത്തിൻേറതല്ലാത്ത ഒരു ബാദ്ധ്യതയും വരുന്നില്ല. സദ്യ ഒരുക്കുന്ന കാററന്മാരുടെ ജോലി അന്തസ്സുള്ളതും ആദായകരവുമാക്കി മാററുവാനും കാററന്മാർക്ക് സേവന വേതന വ്യവസ്ഥകൾ അനുസരിച്ച് ആനുകൂല്യങ്ങൾ നൽകുവാനും സംഘത്തിന് കഴിയുന്നു.

## ഗ്രാമീണ ടെക്നീഷ്യൻ

ഈ പഞ്ചായത്തിലെ ഇലക്ട്രീഷ്യന്മാർ, പ്ലംബർമാർ, റേഡിയോ, ഫ്രിഡ്ജ്, ടി.വി. റിപ്പയർമാർ എന്നിവരെയെല്ലാം സംഘടിതരാക്കി കരാർ വ്യവസ്ഥയിൽ സംഘം പണി ഏറെറടുത്ത് പണിതീർത്ത് സംഘം തന്നെ പ്രതിഫലം വാങ്ങി ടെക്നീഷ്യൻമാർക്ക് മാസാമാസം ജോലിക്കനുസരിച്ച് ശമ്പളം നൽകി മററാനുകൂല്യങ്ങൾ നൽകിയും ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളുടെ അന്തസ്സ് ഉയർത്തുവാൻ കഴിയും വീട്ടുജോലിക്കാരായ സ്ത്രീകളേയും സംഘത്തിന് സംഘടിപ്പിക്കാവുന്നതാണ്. അവരെ "ഹോം നേഴ്സാക്കി" മാററി വീട്ടുജോലി മാന്യമാക്കി മാററണം. പല വീടുകൾക്കായി ഒരു ഹോം നേഴ്സിൻെറ ജോലി വിഭജിച്ച് നൽകുവാനും അങ്ങിനെ അവരുടെ വരുമാനം വർദ്ധിപ്പിക്കുവാനും കഴിയും. ശമ്പളവും എല്ലാ ആനുകൂല്യങ്ങളും അവർക്കും ലഭിക്കും.

സ്വയം തൊഴിലിന് വേണ്ടി **DWCRA** യൂണിററുകൾ സ്ഥാപിച്ച് അച്ചാറ്, കറി പൗഡറുകൾ, പലഹാരങ്ങൾ, അരിപ്പൊടി, സംസ്കരിച്ച പഴവർഗ്ഗങ്ങൾ, മാന്തിര എന്ന "മാംഗോ ബാർ" എന്നീ ഭക്ഷ്യ സാധനങ്ങൾ വനിതകൾക്ക് ഉൽപ്പാദിക്കുവാൻ കഴിയും. സോപ്പ്, ഹാൻഡ്മെയ്ഡ് പേപ്പറുകൾ, കൗതുക വസ്തുക്കൾ, പായ, പ്ലാസ്ററിക് കസേര, പ്ലാസ്ററിക് ബാഗുകൾ, പ്ലാസ്ററിക് കുട്ടകൾ, പ്ലാസ്ററിക് കയറുകൾ എന്നിവയും വനിതായൂണിററുകളിലൂടെ നിർമ്മിക്കുവാൻ കഴിയും. ദാരിദ്ര്യരേഖക്ക് താഴെയുള്ള വനിതകളുടെ മാത്രം യൂണിററാണെങ്കിൽ സാമൂഹ്യ വികസനവകുപ്പിൽനിന്ന് സബ്സിഡിയും ലഭിക്കുന്നതാണ്. വിൽപനക്കായി സർക്കാർ ഏജൻസിയായ "കാരംസി"നെ സമീപിക്കുവാൻ കഴിയും. അതിനുപുറമെ ഏററവും മെച്ചപ്പെട്ട കലർപ്പില്ലാത്ത നാടൻ സാധനമാണ് നമ്മുടെ ഉൽപ്പന്നങ്ങൾ എന്ന് പ്രചരിപ്പിക്കുവാനും കഴിയണം. തൊഴിലില്ലാത്ത നമ്മുടെ പഞ്ചായത്തിലെ യുവതികൾ ഉണ്ടാക്കുന്ന ഉൽപന്നങ്ങൾ "മണ്ണിൻെറ മക്കൾ" സ്പിരിറേറാടുകൂടി നമ്മുടെ പഞ്ചായത്തിൽ

ത്തന്നെ വിററഴിക്കുവാൻ കഴിയുന്നതിനുള്ള ബോധവൽക്കരണം കൂടി ഉണ്ടായേതീരൂ.

മുകളിൽ പറഞ്ഞ വ്യവസായങ്ങൾക്കും സേവനതൊഴിലുകൾക്കും പുറമെ കൂൺ കൃഷി, തേനീച്ചവളർത്തൽ, കോഴിവളർത്തൽ, മുയൽവളർത്തൽ, കാട വളർത്തൽ, എന്നീ ജോലികളും മുഖ്യതൊഴിലായോ ഉപതൊഴിലായോ സ്വീകരിക്കുവാൻ തൊഴിലില്ലാത്തവർക്ക് കഴിയും അങ്ങനെ നമ്മുടെ തൊഴിൽ വൈദഗ്ദ്യം പോഷിപ്പിച്ചുകൊണ്ട് വ്യവസായ-തൊഴിൽരംഗത്ത് നമ്മുടെ പിന്നോക്കാവസ്ഥ ഇല്ലാതാക്കാൻ നമുക്ക് കൂട്ടായ്മയോടെ പരിശ്രമിക്കാം





5 -4

# ഗതാഗതം
# ഊർജ്ജം
# വാർത്താവിനിമയം



## ഗതാഗതം

എടപ്പററ പഞ്ചായത്തിലൂടെ കടന്നുപോകുന്ന മേലാററൂർ-കരുവാരകുണ്ട്, മേലാററൂർ-ഒലിപ്പുഴ എന്നീ പൊതുമരാമത്ത് വകുപ്പു വക റോഡുകൾ ഈ നൂററാണ്ടിനുമുൻപുള്ളവയാണ്. പുത്തൻകുളം - ഒലിപ്പുഴ പഞ്ചായത്ത് റോഡ് 18-ാം നൂററാണ്ടിൽ ടിപ്പുസുൽത്താൻെറ ഭരണകാലത്ത് നിർമ്മിച്ചതാണ്.

1963-ൽ പഞ്ചായത്തുരൂപീകരണത്തിനു ശേഷം പുതിയ റോഡുകൾ നിർമ്മിക്കുന്നതുവരെ മേൽപ്പറഞ്ഞ റോഡുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. 1956 ലാണ് ആദ്യമായി മേലാററൂർ - ഇരിങ്ങാട്ടിരി റോഡിലൂടെ ഒരു ബസ് ഓടിയത്. 1964 വരെ കാളവണ്ടി ഓടിക്കുവാനുള്ള റോഡുകൾപോലും ഇല്ലാത്ത അവസ്ഥയായിരുന്നു. പാതിരിക്കോട്, വെള്ളിയഞ്ചേരി പ്രദേശത്തുകാർ തലച്ചുമടായി സാധനങ്ങൾ പുത്തനഴിപ്പാറയിലെത്തിച്ച് പോത്തുവണ്ടിയിലോ കാളവണ്ടിയിലോ കൊണ്ടുപോവുകയായിരുന്നു പതിവ്.

## തീവണ്ടി സൗകര്യം

ഇരുപതാം നൂററാണ്ടിൻെറ രണ്ടാം ദശകത്തിൽ നിർമ്മിച്ച ഷൊർണൂർ - നിലമ്പൂർ റയിൽവേ ലൈനിൽ കൽക്കരി വണ്ടി ഓടുവാൻ തുടങ്ങിയതോടെ മേലാററൂർ റയിൽവേ സ്റേറഷനിൽനിന്നും അങ്ങാടിപ്പുറം വഴി അന്നത്തെ വള്ളുവനാടിൻെറ തലസ്ഥാനമായ പെരിന്തൽമണ്ണയിലേക്ക് ഉള്ള യാത്ര എളുപ്പമായി. ദൂരയാത്രക്കും തീവണ്ടി എളുപ്പമായിത്തീർന്നു. എന്നാൻ 1945 ൽ രണ്ടാം ലോകമഹായുദ്ധസമയത്ത് ഈ റയിൽവേലൈനും പൊളിച്ചുമാററപ്പെട്ടതോടെ പെരിന്തൽമണ്ണയിലേക്ക് വീണ്ടും കാൽനടയാത്ര തന്നെ ശരണമായി. യുദ്ധം അവസാനിച്ചു. റയിൽവേലൈൻ പുനസ്ഥാപിക്കപ്പെട്ടു. ജനങ്ങൾക്കാശ്വാസമായി. 1956 ൽ ഷൊർണൂരിലെ മയിൽവാഹനം കമ്പനിവക ഒരു ബസ് എടപ്പററയിലൂടെ ഓടി. ബസ് യാത്രയുടെ യുഗം തുറക്കപ്പെട്ടു.

കാലം മുന്നോട്ടുപോയി. പഞ്ചായത്തുരൂപീകരണത്തിനുശേഷം ആദ്യത്തെ പഞ്ചായത്തു റോഡായി. പഞ്ചായത്ത് ആസ്ഥാനമായ

ഏപ്പിക്കാട്ടുനിന്നും പഞ്ചായത്തിൻെറ തെക്കു കിഴക്കേ അതിർത്തിയായ ആഞ്ഞിലങ്ങാടിയിലേക്കുള്ള റോഡുനിർമ്മാണത്തിൻെറ ഉത്ഘാടനം 1963 ൽ അന്നത്തെ പ്രസിഡൻറ് V.C. നാരായണപണിക്കർ നിർവഹിച്ചു. പിന്നീട് പഞ്ചായത്തിൻെറ നാനാഭാഗങ്ങളിലേക്കും റോഡുകളുണ്ടാകാൻ അധികകാലം വേണ്ടിവന്നില്ല. പാതിരിക്കോട്, വെള്ളിയഞ്ചേരി, ഓലപ്പാറ, കൊമ്പൻകല്ല് ഭാഗങ്ങളിലൊക്കെ കാളവണ്ടിയും പോത്തുവണ്ടിയും എത്തിത്തുടങ്ങി.

പതുക്കെപ്പതുക്കെ കാളവണ്ടികളും പോത്തുവണ്ടികളും ലോറികൾക്കു വഴിമാറിക്കൊടുത്തു.

എടപ്പററയെ രണ്ടായി വേർപ്പെടുത്തിയിരുന്ന പുളിയൻതോടിന് 1973 ൽ ഏപ്പിക്കാട് - ആഞ്ഞിലങ്ങാടി റോഡിൽ പൂതറമണ്ണ പടിക്കൽ ബ്ലോക്ക് പദ്ധതിപ്രകാരം ഒരു പാലം ഉണ്ടായി. അതോടെ പാതിരിക്കോട്, വെള്ളിയഞ്ചേരി പ്രദേശങ്ങളിൽ ജീപ്പ്, കാറ് മുതലായ വാഹനങ്ങളും ഓടുവാൻ തുടങ്ങി.

1976 ൽ ആദ്യമായി ഏപ്പിക്കാട്-ആഞ്ഞിലങ്ങാടി റോഡിലൂടെ ബസ്ഗതാഗതം ആരംഭിച്ചു. എടപ്പററയുടെ ഗതാഗതചരിത്രത്തിൽ പുതിയൊരദ്ധ്യായം തുറക്കപ്പെട്ടു. ഇരിങ്ങട്ടിരി-മേലാററൂർ റൂട്ടിലും ബസ്സുകളുടെ എണ്ണം കൂടി. 1980 ൽ ആഞ്ഞിലങ്ങാടി-ഏപ്പിക്കാട് റോഡും, ആഞ്ഞിലങ്ങാടി-മേലാററൂർ റോഡും പൊതുമരാമത്ത് വകുപ്പ് ഏറെറടുത്തു.1983 ൽ ടാർ ചെയ്തു തീർത്ത ആഞ്ഞിലങ്ങാടി-ഏപ്പിക്കാട് റോഡ് ഉദ്ഘാടനം ചെയ്തു. മേലാററൂർ-ആഞ്ഞിലങ്ങാടി റോഡും, പുളിയൻ തോടിന് പാലവും റോഡു ടാറിംഗും പൂർത്തിയായി. 1986 ൽ മേലാററൂർ-ആഞ്ഞിലങ്ങാടി റോഡും ഗതാഗതത്തിനു തുറന്നുകൊടുത്തു. അതോടെ എടപ്പററയിലെ ഗതാഗത തടസ്സങ്ങൾ കുറെയൊക്കെ തീർന്നു.

എടപ്പററയിലെ ടാർ ചെയ്ത റോഡുകളുടെ ആകെ നീളം 20.060 കിലോമീററർ മാത്രമാണ്. മെററലിംഗ് നടത്തിയ റോഡിൻെറ ആകെ നീളം 1.006 കി. മീ. ആണ് മെററൽ ചെയ്ത റോഡുകളെല്ലാം പഞ്ചായത്ത് ഉടമസ്ഥതയിലാണ്.

## പട്ടിക 1

## പൊതുമരാമത്തു റോഡുകളുടെ പട്ടിക.

| ക്രമ നമ്പർ | റോഡിൻെറ പേര് | വീതി (മീററർ) | നീളം കി. മീ. |
|---|---|---|---|
| 1. | മേലാററൂർ ഒപിപ്പുഴ റോഡിൽ പൊട്ടിയോടത്താൻ ഭാഗം | 12 | 0.620 |
| 2. | മേലാററൂർ കരുവാരകുണ്ട് റോഡിൽ പുത്തംകുളം മുതൽ പുത്തനഴി വരെയുള്ള ഭാഗം | 12 | 2.620 |
| 3. | ഏപ്പിക്കാട്-ആഞ്ഞിലങ്ങാടി റോഡ് | 8 | 4.937 |
| 4. | ആഞ്ഞിലങ്ങാടി-മേലാററൂർ റോഡിൽ പുളിയൻ തോടുവരെയുള്ള ഭാഗം | 8 | 5 |
| 5 | PWD പുതുതായി ഏറെറടുത്ത് ടാർ ചെയ്ത റോഡ് | 8 | 1.100 |
| | ആകെ | | 15.077 |
| | ആഞ്ഞിലങ്ങാടി-മൈലാടി-പുളിയക്കോട് ടാർ ചെയ്യാത്തത് | 8 | 1.853 |
| | ആകെ | | 16.930 |

## ടാർചെയ്ത പഞ്ചായത്തു റോഡുകളുടെ സ്ഥിതിവിവരക്കണക്ക്

### പട്ടിക 2

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിൻെറ പേര് | നീളം | വീതി |
|---|---|---|---|---|
| 01 | 01 | പുത്തൻകുളം - ഒലിപ്പുഴ റോഡ് | 1.903 | 8 |
| 01 | 02 | ഏപ്പിക്കാട് - UP സ്ക്കൂൾ റോഡ് | 0.600 | 8 |
| 01 | 09 | മൈലാടി - മൂനാടി റോഡ് (ഭാഗം) | 1.350 | 8 |
| 03 | 06 | പേഴുംതറ - കോട്ടോത്തപടി റോഡിൽഭാഗം | 0.750 | 8 |
| 02 | 02 | ഓലപ്പററ UP സ്ക്കൂൾ - പുല്ലാനിക്കോട്ട് റോഡിൽ ഭാഗം | 0.380 | 8 |
| | | ആകെ | 4.983 | |

## റോഡുകളുടെ ആകെ കണക്ക്

### പട്ടിക 3

| ക്രമ നമ്പർ | ഉടമസ്ഥത | നീളം K.M | നീളം M | ആകെ K.M | ആകെ M | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പൊതുമരാമത്ത് ടാർചെയ്തത് | 15 | 077 | — | — | ടാർ |
| 2 | പഞ്ചായത്ത് ടാർ ചെയ്തത് | 4 | 983 | 20 | 060 | ടാർ |
| 3 | പഞ്ചായത്ത് ടാർചെയ്യാത്തത് | 69 | 096 | 69 | 096 | മണ്ണ് |
| 4 | പൊതുമരാമത്ത് ടാർചെയ്യാത്തത് | 1 | 953 | 1 | 953 | മണ്ണ് |
| 5 | മെററൽ ചെയ്തത് | 1 | 006 | 1 | 006 | മെററൽ |
| | | 92 | 115 | 92 | 115 | |

## മെററലിംഗ് ചെയ്ത റോഡുകളുടെ കണക്ക്

### പട്ടിക 4

| റോഡു നമ്പർ | വാർഡ് നമ്പർ | റോഡിൻെറ പേര് | നീളം | വീതി |
|---|---|---|---|---|
| 01 | 08 | ആഞ്ഞിലങ്ങാടി - ചേരിപറമ്പ് യത്തീംഖാന റോഡിലെ ആദ്യഭാഗം | .600 | 8 |
| 01 | 02 | കല്ലംപാറ - ഒലിപ്പുഴറോഡിൽ ആദ്യഭാഗം | .406 | 6 |
| | | പൊതുമരാമത്ത് | — | — |
| | | ആകെ | 1.006 | |

പഞ്ചായത്തു റോഡുകൾ ഭൂരപക്ഷവും ഗതാഗതയോഗ്യമല്ല. എല്ലാം തന്നെ മണ്ണുറോഡുക ളാണ്. മെററൽ ചെയ്തും ടാർ ചെയ്തും ഗതാഗതയോഗ്യമാക്കേണ്ടതുണ്ട്.

## വാർഡു തിരിച്ചുള്ള പഞ്ചായത്തുറോഡുകളുടെ കണക്ക്.

പട്ടിക 5

| ക്രമ നമ്പർ | റോഡ് നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം K.M | വീതി |
|---|---|---|---|---|---|
| 1 | 02 | 01 | പൊട്ടിയോടത്താൽ-ഒലിപ്പുഴ | 3.200 | 6.8 |
| 2 | 03 | 01 | പുത്തൻകുളം - റയിൽവേ ലൈൻ | .750 | 4 |
| 3 | 04 | 01 | എടപ്പററ-കൊങ്ങശ്ശേരികുണ്ട് | .450 | 4.30 |
| 4 | 05 | 01 | എടപ്പററ-രാമൻതിരുത്തി | .900 | 4 |
| 5 | 06 | 01 | ബാലവാടി-വെങ്ങശ്ശേരിപടി | 946 | 4.50 |
| 6 | 07 | 01 | എടപ്പററ-ചെന്നായപ്പാറ | .800 | 4.10 |
| 7 | 08 | 01 | എടപ്പററ-കരിംകാളികാവ് | .900 | 4 |
| 8 | 09 | 01 | ചെന്നായ്പാറ-പാററൽപാടം | .850 | 4.10 |
| 9 | 10 | 01 | എടപ്പററ GLP സ്ക്കൂൾ-ബാലവാടി | .450 | 4.2 |
| 10 | 11 | 01 | പൊട്ടിയോടത്താൽ-കരിങ്കാളികാവ് | .700 | 2.50 |
| 11 | 12 | 01 | ബാലവാടി-എടപ്പററ GLP ഫുട്പാത്ത് | .250 | 2.50 |
| | | | വാർഡ് I-ൽ ആകെ കി.മീ | 10.196 | |
| 12 | 02 | 02 | കല്ലാംപാററ-ഒലിപുഴ | 2.310 | 5.50 |
| 13 | 03 | 02 | U.P. സ്ക്കൂൾ-പുല്ലാനിക്കാട് | 2. | 8 |
| 14 | 04 | 02 | U.P. സ്ക്കൂൾ-അക്കരപുറം | .250 | 8 |
| 15 | 05 | 02 | കല്ലാംപാററ-കൊങ്ങശ്ശേരികുണ്ട് | .450 | 4 |
| 16 | 06 | 02 | കല്ലാംപാററ-റയിൽവേ ലയിൻ | .428 | 3.4 |
| 17 | 07 | 02 | കല്ലാംപാററ-മങ്കരപടി | 300 | 3.2 |
| 18 | 08 | 02 | എളംകുന്ന്-റയിൽവേ ലയിൻ | .527 | 5 |
| 19 | 09 | 02 | U.P. സ്ക്കൂൾ-കുണ്ടൻചോല | 400 | 4.5 |
| 20 | 10 | 02 | വാക്കോട്-ചെറിയക്കോട് | 401 | 4 |
| 21 | 11 | 02 | ചെമ്പ്രമുണ്ട-റയിൽവേ ലയിൻ | 527 | 5 |
| 22 | 12 | 02 | കുണ്ടൻചോല-നമസ്കാരപള്ളി | 200 | 3.5 |
| 23 | 13 | 02 | കുണ്ടൻചോല-ചീനിക്കകുളം | 320 | 3.6 |
| 24 | 14 | 02 | U.P. സ്ക്കൂൾ-കൈതത്തോട് | 310 | 3.5 |
| 25 | 15 | 02 | കൊല്ലംപാററ-പാറകുറിശ്ശിപാടം | 210 | 3 |
| 26 | 16 | 02 | ചെരുപ്പകുന്ന്-പറയരുകുന്ന് (ഫുട്പാത്ത്) | 400 | 2.5 |
| 27 | 17 | 02 | ആലുംകുന്ന് കയലോട്ടുപടി ( " ) | .350 | 3.5 |

| ക്രമ നമ്പർ | റോഡ് നമ്പർ | വാ ർഡ് | റോഡിന്റെ പേര് | നീളം K.M | വീതി |
|---|---|---|---|---|---|
| 28 | 18 | 02 | പുല്ലാനിക്കാട്-ലക്ഷംവീടുകോളനി ( ഫുട്പാത്ത് ) | 217 | 2.70 |
| | | | വാർഡ് II-ൽ ആകെ കി. മീ. | 9.600 | |
| 29 | 01 | 03 | പുത്തഴി-അമ്പാഴപറമ്പ് | 1.600 | 6 |
| 30 | 02 | 03 | അമ്പാഴപറമ്പ്-കിഴക്കുംപാടം | 1.830 | 8 |
| 31 | 03 | 03 | അമ്പാഴപറമ്പ്-കിഴക്കുംപാടംപാറ ഹരിജൻകോളനി | 620 | 4.5 |
| 32 | 04 | 03 | ഗാന്ധിനഗർ-അയ്യപ്പൻമുക്ക് | .470 | 5.2 |
| 33 | 05 | 03 | ട്രാൻസ്ഫോർമർ-കിഴക്കുംപാടം ഹരിജൻ കോളനി | .630 | 5.2 |
| 34 | 06 | 03 | പാറോക്കോട്ടുപടി-ചുള്ളിയോടുകുന്ന് ഹരിജൻകോളനി | 350 | .6 |
| 35 | 07 | 03 | വാരിയംകുളം-ചുള്ളിയോടുകുന്ന് ഹരിജൻകോളനി | .780 | 6 |
| 36 | 08 | 03 | ഏപ്പിക്കാട് പള്ളിപടി-കൈതതോട് | 310 | 3.5 |
| 37 | 09 | 03 | മാങ്ങോട്ടുകുന്ന്-വിലങ്ങൻപാറ | 620 | 4.8 |
| 38 | 10 | 03 | പുളിയൻതോടുപാലം-ചൂണ്ടിക്കലായ്-ആലുക്കൽ പടി | 500 | |
| 39 | 11 | 03 | പുന്നക്കൽചോല-പുളിയൻതോട് | 550 | 4.8 |
| 40 | 12 | 03 | അമ്പാഴ പറമ്പ്-ചേരുംകൂട്ടം (ബൗണ്ടറി | 370 | 4.20 |
| 41 | 13 | 03 | കിഴക്കുംപാടം കോളനി കിണർ-കെളയിൽപാടം | 360 | 3.5 |
| 42 | 14 | 03 | ചുള്ളിയോടുകുന്നു ഹരിജൻ കോളനി-മൺചിറ | 220 | 4 |
| 43 | 15 | 03 | ഏപ്പിക്കാട് ചൂണ്ടി പുളിക്കാതൊടി പടി-അയ്യപ്പൻ മുക്ക് | 470 | 3 |
| | | | വാർഡ് III-ൽ ആകെ കി. മീ. | 9.680 | 43 |
| 44 | 04 | | കുരിശ്-കല്ലംപടി | 1.40 | 5.5 |
| 45 | 02 | 04 | പുല്ലുപറമ്പ്-ഓലപ്പാറ | 1.42 | 6 |
| 46 | 03 | 04 | പുല്ലുപറമ്പ്-കൊണ്ടയത്ത്പാടം | 780 | 4.30 |
| 47 | 04 | 04 | ഓലപ്പാറ-കൊണ്ടയത്ത്പാടം | 72 | 4.30 |
| 48 | 05 | 04 | കുരിശ്-പുളിയൻതോട്പൂതമെണ്ണപടി | 240 | 4 |
| 49 | 06 | 04 | കുണ്ടുകണ്ടൻപടി-U.P. സ്ക്കൂൾ | 400 | 4 |
| 50 | 07 | 04 | കാപ്പാട്ടുപടി-L.P. സ്ക്കൂൾ-പുളിയന്തോട് | 225 | 5.5 |
| 51 | 08 | 04 | പുന്നാംഗരിപടി-ലക്ഷംവീടുകോളനി | 260 | 3.5 |
| | | | വാർഡ് 4-ൽ ആകെ കി. മീ. | 5.445 | |
| 52 | 01 | 05 | ഓലപ്പാറ-കല്ലംകോട് | 660 | 4 |
| 53 | 02 | 05 | പോസ്ററ് ഓഫീസ്-കാരട്ടപാറ- കുഞ്ഞുണ്ണിപാടം | 240 | 4.8 |
| 54 | 03 | 05 | ഹൈസ്ക്കൂൾ പടി-കുറുക്കൻകുണ്ട് ഹരിജൻ കോളനി | 450 | 4.2 |
| 55 | 04 | 05 | ബാലവാടി-കാട്ടുപുത്തൂർ ക്ഷേത്രം | 500 | 3 |

| ക്രമ നമ്പർ | റോഡ് നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം K.M | വീതി |
|---|---|---|---|---|---|
| 56 | 05 | 05 | ഓലപ്പാറ-വലിയാറതോട് | 320 | 4 |
| 57 | 06 | 05 | ഓലപ്പാറ-പൂക്കാടി | 1.150 | 4.50 |
| 58 | 07 | 05 | ഓലപ്പാറ-ഓലപ്പാറ-ചാളക്കൽ പള്ള്യാൽ | 465 | 4 |
| 59 | 08 | 05 | കാട്ടുപൂത്തൂർ-കോട്ടേപാടൻ പടി | .360 | 4 |
| 60 | 09 | 05 | ബാലവാടി-കണ്ടമംഗലപടി | 225 | 3.50 |
| | | | വാർഡ് 5-ൽ ആകെ കി. മീ. | 4.370 | |
| 61 | 01 | 06 | കോട്ടോത്തുപടി-കൊമ്പൻകല്ല് | 2.260 | 8 |
| 62 | 02 | 06 | ഓലപ്പാറ-കൊമ്പൻകല്ല് | 1.620 | 6 |
| 63 | 03 | 06 | പേഴുംതറ-കോട്ടോത്തപടി | 1.700 | 8 |
| 64 | 04 | 06 | കോട്ടോത്തപടി-കടമ്പി | 480 | 4 |
| 65 | 05 | 06 | കടമ്പി-കൊമ്പൻകല്ല് പള്ളിപടി | 430 | 4 |
| 66 | 06 | 06 | പേഴുംതറ-പൂച്ചപ്പാറ | 520 | 4 |
| 67 | 07 | 06 | കോട്ടോത്തപടി-പുഴ | 200 | 6 |
| 68 | 08 | 06 | കാതിലാക്കൽപടി-കൊമ്പൻകല്ല് സ്ക്കൂൾ പടി | 630 | 4 |
| 69 | 09 | 06 | പേഴുംതറ-സെഹിയൻതോടുചിറ | 1.500 | 7 |
| 70 | 10 | 06 | പേഴുംതറ-പുളിയൻകുന്ന് | 0.375 | 5 |
| 71 | 11 | 06 | ആലുംകുന്ന്-പാർളിപാടം | 360 | 4 |
| | | | വാർഡ് 6- ൽ ആകെ കി. മീ. | 10.075 | |
| 72 | 01 | 07 | നമസ്ക്കാരപ്പള്ളി-ചേരിപറമ്പ് അടക്കാകമ്പനി | 420 | 4.20 |
| 73 | 02 | 07 | ആഞ്ഞിലങ്ങാടി-പുളിയൻതോട്-മൂനാടി | 590 | 5 |
| 74 | 03 | 07 | കുപ്പയിൽ കുണ്ട്- ആഞ്ഞിലങ്ങാടി | 600 | 3.4 |
| 75 | 04 | 07 | കുണ്ടോട്ടിപടി-പുളിയൻതോട് | 620 | 4.8 |
| 76 | 05 | 07 | കല്ലാമൂല-മാപ്പാറ | 400 | 3.4 |
| 77 | 06 | 07 | പുല്ലുപറമ്പ്-കൈനിശേരിചിറ | 640 | 6.50 |
| 78 | 07 | 07 | ആഞ്ഞിലങ്ങാടി-പൂളക്കൽകുന്ന് | 460 | 4.3 |
| | | | വാർഡ് 7-ൽ ആകെ കി. മീററർ | 3.730 | |
| 79 | 01 | 08 | ആഞ്ഞിലങ്ങാടി-മുത്തപ്പൻപാറ- ചേരിപറമ്പ്-യതീംഖാന | 2.400 | 8 |
| 80 | 02 | 08 | കാരാട്ടപ്പാറ-പോസ്ററാഫീസ്പടി | 1.00 | 4 |
| 81 | 03 | 08 | ചേരിപറമ്പ-ചെരിപറമ്പ് ഹരിജൻ കോളനി-വട്ടമണ്ണപുരം | 1.800 | 5 |
| 82 | 04 | 08 | മാടമ്പി-സ്രാമ്പിക്കൽകുന്ന് റോഡ് | 200 | 5 |
| 83 | 05 | 08 | P.H.C. സബ്സെൻറർ-ചിരട്ടകുളം | 600 | 4 |

| ക്രമ നമ്പർ | റോഡ് നമ്പർ | വാർഡ് | റോഡിൻെറ പേര് | നീളം K.M.M | വീതി |
|---|---|---|---|---|---|
| 84 | 06 | 08 | P.H.C സബ്ബ് സെൻറർ-രാജീവ് ഗാന്ധി റോഡ് | 350 | 3 |
| 85 | 07 | 08 | വട്ടമണ്ണപുരം-കുറുക്കൻ പടിറോഡ് | 600 | 5 |
| | | | വാർഡ് 8-ൽ ആകെ കി. മീ. | 6.95 | |
| 86 | 01 | 09 | മെലാടി-മൂനാടി-ചളവ | 2.360 | 8 |
| 87 | 02 | 09 | മൂന്നാടി-ആഞ്ഞിലങ്ങാടി | 1.670 | 8 |
| 88 | 03 | 09 | മൈലാടി-L.P. സ്ക്കൂൾ-പുളിയന്തോട് | 790 | 4 |
| 89 | 04 | 09 | കരവാരററ-പാങ്ങപാറ | 840 | 4 |
| 90 | 05 | 09 | മഞ്ഞളാംചോല-അത്തിക്കുന്ന് | 620 | 5 |
| 91 | 06 | 09 | മൈലാടി-കൈനിശ്ശേരിചിറ | 600 | 5 |
| 92 | 07 | 09 | പുത്തനഴിപാറ-പുളിയൻതോട് | 860 | 4.50 |
| 93 | 08 | 09 | പുളിയക്കോട് സ്ക്കൂൾ-ലക്ഷംവീട് ഹരിജൻ കോളനി | 420 | 4 |
| 94 | 09 | 09 | മൂനാടി-പാങ്ങശ്ശേരികുന്ന് | 600 | 4 |
| 95 | 10 | 09 | കരുവാരററ - വണ്ടിപ്പാടം | 290 | 4 |
| | | | 9-ാം വാർഡിൽ ആകെ | 9.005 | |
| | | | ആകെ മണ്ണുറോഡുകൾ | 69.096 | |

ആകെയുള്ള പഞ്ചായത്ത് റോഡുകളുടെ എണ്ണം 95 ആണ്. ഈ റോഡുകളെല്ലാംകൂടി 69.096 K.M. നീളമുണ്ട്. ഈ റോഡുകൾ പൊതുമരാമത്ത് വകുപ്പ്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നീ നാല് തട്ടകങ്ങൾ മുഖേന ഗതാഗതയോഗ്യമാക്കേണ്ടതാണ്.

## പട്ടിക 6
## ഒന്നിലധികം ജില്ലാ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പഞ്ചായത്തുറോഡുകൾ

| ക്രമ നമ്പർ | റോഡ് നമ്പർ | വാർഡ് | റോഡിൻെറ പേര് | നീളം എടപ്പ റററയിൽ ഉൾ പ്പെട്ടത് | നീളം എടപ്പ റററയിൽ ഉൾപ്പെ ടാത്തത് | ആകെ | ബന്ധിപ്പിക്കുന്ന റോഡുകൾ ജില്ലാ, ബ്ലോക്ക് | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | തുടക്കം | അവസാനം | ജില്ലാ, | ബ്ലോക്ക് |
| 1 | 01 | 08 | ആഞ്ഞിലങ്ങാടി ചേരിപറമ്പ് യതീംഖാന | 2.400 | 1.500 | 3.900 | ആഞ്ഞി ലങ്ങാടി P.W.D. റോഡ് | യതീംഖാന ഉണ്ണിയാൽ P.W.D. റോഡ് | 2 | 2 |
| 2 | 02 | 06 | ഓലപാറ കൊമ്പൻകല്ല് ആലുങ്ങൽ | 1.620 | 2.100 | 3.620 | ആഞ്ഞി ലങ്ങാടി മേലാററൂർ P.W.D. റോഡ് | കുമരംപുത്തൂർ ഒലിപ്പുഴ P.W.D. റോഡ് | 2 | 2 |
| 3 | 01 | 09 | മൈലാടി മൂന്നാടി ചളവ എടത്തനാട്ടുകര | 2.360 | 3.200 | 5.560 | പുത്തനഴി P.W.D റോഡ് | എടത്ത നാട്ടുകര P.W.D റോഡ് | 2 | 2 |
| 4 | 01 | 05 | ഓല പാറ കല്ലംകോട് | .660 | 2.700 | 3.360 | ഓലപാറ | എടത്ത നാട്ടുകര | 2 | 2 |

## പട്ടിക 7
## ഒന്നിലധികം ബ്ലോക്കു പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പഞ്ചായത്തുറോഡുകൾ

| ക്രമ നമ്പർ | റോഡ് നമ്പർ | വാർഡ് | റോഡിൻെറ പേര് | നീളം എടപ്പറ്റയിൽ ഉൾപ്പെട്ടത് | നീളം എടപ്പറ്റയിൽ ഉൾപ്പെടാത്തത് | ആകെ | ബന്ധിപ്പിക്കുന്ന റോഡുകൾ ജില്ലാ, ബ്ലോക്ക് | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | തുടക്കം | അവസാനം | ബ്ലോക്ക് | പഞ്ചായത്ത് |
| 1 | 01<br>02 | 03 | പുത്തനാഴി ആമ്പാഴ പറമ്പ് കിഴക്കുംപാടം പള്ളിപടി | 3.430 | 1.200 | 4.630 | കരുവാരക്കുണ്ട് മേലാററൂർ റോഡിലെ പുത്തനഴി P.W.D. റോഡ് | ആഞ്ഞിലങ്ങാടി മേലാററൂർ റോഡിലെ കിഴക്കുംപാടം പള്ളിപ്പടി | 2 വണ്ടൂർ പെരിന്തൽമണ്ണ | 3 കരുവാരക്കുണ്ട്, എടപ്പററ, മേലാററൂർ |
| 2 | 02 | 01 | പൊട്ടിയോടത്താൽ ഒലിപ്പുഴ തുവൂർ | 3.200 | 2.350 | 5.50 | കുമരംപുത്തൂർ ഒലിപുഴ റോഡിലെ പൊട്ടിയോടത്താൽ P.W.D. റോഡ | കരുവാരക്കുണ്ട് കുളപ്പറമ്പ് റോഡ് P.W.D. റോഡ | 2 വണ്ടൂർ പെരിന്തൽമണ്ണ | 2എടപ്പററ, തുവൂർ |
| 3 | 01 | 02 | കല്ലാംപാറ ഒലിപ്പുഴ തുവൂർ | 2.310 | 2.200 | 4.510 | കരുവാരക്കുണ്ട് മേലാററൂർ P.W.D റോഡ് | കരുവാരക്കുണ്ട് കുളപ്പറമ്പ് റോഡ് P.W.D. റോഡ | 2 വണ്ടൂർ പെരിന്തൽമണ്ണ | 2എടപ്പററ, തുവൂർ |
| 4 | 01<br>04 | 02 | എപ്പിക്കാട്, അക്കരപുറം തുവൂർ | 1.150 | 3.600 | 4.750 | ▪ | ▪ | ▪ | ▪ |

## പട്ടിക 8
## ഒന്നിലധികം ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പഞ്ചായത്തുറോഡുകൾ

| ക്രമ നമ്പർ | വാർഡ് | റോഡ് നമ്പർ | റോഡിൻെറ പേര് | നീളം എടപ്പറ്റയിൽ ഉൾപ്പെട്ടത് | നീളം എടപ്പറ്റയിൽ ഉൾപ്പെടാത്തത് | ആകെ | ബന്ധിപ്പിക്കുന്ന റോഡുകൾ | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | തുടക്കം | അവസാനം | പഞ്ചായത്തുകൾ |
| 1 | 01<br>02<br>03 | 06 | ഓലപ്പാറ കൊമ്പൻകല്ല് - ഉച്ചാരകടവ് | 5.580 | .350 | 5.900 | ആഞ്ഞിലങ്ങാടി മേലാററൂർ റോഡിലെ ഓലപ്പാറ P.W.D. റോഡ് | കുമരംപുത്തൂർ ഒലിപ്പുഴ റോഡിലെ ഉച്ചാരകടവ് P.W.D. റോഡ് | 2 എടപ്പററ മേലാററൂർ |
| 2 | 13 | 03 | കിഴക്കുംപാടം കോളനിക്കിണർ കിഴക്കുംപാടം മദ്രസ്സ | .360 | .420 | .780 | കിഴക്കും പാടം റോഡ് | അത്താണി കിഴക്കംപാടം റോഡ | 2 എടപ്പററ മേലാററൂർ |
| 3 | 12 | 03 | അമ്പാഴപറമ്പ് - ചേരുംകൂട്ടം | .370 | .680 | 1.050 | ആഞ്ഞിലങ്ങാടി എപ്പിക്കാട് P.W.D റോഡ് | കരുവാരക്കുണ്ട് മേലാററൂർ P.W.D. റോഡ | 2 എടപ്പററ മേലാററൂർ |

## പട്ടിക 9
# പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| ക്രമ നമ്പർ | വാർഡ് | റോഡിൻെറ പേര് | നീളം | ശ്രമ ദാനം |
|---|---|---|---|---|
| 1. | 01 | ആയൂർശിവക്ഷേത്രം-അങ്കൻവാടി | .500 | 1/3 |
| 2. | 01 | വേങ്ങശ്ശേരി-ചോലക്കുളം | .600 | 25% |
| 3. | 01 | റെയിൽവേലയിൻ-സാംസ്ക്കാരിക നിലയം നടപ്പാത | .250 | 25% |
| 4. | 02 | പുല്ലാനിക്കാട്-റെയിൽവേലയിൻ | .900 | 1/3 |
| 5. | 02 | വാക്കോട്-പുല്ലാനിക്കാട് | .800 | 25% |
| 6. | 02 | ചെറയകോട്-നമസ്ക്കാരപള്ളി | .700 | 25% |
| 7. | 02 | റെയിൽവെ ലയിൻ റോഡ്-ആശാരിപാടം | 400 | 1/3 |
| 8. | 02 | എളംകുന്ന്-ജമാ മസ്ജിദ് | 300 | 1/3 |
| 9. | 03 | ചൂണ്ടിക്കാലായ്-അയ്യപ്പൻ മുക്ക് | .500 | 1/3 |
| 10. | 03 | കിഴക്കുംപാടം ട്രാൻസ്ഫോർമർ-പുളിയന്തോട് നമസ്ക്കാരപള്ളി | 950 | 1/3 |
| 11. | 03 | പൂശാലിപടി-ഹരിജൻകോളനി | 800 | 1/3 |
| 12. | 03 | വാരിയംകുളം-പുളിയൻതോട്-ബാലവാടിപടി റോഡും പുളിയന്തോടിന് പാലവും. | 1.200 | 1/3 |
| 13. | 03 | വാരിയംകുളം-ചോലപാടം | 400 | 1/3 |
| 14. | 03 | പൂതാനിപടി-ചേരുംകൂട്ടം റോഡ് | 400 | 1/3 |
| 15. | 03 | പുന്നക്കൽചോല-അത്തിക്കാടൻ കുണ്ട് | 500 | 1/3 |
| 16. | 03 | തങ്കുപടി-അയ്യപ്പൻമുക്ക് | 500 | 1/3 |
| 17. | 03 | പുത്തനഴി പാറകോറി-ബാലവാടി | 450 | 1/3 |
| 18. | 03 | പുത്തനഴി പാറകോറി-അയ്യപ്പൻ മുക്ക് | 400 | 1/3 |
| 19. | 03 | ചൂണ്ടിക്കലായ്-ആലുക്കൽപടി-പാലം | 350 | 1/3 |
| 20. | 04 | ഓലപ്പാറ-ചെങ്ങണക്കുന്ന് | 1.600 | 1/3 |
| 21. | 04 | സെഹിയോൻപള്ളി-ചൂളായിപടി | 300 | 1/3 |
| 22. | 04 | പുല്ലുപറമ്പ്ഷാപ്പുംപടി-പുളിയൻതോട് | 500 | 1/3 |
| 23. | 04 | പുല്ലുപറമ്പ്-താഴെപുളിയക്കോട് | 500 | 1/3 |
| 24. | 04 | ഹൈസ്ക്കൂൾ-മാങ്ങോടൻ കുളമ്പ് | 600 | 1/3 |
| 25. | 04 | ബാലവാടി കുരിശ്-പുളിയൻതോട് | 300 | 1/3 |
| 26. | 05 | ബാലവാടി പാടം L.P സ്ക്കൂൾ | 800 | 1/3 |
| 27. | 06 | പേഴുംതറ ഹരിജൻ കോളനി | 500 | 1/3 |
| 28. | 07 | കല്ലാമൂല വെസ്ററ് - കല്ലാമൂല ഈസ്ററ് | 200 | 1/3 |
| 29. | 07 | മസ്താൻപടി-up സ്ക്കൂൾ-കുണ്ടുകണ്ടൻപടി | 800 | 1/3 |
| 30. | 07 | കുട്ടശേരിപടി ചീനക്കൽപറമ്പ് ഹരിജൻകോളനി | 600 | 1/3 |
| 31. | 08 | ചേരിപറമ്പ്-വട്ടമണ്ണപുറം റോഡ് (വയൽകെട്ടി ബന്ധിപ്പിക്കുക. | 210 M | 1/3 |
| 32. | 08 | ചേരിപറമ്പ്യരുകുന്ന് റോഡ് | 1.200 | 1/3 |
| 33. | 08 | മാടമ്പി സ്രാമ്പിക്കുന്ന്റോഡ് രണ്ടാംഘട്ടം | 1. K.M | 1/3 |
| 34. | 08 | കരാട്ടപ്പാറ പാലക്കാപ്പറമ്പ്റോഡ് | 1.200 K.M | 1/3 |
| 35. | 08 | P.H.C. സെൻെറർ-ചിരട്ടക്കുളം (വയൽകെട്ടിബന്ധിപ്പിക്കുക) | 300 M | 1/3 |
| 36. | 08 | P.H.C. സബ്സെൻറർ - രാജീവ്ഗാന്ധിറോഡ് രണ്ടാംഘട്ടം | 300.M | 1/3 |
| 37. | 08 | പാലക്കാപറമ്പ്-ചാഴിയോട്ടിൽപടി റോഡ് | 200 M | 1/3 |
| 38. | 08 | കാരാട്ടപാറ-ചെറുമൻകുണ്ട് ഹരിജൻകോളനി | 400 1 | /3 |
| 39. | 08 | ചേരിപറമ്പ്-പള്ളിപിടി പുത്തൻപുരയ്ക്കൽപടി | 1.400 | |
| 40. | 09 | കോറോട്ടുകുടിപടി-പുളിയൻതോട് | 500 | 1/3 |
| 41. | 09 | മൂനാടി-കീഴിശ്ശേരി പാടം | 350 | 1/3 |

പട്ടിക 7 ലേയും പട്ടിക 6 ലേയുംപട്ടിക 8 ലേയും റോഡുകൾ പണിതീർത്താൽ മാത്രമേ എടപ്പററയുടെ യാത്രാക്ലേശം പരിഹരിക്കപ്പെടുകയുള്ളു.

## K.S.R.T.C ബസ്

K.S.R.T.C ബസുകൾ ഈ പഞ്ചായത്തിലൂടെ ഓടുന്നില്ല. കുടിയേററക്കാർ വളരെയേറെ ഉള്ളതിനാൽ തൃശൂർ ഭാഗത്തേക്ക് ബസ് സൗകര്യമില്ലാത്തത് ദീർഘദൂരയാത്രക്കാർക്ക് അസൗകര്യമുണ്ടാക്കുന്നു.

## റോഡുകളുടെ അപര്യാപ്തത

റോഡുകളുടെ കാര്യത്തിൽ കൊമ്പൻകല്ല്, പേഴുംതറ, രാമൻ തിരുത്തി പ്രദേശത്തുക്കാരാണ് ഏററവും ബുദ്ധിമുട്ടുന്നത്. മേലാററൂർ പഞ്ചായത്തുമായി ബന്ധപ്പെടുന്ന റോഡ് ഇല്ലാത്തതിനാൽ ചുള്ളിയോടുകുന്ന്, കിഴക്കുംപാടം പ്രദേശത്തെ വിദ്യാർത്ഥികൾ പോലും ദുരിതമനുഭവിക്കുന്നു. അവരുടെ L.P. സ്ക്കൂളും മദ്രസ്സയും കിഴക്കുംപാടത്താണ്. ഓലപ്പാറ-കല്ലംകോട് റോഡ് വലിയാർ തോടിന് പാലം നിർമ്മിച്ച് പാലക്കാടു ജില്ലയുമായി ബന്ധിപ്പിക്കേണ്ടതാണ്.

കൊമ്പൻകല്ലിൽ നിന്നും ആലുങ്ങളിലേക്ക് റോഡില്ലാത്തതിനാൽ വളരെയധികം ചുററികറങ്ങിയാൽ കൊമ്പൻ കല്ലുകാർ യാത്രചെയ്യുന്നത്. ചേരിപരമ്പിൽനിന്നുംബ്രാമ്പിക്കൽ കുന്നു വഴി എടത്തനാട്ടുകര വട്ടമണ്ണപുരത്തേക്ക് ഉള്ള വഴി വളരെ മോശമാണ്.

## റെയിൽവേ ലവൽ ക്രോസിംഗ്

എടപ്പററയിലൂടെ കടന്നുപോകുന്ന ഷൊർണൂർ-നിലമ്പൂർ റയിൽവേലയിൻ ഒന്നാം വാർഡിൻെറ വികസനം വഴിമുടക്കിയിരിക്കുകയാണ്. റയിൽവേലയിനിന് ഒരു കാവൽക്കാരനില്ലാത്ത ലവൽ ക്രോസിംഗ എങ്കിലും ഉണ്ടായേതീരൂ. എടപ്പററയിൽ ഒരു ഹാൾട്ട് സ്റേറഷൻ അത്യാവശ്യമാണ്.

## പുതിയ റോഡുകൾ

പഞ്ചായത്തുറോഡുകളുടെ താൽക്കാലിക റിപ്പയർ പ്രാദേശികമായി സന്നദ്ധസംഘടനകൾ ശ്രമദാനമായി നിർമ്മിക്കുകയും പൊതുമരാമത്തു ജോലികൾക്ക് ചെലവഴിക്കുന്ന തുക സ്ഥായിയായ പ്രവർത്തനങ്ങൾക്ക് (ടാറിംഗ്, മെററലിംഗ്) ചെലവഴിക്കുകയും ചെയ്താലേ ശാശ്വതമായി യാത്രാ ക്ലേശം പരിഹരിക്കുവാൻ കഴിയുകയുള്ളു. ആവശ്യമായ സ്ഥലങ്ങളിലൊക്കെ പുതിയ റോഡുകൾ നിർമ്മിക്കുകയും വേണം.

## സന്നദ്ധപ്രവർത്തനം

പുതിയറോഡുകൾക്കാവശ്യമായസ്ഥലം സൗജന്യമായി ലഭിക്കുകയും സന്നദ്ധസേവനം ലഭ്യമാക്കുകയും ചെയ്താൽ പുതിയ റോഡുകൾ യാത്രക്ലേശം ഒരു പരിധിവരെ പരിഹരിക്കും. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ വെള്ളച്ചാലുകൾ നിർബന്ധമായും ഉണ്ടായിരിക്കണം.

## ബസ്സ്ററാൻഡ്

ബസ്റ്റോപ്പുകൾ നിർമ്മിച്ച് യാത്രാക്കാർക്ക് സൗകര്യപ്പെടുത്തണം. പഞ്ചായത്ത് ആസ്ഥാനമായ എപ്പിക്കാട് ബസ്ററാൻഡും, ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കേണ്ടതുണ്ട്.

റോഡുകളുടെ രജിസ്ററർ കൃത്യമായി സൂക്ഷിക്കുകയും, ഓരോ റോഡിനും കോഡ് നമ്പർ നൽകുകയും വേണം റോഡുകൾക്കായി ചെലവഴിക്കുന്ന തുകയും റോഡുകളുടെ മാററങ്ങളും രജിസ്റററിലൂടെമനസ്സിലാക്കുവാൻ ബുദ്ധിമുട്ടുണ്ടാകരുത്.

പഞ്ചായത്ത് ആസ്ഥാനമായ ഏപ്പിക്കാട് റോഡുകൾഡ്രൈനേജ് സൗകര്യമില്ലാതെ വൃത്തിഹീനമാണ് പ്രത്യേക പരിഗണ നൽകി റോഡ് വികസിപ്പിക്കണം റോഡുകളുടെ പേരുകൾ എഴുതിയ ബോർഡുകളും അപകടമുന്നറിയിപ്പുകൾ കാണിക്കുന്ന ബോർഡുകളും സ്ഥാപിക്കേണ്ടതാണ്.

ഗതാഗതരംഗത്തെ പ്രശ്നങ്ങൾ ഗ്രാമസഭകളിലൂടെ ഉയർന്നുവന്നവ താഴെ പറയുന്നു.

## പ്രശ്നങ്ങൾ:-

1. പൊതുമരാമത്തു വകുപ്പ് റോഡുകൾ ഏറെറടുക്കുന്നില്ല അതിനാൽ പാലക്കാട് ജില്ല യുമായി ബന്ധിപ്പിക്കുന്ന റോഡുകളും, മററു ബ്ലോക്കുകളുമായി ബന്ധിപ്പിക്കുന്ന റോഡുക ളും ഗതാഗതയോഗ്യമാക്കുന്നില്ല.

2. മററുപഞ്ചായത്തുകളുമായിബന്ധിക്കുന്ന റോഡുകളുടെ പണികൾ നടക്കുന്നില്ല.

3. എടപ്പററയിലെ റെയിൽവേ ലയിൻ എട പ്പററയുടെ പുരോഗതി നഷ്ടപ്പെടുത്തുന്നു.

4.എടപ്പററയിൽ റെയിൽവേ ഹാൾട്ട് സ്റേ റഷനില്ല.

5. ടാർചെയ്യാത്തതുമൂലം റോഡുകൾ ഗതാ ഗതയോഗ്യമല്ല.

6. എപ്പിക്കാട് ബസ്ററാൻഡില്ല.

7. ബസ്യാത്രക്കാർക്ക് ബസ്റേറാപ്പുകൾ ഇല്ല.

8. അപകടസൂചനബോർഡുകളും റോഡി ൻെറ പേരുകളും സൂചിപ്പിക്കുന്ന ബോർഡു കൾ ഇല്ല.

9. ആവശ്യമായ പുതിയ റോഡുകൾ നിർമ്മിക്കുന്നില്ല.

10. K.S.R.T.C ബസ്സുകൾ ഓടുന്നില്ല

11. കല്ലാംപാറമുതൽ ഗാന്ധിനഗർവരെ യുള്ള മെയിൻറോഡ് വൃത്തിഹീനമാണ്.

## സാധ്യതകൾ

1. പൊതുമരാമത്തുവകുപ്പ്, ജില്ലാപഞ്ചാ യത്ത്, ബ്ലോക്കുപഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ റോഡുകൾനിർമ്മിക്കുവാൻ പദ്ധതി തയ്യാറാക്കണം. ഒന്നിലധികം ജില്ലകൾ ബന്ധിപ്പിക്കുന്ന റോഡുകൾ, ബ്ലോക്കുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളും പഞ്ചാ യത്തുകളും തമ്മിൽ ബന്ധിപ്പുക്കുന്ന റോഡു കളും പട്ടിക6, പട്ടിക7, പട്ടിക8, ഇവിയിൽ കൊടു ത്തിട്ടുണ്ട്

2. ഓരോവാർഡുകളിലേയും റോഡുകളുടെ ലിസ്ററ് നമുൻഗണനാക്രമത്തിലാണ് കൊടു ത്തിട്ടുള്ളത്. അതേക്രമത്തിൽ റോഡുകൾ ടാർചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിന് മുൻഗ ണന നൽകാവുന്നതാണ്.

3. എടപ്പററ റെയിൽവേലയിന് ലവൽക്രോ സിംഗ് നിർമ്മിക്കുവാൻ അനുമതിവാങ്ങി സന്ന ദ്ധപ്രവർത്തകരുടെ സഹകരണത്തോടെ നിർമ്മി ക്കണം.

4. പൊതു മരാമത്തുവകുപ്പിൻെറ വില്ലേജ് ഓഫീസിനുമുൻപിലുള്ള വീതികൂടിയ സ്ഥലം ബസ്സ്ററാൻഡിന് ലഭ്യമാക്കിയാൽ ബസ് സ്ററാൻഡ് നിർമ്മിക്കുവാൻ കഴിയും. ഷോപ്പിംഗ് കോംപ്ലക്സിനുള്ള സ്ഥലം അതിനോടനുബ ന്ധിച്ച് വാങ്ങുകയും വേണം

5. കല്ലാംപാറമുതൽ-ഗാന്ധിനഗർ വരെ യുള്ള റോഡ് സൈഡുകളിൽ ഡ്രൈനേജ് സൗകര്യം ഉണ്ടാക്കണം. റോഡ്സൈഡുകളിൽ മരം വെച്ചുപിടിപ്പിച്ച് മോടിപിടിപ്പിക്കുകയും ചെയ്യാവുന്നതാണ്.

6.ഏപ്പിക്കാട് ജംഗ്ഷൻ, അമ്പാഴപറമ്പ്, പൂശാലിപടി, പുല്ലുപറമ്പ്, മുരുമുരുപ്പൻപാറ, മുത്തപ്പൻപാറ, ആഞ്ഞിലങ്ങാടി, ഹൈസ്ക്കൂർപ ടി, ഓപാറ, ബാലവാടിപടി, പുളിയക്കോട്, മൈലാടി, മൂന്നാടി എന്നിവിടങ്ങളിൽബ്സ്റേ റാപ്പുകൾ നിർമ്മിക്കുന്നതിന് ജനകീയസഹക രണം ലഭ്യമാക്കുവാൻ സാധ്യതയുണ്ട്.

7. അപകടസൂചനാബോർഡുകൾ, റോഡു കളുടെ പേരുവിവരംകാണിക്കുന്ന ബോർഡു കൾ ഇവ സ്ഥാപിക്കുവാനായി സന്നദ്ധസംഘ ടനകളേയും, സ്വകാര്യസ്ഥാപനങ്ങളേയും സ്പോൺസർ ചെയ്യിക്കുവാനുള്ള സാധ്യത യുണ്ട്.

8. K.S.R.T.C ബസുകൾ അനുവദിക്കുകയും കൊമ്പൻകല്ലിലേക്കും ചേരിപറമ്പിലേക്കും ബസ്റൂട്ട് അനുവദിക്കുകയും ചെയ്താൽ ബസ്യാത്രാക്കാരുടെ പ്രശ്നങ്ങൾ പരിഹരി ക്കപ്പെടും.

9. റോഡുകൾ ടെൻണ്ടർ ചെയ്യാതെ സന്ന ദ്ധസംഘടനകൾക്കോ, പുതിയ കമ്മററികൾ രൂപീ കരിച്ചോ പണിഏല്പിച്ചാൽ ജനകീയ പങ്കാളി ത്തം ഉണ്ടാക്കുവാനും 1/3 ഭാഗം ചെലവെങ്കി

ലും ലാഭിക്കുവാനും കഴിയും റോഡുകളുടെ ഗുണനിലവാരം വർദ്ധിക്കുവാനും സാധ്യതയുണ്ട്. റോഡുകളുടെ സംരക്ഷണം പ്രാദേശിക സമിതികളെ ഏല്പ്പുക്കുകയു വേണം.

10. റോഡുകളുടെ അനധികൃതമായകയ്യേററം കർശനമായി തടയുകയും വേണം.

# ഊർജ്ജം

1980-ൽ എടപ്പററപഞ്ചായത്തിലെ ഒലിപ്പുഴ, എടപ്പററട്രാൻസ്ഫോർമമറുകൾ ഒരേദിവസം ചാർജ്ജുചെയ്തുകൊണ്ട് എടപററപഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തി. പിന്നീട് വെളിയഞ്ചേരി, കിഴക്കുംപാടം ഹരിജൻകോളനി, പാതിരിക്കോട്, പുളിയക്കോട് എന്നീ ട്രാൻസ്ഫോർമറുകളും ചാർജ്ജ് ചെയ്യപ്പെട്ടു. 965 വൈദ്യുത കണഷനുകളാണ് എടപ്പററയിൽ ആകെയുള്ളത്.

പട്ടിക 1

വൈദ്യുതി ഉപഭോക്താക്കളുടെ കണക്ക്

| ഉപയോഗം | എണ്ണം | ഉപയോഗിക്കുന്ന വൈദ്യുതി |
|---|---|---|
| 1. ഗാർഹികം | 796 | 84.5% |
| 2. വ്യാപാരം | 111 | 7.3% |
| 3. വ്യവസായികം | 10 | 3.9% |
| 4. കാർഷികം | 48 | 4.3% |
| ആകെ | 965 | |

ഈ പഞ്ചായത്തിലെ ആകെവീടുകളുടെ എണ്ണം 3282 ആണ്. വൈദ്യുതി കണക്ഷൻ ലഭിച്ച വീടുകൾ 796 മാത്രം അതായത് ആകെയുള്ള വീടുകളിൽ 24.% മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ

## വൈദ്യുതിയുടെ ഉപയോഗം

വ്യവസായിക ആവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതി 3.9 ശതമാനവും, കൃഷി ആവശ്യത്തിന് 4.3 ശതമാനവും കച്ചവട ആവശ്യത്തിന് 7.3 ശതമാനവും വൈദ്യുതി ഉപയോഗിക്കുമ്പോൾ 84.5 ശതമാനവും ഗാർഹിക ആവശ്യത്തിനാണ്. കൃഷിക്കും വ്യവസായത്തിനും കച്ചവടാവശ്യത്തിനും ഇനിയും വൈദ്യുതിയുടെ വലിയ ആവശ്യങ്ങൾവരും.

## വോൾട്ടേജ് കമ്മി.

പെരിന്തൽമണ്ണയിലെ 66 K.V സബ്ബ് സ്റേറഷനിൽ നിന്നുമാണ് ഈ പഞ്ചായത്തിലെ വെള്ളിയഞ്ചേരി ഒഴികെയുള്ള ട്രാൻസ്ഫോർമറുകളിലേക്ക് വൈദ്യുതി എത്തുന്നത്. വെള്ളിയംഞ്ചേരിയിലേക്ക് മണ്ണാർക്കാടുനിന്നും വരുന്നു. സബ്ബ്സ്റേറഷൻ 25 കിലോമീററിലധികം ദൂരെയാണ് അതുകൊണ്ടുതന്നെ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.

പുല്ലുപറമ്പ്, പുത്തനഴി, ബാലവാടിപടി, എടപ്പററ തുടങ്ങിയ സ്ഥലങ്ങളിൽ മണ്ണെണ്ണ വിളക്കുമാത്രമാണ് ശരണം.

പട്ടിക 2

ട്രാൻഫോർമർകപ്പാസിററി

| ക്രമനമ്പർ | ട്രാൻസ്ഫോർമർ | കപ്പാസിററി |
|---|---|---|
| 1. | ഒലിപുഴ | 63 |
| 2. | ഏപ്പിക്കാട് | 100 |
| 3. | നിഴക്കുംപാടം | (H.C) 63 |
| 4. | വെള്ളിയഞ്ചേരി | 100 |
| 5. | പാതിരിക്കോട് | 63 |
| 6. | പുളിയക്കോട് | 100 |

നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിററി ഉയർത്തിയും, സിങ്കിൾഫെയിസ് ലൈനുകൾ ത്രീഫെയിസ് ആക്കി മാററിയും വോൾട്ടേജ് കമ്മി പരിഹരിച്ചേ പററൂ. പ്രേക്ഷണ-പ്രസരണ നഷ്ടമാണ് വോൾട്ടേജ് കമ്മിക്ക് മുഖ്യകാരണം. അതിനാൽ സമീപപ്രദേശത്ത് സബ്ബ്സ്റേറഷൻ ഉണ്ടാക്കുകയാണ് വോൾട്ടേജ് കമ്മി പരിഹരിക്കാനുള്ള മുഖ്യ പോംവഴി

1989 മുതലുള്ള വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾക്ക് ഇനിയും വൈദ്യുതി ലഭിക്കുവാനുണ്ട്.

പട്ടിക 3

വൈദ്യുതി അപേക്ഷകരുടെ പൊതുവായ കണക്ക്.

| ക്രമ നമ്പർ | അപേക്ഷ കരുടെ വവരം | എണ്ണം | അപേക്ഷിച്ച വർഷം | ഏതുവരെയുള്ള കണക്ഷൻ നല്കി |
|---|---|---|---|---|
| 1. | കാർഷികമിനിമം ഗാരണ്ടി | 2 | 1989 | 1988 |
| 2. | വ്യാവസായിക മിനിമംഗാരണ്ടി | 1 | 1994 | 1988 |
| 3. | O.Y.E.C ലൈൻ എക്സ്ററൻഷൻ | 4 | 12/95 | 9/95 |
| 4. | O.Y.E.C. (O.H) | 4 | 1995 | 7/95 |
| 5. | O.Y.E.C. (W.P) | 16 | 1996 | 7/96 |

പട്ടികിൽ നിന്നും മനസ്സിലാക്കുവാൻകഴിയുന്ന ഒരു വസ്തുത **OYEC** പദ്ധതിപ്രകാരം പണം അടച്ചാലും കണക്ഷൻ ലഭിക്കണമെങ്കിൽ കാത്തിരുപ്പ് നീളും എന്നാണ്. കമ്പി ഇല്ല എന്നതാണ് പ്രശ്നം ലൈനിനാവശ്യമായ മുഴുവൻ ചെലവും ഉപയോക്താവ് അടയ്ക്കുന്നുണ്ടെങ്കിലും പണം മുടക്കുന്ന ആൾക്ക് കണക്ഷൻ ലഭിക്കാതിരിക്കുന്നതിന് ന്യായീകരണമില്ല. മിനിമംഗ്യാരണ്ടി പദ്ധതിപ്രകാരം വൈദ്യുതികണക്ഷൻ ലഭിക്കുവാനുള്ള സാഹചര്യവും ഇല്ല. മിനിമം ഗ്യാരണ്ടിവ്യവസ്ഥകൾ അതികഠിനമാക്കി ഉപഭോക്താവിന് താങ്ങാൻ കഴിയുന്നതിനേക്കാൾ വലിയതുക അടക്കേണ്ടിവരുന്നു. എന്നതാണ് മിനിമംഗ്യാരണ്ടിവ്യവസ്ഥയുടെ ഏററവും വലിയ പോരായ്മ

താഴെപറയുന്ന പ്രദേശങ്ങളിൽ വൈദ്യുതി എത്തേണ്ടതുണ്ട്.

പട്ടിക 4

വൈദ്യുതി എതതാത്ത പ്രദേശങ്ങൾ

| ക്രമ നമ്പർ | വാർഡ് | പ്രദേശം |
|---|---|---|
| 1. | 2 | കുണ്ടൻചോല |
| 2. | 3 | ചുണ്ടിക്കാലായ് |
| 3. | 3 | ചുള്ളിയോടുകുന്ന്. |
| 4. | 4 | പടിക്കൽ പറമ്പ് |
| 5. | 4 | മണ്ണാർപി പടി |
| 6. | 5 | കല്ലംകോട് |
| 7. | 6 | കൊമ്പൻകല്ല് |
| 8. | 6 | പേഴുംതറ |
| 9. | 8 | സാമ്പ്രിക്കൽകുന്ന് |
| 10. | 8 | ദ്വീപ് |
| 11. | 8 | കാളമഠം |
| 12. | 9 | മൂന്നാടി |
| 13. | 9 | മൈനറങ്ങാടി |
| 14. | 9 | കരുവാരററ |

മണ്ണാർക്കാട് സബ്സ്റേറഷനിൽനിന്നുമുള്ള വെള്ളിയഞ്ചേരി സപ്ലെയും, പെരിന്തൽമണ്ണയിൽനിന്നുമുള്ള പാതിരിക്കോട് സപ്ലെയുംതമ്മിൽ ബന്ധിപ്പിക്കുന്നതിന് ഒരു ഇൻറർലിങ്കിംഗ് **H.T.** ലൈൻ ഉണ്ടാക്കിയാൽ ഇരു ഭാഗത്തുമുള്ള ഉപയോക്താക്കൾക്ക് സൗകര്യമാകും.

## സെററപ് അപ് ട്രാൻസ്ഫോർമർ

പഞ്ചായത്തിൻെറ മിക്കഭാഗങ്ങളിലും പിക്ലോഡ്സമയത്ത് വോൾട്ടേജ് വെറും **20-25** ആയി കുറയുന്നു. പുല്ലുപറമ്പിലാകട്ടെ അതിലും താഴെയാണ്. **110V, 150V** ബൾബുകൾ ഉപയോഗിച്ചാലും ഒരു പ്രയോജനവുമില്ല. ചിലരെങ്കിലും **StepUp** ട്രാൻസ്ഫോർമറുകൾ ഉപയോഗിക്കുന്നുണ്ട് അതില്ലാത്തവർക്ക് വോൾട്ടേജ് വളരെ കുറയുവാൻ കാരണമാകുന്നു.

യഥാർത്ഥത്തിൽ ഉപയോക്താക്കൾ ഉപയോഗിക്കുന്ന കണക്ററഡ്ലോഡിൻെറ കണക്ക് വൈദ്യുതിബോർഡിൻെറ രജിസ്ററുകളിൽ ഇന്ന് ലഭ്യമല്ല എന്നാണ് സർവ്വേസൂചിപ്പിക്കുന്നത്. കാരണം രജിസ്ററിലുള്ളതിനേക്കാൾ വളരെകൂടുതൽകണകക്ററ്ലോഡ് ഉപയോഗിക്കപ്പെടുന്നു. പഞ്ചായത്തിലെ **30%** മീറററുകളും കേടാണ്. വൈദ്യുതിമോഷണം ഇല്ലെന്നുതന്നെ പറയാം, എന്നാൽ പ്രേഷണ വിതരണസംവിധാനങ്ങളുടെ തകരാറുമൂലം വൈദ്യുതി നഷ്ടം സംഭവിക്കുന്നു. വളരെ ദൈർഘ്യമുള്ള വിത

രണ ലൈനുകളും ട്രാൻസ്ഫോർമറുകളുടെ അധികഭാരവുമാണ് അതിനുകാരണം.

പട്ടിക 5

വോൾട്ടേജ്‌വർദ്ധനവിനു ആവശ്യമായ സ്ഥലങ്ങൾ

| ക്രമ നമ്പർ | വാർഡ് | സ്ഥലം | H.T. ലൈൻ ആവശ്യമുള്ള ദൂരം |
|---|---|---|---|
| 1. | 01 | എടപ്പററ | 500 മീററർ |
| 2. | 02 | ഗാന്ധിനഗർ | വേണ്ട |
| 3. | 03 | അമ്പാഴപറമ്പ് | 200 മീററർ |
| 4. | 03 | പുത്തനഴി | വേണ്ട |
| 5. | 04 | പുല്ലുപറമ്പ് | 600 മീററർ |
| 6. | 04 | പടിക്കൽപറമ്പ് | 700 മീററർ |
| 7. | 05 | കല്ലൻപടി | 1200 മീററർ |
| 8. | 05 | ഓലപാററ | 1300 മീററർ |
| 9 | 07 | മുരുകൻപാററ | 600 മീററർ |
| 10. | 08 | കാരാട്ടപാററ | 800 മീററർ |
| 11. | 09 | മൈലാടി | 1500 മീററർ |

ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചതുകൊണ്ടുമാത്രമായില്ല വൈദ്യുതികമ്പികളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ചുമാററിയും ജംബർ മെച്ചപ്പെടുത്തിയും പ്രേഷണ-പ്രസരണ നഷ്ടം കുറയ്ക്കുകയും വേണം വൈദ്യുതി പിക്‌ലോഡ് സമയത്ത് കഴിയുന്നത്രഉപയോഗം കുറയ്ക്കുന്നതിനെപററിയും, വൈദ്യുതിചിലവുകുറയ്ക്കുന്നതിനുള്ള സാങ്കേതികമാർഗ്ഗങ്ങളേപററിയും ബോധവൽക്കരണം ആവശ്യമാണ്.

## സൗരോർജ്ജം

അനർട്ട് മുഖേനയുള്ള സൗരോർജ്ജസാമഗ്രികൾ സാധാരണക്കാന് ഇന്ന് ലഭ്യമല്ല കേന്ദ്ര സർക്കാർ വർദ്ധിച്ചനിരക്കിൽ സബ്സിഡിനൽകിയാണ് സൗരോർജ്ജഉപകരണങ്ങൾ നൽകുന്നത്. വൈദ്യുതിയുടെ ലഭ്യത ഒരു സ്വപ്നമായിമാറിയ ഈ സമയത്ത് മററ് ഊർജ്ജസ്രോതസ്സുകൾ തേടുകയേനിർവ്വാഹമുള്ളൂ. ജനറേററുകൾക്കു കൂടി അനർട്ട് സബ്സിഡിനൽകി കാർഷിക ആവശ്യങ്ങൾക്കും ഗാർഹികാവശ്യങ്ങൾക്കും വൈദ്യുതി ലഭിക്കാത്തെ സാധാരണക്കാരെ സഹായിക്കണം.

## സൗരോർജ്ജ വഴിവിളക്കുകൾ

അടുത്തകാലത്തൊന്നും വൈദ്യുതിലഭിക്കുവാൻ സാധ്യതയില്ലാത്ത മൂനാടി, സാമ്പ്രിക്കൽകുന്ന് I.H.D.P കോളനി, കാളമഠം, ചുള്ളിയോടുകുന്ന് ഹരിജൻകോളനി, ചൂണ്ടിക്കാലായ് കൊമ്പൻകല്ല്, പേഴുംതറ, കുണ്ടൻചോല, പടിക്കൽപറമ്പ്, താഴെപുളിയക്കോട്, ചെന്നായ്പ്പാറ എന്നീ സ്ഥലങ്ങളിൽ അനർട്ട് സബ്ബ്സിഡി വഴി വിളക്കുകൾ സ്ഥാപിച്ച് സൗരോർജ്ജത്തെപററി പ്രചരിപ്പിക്കണം.

വെളിച്ചത്തിനുവേണ്ടിയുള്ള ബൾബ് വെളിച്ചത്തേക്കാൾ അധികം ചൂടാണ് നൽകുന്നത്. ഇതൊഴിവാക്കിയാൽ വൈദ്യുതി ലാഭിക്കുവാൻ കഴിയും. വോൾട്ടേജ് കുറവുള്ളപ്പോൾ കത്തുന്ന "കോംപാക്ട് ഫ്ളൂറസൻറ് ലാംപ്" വാങ്ങുന്നവർക്ക് അനർട്ട് സബ്സിഡിയുണ്ട്. സൗരോർജ്ജവിളക്ക് ചൂടില്ലാതെ വെളിച്ചം തരുന്ന നല്ലൊരുപ്രകാശസ്രോതസ്സാണ്.

എലക്ട്രോണിക് ചോക്ക് വ്യാപകമയായി പ്രചരിപ്പിക്കാൻ കഴിഞ്ഞാൽ വൈദ്യുതിക്ഷാമം ഇല്ലാതാകും. അതിനായി ചെലവഴിക്കുന്ന തുക സാമൂഹ്യനന്മക്കായി ചെലവഴിക്കുന്നതിനു തുല്യമാണ്.

## ഭക്ഷണം പാകംചെയ്യൽ

അടുക്കളയിലെ പുകയും, വിറകടുപ്പുകളുടെ ശല്യവും വീട്ടമ്മമാർക്കു മാത്രമല്ല അവരുടെ കുട്ടികൾക്കുകൂടി വിലിയ പ്രശ്നമാണ്. ആധുനികരീതിയിലുള്ള പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കുവാനും ധനസഹായം നൽകുവാനും കഴിഞ്ഞാൽ വീട്ടമ്മമാർക്ക്ആശ്വസിക്കാം. ഗോബർഗ്യാസ് കൊണ്ടും ബയോഗ്യാസ്കൊണ്ടും പാചക ആവശ്യവും വെളിച്ചത്തിൻെറ ആവശ്യവും 10% എങ്കിലും നിറവേററപ്പെടുവാൻ പദ്ധതികൾ ആവശ്യമാണ്. മണ്ണെണ്ണസ്ററൗ പാവപെട്ടവൻെറകൂടി പാചകസഹായിയായിമാററണം. അതിനായി അനർട്ടിൽ നിന്നും സബ്ബ്സിഡി നൽകുന്നു

ണ്ട്. "ഫ്രിക്ഷൻ ലെസ്ഫുട്ട്വാൾവ്" വീട്ടിലെ അത്യാവശ്യമായ വെളിച്ചത്തിൻെറയും ഫാനിൻെറയും ആവശ്യം നിറവേററുന്ന സൗരോർജ്ജ പാനലുകൾ എന്നിവയ്ക്കും അനർട്ട് സബ്സിഡി നൽകുന്നുണ്ട്. എന്നാൽ ഇവയൊന്നും ലഭിക്കുവാനുള്ള സൗകര്യം സാധാരണക്കാരനില്ല എന്നതാണ് വലിയ പ്രശ്നം. വിറകിനേക്കാൾ ചിലവുകുറഞ്ഞതാണ് പാചകഗ്യാസ് എങ്കിലും സാധാരണക്കാർക്ക് അതും ലഭിക്കുവാനുള്ള സംവിധാനം ഇന്നില്ല.

## പ്രഷർകുക്കർ, കച്ചിപ്പെട്ടി

ഭക്ഷണം പാചകം ചെയ്യുന്നതിന് ഒരു ശരാശരി ഇന്ത്യക്കാരൻ ചെലവിഴിക്കുന്നതിൻെറ 15% മാത്രമേ ഒരു അമേരിക്കക്കാരൻ ചെലവഴിക്കുന്നുള്ളൂ. അതിനുള്ള കാരണം പരമ്പരാഗതമായ നമ്മുടെ രീതികളാണ് സാങ്കേതികമായ അജ്ഞതയും ഒരു കാരണമാണ് പ്രഷർകുക്കർ ഭക്ഷണപാചകത്തിന് ഉപയോഗപ്പെടുത്തുന്നവർ കുറവാണ് അതിൻെറ വർദ്ധിച്ച വില പ്രഷർകുക്കറിനെ സാധാരണക്കാരന് അപ്രാപ്യമാക്കുന്നു. അത് വാങ്ങുന്നതിനും അനർട്ട് സഹായമുണ്ട് അരി തിളപ്പിച്ചുകഴിഞ്ഞാൽ പിന്നെ തീ കത്താതെ പാകമാക്കികിട്ടുന്ന ഒരുഉപകരണമാണ് വളരെ ലളിതമായ "കച്ചിപ്പെട്ടി" തിളച്ചുകഴിയുമ്പോൾ പാത്രം കച്ചിപെട്ടിയിൽ എടുത്തുവെച്ചാൽ മതി. സമയമാകുമ്പോൾ അരി പാകമായിരിക്കും. എന്നാൽ കച്ചിപ്പെട്ടി ഇപ്പോൾ വ്യാപകമായി ലഭിക്കുന്നില്ല. അത് നിർമ്മിച്ച് വിതരണം ചെയ്യുവാൻ പദ്ധതി ആവിഷ്ക്കരക്കണം. വളരെ പേർക്ക് അടുപ്പ്നിർമ്മാണരംഗത്തും, കച്ചിപെട്ടിനിർമ്മാണരംഗത്തും തൊഴിൽ ലഭിക്കുകയും ചെയ്യും.

## വൈദ്യുതിബോർഡ്

ഒന്നാം വാർഡിലെ വൈദ്യുതി ഉപയോക്താക്കൾ 1.5 കിലോമീററർ മാത്രം ദൂരെയുള്ള മേലാററൂർ ഇലക്ട്രിക് സെക്ഷൻെറ കീഴിലല്ല 26 കിലോമീററർ ദൂരെയുള്ള വണ്ടൂർ സെക്ഷൻെറ കീഴിൽനിന്നും ഇവരെവേർപ്പെടുത്തി മേലാററൂർ സെക്ഷൻെറ പരിധിയിൽ കൊണ്ടുവരണം.

പഞ്ചായത്തിൽ സ്ഥിരമായി ഒരു ലൈൻമാൻെറ സേവനം ലഭ്യമാക്കുകയും, എടപ്പററയിൽതന്നെ വൈദ്യുതി ചാർജ്ജ് അടക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

## സ്ട്രീററ്ലൈററ്

അത്യാവശ്യസ്ഥലങ്ങളിലൊക്കെ സ്ട്രീററ് ലൈററ് സ്ഥാപിക്കുകയും നിലവിലുള്ളവ സ്ഥിരമായി കത്തിക്കുകയും വേണം. വളരെകുറച്ച് സ്ട്രീററ് ലൈററുകൾ മാത്രമേ ഈ പഞ്ചായത്തിലുള്ളൂ എങ്കിലും അവ ശ്രദ്ധിക്കപ്പെടുന്നില്ല.

വിശേഷാൽ ഗ്രാമസഭകളിൽ ചർച്ചചെയ്യപ്പെട്ട് പരിഹാരം തേടുന്ന പ്രശ്നങ്ങൾ താഴെ വിവരിക്കുന്നു.

## പ്രശ്നങ്ങൾ

1. വോൾട്ടേജ്ക്ഷാമം അതിരൂക്ഷമാണ്.

2. O.Y.E.C. പദ്ധതിപ്രകാരം പണം അടച്ചവർക്കുപോലും വൈദ്യുതി കണക്ഷൻ ലഭിക്കുന്നില്ല.

3. പ്രേഷണ-പ്രസരണ നഷ്ടം കുറയ്ക്കുവാൻ കാര്യമായ ശ്രമങ്ങളൊന്നും നടക്കുന്നില്ല.

4. വൈദ്യുതീകരിക്കാത്തദേശങ്ങൾ വൈദ്യുതീകരിക്കുവാൻ ഒരു ശ്രമവും നടക്കുന്നില്ല.

5. സ്ട്രീററുലൈററുകൾ കൃത്യമായി കത്തുന്നില്ല പുതിയവസ്ഥാപിക്കുന്നില്ല.

6. അനർട്ടിൻെറ സേവനം എടപ്പററയിൽ ലഭിക്കുന്നില്ല.

7. വൈദ്യുതിചെലവുചുരുക്കുവാൻ ബോധവൽക്കരണമില്ല.

8. വൈദ്യുതബോർഡ് ജീവനക്കാരുടെ സേവനം പഞ്ചായത്ത് തലത്തിൽ ലഭിക്കുന്നില്ല.

9. കാർഷികാവശ്യത്തിന് മോട്ടോർകണക്ഷൻ ലഭിക്കുന്നില്ല.

ഗ്രാമസഭയിൽ നടന്ന ചർച്ചകളിൽനിന്നും വിദഗ്ധരുടെ ഉപദേശങ്ങളിൽ നിന്നും മുകളിൽ പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുവാൻ താഴെ പറയുന്ന സാധ്യതകൾ കാണുന്നു.

1. സിങ്കിൾ ഫെയിസ് ലൈനുകൾ മുഴുവൻ 3 ഫെയിസ് ലയിനുകളായി മാററണം അതിൻെറ ചെലവ് ഉപയോക്താക്കൾ വഹിക്കണമെന്നുപറയുന്നത് ന്യായീകരിക്കാനാവില്ല. ആവശ്യമായസ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും വേണം. എന്നാൽ വോൾട്ടേജ്ക്ഷാമം കുറച്ചൊക്കെ പരിഹരിക്കപ്പെടുവാൻ സാധ്യതയുണ്ട്.

2. സമീപപ്രദേശത്ത് സബ്സ്റേഷൻ ആരംഭിച്ചാൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടും

3. അതിനൊക്കെപുറമെ അനർട്ട്സബ്സിഡി ഉപയോഗപ്പെടുത്തി ആധുനികവൈദ്യുതോപകരണങ്ങൾ വാങ്ങുവാൻ പൊതുജനങ്ങൾക്ക് സൗകര്യം ലഭ്യമാക്കണം.

4. കുറഞ്ഞവോൾട്ടേജിൽ കത്തുന്ന എലക്ട്രോണിക്ചോക്കുകൾക്ക് സബ്സിഡി ലഭ്യമാക്കിയാൽവോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുവാൻ സാധ്യതയുണ്ട്.

5. വൈദ്യുതിലൈനുകളിൽ മുട്ടുന്ന മരക്കൊമ്പുകൾ വെട്ടിമാററുവാനും, ജംബറുകൾ ആവശ്യമായവമാററിക്കൊടുക്കുവാനും കഴിഞ്ഞാൽ പ്രസരണനഷ്ടംകുറയുവാൻ സാധ്യതയുണ്ട്.

6. ബോധവൽക്കരണംമൂലം വൈദ്യുതിചെലവുകുറയുവാൻ സാധ്യതയുണ്ട്.

7. ഒന്നാംവാർഡിനെ വണ്ടൂർസെക്ക്ഷനിൽ നിന്നും ഒഴിവാക്കി മേലാററൂർ എലക്ട്രീക്കൽസെക്ഷൻെറ പരിധിയിലാക്കിയാൽ വൈദ്യുതിബോർഡിൻെറസേവനം അവർക്കും യഥാസമയത്ത് ലഭിക്കുന്നതാണ്.

8. ഗോബർഗ്യാസ്-ബയോഗ്യാസ് പ്ലാൻറുകൾക്ക് ധനസഹായം വർദ്ധിപ്പിച്ചാൽ ഒരു പരിധിവരെ ഊർജ്ജക്ഷാമം പരിഹരിക്കപ്പെടും. വ്യാപകമായ പ്രചരണവും പരിശീലനവും നൽകുകയും വേണം.

9. കുക്കിംഗ് ഗ്യാസ് എടപ്പററനിവാസികൾക്ക് ഗവ.കോട്ടയിൽനിന്നുതന്നെ ലഭിക്കുവാൻ സൗകര്യമുണ്ടാക്കിയാൽ പാചകഊർജ്ജപ്രശ്നം പരിഹരിക്കപ്പെടും.

10. പ്രഷർകുക്കർ, മണ്ണെണ്ണസ്ററൗ, കച്ചിപെട്ടി ഇവ അനർട്ടുമുഖേന പഞ്ചായത്തുതലത്തിൽ ലഭ്യമായാൽ സ്ത്രീകൾക്ക് കൂടുതൽ ആശ്വാസമാകും. അനർട്ടിൻെറ ആനുകൂല്യങ്ങളെപററിക്ലാസുകൾ സംഘടിപ്പിക്കണം.

11. അനർട്ട്വക സൗരോർജ്ജടെലിവിഷൻ, വീടുകളിലെ വൈദ്യുതി സംവിധാനം, കോംപാക്ട്ഫ്ളൂറസൻറ് ലാംപ്, സൗരോർജ്ജവിളക്ക്, ഫ്രീക്ഷൻലെസ്ഫുട്ടുവാൾവ്, സൗരോർജ്ജവഴിവിളക്കുകൾ ഇവ കേന്ദ്രസർക്കാർ സബ്സിഡിയോടെ എടപ്പററയിൽ പ്രചരിപ്പിച്ചാൽ ഊർജ്ജരംഗത്ത് ഇന്നുള്ള പ്രതിസന്ധികൾ കുറയൊക്കെ പരിഹരിക്കപ്പെടും.

12. അനർട്ടിൻെറ ഒരു ഓഫീസ് പഞ്ചായത്താസ്ഥാനത്ത് സ്ഥാപിക്കാൻവേണ്ട നടപടിസ്വീകരിച്ചാൽ നന്നായിരുന്നു.

ചുരുക്കത്തിൽ ഊർജ്ജമെന്നാൽ വൈദ്യുതിയാണെനന്ന ധാരണ മാറേറണ്ടിയിരിക്കുന്നു. ഏററവും വലിയ ഊർജ്ജസ്രോതസ്സായ സൂര്യനിൽ ആശ്രയിച്ചും നഷ്ടപ്പെട്ടുപോകുന്ന ബയോഗ്യാസും ഉപയോഗപ്പെടുത്തിയും, പുതിയ സാങ്കേതികമാർഗ്ഗങ്ങളിലൂടെയും ബോധവൽക്കരണത്തിലൂടെയും വൈദ്യുതിചെലവ് ലാഭിച്ചും വീട്ടിൽനിറയെ ബൾബുകൾ ഇടുന്നതും മതിലുകളിലേയും വീടുകളിലേയും അലങ്കാരദീപങ്ങൾ സാമൂഹ്യതിന്മയാണെന്ന് പ്രചരിപ്പിച്ചും എടപ്പററയുടെ ഊർജ്ജപ്രതിസന്ധിപരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞുവരേണ്ടിയിരിക്കുന്നു. മഴപെയ്താലെ അണക്കെട്ടുകൾ നിറയൂ അണക്കെട്ടുകൾനിറഞ്ഞാലേ വൈദ്യുതി ഉത്പാദിപ്പിക്കപ്പെടുകയുള്ളൂ. അതിനാൽ സാമൂഹ്യവനവൽക്കരണത്തിലൂടെ നാട്ട്പച്ചപുതപ്പിച്ച് പരിസ്ഥിതിസംരക്ഷിച്ച് നല്ല മഴപെയ്യിക്കുവാനും പദ്ധതിയുണ്ടാക്കേണ്ടിയിരിക്കുന്നു. അതുമൂലം പാചകത്തിനാവശ്യമായ വിറകും യഥേഷ്ടമാകും.

# വാർത്താവിനിമയം

കയ്യിൽവളഞ്ഞപിടിയുള്ളമരക്കാൽകുടയും, കുന്തവുമായി ഓടിയിരുന്ന അഞ്ചലോട്ടകാരൻെറയുഗം അവസാനിച്ചു. എങ്കിലും തപാൽവി

തരണരംഗത്ത്ഈ പഞ്ചായത്തിൽ വലിയ മാററമുണ്ടായിട്ടില്ല. അഞ്ചലോട്ടക്കാരൻെറ സ്ഥാനം ബസുകൾ ഏറെറടുത്തു എന്നുമാത്രം

മേലാററൂർ സബ്ബ്പോസ്ററ് ഓഫീസിൽ നിന്നുമാണ് ഇന്നും എടപ്പററയിലെ 3 ബ്രാഞ്ച് പോസ്ററ് ഓഫീസുകളിലും തപാൽ വരുന്നത് എടപ്പററ പാതിരിക്കോട് വെള്ളിയഞ്ചേരി എന്നീ മൂന്ന് റവന്യൂദേശങ്ങളിലും ഓരോ ബ്രാഞ്ച് പോസ്ററ് ഓഫീസുകൾ ഉണ്ട്. പുളിയക്കോട് ഒരു തപാൽപെട്ടിയും ഉണ്ട്. ബ്രാഞ്ച്പോസ്ററ്മാൻ 8 K.M വരെ നടന്നാണ് ഒരു കത്തെത്തിക്കുന്നത്എന്നാണ് ഇന്നത്തെ സ്ഥിതി പാതിരിക്കോട് പോസ്ററ് ഓഫീസിൽ നിന്നും 8 കിലോമീററർ ദൂരെയാണ് പേഴുംതുറഭാഗം പേഴുംതറപാതിരിക്കോടിൻെറ പരിധിയിലാണ്. അതുകൊണ്ടുതന്നെ പെട്ടന്ന് കത്തുകൾ കിട്ടുവാൻ സാധ്യതയില്ലാത്ത അവസ്ഥ ഇവിടെയുണ്ട്.

ടെലഗ്രാഫ്ഓഫീസ് സൗകര്യമില്ലാത്തതിനാലും ടെലഫോൺ സൗകര്യങ്ങൾ തീരെ അപര്യാപ്തമായതിനാലും ജനങ്ങൾക്ക് നല്ല ബുദ്ധിമുട്ടുണ്ട്. ഒരു S.T.D. ചെയ്യണമെങ്കിൽ വെള്ളിയഞ്ചേരിക്കാരന് 10 കിലോമീററെങ്കിലും പോകണമെന്നതാണ് ഇന്നത്തെ അവസ്ഥ. കൊമ്പൻകല്ല് പുളിയക്കോട് എടപ്പററ ചേരിപറമ്പ് എന്നീ ഭാഗങ്ങളിൽ പോസ്ററ് ഓഫീസ് ഇല്ലാത്ത ബുദ്ധിമുട്ട് ചെറുതൊന്നുമല്ല. ജനങ്ങളുടെ വർദ്ധനവനുസരിച്ച് പോസ്ററൽസൗകര്യം ഉണ്ടാകാത്തതാണ് പ്രശ്നം

ടെലഫോൺ എക്ചേഞ്ച് ഇല്ലാത്തതിനാൽ ടെലഫോൺകണക്ഷന് അപേക്ഷിക്കുന്നവരിൽ വളരെ ചെറിയൊരുവിഭാഗത്തിനു മാത്രമേ ഫോൺകണക്ഷൻ ലഭിക്കുന്നുള്ളൂ. മേലാററൂർ ടെലഫോൺ എക്സേഞ്ചിനു കീഴിലാണ് ഇപ്പോൾ ഈ പഞ്ചായത്ത്

ഗ്രാമസഭകളിലെ ചർച്ചകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ

1. എടപ്പററയിൽ ഒരു ടെലഫോൺ എക്ചേഞ്ച് അനുവദിക്കണം.

2.എടപ്പററ ബ്രാഞ്ച്പോസ്ററ് ഓഫീസ് സബ്ബ്പോസ്ററ് ഓഫീസ് ആയി ഉയർത്തണം.

3. താഴെപറയുന്ന സ്ഥലങ്ങളിൽ സബ്ബ്പോസ്ററ്ഓഫീസ് ആരംഭിക്കണം

1. കൊമ്പൻകല്ല് (വാർഡ് - 6)
2. പുളിയക്കോട് (വാർഡ് 9)
3. എടപ്പററ (വാർഡ് 1)
4. ചേരിപ്പറമ്പ് (വാർഡ് 8)

**4. താഴെപറയുന്ന സ്ഥലങ്ങളിൽ തപാൽപെട്ടികൾ സ്ഥാപിക്കണം.**

1. പൂശാലിപടി വായനശാല
2. ബാലവാടിപടി (വാർഡ് 5)
3. മൂനാടി (വാർഡ് 9)
4. പേഴുംതറ (വാർഡ് 6)

**5. താഴെ പറയുന്ന സ്ഥലങ്ങളിൽ S.T.D. ബൂത്തുകൾ അനുവദിക്കണം.**

1. ഏപ്പിക്കാട്
2. ആഞ്ഞിലങ്ങാടി
3. പുളിയക്കോട്
4. ഓലപ്പാറ
5. ബാലവാടി





5 - 5

# വിഭവ സമാഹരണം



ഏതൊരു വികസന പ്രവർത്തനത്തിനും വിഭവങ്ങളാണല്ലോ പരമപ്രധാനം. പണം, വസ്തുക്കൾ. ജനങ്ങളുടെ അധ്വാനശേഷി ഇവയാണ് മുഖ്യ വിഭവങ്ങൾ. ഇവയെ എങ്ങനെ പരമാവധി സമാഹരിക്കാം എന്നു നോക്കുന്നതിനായി പഞ്ചായത്തിൻെറയും പൊതു ജനങ്ങളുടേയും പൊതുവായ അവസ്ഥയൊന്നു പരിശോധിക്കാം.

എടപ്പററ ഒരു ഗ്രേഡ് പഞ്ചായത്താണ്. വ്യവസായശാലകൾ ഒന്നുമില്ല. കച്ചവട തൊഴിൽ സ്ഥാപനങ്ങളും വളരെ കുറവ്. കെട്ടിടങ്ങൾ എണ്ണത്തിൽ പരിമിതവും വലുപ്പത്തിൽ ചെറുതുമാണ്. മുഖ്യ ആശ്രയം സർക്കാർ ഗ്രാൻറുകൾ തന്നെ.

മൊത്തം വരുമാനമായ 1314126 രൂപ 15 പൈസയിൽ 872680 സർക്കാർ ഗ്രാൻറുകളാണ്. അതായത് മൊത്തം വരുമാനത്തിൻെറ 66.4%

പഞ്ചായത്തിൻെറ തനതുവരുമാനത്തിൽ തന്നെ 270373 വസ്തു കൈമാററ നികുതിയിനത്തിൽ പഞ്ചായത്തിനു ലഭിച്ചതാണ്. അതായത് ഗ്രാൻറ് ഒഴികെയുളള പഞ്ചായത്തു വരുമാനത്തിൻെറ 61.2%. ബാക്കിവരുന്ന 38.8% തുക മാത്രമാണ് പഞ്ചായത്തിൽ നിന്നും പിരിച്ചെടുത്തിട്ടുള്ളത്. പ്രസ്തുതസംഖ്യ 171073.15 രൂപയാണ്.

ചെലവിനങ്ങൾ സംബന്ധിക്കുന്ന കണക്കുകൾ പരിശോധിക്കാം. (പട്ടിക-3)

നികുതിയിനത്തിൽ പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന തുക 171073.15 രൂപയും ഓഫീസ് ചെലവുകൾക്ക് ചെലവഴിക്കുന്ന തുക 228117.00 രൂപയുമാണ്. വരവിൻെറ 133.3% ഓഫീസ് ചെലവുകൾക്കായി ചെലവഴിക്കുന്നു. അതുകൊണ്ട് സർക്കാർ ഗ്രാൻറിൽനിന്നും ഭരണ ചെലവുകൾക്ക് ചെലവഴിക്കേണ്ടി വരുന്നു. ഈ സ്ഥിതി മാറണമെങ്കിൽ പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിച്ചേപ്പററൂ.

ഈ പഞ്ചായത്തിൽ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി 1835/50 രൂപ മാത്രമാണ് പിരിഞ്ഞുകിട്ടിയത്.

# 1995-96 പഞ്ചായത്തുകളുടെ വരവുകളുടെ കണക്ക്

പട്ടിക- 1

| ക്രമ നമ്പർ | വരവിനം | തുക |
|---|---|---|
| 1. | കെട്ടിട നികുതി | 81618.75 |
| 2. | തൊഴിൽ നികുതി | 52500.00 |
| 3. | ലൈസൻസ് ഫീസ് | 1835.50 |
| | ഗ്രാൻറുകൾ | |
| 4. | V.R.M. | 16076.00 |
| 5. | V.T.C | 175576.00 |
| 6. | അടിസ്ഥാനനികുതി 75% | 41845.00 |
| 7. | J.R.Y. | 276883.00 |
| 8. | അൺടൈഡ് | 362300.00 |
| 9. | വസ്തു കൈമാററ നികുതി75% | 181166.00 |
| 10. | വസ്തു കൈമാററ നികുതി 25% | 89207.00 |
| 11. | മററു വരവുകൾ | 19333.90 |
| | ആകെ | 1314126.15 |

പഞ്ചായത്തിൻെറ മൊത്തം വരുമാനം രണ്ടുവിഭാഗമായി തിരിക്കാം.

1. പഞ്ചായത്തിൻെറ തനത് വരുമാനം
2. സർക്കാർ ഗ്രാൻറുകൾ

## പഞ്ചായത്തു വരുമാനങ്ങളുടെയും ഗ്രാൻറുകളുടെയും കണക്ക്.

പട്ടിക - 2

| ക്രമ നമ്പർ | ഇനം | തുക | ശതമാനം |
|---|---|---|---|
| 1. | തനത് വരുമാനം | 441446.15 | 33.6 |
| 2. | സർക്കാർ ഗ്രാൻറ് | 87 2680.00 | 66.4 |
| | ആകെ | 1314126.15 | |

## 1995-96 ലെ ചെലവിനങ്ങളുടെ കണക്ക്

പട്ടിക-3

| ക്രമ നമ്പർ | ഇനം | തുക | ശതമാനം |
|---|---|---|---|
| 1. | ഭരണം | 228117.00 | .32 |
| 2. | പൊതുമരാമത്ത് | 113153.00 | 15.87 |
| 3. | വിദ്യാഭ്യാസം | 21358.75 | 3 |
| 4. | ജലവിതരണം, പൊതുജനാരോഗ്യം | 14308.00 | 2 |
| 5. | തെരുവുവിളക്കുകൾ കത്തിക്കുന്നത് | 6672.00 | 0.93 |
| 6. | മററുള്ളവ | 329208.00 | 0.93 |
| | ആകെ | 712816.75 | |

78 കച്ചവട-വ്യാപാരങ്ങൾക്കുമാത്രമേ ലൈസൻസുള്ളൂ. മുഴുവൻ കച്ചവടങ്ങൾക്കും ലൈസൻസ് ഏർപ്പെടുത്തേണ്ടതുണ്ട്. ബസ് സ്ററാൻറ്, ടാക്സി പാർക്ക് ഇവയില്ലാത്തതിനാൽ പഞ്ചായത്തിന് വരുമാനം നഷ്ടപ്പെടുകയും യാത്രാ സൗകര്യത്തെ ബാധിക്കുകയും ചെയ്യുന്നുണ്ട്.

കെട്ടിടനികുതിയാണ് പഞ്ചായത്തിൻെറ പ്രധാന വരുമാനമാർഗം. കെട്ടിട നികുതി അസ്സസ്മെൻറ് ശാസ്ത്രീയമല്ല. ആഡംബരത്വമുള്ള വീടുകൾക്ക് കുടുതൽ നികുതി ചുമത്തണം. ഒരു പൊതു മാനദണ്ഡം ഭരണസമിതി നിർദ്ദേശിച്ച് നികുതി ചുമത്തിയാൽ അഴിമതി ഉണ്ടാകാനുള്ള സാധ്യത ഇല്ലാതാകും. പഞ്ചായത്തിൽ വരുമാനവും വർദ്ധിക്കും.

തൊഴിൽ നികുതി സർക്കാർ അർദ്ധസർക്കാർ ഉദ്യോഗസ്ഥൻമാർക്കും, അധ്യാപകർക്കും മാത്രമാണ് ഇന്നുചുമത്തുന്നത്. വരുമാനമുള്ളവരെ മുഴുവൻ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവന്നാൽ ആയിനത്തിലുള്ള വരുമാനം വളരെ കൂടും.

കർഷകരെ ഗ്രൂപ്പ് ഇൻഷ്വുറൻസ് പരിധിയിൽ കൊണ്ടുവരികയും ഇൻഷ്വൂറൻസ് തുക പഞ്ചായത്ത് നൽകുകയും ചെയ്താൽ അവരിൽനിന്നും തൊഴിൽ നികുതി ഈടാക്കാനാകും. തൊഴിലാളികളെ മുഴുവൻ ഇൻഷ്വൂർ ചെയ്യുന്നതിനായി അവരെ രജിസ്ററർ ചെയ്യുന്നതിനനുസരിച്ച് തൊഴിൽ നികുതി ചുമത്തുവാനും കഴിയും.

പുഴയോരങ്ങളുടേയും, തോടുകളുടേയും പുറമ്പോക്കുഭൂമി, പലരുടേയും കൈവശമാണ്. സർവേ നടത്തി അനധികൃത കൈവശക്കാരെ കണ്ടെത്തണം. ഭൂമി ഒഴിപ്പിച്ചെടുക്കുകയോ മാർക്കററ് വിലയുടെ പകുതി വിലയ്ക്ക് കൈവശക്കാരന് നൽകുകയോ ചെയ്തുകൊണ്ട് വരുമാനം വർധിപ്പിക്കുവാൻ പഞ്ചായത്തിനു കഴിയണം.

കർഷകന് ഭാരമാകാത്ത വിധത്തിൽ ഗ്രാമസഭകളുടെ അംഗീകാരത്തോടെ, കേരള പഞ്ചായത്ത്രാജ് ആക്ട് 200-ാം വകുപ്പിലെ 2,3 ഉപവകുപ്പുകൾ പ്രകാരവും, 201 ാം വകുപ്പു പ്രകാരവും ഭൂപരിവർത്തന നികുതി, ഉപഭൂനികുതി എന്നിവ ചുമത്തി പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. പരസ്യ നികുതി ഈ പഞ്ചായത്ത് ഇതേവരെ ഈടാക്കി കാണുന്നില്ല. അറവുകാർക്ക് ലൈസൻസ് നൽകുന്ന പരിപാടിയും നടപ്പാക്കുന്നില്ല.

പഞ്ചായത്ത് അധീനതയിലുള്ള റോഡുകളിലും, പൊതുസ്ഥലങ്ങളിലും മരങ്ങൾ വച്ചുപിടിപ്പിച്ച് ദീർഘകാലാടിസ്ഥാനത്തിൽ വരുമാനമുണ്ടാക്കുവാനും പഞ്ചായത്ത് നടപടി കൈക്കൊള്ളേണ്ടതാണ്. അതിനായി പൊതുജനങ്ങളെ സംഘടിപ്പിക്കുകയും സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം അവർക്കു നൽകുകയും വേണം. അതിനായി ആദായത്തിൻെറ നിശ്ചിത ശതമാനം സംരക്ഷകന് നൽകുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് പദ്ധതി തയ്യാറാക്കുകയും വേണം.

പഞ്ചായത്തുഫണ്ട് ചെലവഴിക്കുന്നത് പ്രധാനമായും മരാമത്തുപണികൾക്കാണ് എന്നു കാണാം. ഓരോ ചെലവുകളുടെയും കൃത്യമായ കണക്ക് പരസ്യം ചെയ്തു കണക്കുകളുടെ കാര്യത്തിൽ സുതാര്യത ഉറപ്പുവരുത്തണം. ഗ്രാമസഭായോഗങ്ങളിൽ വരവുചെലവു കണക്കുകൾ അവതരിപ്പിക്കുകയും വേണം. പൊതുമരാമത്തു പണികൾക്കുവേണ്ടി ടെൻഡർ ചെയ്യുന്ന പതിവു നിർത്തൽ ചെയ്ത് ജനകീയ കമ്മററികളിലൂടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയാൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുവാനും, മുഴുവൻ തുകയും പണികൾക്ക് ചെലവഴിക്കുന്നതിനു പുറമെ ജനകീയ വിഹിതം കൂടി സ്വരൂപിക്കുവാനും കഴിയും.

ഭരണച്ചെലവ് ചുരുക്കുവാൻ സാധ്യമല്ലാത്തതിനാൽ സർക്കാരിൽനിന്നും സ്പെഷ്യൽ ഗ്രാൻറുകൾ നേടിയെടുക്കുവാൻ പഞ്ചായത്ത് പരിശ്രമിക്കേണ്ടതുണ്ട്. മററു വികസന ഏജൻസികളിൽനിന്നും വിഭവസമാഹരണം നടത്തുവാനും പദ്ധതി തയ്യാറാക്കണം. L.I.C. യെ ഉപയോഗപ്പെടുത്തിയും വായ്പ വാങ്ങിയും വികസന പ്രവർത്തനങ്ങൾ നടത്തിയേ മതിയാകൂ. പഞ്ചായത്തുകൾക്ക് ബാങ്ക് വായ്പ എടുക്കുവാനുള്ള സാധ്യതയും പഞ്ചായത്ത് രാജ് നിയമത്തിലുണ്ട്. അതും ഉപയോഗപ്പെടുത്തണം. നികുതി നൽകുന്ന കാര്യത്തിൽ ബോധവത്ക്കരണം ആവശ്യമാണ്. പിരിക്കുന്നപണം സത്യസന്ധതയോടെ ചെലവഴിക്കുമെന്ന് ഉറപ്പുവരുത്തുവാനും ഈ ബോധവത്ക്കരണം കൊണ്ടു കഴിയും. വരുംവർഷങ്ങളിൽ 100% നികുതി പിരിവ് ഉറപ്പാക്കുവാൻ ഭരണ സമിതി പരിപാടികൾ തയ്യാറാക്കണം.

## ധനകാര്യ സ്ഥാപനങ്ങൾ

ഈ പഞ്ചായത്തിലുള്ള ഒരേയൊരു ധനകാര്യസ്ഥാപനം എടപ്പററ സർവ്വീസ് സഹകരണ ബാങ്കാണ്. പഞ്ചായത്തുനിക്ഷേപം പോലും സാങ്കേതികകാരണങ്ങളാൽ ഈ ബാങ്കിനു ലഭിക്കാത്ത അവസ്ഥയാണ്. പുതിയ ബാങ്കായതിനാൽ എടപ്പററയുടെ സാമ്പത്തികാവശ്യങ്ങളുടെ വളരെ ചെറിയ ശതമാനം മാത്രമേ ഈ ബാങ്കിന് നിറവേററാൻ കഴിയുന്നുള്ളൂ. നാഷണലൈസ്ഡ് ബാങ്ക് ശാഖ എടപ്പററയിൽ തുറന്നുപ്രവർത്തിക്കുവാൻ നടപടിയുണ്ടാകണം. സ്വകാര്യ പണമിടപാടുകാർ അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്ന പ്രവണതയുണ്ട്. തമിഴ്നാട്ടുക്കാരായ ചില പണമിടപാടുകാർ വീടുകൾ കയറിയിറങ്ങി പണമിടപാടുകൾ നടത്തുന്നു. 180% വരെ പലിശയാണ് ഇക്കൂട്ടർ ഈടാക്കുന്നത്. ഈ സമൂഹ തിന്മ അവസാനിപ്പിച്ചേ പററൂ.

## ഷോപ്പിങ്ങ് കോംപ്ലക്സ്

എടപ്പററയിലെ ഉപഭോക്താക്കൾ ഇന്ന് സാധനങ്ങൾ വാങ്ങുന്നത് അധികവും മേലാററൂർ, പെരിന്തൽമണ്ണ തുടങ്ങിയ ദൂരസ്ഥലങ്ങളിൽ നിന്നാണ്. എടപ്പററയുടെ ആസ്ഥാനമായ ഏപ്പിക്കാട് പോലും നല്ല ഷോപ്പിങ്ങ് കോംപ്ലക്സോ, മാർക്കററിംഗ് സൗകര്യങ്ങളോ ഇല്ലാത്തതാണ് അതിനു പ്രധാന കാരണം. ബാങ്കുകൾ, സർക്കാരാഫീസുകൾ ഇവയ്ക്കാവശ്യമായ ഫ്ലാററുകളും ഇല്ല. ഉദ്യോഗസ്ഥർക്ക് താമസിക്കുന്നതിന് കോട്ടേഴ്സുകളും ഇല്ലതന്നെ. ആഴ്ച ചന്തകൾ, മത്സ്യമാർക്കററ്, ഇറച്ചിമാർക്കററ് ഇവയും തുടങ്ങേണ്ടിയിരിക്കുന്നു. വായ്പകൾ ലഭ്യമാക്കിയോ അല്ലാതെയോ ഗ്രാമ പഞ്ചായത്ത് ഈ ആവശ്യങ്ങൾ നിറവേററണം. പഞ്ചായത്തിന് അതൊരു വരുമാനമായിത്തീരും.

## പൊതു ധനസ്ഥിതി

കേരളീയൻെറ പ്രതിശീർഷവരുമാനം ഇന്ത്യക്കാരൻേറതിനേക്കൾ കുറവാണ്. അതിലും കുറഞ്ഞ പ്രതിശീർഷവരുമാനമാണ് എടപ്പററക്കാരൻേറത്. വ്യവസായ സ്ഥാപനങ്ങൾ ഒന്നുമില്ല. തൊഴിലുള്ളവർ വളരെക്കുറവ്. റബ്ബർ, കമുക്, കൃഷികളാണ് ആദായകരമായവ. വ്യവസായ സാധ്യതകളുണ്ടെങ്കിലും സംരംഭകർ മുന്നോട്ടുവരുന്നില്ല. വൈദ്യുതിപ്രശ്നം അതിരൂക്ഷമാണ്.

കാർഷിക മേഖല ചുരുങ്ങിവരുന്നു. കൃഷിക്കാരൻെറ വരുമാനം ചുരുങ്ങി അവൻ കർഷകത്തൊഴിലാളിയായി മാറുന്നു. വ്യവസായരം

ഗത്തും, കാർഷികരംഗത്തും ഫലപ്രദമായി ഗ്രാമ പഞ്ചായത്ത് ശ്രദ്ധിച്ചാൽ മാത്രമേ ഈ രംഗ ത്തുനിന്നും കൂടുതൽ വിഭവസമാഹരണം സാധ്യ മാവുകയുള്ളൂ.

## വിദേശജോലി

ഈ പഞ്ചായത്തിൽ നിന്നും 424 പേർ വിദേശത്തു ജോലി ചെയ്യുന്നുണ്ട്. അധികപേ രും നിയമാനുസൃത രേഖകളില്ലാതെയാണ് വിദേ ശത്തുകഴിയുന്നത്. നല്ല ശമ്പളമുള്ള ജോലി യുള്ളവർ വളരെ കുറവാണ് എങ്കിലും ഈ പ്രദേശത്തിന്റെ പ്രധാന വികസന സ്രോതസ്സ് വിദേശപണം തന്നെയാണ്. പുത്തൻവീടുകൾ നിർമ്മിക്കുന്നതിലും, മതിലുകൾ തീർക്കുന്നതി ലും ആധുനിക ഗൃഹോപകരണങ്ങൾ വാങ്ങു ന്നതിലും വിദേശ ജോലിയുള്ളവരാണ് മുന്നിൽ. അവരുടെ വിദേശസമ്പാദ്യം സ്വരൂപിക്കുന്നതിന് എടപ്പറ്റ സർവ്വീസ്സ് സഹകരണ ബാങ്കിന് കഴി ഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധപതി ഞ്ഞാൽ വ്യവസായിക പുരോഗതി വരുത്തു വാൻ കഴിയും. വിദേശപണം വ്യവസായ വാ യ്പകളായി തിരിച്ചുവിടണം.

## സന്നദ്ധ പ്രവർത്തനം

ജാതി, മത, കക്ഷിരാഷ്ട്രീയചിന്തകൾക്ക തീതമായി വികസനകാര്യങ്ങളിൽ പൊതുജന ങ്ങളെ പ്രത്യേകിച്ച് യുവാക്കളെ പങ്കാളികളാ ക്കുവാൻ ഗ്രാമപഞ്ചായത്ത് വാർഡുതലത്തിലും പഞ്ചായത്തുതലത്തിലും വിവിധ സമിതികൾ രൂപീകരിക്കണം. ക്ലബ്ബുകൾ, വായനശാലകൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ സഹക രണം ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തണം. സന്നദ്ധപ്രവർത്തനത്തിന് പ്രോത്സാഹനം നൽകുവാൻ നല്ല പ്രവർത്തനം കാഴ്ചവെക്കുന്ന സംഘടനകൾക്ക്, സമ്മാനങ്ങളും, ധനസഹാ യങ്ങളും വാഗ്ദാനം ചെയ്യണം.

1996-97 വർഷത്തിൽ ഏററവും കൂടുതൽ ആളുകളെ സന്നദ്ധപ്രവർത്തനങ്ങളിൽ പങ്കെ ടുപ്പിക്കുന്ന സംഘടനയ്ക്ക് ടെലിവിഷൻ സമ്മാനം വാഗ്ദാനം ചെയ്യുകയാണെന്നിരിക്ക ട്ടെ. 20 സംഘടനകൾ പങ്കെടുക്കുകയും ഒരു സംഘടന ശരാശരി 50 ആളുകളെ സന്നദ്ധപ്ര വർത്തനത്തിന് പങ്കെടുപ്പിക്കുകയും ചെയ്താൽ അവരുടെ മൊത്തവേതനം 20x50x80 = 80,000/- രൂപയാകും. സമ്മാനമായി നൽകുന്നത് 20,000- രൂപയുടെ ഒരു T.V. യും സംഘടനകൾക്ക് പ്രോത്സാഹനവും പഞ്ചായത്തിന് 60,000 ക. ലാഭവും ലഭിക്കുന്നു. ഇതൊരു മാതൃകാ നിർ ദ്ദേശം മാത്രമാണ്.

സന്നദ്ധ പ്രവർത്തനങ്ങളിലൂടെ റോഡു കൾ റിപ്പയർ, കുളങ്ങൾ, കിണറുകൾ എന്നിവ കുഴിയ്ക്കൽ, റോഡുനിർമ്മാണം ഇവ നിർവ ഹിക്കുവാൻ കഴിയും. അതിനായി ക്ലബ്ബുകൾ, വായനശാലകൾ, മററുയുവജനസംഘടനകൾ എന്നിവ ധാരാളമായി രൂപീകരിയ്ക്കുകയും അവ യ്ക്ക് ഗ്രാമപഞ്ചായത്ത് ധനസഹായങ്ങൾ അനു വദിക്കുകയും ചെയ്യേണ്ടതുണ്ട്.

ഗ്രാമ പഞ്ചായത്ത് ചെലവഴിയ്ക്കുന്ന മരാ മത്ത് പണികളുടെ മോണിററിംഗ് നടത്തി കുറവുകൾ നികത്തുന്നതിനായും കമ്മിററി രൂപീ കരിച്ച് വാർഡുതലത്തിൽ പ്രവർത്തിക്കണം. മുട ക്കുന്ന പൊതുമുതൽ ലക്ഷ്യസ്ഥാനത്ത് എത്തു ന്നുണ്ടോ എന്ന് ഈ കമ്മററികൾക്ക് നിരീക്ഷി ക്കുവാൻ കഴിയും.

വിവിധ ഗ്രാമസഭകൾ ചർച്ചചെയ്ത പ്രശ്നങ്ങളും, പരിഹാരനിർദ്ദേശങ്ങളും ഇവ യാണ്.

- ☛ വ്യവസായങ്ങൾ ഒന്നുംതന്നെ ആരംഭിക്കു ന്നില്ല.
- ☛ കാർഷികവികസനം വളരെ പതുക്കെയാണ്.
- ☛ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ശമ്പളത്തിനുപോലും തികയുന്നില്ല.
- ☛ കെട്ടിടനികുതി നിർണ്ണയിക്കുന്നതി അപാ കതയുണ്ട്. അതുമൂലം അഴിമതി നടക്കുന്നുണ്ടോ എന്ന് സംശയിക്കാനിടവരുന്നു.
- ☛ തൊഴിൽ നികുതിയിനത്തിലെ വരുമാനം വർദ്ധിപ്പിക്കുന്നില്ല.
- ☛ പുറമ്പോക്കുകൾ കയ്യേറുന്നത് പഞ്ചായത്ത് തടയുന്നില്ല.

☛ നികുതിയിനത്തിൽ വരവുകൂട്ടുന്നതിനും നികുതിപ്പിരിവ് 100% ആകുന്നതിനും ഫലപ്രദമായ നടപടിയുണ്ടാകുന്നില്ല.

☛ മുഴുവൻ കച്ചവട സ്ഥാപനങ്ങൾക്കും തൊഴിൽ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നില്ല.

☛ പഞ്ചായത്തിനു വരുമാനം ലഭിക്കാനുതകുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

☛ പഞ്ചായത്ത് മരാമത്തു പണികൾക്ക് ചെലവഴിക്കുന്ന തുകയുടെ കണക്കുകൾ പ്രസിദ്ധപ്പെടുത്തുന്നില്ല.

☛ ബാങ്കിംഗ് സൗകര്യമില്ല.

☛ ഷോപ്പിംഗ് കോംപ്ലക്സില്ല.

☛ വിദേശ ജോലിക്കാരുടെ വരുമാനം ഉത്പാദനമേഖലയിൽ ചെലവഴിക്കുന്നില്ല.

☛ സന്നദ്ധപ്രവർത്തനത്തിന് ജനങ്ങൾക്ക് താൽപര്യമില്ല.

ഗ്രാമസഭയിൽ ഉയർന്നുവന്ന പരിഹാര നിർദ്ധേശങ്ങൾ

1. ഈ പഞ്ചായത്തിൻെറ സമഗ്ര പുരോഗതിക്കും വിഭവ വർദ്ധനവിനും, കൃഷിയും, വ്യവസായവും പ്രോത്സാഹിപ്പിക്കണം. പശ്ചിമഘട്ട വികസനത്തിൻെറ ഭാഗമായി ഈ പഞ്ചായത്തിനെ നീർമറി പ്രദേശമായി അംഗീകരിച്ച് സമഗ്ര വികസന പരിപാടികൾ നടപ്പാക്കണം.

2. പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ചെലവുകൂടിയ കെട്ടിടങ്ങളുടെ കെട്ടിട നികുതി വർദ്ധിപ്പിക്കണം. പാടം നികത്തി നിർമ്മിക്കുന്ന വീടുകൾക്ക് കനത്ത നികുതി ഏർപ്പെടുത്തണം.

3. ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി കർഷകരേയും, തൊഴിലാളികളേയും, രജിസ്ററർ ചെയ്യുകയും, രജിസ്ററർ ചെയ്യുന്നതിനനുസരിച്ച് വരുമാനം കണക്കാക്കി തൊഴിൽ നികുതി ചുമത്തുകയും ചെയ്യുക.

4. നികുതി പിരിവ് 100% ആക്കുന്നതിന് പഞ്ചായത്ത് മെമ്പർമാരുടെ സഹായത്തോടെ വാർഡുതലത്തിൽ തീവ്രയജ്ഞ പരിപാടി സംഘടിപ്പിക്കുക. നികുതി കൃത്യമായി അടയ്ക്കുന്നതിന് നാട്ടുകാരെ ബോധവാന്മാരാക്കുകയും ചെയ്യുക.

5. കച്ചവട വ്യാപാരസ്ഥാപനങ്ങൾക്ക് ലൈസൻസ് നിർബന്ധമാക്കുക.

6. സ്വന്തമായി സ്ഥലം വാങ്ങി ഷോപ്പിംഗ് കോംപ്ലക്സ്, ബസ്സ്ററാൻറ്, മത്സ്യമാർക്കററ്, മാംസമാർക്കററ്, ആഴ്ചച്ചന്ത ഇവ നിർമ്മിക്കുക. അതിനായി വായ്പാ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

7. ഭൂപരിവർത്തന നികുതി സെൻറിന് 30 ക. നിരക്കിലും ഉപനികുതി ഭൂമി വിലയ്ക്ക് 1000 ത്തിന് 1 രൂപ പ്രകാരവും ഏർപ്പെടുത്തി പഞ്ചായത്ത് വരുമാനം വർദ്ധിക്കുക. "വെയിലിന് ശേഷം മഴ" എന്നതുപോലെ നികുതിപണം കൊണ്ട് നാടിൻ വികസനം എന്ന തത്വം പ്രചരിപ്പിച്ച് കർഷകരെ നികുതി നൽകേണ്ട ആവശ്യകത ബോധ്യപ്പെടുത്തുക.

8. അറവുശാലകൾക്ക് ലൈസൻസ് നിർബന്ധമാക്കുക.

9. പഞ്ചായത്തിൻെറ അധികാരപരിധിയിൽപ്പെട്ട റോഡുവക്കുകളിലും, മററുപൊതുസ്ഥലങ്ങളിലും, വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കണം. തൈകൾ നട്ട് അവ സംരക്ഷിച്ച് വളർത്തുന്നവർക്ക് മരങ്ങൾ മുറിക്കുമ്പോൾ ആയതിൻെറ വിലയുടെ 40% നൽകുവാൻ വ്യവസ്ഥ ചെയ്ത് പഞ്ചായത്തിന് ദീർഘകാലാടിസ്ഥാനത്തിൽ വരുമാനം ലഭിക്കുന്ന വനവൽക്കരണ പരിപാടി നടപ്പിലാക്കുക.

10. അനധികൃതമായി കൈയ്യേറിയ പുറമ്പോക്കുകൾ അളന്നു തിട്ടപ്പെടുത്തി ഒഴിപ്പിച്ചെടുക്കുകയോ, കൈയ്യേറിയ സ്ഥലത്തിൻെറ 50% വില വാങ്ങി സ്ഥലം കൈവശക്കാരന് നൽകുകയോ ചെയ്യുക.

11. വിദേശ ജോലിക്കാരുടെ സമ്പാദ്യം ഉൽപ്പാദനമേഖലകളിലേക്ക് തിരിച്ചുവിടുവാൻ നടപടികൾ കൈക്കൊള്ളുക.

12. പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നതിൽ സുതാര്യത ഉണ്ടാകേണ്ടതിന് പഞ്ചായത്തിലെ പ്രധാന ഓഫീസുകളിൽ കണക്കുകൾ പ്രസിദ്ധീകരിയ്ക്കുകയും ഗ്രാമ സഭകളിൽ വരവു ചെലവുകണക്കുകൾ അവതരിപ്പിക്കുകയും ചെയ്യുക.

13. പൊതുമരാമത്തുപണികൾ ടെൻഡർ ചെയ്യുന്നതിനുപകരം പഞ്ചായത്ത് നേരിട്ടുനടത്തുകയോ സന്നദ്ധസംഘങ്ങൾക്ക് അല്ലെങ്കിൽ പൊതുജനസമിതികൾക്ക് ഏൽപ്പിച്ചുകൊടുക്കുകയോ ചെയ്യുക.

14. സന്നദ്ധ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുക. പൊതുജനപങ്കാളിത്തം ഉറപ്പാക്കുക.

15. മണ്ണുറോഡുകളുടെയും, കുളങ്ങൾ, കിണറുകൾ എന്നിവയുടെയും കാലാകാല റിപ്പയറുകളും സംരക്ഷണവും പ്രാദേശികസമിതികളെ ഏൽപ്പിക്കുകയും പൊതുമരാമത്തുപണികൾ സ്ഥായിയായി പ്രയോജനപ്പെടുത്തുന്ന രീതിയിൽ (ടാറിംഗ് പോലെ) നിർവഹിക്കുകയും ചെയ്യുക.

16. ട്രാഫിക് ബോർഡുകൾ, ഔദ്യോഗിക പരസ്യങ്ങൾക്കു വേണ്ടിയുള്ള ബോർഡുകൾ എന്നിവ വിവിധ ഏജൻസികളെക്കൊണ്ട്സ്പോൺസർ ചെയ്യിക്കുക.

17. ഈ പഞ്ചായത്തിൻെറ പിന്നോക്കാവസ്ഥയും വിഭവദൗർബല്യവും കണക്കിലെടുത്ത് സർക്കാരിൽനിന്നും സ്പെഷ്യൽ ഗ്രാൻറുകൾ നേടിയെടുക്കുക.

18. ഒരു ദേശസാൽകൃതബാങ്കിൻെറ ശാഖ എടപ്പററയിൽ ഇറക്കുക.

ഗ്രാമസഭകളിലെ നിർദ്ദേശങ്ങളിലൂടെ എടപ്പററ പഞ്ചായത്തിൻെറ ഭാവി ഭാസുരമാക്കുവാൻ സകലവിഭവങ്ങളേയും സ്വരൂപിച്ച് നമുക്ക് ഒററക്കെട്ടായി മുന്നേറാം.



5 - 6

# വനിത



എടപ്പററ പഞ്ചായത്തിലെ ആകെ ജന സംഖ്യ 20124 ആണ്. അതിൽ ഭൂരിപക്ഷം സ്ത്രീകളാണ്, 10240. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 51.39 ശതമാനം. എങ്കിലും സ്ത്രീകൾ പൊതുരംഗത്ത് ഏററവും പിന്നണിയിലുള്ള ഒരു പഞ്ചായത്താണിത്.

രാഷ്ട്രീയപാർട്ടികളുടെ നേതൃസ്ഥാനത്ത് സ്ത്രീകളില്ല. സഹകരണസ്ഥാപനങ്ങൾ ക്ലബ്ബുകൾ, വായനശാലകൾ എല്ലാം പുരുഷന്മാരുടെ നിയന്ത്രണത്തിലാണ്. 1963 -ൽ രൂപം കൊണ്ട ആദ്യത്തെ പഞ്ചായത്ത് ഭരണ സമിതിയിൽ നിയമം മൂലം സംവരണം ലഭിച്ചതിനാൽ കാപ്പാട്ട് ശ്രീദേവിയമ്മ ആദ്യത്തെ പഞ്ചായത്ത് മെമ്പർ ആയി. പിന്നീട് 1979-ൽ നടന്ന പഞ്ചായത്ത് തെരെഞ്ഞെടുപ്പിൽ കെ. ഹൈമാവതിയും 1988 ൽ നടന്ന തെരെഞ്ഞെടുപ്പിൽ കിഴിശ്ശേരി നബീസയും, കാവിൽകുത്ത് പാത്തുമ്മയും 1995 ൽ നടന്ന തെരെഞ്ഞെടുപ്പിൽ T.J. മറിയക്കുട്ടി, K. ശാരദ, K. ലൈല എന്നിവരും വനിതാ സംവരണ സീററുകളിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട് ഭരണ സമിതിയിലെത്തി. എടപ്പററ സർവ്വീസ് സഹകരണ ബാങ്കിലെ വനിതാ

പട്ടിക 1

| മതം/ജാതി | ജനറൽ | | പട്ടികജാതി/പട്ടികവർഗ്ഗം | ശതമാനം | |
|---|---|---|---|---|---|
| | എണ്ണം | ശതമാനം | | | |
| മുസ്ലീം | 7255 | 70.85 | പട്ടികജാതി സ്ത്രീകൾ | 844 | 8.24 |
| ഹിന്ദു | 2422 | 23.65 | ആകെ പട്ടിക വർഗ്ഗം | 21 | 0.2 |
| ക്രിസ്ത്യൻ | 563 | 5.5 | | | |
| ആകെ | 10240 | 100 | | 865 | |

സംവരണ മണ്ഡലത്തിൽ നിന്നും C. കൃഷ്ണ കുമാരിയമ്മയും തെരഞ്ഞെടുക്കപ്പെട്ട് ബാങ്ക് ഭരണ സമിതിയിൽ അംഗമായിട്ടുണ്ട്. ഇതിൽ നിന്നും മനസ്സിലാകുന്നത് ജനറൽ സീററുകളിൽ പുരുഷമേധാവിത്തം തന്നെ നിലനിൽക്കുന്നുവെന്നാണ്.

ജാതി തിരിച്ചുള്ള സ്ത്രീകളുടെ ജന സംഖ്യാ കണക്ക് പട്ടിക-1 ൽ കൊടുക്കുന്നു.

സ്ത്രീ ജനസംഖ്യയിൽ 70.85 % മുസ്ലീങ്ങളും 23.65 % ഹിന്ദുക്കളും 5.5% ക്രിസ്ത്യാനികളുമാണ്. 8.24% പട്ടികജാതിക്കാരും 0.2% പട്ടിക വർഗ്ഗക്കാരുമാണ്. വികസന മേഖലയിലെ ദൗർഭല്യങ്ങളിലൊന്ന് കുറഞ്ഞ സ്ത്രീ പങ്കാളിത്തമാണ്. ഏററവും പ്രധാനപ്പെട്ട തൊഴിൽ സാമ്പത്തിക മേഖലയായ കൃഷിയിൽ സ്ത്രീകളുടെ എണ്ണം വളരെ ശുഷ്ക്കമെന്നുപറയാം. വിദ്യാഭ്യാസയോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ വളരെ കുറവാണ്. അതുകൊണ്ട്തന്നെ തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ് താഴെ പറയുന്ന പട്ടിക-2 പരിശോധിച്ചാൽ തൊഴിൽ രംഗത്തെ പുരുഷ-സ്ത്രീ സന്തുലിതാവസ്ഥ വ്യക്തമാകും.

മൊത്തം തൊഴിൽ ചെയ്യുന്നവരിൽ 78.05% പുരുഷന്മാരും 21.95% സ്ത്രീകളുമാണ്. 86 കർഷകസ്ത്രീകൾ ഉള്ളത് കുടുംബനാഥന്മാർ മരിക്കുകയോ വിദേശത്ത് പോകുകയോ ചെയ്തതുകൊണ്ടാണ്. കർഷക തൊഴിലാളി സ്ത്രീകളിൽ അധികവും പട്ടികജാതിക്കാരാണ്. കല്ലുപൊട്ടിക്കുന്ന ജോലിക്കും, കെട്ടിടനിർമ്മാണജോലിക്കും മുസ്ലീം സ്ത്രികൾ വളരെയേറെ തയ്യാറാകുന്നതായി കാണുന്നു. സേവന രംഗങ്ങളിൽ അധ്യാപിക ജോലികളിൽ വനിതകൾക്ക് മുൻതൂക്കമുണ്ട്. ആകെ അധ്യാപകരുടെ എണ്ണം 125 ആണ്. അതിൽ 55 പുരുഷന്മാരും 70

## തൊഴിൽ പങ്കാളിത്തം

പട്ടിക 2

| തൊഴിൽ | ആകെ | പുരുഷ. | % | സ്ത്രീ. | %. |
|---|---|---|---|---|---|
| കർഷകർ | 664 | 578 | 87.0 | 86 | 13.0 |
| കർഷക തൊഴിലാളി | 902 | 562 | 62.5 | 340 | 37.7 |
| മൃഗപരിപാലനം | 91 | 73 | 80.2 | 18 | 19.8 |
| തേനീച്ച വളർത്തൽ | 114 | 110 | 96.5 | 04 | 3.5 |
| പാറ പൊട്ടിക്കൽ | 93 | 59 | 63.4 | 34 | 36.6 |
| കൈത്തൊഴിലുകൾ | 122 | 104 | 85.2 | 18 | 14.8 |
| ചെറുകിട വ്യവസായം | 22 | 22 | 100.0 | - | - |
| കെട്ടിടം, റോഡ് നിർമ്മാണം | 547 | 345 | 63.1 | 202 | 36.9 |
| കച്ചവടം | 400 | 390 | 97.5 | 10 | 2.5 |
| ഗതാഗതം | 47 | 47 | 100.0 | - | - |
| അദ്ധ്യാപകർ, ജീവനക്കാർ | 264 | 170 | 64.4 | 94 | 35.6 |
| വിദേശജോലിക്കാർ | 424 | 420 | 99.0 | 04 | 1.0 |
| | 3640 | 2880 | 78.05 | 810 | 21.95 |

സ്ത്രീകളുമാണ്. അതായത് അധ്യാപകരുടെ 56% സ്ത്രീകളാണ്. സ്ത്രീകൾ മാത്രം ജോലി ചെയ്യുന്ന ഒരേയൊരു മേഖല അംഗൻവാടികളാണ്. അരോഗ്യരംഗത്തും സ്ത്രീകൾക്കാണ് ജോലിയിൽ മുൻതൂക്കം. ചുരുക്കത്തിൽ തൊഴിൽ മേഖലയിൽ സ്ത്രീകൾക്കെതിരായി അവഗണന നിലനിൽക്കുന്നുവെന്നാണ് പട്ടിക - 2 വ്യക്തമാക്കുന്നത്.

## വിദ്യാഭ്യാസം

സമൂഹത്തിൽ സ്ത്രീകൾ പിന്നിലാകാൻ കാരണം വിദ്യാഭ്യാസത്തിൽ സ്ത്രീകൾക്ക് അർഹമായ പരിഗണന കിട്ടാത്തതിനാലാണ്. മുസ്ലീം പെൺകുട്ടികൾക്ക് സ്ക്കൂൾ പഠനത്തിന് അടുത്തകാലത്താണ് പ്രാധാന്യം കൊടുക്കുവാൻ തുടങ്ങിയത്. പൊതുരംഗത്ത് പ്രത്യക്ഷപ്പെടുവാനുള്ള മടി സ്ത്രീകളിൽ, പ്രത്യേകിച്ചും മുസ്ലീം സ്ത്രീകളിൽ കാണപ്പെടുന്നു. ഗ്രാമസഭാ യോഗങ്ങളിൽ 3, 4, 6, 8, വാർഡുകളിലൊഴികെ ഈ അദൃശ്യത വ്യക്തമായിരുന്നു.

ഏറെറടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്തത്തോടും നിറവേററുവാൻ സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ കഴിയുമെങ്കിലും പൊതുവെ ജോലികൾ ഏറെറടുക്കുവാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്ത് കാണുന്നു. ഉത്തരവാദിത്വം ഏൽപ്പിക്കുവാനുള്ള വിമുഖത സ്തീകളുടെ ഭാഗത്തുമുണ്ട്. സ്ത്രീകളുടെ ആത്മവിശ്വാസമില്ലായ്മയും ഒരു പ്രധാന പ്രശ്നമാണ്. പുരുഷൻമ്മാർക്കുള്ള അവകാശാധികാരങ്ങൾ തങ്ങൾക്കുണ്ടെന്ന് സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു.

3 മഹിളാ സമാജങ്ങൾ ഈ പഞ്ചായത്തിലുണ്ട്

1. പാതിരിക്കോട് (വാർഡ് IV)
2. പുതിയക്കോട് (വാർഡ് IX)
3. ഏപ്പിക്കാട് (വാർഡ് III)

5 വനിതാ ശിശു വികസന യൂണിററുകളും പ്രവർത്തിക്കുന്നുണ്ട്.

വനിതകളുടെ നിത്യജീവിതവുമായി ബന്ധപ്പെടുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ മഹിളാസമാജങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. എങ്കിലും വിവിധ ഏജൻസികളിൽ നിന്നുമുള്ള ധനസഹായങ്ങൾ നേടിയെടുക്കുവാൻ ഒരു ശ്രമവും നടത്തിയിട്ടില്ല. DWCRA യൂണിററുകൾ തുടങ്ങിയ സ്വയം തൊഴിൽ പദ്ധതികളിൽ 2 എണ്ണം നല്ല നിലയിൽ നടക്കുന്നു.

## സ്ത്രീധനം

സ്ത്രീധന സമ്പ്രദായം ഇന്നും നിലനിൽക്കുന്നു. പാവപ്പെട്ട പെൺകുട്ടികളെ സ്ത്രീധനത്തിൻെറ പേരിൽ വിവാഹം ചെയ്തയക്കുവാൻ കഴിയാതെ വരുന്നുണ്ട്. വിവാഹത്തിന് വലിയ ആഭരണ ഭ്രമവുമുണ്ട്. അത് വലിയൊരു സാമൂഹ്യ പ്രശ്നമായി നിലനിൽക്കുന്നു. സ്ത്രീധന സമ്പ്രദായത്തിനെതിരെയും ആഭരണ ഭ്രമത്തിനെതിരെയും ബോധവത്ക്കരണം നടത്തേണ്ടതുണ്ട്. സ്ത്രീധനം ഇസ്ലാം മതത്തിനെതിരാണെന്നും സ്ത്രീകൾക്ക് "മഹർ" കൊടുക്കുന്നതുമാണ് ശരീ-അത്ത് നിയമമെന്നും മതപണ്ഡിതന്മാരെകൊണ്ട് തന്നെ ബോധവത്ക്കരണം നടത്തുവാൻ കഴിയും. ഹിന്ദുക്കളെ അപേക്ഷിച്ച് ക്യസ്ത്യാനികളും, മുസ്ലീമുകളുമാണ് സ്ത്രീധനത്തിൻെറ പേരിൽ കഷ്ടത അനുഭവിക്കുന്നത്. ക്യസ്ത്യൻ യുവാക്കളിലും സ്ത്രീധന സമ്പ്രധായത്തിനെതിരെ ബോധവത്ക്കരണമാവശ്യമാണ്.

## മദ്യപാനം

പുരുഷന്മാരുടെ മദ്യപാനം മൂലം കഷ്ടത അനുഭവിക്കുന്ന വനിതകൾ വളരെയേറെയുണ്ട്. മദ്യപന്മാരുടെ വരുമാനം മാത്രമല്ല. കുടുംബിനികൾ സമ്പാദിക്കുന്ന വരുമാനവും അവർ നശിപ്പിക്കുന്നു. വ്യാജമധ്യത്തിനെതിരെ കർശന നടപടി അധികൃതർ കൈക്കൊണ്ടേ മതിയാകൂ. ചാരായ നിരോധനം ഒട്ടൊക്കെ ആശ്വാസമായെങ്കിലും വ്യാജമദ്യത്തിൻെറ പ്രചാരം ശക്തമാണ്. സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക

തന്നെവേണം. മദ്യഷാപ്പുകൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകരുത്.

## ബാലികാവിവാഹം

പിന്നോക്കജാതിക്കാരിലും പട്ടികജാതിക്കാരിലും മുസ്ലീംകളിലും നിലവിലുള്ള ബാലികാവിവാഹം സ്ത്രീകളുടെ ആരോഗ്യത്തെ ബാധിക്കുന്നു. പ്രായപൂർത്തി വരുന്നതിനുമുമ്പുള്ള വിവാഹം അധികം നീണ്ടുനിൽക്കാതെ തകരുവാൻ ഇടവരുന്നു. നിയമം മൂലം തടയാതെ ബാലികാ വിവാഹം തടയുന്നതിന് വ്യാപകമായ പ്രചരണവും ബോധവത്ക്കരണവും ആവശ്യമാണ്.

വനിതാ കോളേജിന്റെ അഭാവം മുസ്ലീം പെൺകുട്ടികളുടെ ഉപരിപഠനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. വിദ്യാഭ്യാസത്തിന്റെ കുറവ് മൂലം അന്ധവിശ്വാസങ്ങളും നിലനിൽക്കുന്നു. കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ച് കുടുംബത്തിന്റെ വലുപ്പം ചുരുക്കുന്ന വനിതകളുടെ എണ്ണം കൂടി വരുന്നുണ്ട്. എങ്കിലും കുടുംബാസൂത്രണത്തിന്റെ പ്രാധാന്യം മനസ്സിലാക്കാത്ത വനിതകൾ വളരെയേറെയുണ്ട്.

## അംഗനവാടികളുടെ സ്ഥാനം

അംഗനവാടികൾ സ്ത്രീകളുടെ ഒരു സംഗമസ്ഥലമാണ്. അവിടെ അംഗനമാരെ സംഘടിപ്പിച്ച് ചർച്ചാ ക്ലാസുകളും ബോധവത്ക്കരണ ക്യാമ്പുകളും ഇടക്കിടക്ക് വിളിച്ച് ചേർക്കാൻ അംഗൻവാടി വർക്കർമാരും, മഹിളാ പ്രവർത്തകർക്കും കഴിയണം. സ്കൂളുകളിലെ P.T.A. പോലെ അംഗനാവാടികൾ കേന്ദ്രീകരിച്ച് സഭകൾ രൂപീകരിക്കണം. മാതൃസഭകളുടെ നേതൃത്വത്തിൽ അംഗനവാടികൾ കേടുപാടുകൾ തീർക്കുകയും കളികോപ്പുകൾ വാങ്ങുകയും വേണം. കുട്ടികളുടെ മത്സരത്തോടൊപ്പം അമ്മമാരുടെ മത്സരങ്ങളും സംഘടിപ്പിക്കാവുന്നതാണ്.

## സ്വയംതൊഴിൽ

പശുവളർത്തൽ, കോഴി വളർത്തൽ അടുക്കളതോട്ടം എന്നീകാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ അമ്മമാരെ പ്രേരിപ്പിക്കണം. വനിതകളിൽ സമ്പാദ്യശീലം വളർത്തുവാനായി സഹകരണബാങ്കിന്റെ പ്രവർത്തനം ഓരോ വീടുകളിലേക്കും വ്യാപിപ്പിക്കേണ്ടതുണ്ട്.

വനിതകൾക്ക് മാത്രം തൊഴിൽ ലഭിക്കുന്ന D.W.C.R.A യൂണിററുകൾ, വനിതാ വ്യവസായ സഹകരണ സംഘങ്ങൾ എന്നിവ ഓരോ പ്രദേശത്തിന്റേയും സാധ്യത കണക്കിലെടുത്ത് പ്രവർത്തനമാരംഭിക്കേണ്ടതാണ്. അതിനുള്ള നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. സർക്കാർ ആനുകൂല്യങ്ങളെ പററിയുള്ള അറിവില്ലായ്മയാണ് സ്ത്രീകളുടെ പിന്നോക്കാവസ്ഥക്ക് ഒരു മുഖ്യ കാരണം.

തുല്യ ജോലിക്ക് തുല്യവേതനം എന്ന് പറയുന്നുണ്ടെങ്കിലും സ്ത്രീകൾക്ക് വേതനം പുരുഷന്മാരെ അപേക്ഷിച്ച് കുറവാണ്. പുരുഷന് 120 രൂപവരെ കിട്ടുമ്പോൾ സ്ത്രീകൾക്ക് 70 രൂപവരെമാത്രമെ ലഭിക്കുന്നുള്ളൂ.

## പാചക പ്രശ്നങ്ങൾ

സ്ത്രീകൾക്ക് ജോലികഴിഞ്ഞാൽ മണിക്കൂറുകളോളം അടുക്കളയിൽ പണിയെടുക്കേണ്ടിവരുന്നു. ജോലിക്ക് പോകുന്നതിനുമുമ്പും മണിക്കൂറുകൾ അടുക്കളയിൽത്തന്നെ. അതിന്പുറമെ കുട്ടികളുടേയും, കുടുംബാഗങ്ങളുടേയും സംരക്ഷണവും സ്ത്രീകളുടെ ചുമതലയിൽ വരുന്നു. എങ്കിലും കുടിവെള്ളം, വിറക്, ദക്ഷതയേറിയ അടുപ്പ് ഇതൊന്നും പ്രാപ്യമല്ലാത്ത കുടുംബിനികൾ 50% ത്തിൽ അധികമാണ്. അവർക്ക് കുടിവെള്ളം, ദക്ഷതയേറിയ അടുപ്പ്, വിറക് അല്ലെങ്കിൽ ഗ്യാസ് ലഭിക്കുവാൻ സൗകര്യമുണ്ടാക്കിയേ പററൂ. അടുക്കളയിലെ പുക സ്ത്രീകൾക്ക് മാത്രമല്ല. അവരുടെ കുഞ്ഞുങ്ങൾക്കും ഹാനികരമാണ്.

അടുക്കളയിലെ പുകശല്ല്യം ഇല്ലാതാക്കുന്നതിന് അടിയന്തിര ശ്രദ്ധ ഉണ്ടാകണം.

## പ്രസിദ്ധീകരണങ്ങൾ

സ്ത്രീകൾ ഒഴിവ് സമയങ്ങൾ ചെലവഴിക്കുന്നതിന് വായനയിലൂടെയാണ്. അവർക്ക് ലഭ്യമാകുന്ന പുസ്തകങ്ങൾ പൈങ്കിളിവാരികകളാണ്. നല്ല പ്രസ്ദ്ധീകരണങ്ങൾ കുടുംബങ്ങളിൽ ലഭ്യമാക്കുവാൻ വായനശാലകൾ ശ്രദ്ധിക്കണം. സ്ത്രീകളെ അവഹേളിക്കുന്ന സിനിമാ പോസ്ററുകൾ വാരികകളുടേയും മാസികകളുടേയും കവർപേജ് ചിത്രങ്ങൾ ഇവയ്ക്കെതിരെ മഹിളാപ്രവർത്തകർ പ്രതികരിക്കുകയും സമൂഹത്തിൽ സ്ത്രീകളുടെ മാന്യത കാത്തുസൂക്ഷിക്കുകയും വേണം.

## ജോലിയുള്ള വനിതകൾ

ഉദ്യോഗസ്ഥകളായ സ്ത്രീകൾക്ക് താമസിക്കുവാൻ സൗകര്യമില്ലാത്ത അവസ്ഥ ഈ പഞ്ചായത്തിലുണ്ട്. സാമൂഹ്യക്ഷേമവകുപ്പിൽനിന്നും വർക്കിംഗ് വിമൻസ് ഹോസ്ററൽ നിർമ്മാണത്തിനുള്ള ധനസഹായം സ്വീകരിച്ചുകൊണ്ട് പഞ്ചായത്ത് ആസ്ഥാനത്തോ സൗകര്യപ്രദമായ മററു സ്ഥലത്തോ ഒരു ഹോസ്ററൽ സ്ഥാപിക്കണം. ഹോസ്ററലിനോടനുബന്ധിച്ച് ഒരു വനിതാ തൊഴിൽ പരിശീലനകേന്ദ്രവും തുടങ്ങാവുന്നതാണ്. പകൽ ജോലിക്ക് പോകുന്ന തൊഴിലാളികളുടെ മൂന്ന് വയസ്സിന് താഴെയുള്ള കുട്ടികളെ പകൽ സമയത്ത് പരിരക്ഷിക്കുന്നതിന് ഒരു "ക്രഷ്" സ്ഥാപിച്ചാൽ തൊഴിലാളി സ്ത്രീകൾക്ക് ആശ്വാസമാകും. പെൺകുട്ടികൾക്ക് മാത്രമായി സാങ്കേതിക കോഴ്സുകൾ സംക്ഷിപ്ത വിദ്യാഭ്യാസ പരിപാടിയിൽ കീഴിൽ തുടങ്ങാവുന്നതാണ്. സാമൂഹ്യ ക്ഷേമ ബോർഡിൻെറ കീഴിൽ വ്യവസായ പരിപാടുകൾ, പശുവളർത്തൽ, സ്വയംതൊഴിൽ കണ്ടെത്തൽ, എന്നീ പദ്ധതികൾ അനുസരിച്ച് കഴിയുന്നത്ര വനിതകൾക്ക് തൊഴിൽ നൽകുവാൻ കഴിയണം. വിധവാ പെൻഷൻ, അഗതി പെൻഷൻ എന്നിവ ലഭ്യമാക്കാൻ മഹിളാ പ്രവർത്തകർ സഹായിക്കേണ്ടതുണ്ട്. സ്ത്രീകൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനിതകളുടെ ഒരു വേദി ഇന്നില്ല. ആ കുറവ് നികത്തുവാൻ കഴിഞ്ഞാൽ സ്ത്രീകളെ മുഖ്യധാരയിലേക്കുകൊണ്ടുവരുവാൻ കഴിയും.

ഗ്രാമസഭകളിൽ സ്ത്രീകളുടെ പ്രശ്നങ്ങൾ അതിവിശദമായി ചർച്ചചെയ്യുകയുണ്ടായി. പ്രധാന വനിതാ പ്രവർത്തകർ, സാമൂഹ്യക്ഷേമരംഗത്തെ പ്രവർത്തകർ, CBNP പ്രവർത്തകർ എന്നിവരുമായി ചർച്ചകൾ നടത്തിയതിൻേറയും ദ്വിതീയ വിവരശേഖരണത്തിൻെറയും അടിസ്ഥാനത്തിൽ ഉയർന്നുവന്ന വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

## പ്രശ്നങ്ങൾ

- ✧ പൊതുരംഗത്ത് വനിതാപങ്കാളിത്തം വളരെ കുറവാണ്.
- ✧ തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല.
- ✧ സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങളെകുറിച്ചും, ധനസഹായ സാധ്യതകളെകുറിച്ചും ഉള്ള അറിവുകൾ വളരെ പരിമിതമാണ്.
- ✧ സ്ത്രീ നേതൃത്വത്തിൻെറ അഭാവം ഉണ്ട്.
- ✧ തുല്യജോലിക്ക് തുല്യവേതനമില്ല.
- ✧ അംഗനവാടി അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ വളരെമോശമാണ്.
- ✧ ഉപരിപഠനരംഗത്ത് സ്ത്രീകൾ പിന്നിലാണ്.
- ✧ സ്ത്രീകൾ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നില്ല.
- ✧ തൊഴിൽ യൂണിററുകൾക്കാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നില്ല.
- ✧ ഭർത്താക്കന്മാരുടെ മദ്യപാനം മൂലം കഷ്ടപ്പെടുന്ന സ്ത്രീകൾ വളരെയാണ്.
- ✧ ഉദ്യോഗസ്ഥരായ സ്ത്രീകൾക്ക് താമസസൗകര്യമില്ല.
- ✧ തൊഴിലാളി സ്ത്രീകൾക്ക് കുട്ടികളെ നോക്കുവാൻ ആളില്ലാത്ത ബുദ്ധിമുട്ടുണ്ട്.
- ✧ സ്ത്രീകൾക്ക് തൊഴിൽ പരിശീലനകേന്ദ്രങ്ങളില്ല.

✧ സ്ത്രീധന സംബ്രധായവും ആഭരണഭ്രമ വും സമൂഹത്തിൻെറ തീരാശാപങ്ങളാണ്.

✧ സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ മഹിളാ ഏജൻസികളില്ല.

✧ ബാലികാവിവാഹം സ്ത്രീകളുടെ ആരോഗ്യത്തെ ബാധിക്കുന്നു.

✧ പുകയില്ലാത്ത അടുപ്പുകളും കുടിവെള്ളവും ലഭ്യമല്ല.

വനിതാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സാധ്യതകൾ എന്തൊക്കെയാണെന്ന് നോക്കാം.

## സാധ്യതകൾ

✧ രാഷ്ട്രീയപാർട്ടികൾ സ്ത്രീകൾക്ക് ജനസംഖ്യാനുപാതികമായ സ്ഥാനം കൊടുത്താൽ സ്ത്രീകൾ പൊതുരംഗത്തിറങ്ങുവാനുള്ള സാധ്യതയുണ്ട്.

✧ സ്ത്രീകളുടെ ഉപരിപഠന സാധ്യത വർദ്ധിപ്പിച്ചാൽ തൊഴിൽ രംഗത്ത് സ്ത്രീകളുടെ കുതിച്ചുകയററം ഉണ്ടാകാനുള്ള സാധ്യതയുണ്ട്. അതിനായി ഒരു വനിതാ കോളേജ് തുടങ്ങണം. സാമൂഹ്യക്ഷേമബോർഡിൻെറ ധനസഹായം ലഭ്യമാക്കി പെൺകുട്ടികൾക്ക് മാത്രമായി S.S.L.C കോഴ്സും സങ്കേതികകോഴ്സുകളും തുടങ്ങുവാൻ കഴിയും. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ലഭ്യമാക്കാൻ കഴിയും. സാങ്കേതിക കോഴ്സുകൾ ആരംഭിച്ചാൽ തൊഴിൽ രംഗത്തേക്ക് കൂടുതൽ സ്ത്രീകൾ കടന്നുവരും.

✧ സ്ത്രീകൾക്കായി നേതൃത്വപരിശീലന ക്യാമ്പുകൾ സംഘടിപ്പിച്ച് സ്ത്രീകളിൽ ആത്മവിശ്വാസമുണ്ടാക്കണം. അതിനായി സാമൂഹ്യക്ഷേമ ഉപദേശക ബോർഡിൻെറ "ഗ്രാമീണ സ്ത്രീകളുടെ ബോധവത്ക്കരണ ക്യാമ്പിനുള്ള ധനസഹായം സന്നദ്ധ സംഘടനകൾ മുഖേന ലഭ്യമാക്കാവുന്നതാണ്.

✧ സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് സാമൂഹ്യക്ഷേമ ഉപദേശക ബോർഡിൻെറ ധനസഹായത്തോടെ "ഫാമിലി കൗൺസിലിംഗ് സെൻറർ ആരംഭിക്കണം.

✧ സാമൂഹ്യക്ഷേമ ബോർഡിൻെറ കീഴിൽ സന്നദ്ധ സംഘടനകൾവഴി ഓരോ യൂണിററിനും മൂന്ന് ലക്ഷം രൂപ വരെ സൗജന്യധനസഹായം നേടിയെടുത്തുകൊണ്ട് താഴെ പറയുന്ന യൂണിററുകൾ വനിതകൾക്കായി തുടങ്ങുവാനുള്ള സാധ്യതയുണ്ട്.

✧ വ്യവസായിക പരിപാടികൾ

✧ പ്രിൻറിംഗ് പ്രസ്സ്

✧ സാനിററി പാഡുകളുടെ നിർമ്മാണം

✧ റേഡിയോ അസംബ്ലിംഗ്

✧ കേബിൾ നിർമ്മാണം (വാഹനത്തിൻെറ)

✧ ഭക്ഷ്യസംസ്ക്കരണം

✧ റെഡിമെയ്ഡ് നിർമ്മാണം

✧ സോപ്പുനിർമ്മാണം

✧ പശു വളർത്തലിനും ധനസഹായം ലഭിക്കുന്നതാണ്.

സ്വയം തൊഴിൽ പരിപാടികൾക്കും ധനസഹായം ലഭിക്കും (സാമൂഹ്യ ക്ഷേമബോർഡ് 2.3) അതുവഴി വനിതകൾക്ക് വൻതൊഴിൽ സാധ്യത കൈവരും വാർഡിൽ ചുരുങ്ങിയത് ഒരു യൂണിററിനുള്ള സാധ്യതയുണ്ട്.

✧ വായനശാല, ക്ലബ്ബുകൾ, മഹിളാ സമാജങ്ങൾ, DWCRA യൂണിററുകൾ എന്നീ സന്നദ്ധ സംഘങ്ങൾ സാമൂഹിക ഉപദേശകബോർഡിൽ നിന്നും ധനസഹായം ലഭ്യമാക്കി, വനിതാക്ഷേമത്തിനായി പ്രവർത്തിച്ചാൽ സത്രീധനം, ആഭരണഭ്രമം, ബാലികാവിവാഹം മുതലായ സാമൂഹ്യതിന്മകളെ ഇല്ലാതാക്കാൻ കഴിയും

✧ സാമൂഹ്യക്ഷേമവകുപ്പിൽനിന്നും "അവയർനസ് ബിൽഡിംങ്ങ് പ്രോഗ്രാം 1-10 അനുസരിച്ച് ധനസഹായം ലഭ്യമാക്കി സന്നദ്ധ സംഘടനകൾ ബോധവത്ക്കരണ ക്യമ്പുകളും സെമിനാറുകളും സംഘടിപ്പിച്ച് മദ്യത്തിനും മയക്കുമരുന്നിനുമെതിരെ വ്യാപകമായ പ്രചരണം നടത്തുകയും മദ്യനിരോധനത്തിന് വേണ്ടി പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്

✧ സാമൂഹ്യ ക്ഷേമവകുപ്പിൻെറ 1-6 വർക്കിംഗ് വിമൻസ് ഹോസ്ററലുകളുടെ നിർമ്മാണത്തിനും പകൽ പരിശീലന കേന്ദ്രത്തിനുമുള്ള ധനസഹായം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കി. ഉദ്യോഗസ്ഥകളായ വനിതകൾക്ക്വേണ്ടി സ്ഥലംവാങ്ങി ഹോസ്ററൽ പണിതാൽ താമസസ്ഥലം ഇല്ലാത്ത പ്രശ്നം ഇല്ലാതാക്കാൻ കഴിയും. ഇവിടെ സ്ത്രീകൾക്ക് വേണ്ടി തൊഴിൽ പരിശീലനവും

നൽകുവാൻ കഴിയുന്നതാണ്.

✧ അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരടേയും ശമ്പളവും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കണം അംഗൻവാടികൾ കേടുപാടുകൾ തീർക്കണം.

✧ സ്ത്രീകളുടെ വേതനം പുരുഷന്മാരുടേതിന് തുല്യമാക്കണം.

✧ സ്ത്രീകൾ ജീവിതത്തിൻെറ പകുതിയിലധികവും അടുക്കളയിലാണ് അടുക്കളയിൽ വേണ്ട ദക്ഷത കൂടിയ അടുപ്പുകൾ ശുദ്ധജലം എന്നിവ ലഭ്യമാക്കിയാൽ സ്ത്രീകൾക്ക് ആശ്വാസമുണ്ടാകും.

മുകളിൽ പറഞ്ഞ പ്രശ്നങ്ങളും സാധ്യതകളും വിലയിരുത്തി ജനസംഖ്യയിൽ പകുതിയിലേറെ വരുന്ന സ്ത്രീകളുടെ പുരോഗതിക്കും അതുവഴി നാടിൻെറ വികസനത്തിനും ഇടവരുന്ന പരിഹാരങ്ങൾ ഉരുത്തിരിത്തുവരുമെന്ന് പ്രതീക്ഷിക്കാം. അടിച്ചമർത്തപ്പെട്ട്കിടന്നിരുന്ന എടപ്പററയിലെ സ്ത്രീകളുടെ ഉയർത്തെഴുന്നേൽപ്പും അതുവഴി വികസന ലക്ഷ്യത്തിലേക്കുള്ള എടപ്പററയുടെ കുതിപ്പും ഇവിടെ തുടങ്ങട്ടെ.







5 - 7

# സംസ്കാരം - കായികം



## സംസ്കാരം

വിവിധ മതവിശ്വാസികളും, ആചാരരീതികളുമുള്ള മനുഷ്യസമൂഹത്തെ ഒരുമിച്ചു നിർത്തുന്നത് സംസ്കാരമാണ്. നാം ഇരുപതാം നൂററാണ്ടിൻെറ അവസാനപകുതിയിലാണ് സ്വാതന്ത്ര്യം, ജനാധിപത്യം, സോഷ്യലിസം തുടങ്ങിയ ആദർശങ്ങൾ ഇരുപതാം നൂററാണ്ടിൻെറ മുഖചരായതന്നെ മാററി ശാസ്ത്ര-സാങ്കേതിക വിദ്യ, വ്യവസായം തുടങ്ങിയ സംരംഭങ്ങൾ ആമാററത്തിന് വേഗതകൂട്ടി. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം കൂടിയപ്പോൾ ഈ നൂററാണ്ടിനുണ്ടായമാററത്തെ വിപ്ലവം എന്നോ വിസ്ഫോടനം എന്നോ വിളിക്കാം. എന്നാൽ എടപ്പററയെസംബന്ധിച്ചിടത്തോളം ആ മാററം ആപ്രദേശങ്ങളുമായി തുലനം ചെയ്യുമ്പോൾ നിസ്സാരമാണ്. എങ്കിലും ഈ നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ഈ പഞ്ചായത്തിലും സാംസ്കാരികരംഗത്ത് വലിയ മാററങ്ങൾ ഉണ്ടായിട്ടുണ്ട്.

## മതവിഭാഗങ്ങൾ

ഈ പഞ്ചായത്തിലെ മുഖ്യമതവിഭാഗം മുസ്ലീംകളാണ്, മൊത്തം ജനസംഖ്യയുടെ 71.7%. ഹിന്ദുക്കൾ 23.36%, ക്രൂസ്ത്യാനികൾ 5.56 ശതമാനവുമുണ്ട്. 1921ന് ശേഷം വർഗ്ഗീയലഹളകളൊന്നും ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ലെന്നുമാത്രമല്ല മതപരമായ ഒരു ചേരിതിരിവും ഇവിടെ ഇല്ല.

## വിദ്യാഭ്യാസം

സാക്ഷരതാനിരക്ക് 78% മാണ്. ഒരു ഹൈസ്ക്കൂൾ, 2 അപ്പർപ്രൈമറി സ്ക്കൂൾ 7 ലോവർ പ്രൈമറി സ്ക്കൂൾ എന്നിങ്ങനെ 10 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെയുണ്ട്. വിദ്യാഭ്യാസനിലവാരം സംസ്ഥാനശരാശരിയേക്കാൾ താഴെയാണ്. 33.8% ആണ് കഴിഞ്ഞ അഞ്ചു വർഷത്തെ ശരാശരി വിജയശതമാനം 1910 ലാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം കൊമ്പൻ കയ്യിൽ തുടങ്ങിയത്.

പുരാതനകാലത്തുതന്നെ ജനവാസമുണ്ടായിരുന്നു എന്നതിനുള്ള തെളിവാണ് ഈ പഞ്ചായത്തിൻെറ പലഭാഗങ്ങളിലുമുള്ള ശവക്കല്ലറകൾ. ആ പഴയ തലമുറ പൂർണ്ണമായി നശിച്ചു എന്നതിനുള്ള തെളിവാണ്, അതിപുരാതനമായ തകർന്ന ക്ഷേത്രാവശിഷ്ടങ്ങൾ, കുളങ്ങൾ എന്നിവ. പല പ്രദേശങ്ങളിൽ നിന്നും വന്നു താമസമാക്കിയവരുടെ സന്താനപരമ്പരയാണ് ഇന്നിവിടെയുള്ളവർ.

ഭൂപരിഷ്കരണനടപടികളെതുടർന്ന് വൻ മാററങ്ങൾ നാട്ടിലുണ്ടായി. തൊഴിലാളികൾക്കും കുടിയാൻമാർക്കും സുരക്ഷിതബോധം കൈവന്നു. അന്ധവിശ്വാസങ്ങൾ തകരുവാൻ തുടങ്ങി. ഐത്താചാരങ്ങൾ കുറഞ്ഞുവരുവാൻ തുടങ്ങി. ഭൂപരിഷ്കരണ നടപടികളെതുടർന്ന് കൃഷിഭൂമി കൃഷിക്കാരനായതോടെ അടിച്ചമർത്തപ്പെട്ടുകഴിഞ്ഞിരുന്ന ഭൂരിപക്ഷം എല്ലാ രംഗത്തും മേൽക്കോയ്മ നേടി. അതോടെ അതുവരെയുണ്ടായിരുന്ന സംസ്കാരത്തിനു വൻ മാററങ്ങൾ ഉണ്ടായി. എടപ്പറ്റയിലെ മുസ്ലീംപള്ളികൾ താഴെപറയുന്നവയാണ്.

ഈ പള്ളികളിൽ ഏററവും പുരാതനമായത് എടപ്പററപള്ളിയാണ്. സ്ഥാപിച്ച വർഷം കൃത്യമായട്ടറിവില്ല. ഈ 12 പള്ളികളും ജുമാഅത്ത് പള്ളികളാണ്.

ക്ഷേത്രങ്ങളിൽ ചെറുതും വലുതുമായ ഉത്സവങ്ങൾ നടക്കാറുണ്ട്. ക്ഷേത്രോത്സവങ്ങളിൽ എല്ലാ മതക്കാരും പങ്കെടുക്കാറുണ്ട്. കുട്ടിച്ചാത്തൻ ഭഗവതി ക്ഷേത്രത്തിൽ ആണ്ടുതോറും നടക്കാറുള്ള അതിപുരാതനമായ ഐവർകളി വളരെ പ്രസിദ്ധമാണ് പൂശാലിപടി സുബ്രഹ്മണ്യകോവിലിലെ തൈപ്പൂയമഹോത്സവമാണ് ഏററവും പ്രധാനപെട്ട ക്ഷേത്രോത്സവം.

എടപ്പററയിൽ ആദ്യമായി സ്ഥാപിച്ച കൃസ്ത്യൻ ദേവാലയം പുളിയക്കോട് സെൻറ് മേരീസ് ചർച്ച് ആണ്. എല്ലാ കൃസ്ത്യൻ ദേവാലയങ്ങളിലും പെരുന്നാളുകളും, തിരുന്നാളുകളും ആഘോഷപൂർവ്വം കൊണ്ടാടാറുണ്ട്. പാതിരിക്കോട് സെൻറ് മേരീസ് പള്ളിയിൽ എല്ലാ വർഷവും ഫെബ്രുവരി 1,2, തിയ്യതികളിൽ നട

പട്ടിക 1

എടപ്പററയിലെ മുസ്ലീം പള്ളികൾ

| ക്രമനമ്പർ | വാർഡ് | പള്ളിയുടെപേരും സ്ഥിതിചെയ്യുന്നസ്ഥലവും |
|---|---|---|
| 1. | 01 | എടപ്പററപള്ളി |
| 2. | 02 | ഏളംകുന്ന് പള്ളി. |
| 3. | 03 | ഏപ്പിക്കാട് പള്ളി |
| 4. | 06 | കൊമ്പൻകല്ല്പള്ളി |
| 5. | 07 | ആഞ്ഞിലങ്ങാടി പള്ളി |
| 6. | 07 | വെള്ളിയഞ്ചേരി പഴയപള്ളി |
| 7. | 07 | വെള്ളിയഞ്ചേരി പുതിയ പള്ളി |
| 8. | 08 | കാളമഠംപള്ളി |
| 9. | 08 | ചേരിപറമ്പ്പള്ളി |
| 10. | 09 | കരുവാരട്ടപള്ളി |
| 11. | 09 | മൂനാടി പള്ളി |
| 12. | 09 | മൈനർ അങ്ങാടി പള്ളി. |

പട്ടിക 2

എടപ്പറ്റയിലെ പ്രധാന ക്ഷേത്രങ്ങളുടേയും അമ്പലങ്ങളുടേയും പട്ടിക

| ക്രമനമ്പർ | വാർഡ് | ക്ഷേത്രത്തിൻെറ / അമ്പലത്തിൻെറ പേര്, സ്ഥിതിചെയ്യുന്ന സ്ഥലം |
|---|---|---|
| 1. | 01 | കരിങ്കാളികാവ് ഭഗവതിക്ഷേത്രം |
| 2. | 01 | ആയൂർ ശിവക്ഷേത്രം എടപ്പറ്റ |
| 3. | 03 | സുബ്രഹ്മണ്യ ശ്രീകോവിൽ പൂശാലിപടി |
| 4. | 04 | തിരൂർ ഭഗവതിക്ഷേത്രം, പാതിരിക്കോട് |
| 5. | 05 | കാട്ടുപുത്തൂർ വിഷ്ണു ക്ഷേത്രം |
| 6. | 06 | കുട്ടിച്ചാത്തൻ ഭഗവതീക്ഷേത്രം, കൊമ്പൻകല്ല് |

പട്ടിക 3

കൃസ്ത്യൻ പള്ളികളുടെ പട്ടിക

| ക്രമനമ്പർ | വാർഡ് | പള്ളിയുടെ പേര്, സ്ഥലം |
|---|---|---|
| 1. | 09 | സെൻറ് ജോർജ്ജസ് ഓർത്തഡോക്സ് ചർച്ച് പുളിയക്കോട് (പാറ) |
| 2. | 04 | സെൻറ് മേരീസ് ചർച്ച് പാതിരിക്കോട് (പുല്ലുപറമ്പ്) |
| 3. | 04 | സെൻറ് സെബാസ്റ്റ്യൻസ് ചർച്ച് പാതിരിക്കോട് (കുരിശ്) |
| 4. | 09 | സെൻറ് ജോർജ്ജസ് കാത്തലിക് ചർച്ച് പുളിയക്കോട് (മൈലാടി) |
| 5. | 05 | സെൻറ് മേരീസ് ചർച്ച്, സെഹിയോൻ കുന്ന് പാതിരിക്കോട് |
| 6. | 02 | ചർച്ച് ഓഫ് ഗോഡ് ഇന്ത്യൻ പെന്തകോസ്ത് എടപററ |

ത്തപ്പെടുന്ന പുല്ലുപറമ്പ് പള്ളിപെരുന്നാൾ അവയിൽ പ്രധാനപ്പെട്ടവയാണ്. മുസ്ലിംകളും, ഹിന്ദുക്കളും കൃസ്ത്യാനികളോടൊപ്പം പെരുന്നാളിൽ പങ്കെടുക്കാറുണ്ട്.

## വായനശാലകൾ

ഗ്രന്ഥശാലാപ്രസ്ഥാനത്തിന് കാര്യമായ വേരോട്ടമില്ലാത്തസ്ഥലമാണ് എടപ്പററ. 1976-ൽ പുളിയക്കോട്, 1978-ൽ പാതിരിക്കോട് പുല്ലുപറമ്പിലും ഓരോ വായനശാലകൾ പ്രവർത്തനമാരംഭിച്ചു. പുളിയക്കോട് വായനശാലക്ക് രജിസ്ട്രേഷൻ ലഭിച്ചില്ലെങ്കിലും 500-ൽ അധികം പുസ്തകങ്ങൾ ഉണ്ടായിരുന്നു. പാതിരിക്കോട് വായനശാലയ്ക്ക് 100-ലധികം പുസ്തകങ്ങളുണ്ടായിരുന്നു. രജിസ്ട്രേഷനും ഗ്രന്ഥശാലസംഘത്തിൻെറ അംഗീകാരവും ഉണ്ടായിരുന്നു. എന്നാൽ ഭാരവാഹികളുടെ അശ്രദ്ധമൂലം പുസ്തകങ്ങൾ മുഴുവൻ അന്യാധീനപ്പെടുകയോ നശിച്ചുപോവുകയോ ചെയ്തു. പിന്നീട് ഗ്രന്ഥശാലാസംഘത്തിൻെറ പരിശ്രമഫലമായി ഈ വായനശാല വീണ്ടും പുനർജീവിച്ചുവെങ്കിലും ഇപ്പോഴും പ്രവർത്തനരംഗത്തില്ല. ഇപ്പോൾ നിലവിലുള്ള വായനശാലകളുടെ വിവിരം താഴേ കൊടുക്കുന്നു.

പട്ടിക 4

വായനശാലകളുടെ പട്ടിക

| | വാർഡ് | വായനശാലയുടെ പേര് | ആരംഭിച്ച വർഷം | പുസ്തകങ്ങളുടെഎണ്ണം | സ്വന്തമായ സ്ഥലം | സ്വന്തമായ കെട്ടിടം |
|---|---|---|---|---|---|---|
| 1 | 03 | ദേശീയ വായനശാല പാതിരിക്കോട് | 1985 | 2100 | ഇല്ല | ഇല്ല |
| 2. | 01 | പഞ്ചായത്ത് സാംസ്കാരികനിലയം & വായനശാല | 1991 | 600 | ഉണ്ട് | ഉണ്ട്. |

1985-ൽ പ്രവർത്തനമാരംഭിച്ച പാതിരിക്കോട് ദേശീയ വായനശാല 1987-ൽ രജിസ്ററർ ചെയ്യുകയും 1989-ൽ ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേററു ചെയ്യുകയും ചെയ്തു പൊതു ജനങ്ങളിൽ നിന്നും അംഗങ്ങളിൽ നിന്നും സംഭാവനയും വരിസംഖ്യയും പിരിച്ചാണ് ഈ വായനശാല പ്രവർത്തിക്കുന്നത്. കലാസാംസ്കാരിക രംഗങ്ങളിൽ ഈ വായനശാല ഒരുവിധം നന്നായി പ്രവർത്തിച്ചിട്ടുണ്ട് എങ്കിലും വയോജന വിദ്യാഭ്യാസം, പുതിയ വായനക്കാരെ ആകർഷിക്കൽ, പ്രവർത്തനമേഖല വിപുലീകരണം എന്നീകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. സ്വന്തമായ സ്ഥലമോ, കെട്ടിടമോ ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനമോ നടത്തിയിട്ടില്ല. കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതുമുണ്ട്.

പഞ്ചായത്തിൻെറ ധനസഹായത്തോടെയാണ് എടപ്പററയിലെ സാംസ്കാരികനിലയം പ്രവർത്തിക്കുന്നത്. സംസ്ഥാനസർക്കാരിൻെറ പതിനൊന്നിന പരിപാടിയനുസരിച്ച് കിട്ടിയ ധനസഹായം ഉപയോഗപ്പെടുത്തി ആരംഭിച്ച ഈ സാംസ്കാരിക നിലയത്തിൽ ആവശ്യമായ പുസ്തകങ്ങൾകൂടി പഞ്ചായത്തുവാങ്ങുകയും ഒരു വായനശാലകൂടി ആരംഭിക്കുകയും ചെയ്തു, സാംസ്കാരികനിലയം സെക്രട്ടറിയ്ക്ക് പഞ്ചായത്തിൽനിന്നും ഓണറേറിയം നൽകുന്നുണ്ട്. ഈ വായനശാല പഞ്ചായത്തുവകയായതിനാൽ സന്നദ്ധപ്രവർത്തനങ്ങൾക്ക് പരിമിതികൾ ഉണ്ട്, എങ്കിലും ജനകീയ സഹകരണം ഉറപ്പാക്കിയാൽ ഈ വായനശാലയ്ക്കും സാംസ്കാരികരംഗത്ത് കൂടുതൽ സേവനമർപ്പിക്കാനാകും.

## ആഘോഷപരിപാടികൾ

റിപ്പബ്ലിക് ദിനം, സ്വാതന്ത്ര്യദിനം, ഓണം എന്നീ വിശേഷദിവസങ്ങൾ പഞ്ചായത്തിൻെറ എല്ലാഭാഗത്തും സമുചിതമായി കൊണ്ടാടാറുണ്ട്. ദേശീയവായനശാല പ്രസംഗമത്സരം, പ്രബന്ധമത്സരം, ക്വിസ് മത്സരം, കായിക മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. വായനശാലയുടെ വാർഷിക ദിനത്തിൽ പൊതുയോഗം, നൃത്തം, ഒപ്പന, നാടകങ്ങൾ, ഏകാങ്കങ്ങൾ എന്നീ വിവിധ പരിപാടികൾ ഉണ്ടാകാറുണ്ട്.

## നാടൻ കലകൾ

ഈ പഞ്ചായത്തിലെ നാടൻകലകൾ കോൽകളി, ചെററുമൻകളി, പരിചമുട്ടുകളി, തിരുവാതിരകളി ഒപ്പന എന്നിവയാണ്. പട്ടികജാതിയിൽപെട്ട ചെറുമർ ഇടയ്ക്കിടയ്ക്ക് ചെറുമൻകളിനടത്താറുണ്ട്. നൂറുകണക്കിന് ചെറുമപുരുഷന്മാരും സ്ത്രീകളും പങ്കെടുക്കുന്ന വാശിയേറിയ ചെറുമൻ കളി മത്സരവും ഇടയ്ക്കിടയ്ക്ക് ഉണ്ടാകാറുണ്ട്. മുസ്ലീങ്ങളുടെ ഇടയിൽ വൻ പ്രചാമുണ്ടായിരുന്ന കോൽകളിയും, ആശാരിസമുദായക്കാരുടെ പ്രധാനകളിയായിരുന്ന പരിചമുട്ടുകളിയും ഇന്ന് അപൂർവ്വമായിരിക്കുന്നു. കോൽക്കളിക്കുപകരം "ദഫ്മുട്ട്" പ്രചരിച്ചുവരുന്നുണ്ട്. സ്ത്രീകളും പുരുഷന്മാരും ഒപ്പനകളിക്കാറുണ്ട്. വിവാഹനാളുകളിൽ ഒപ്പനയ്ക്ക് പ്രത്യേക പ്രാധാന്യമുണ്ട്.

## കാളപൂട്ട്.

കാളപൂട്ടും, പോത്തുപൂട്ടും ഈ പ്രദേശത്തെ പ്രിയ വിനോദങ്ങളായിരുന്നു. 2-ാം വാർഡിലെ ചെമ്പ്രമുണ്ട കാളപൂട്ട് പ്രസിദ്ധമായിരുന്നു. വാശിയേറിയ കാളപൂട്ടിനും, പോത്തുപൂട്ടിനും വേണ്ടി വൻ വിലകൊടുത്തുവാങ്ങിയ കാളകളേയും, പോത്തുകളേയും പണക്കാർ വളർത്തിയിരുന്നു. പണക്കാരുടെ പദവിയ്ക്ക് ഒരു മാനദണ്ഡം കാള പൂട്ടുകന്നുകളായിരുന്നു. ഇന്നും കാളപൂട്ടിൽ താല്പര്യമുള്ളവർ ധാരാളമുണ്ടെങ്കിലും കാളപൂട്ടു കണ്ടങ്ങളില്ല. നല്ലകാളകളും പോത്തുകളും ഇല്ലതാനും.

## ഗൃഹനിർമ്മാണരീതികൾ

30 വർഷം മുൻപുവരെ ഓടിട്ടവീടുകൾ ഈ പഞ്ചായത്തിൽ കൈവിരലിലെണ്ണാൻ കഴിയുന്നത്രമാത്രമേ ഉണ്ടായിരുന്നുള്ളു. വെട്ടുകല്ലോ, ഇഷ്ടികയോ ഉപയോഗിച്ച് പണിത വീടുകളും ചുരുക്കമായിരുന്നു. പശയും ശർക്കരയും കൂട്ടിക്കലർത്തികുഴച്ച മണ്ണുകൊണ്ടാണ്

ചുമർ നിർമ്മിച്ചിരുന്നത്. ചുമർതേച്ചിരുന്നത് മണ്ണിൽ ഉമി ചേർത്തുകൊണ്ടായിരുന്നു. മേൽപുര മേഞ്ഞിരുന്നത് വൈക്കോലോ, പുല്ലോ ഉപയോഗിച്ചായിരുന്നു. മരത്തിനുപകരം അധി കവും മുളയാണ് ഉത്തരമായും, കഴുക്കോലാ യും, പട്ടികയായും ഉപയോഗിച്ചിരുന്നത്.

കാലം മാറി മേൽക്കൂര മരവും ഓടുമാ യി. പതുക്കെപതുക്കെ കോൺക്രീററിലേയ്ക്കു ള്ള മാററമാണ് കണ്ടുവരുന്നത്. പുരാതനഗൃ ഹനിർമ്മാണരീതികൾ ഒന്നും തന്നെ ഇന്നില്ല. അതിരുകളിലുണ്ടായിരുന്ന മുളവേലികൾ ഇന്നു കാണാനേയില്ല. വേലികളുടെ സ്ഥാനത്ത് കരി ങ്കൽ, വെട്ടുകല്ല് മതിലുകളായി ഇത് പരിസ്ഥി തിപ്രശ്നങ്ങൾ സൃഷ്ടിക്കും.

## പ്രസിദ്ധീകരണങ്ങൾ ഇലക്ട്രോണിക്സ് മാധ്യമങ്ങൾ

ടെലിവിഷൻ, സിനിമ എന്നിവയുടെ അതി പ്രസരംമൂലം പഴയ നാടൻകലകളുടെ പ്രാധാന്യം ഇല്ലാതായിട്ടുണ്ട്. എങ്കിലും ഈ പഞ്ചായത്തിൽ ടെലിവിഷനുള്ള വീടുകളുടെ എണ്ണം 75-ൽ താഴെമാത്രമാണ്. സിനിമാശാലകൾ ഒന്നുമില്ല. മേലാററൂർ, എടത്തനാട്ടുകര, കരുവാരക്കുണ്ട്, പെരിന്തൽമണ്ണ എന്നീ സ്ഥലങ്ങളിൽ സിനിമ യ്ക്ക്പോകുന്നവരുടെ സംഖ്യകുറവല്ല. 12 വയസ്സിനും 50 വയസ്സിനും ഇടയിലുള്ളവരാണ് ഭൂരിഭാഗവും സിനിമകാണുന്നവർ. യുവാക്കളിൽ അശ്ലീല സിനിമകളോടുള്ള താല്പര്യം വർദ്ധി ച്ചുവരുന്നത് ഗൗരവമേറിയ കാര്യമാണ്. ടെലി വിഷൻ സൗകര്യം കുറവായതിനാലാണ് സി നിമയോടുള്ള താല്പര്യം കൂടുതലായി നിലനി ൽക്കുവാൻ കാരണം.

ഫിലിംസൊസൈററികൾ രൂപീകരിച്ച് നില വാരമുള്ള സിനിമകൾ പ്രചരിപ്പിക്കുവാൻ ശ്രദ്ധി ക്കേണ്ടതുണ്ട്. ഫീൽഡ് പബ്ലിസിററി വിഭാഗ ത്തിൽ സേവനം ഉപയോഗപ്പെടുത്തുകയും ചെയ്യാം.

പ്രവർത്തിക്കുന്ന വായനശാലകൾക്കും ക്ലബ്ബുകൾക്കും അംഗീകാരമുള്ള ഹരിജൻ കോള നികൾക്കും, അംഗൻവാടികൾക്കും സ്ക്കൂളു കൾക്കും ടെലിവിഷൻ സെററുകൾ ലഭ്യമാക്കി യുവാക്കളുടെ സാംസ്കാരിക നിലവാരം ഉയർത്തണം.

പ്രാദേശികമായ പ്രസിദ്ധീകരണങ്ങൾ ഒന്നു മില്ല. വായനശാലകളോ, സ്ക്കൂൾ സാഹിത്യമ ത്സരങ്ങളോ, കൈയ്യെഴുത്തുമാസികകൾ പോലും പ്രസിദ്ധീകരിക്കുന്നില്ല. യുവാക്കൾ അശ്ലീ ലപ്രസിദ്ധീകരണങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്ന സ്ഥിതിമാറേണ്ടിയിരിക്കുന്നു. സ്ത്രീകൾ ഒഴിവു സമയം ചെലവഴിക്കുന്നത് പൈങ്കിളിവാരികളുടെ വായനയിലൂടെയാണ്. കുടുംബിനികൾക്ക് പ്രയോജനപ്രദമായ പ്രസിദ്ധീകരണങ്ങൾ വിത രണം ചെയ്യുവാൻ നിലവിലുള്ള വായനശാല കൾ പദ്ധതികൾ തയാറാക്കേണ്ടതുണ്ട്. വായ നശാലകൾ ഇല്ലാത്തപ്രദേശങ്ങളിൽ രൂപീകരി ക്കുകയും വേണം.

## സ്ത്രീപങ്കാളിത്തം

സാംസ്കാരികരംഗങ്ങളിൽ സ്ത്രീപങ്കാളി ത്തം വളരെ കുറവാണ്. മുസ്ലീംസ്ത്രീകളുടെ സാമൂഹികപിന്നോക്കാവസ്ഥയാണ് അതിനുകാ രണം. സ്ക്കൂളുകളിലെ അധ്യാപികമാർ, മററു ജീവനക്കാർ എന്നിവരിൽ ബഹുഭൂരിഭാഗവും തെക്കൻ ജില്ലകളിൽ നിന്നും വന്നവരാണ്. ഈ പ്രദേശത്തെ വിദ്യാഭ്യാസരംഗത്തെ പിന്നോ ക്കാവസ്ഥയാണ് അതിനുകാരണം. സ്ത്രീകളെ സാംസ്കാരികരംഗത്തേയ്ക്ക് കൂടുതലായി കൊണ്ടുവരുവാൻ പദ്ധതികൾ ഉണ്ടാക്കേണ്ട തുണ്ട്.

## മററു സാംസ്കാരിക പ്രവർത്തനങ്ങൾ

ലളിതകലകളിൽ താല്പര്യ മുള്ളവർക്ക് പരിശീലനസൗകര്യം ഈ പഞ്ചായത്തിൽ എവി ടേയും ഇല്ല സ്ക്കൂൾ തലത്തിൽ വിനോദയാ ത്രകൾ സംഘടിപ്പിക്കാറുണ്ട്. എന്നാൽ പൊതു ജനങ്ങൾക്കായി വിനോദയാത്രകൾ സംഘടി പ്പിക്കുവാൻ സംഘടനകൾ തയ്യാറാകുന്നില്ല.

പഞ്ചായത്തിൽ പൊതുപരിപാടികൾ, സെമിനാറുകൾ എന്നിവ ചേരുവാൻ സൗകര്യപ്രദമായ സ്ഥലങ്ങളൊന്നുമില്ല. ഒരു കല്ല്യാണമണ്ഡപമോ, സാസ്കാരിക നിലയമോ നിർമ്മിക്കുവാൻ അടിയന്തിരമായി പദ്ധതി തയ്യാറാക്കണം.

## വിവാഹസദ്യകളും മററു ദുർചെലവുകളും

വിവാഹസദ്യകൾക്കുവേണ്ടി വൻതുക ചെലവഴിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നുണ്ട്. സ്തീധനനിരക്ക് കൂടിവരുന്നു. ആഭരണഭ്രമവും വളരെ വലുതാണ്. ഇവക്കെതിരെ ബോധവൽക്കരണം മാത്രമേ മാർഗ്ഗമുള്ളൂ.

മദ്യപാനം, പുകവലി മുതലായ സാമൂഹ്യതിന്മകൾ ഇല്ലായ്മചെയ്യുവാൻ വ്യാപകമായ പ്രചരണം ആവശ്യമാണ് വനിതകൾ ഈ രംഗത്ത് പ്രത്യേകം താല്പര്യമെടുക്കണം.

## അയിത്തം അന്ധവിശ്വാസം.

അയിത്തം കൊടികുത്തിവാണിരുന്ന ഒരു പഞ്ചായത്താണ് എടപ്പററ.. എന്നാൽ ഇന്ന് അതിൽനിന്നൊക്കെ മോചനം നേടിക്കഴിഞ്ഞിരിക്കുന്നു., ഇവിടത്തെ പട്ടിജകജാതി/വർഗ്ഗക്കാർ അന്ധവിശ്വാസങ്ങൾക്ക് കുറവുണ്ടെങ്കിലും ഇന്നും നിലനില്ക്കുന്നു. പനിവരുമ്പോൾ നൂൽ ഊതികെട്ടുന്നവരും, വെള്ളം ഊതിക്കൊടുക്കുന്നവരും ഇന്നുമുണ്ട്. പ്രതിസന്ധികൾ വരുമ്പോൾ മന്ത്രവാദം ചെയ്യിക്കുന്നവരും, ശത്രുസംഹാരത്തിന് തകിട്കുഴച്ചിടുന്നവരും കുറവല്ല. ബോധവൽക്കരണമാണ് അന്ധവിശ്വാസം ഇല്ലായ്മ ചെയ്യുവാനുള്ള ഏക ആയുധം ഉറച്ച ദൈവവിശ്വാസം ഉണ്ടാകുമ്പോഴും അന്ധവിശ്വാസം കുറഞ്ഞുവരും.

# കായികരംഗം

കായിക രംഗത്തു പ്രവർത്തിക്കുന്ന 13 ക്ലബ്ബുകൾ ഈ പഞ്ചായത്തിലുണ്ട്. താഴെ കൊടുക്കുന്ന പട്ടിക-5 നോക്കുക.

രിജ്സററർ ചെയ്തവയും അല്ലാത്തവയുമായി 13 ക്ലബ്ബുകൾ കായികകലാരംഗങ്ങളിൽ പ്രവർത്തിക്കുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. പക്ഷെ പ്രവൃത്തിവളരെ ചുരുക്കമാണ്. സാമ്പത്തിക പ്രശ്നങ്ങളാൽ പ്രവർത്തനം തുടങ്ങി അധികം കഴിയുന്നതിനുമുൻപ് ക്ലബ്ബുകളുടെ പ്രവർത്തനവും നില്ക്കുന്നതായി കാണാം.

## പഴയകായികവിനോദങ്ങൾ

കാരകളി, കുട്ടിയും കോലുംകളി, തലമ്മൽപന്തുകളി, ഗോട്ടികളി, അണ്ടിക്കളി എന്നി

പട്ടിക 5 ക്ലബ്ബുകളുടെ എണ്ണം

| | വാർഡ് | ക്ലബ്ബിൻെറപേര് |
|---|---|---|
| 1. | 01 | റയിൽവേസ് ആർട്ട്സ്&സ്പോർട്ട്സ് ക്ലബ്ബ് എടപററ |
| 2. | 01 | ചാലഞ്ച് ക്ലബ്ബ്, എടപ്പററ |
| 3. | 03 | നെഹ്റു സ്പോർട്ട്സ്&ആർട്ട്സ് ക്ലബ്ബ്, ഏപ്പിക്കാട് |
| 4. | 03 | യൂത്ത്ക്ലബ്ബ്, എടപ്പററ |
| 5. | 03 | എക്കോ ക്ലബ്ബ്, ഏപ്പിക്കാട് |
| 6. | 03 | റിക്രിയേഷൻ ക്ലബ്ബ്, പാതിരിക്കോട് |
| 7. | 04 | നേതാജി സ്പോർട്ട്സ് ക്ലബ്ബ്, പാതിരിക്കോട് |
| 8. | 05 | റൈസിംഗ്സൺസ് സ്പോർട്ട്സ്ക്ലബ്ബ്, വെള്ളിയഞ്ചേരി |
| 9. | 05 | നോവൽററി യൂത്ത്ക്ലബ്ബ്, വെള്ളിയഞ്ചേരി |
| 10. | 07 | ബ്രദേഴ്സ് സ്പോർട്ട്സ്&ആർട്ട്സ് ക്ലബ്ബ്, വെള്ളിയഞ്ചേരി |
| 11. | 07 | കലാസാംസ്കാരികവേദി, ആഞ്ഞിലങ്ങാടി |
| 12. | 08 | ഫ്രൻസ് സ്പോർട്ട്സ് & ആർട്ട്സ് ക്ലബ്ബ് ചേരിപറമ്പ് |
| 13. | 09 | ദർശന സ്പോർട്ട്സ് & ആർട്ട്സ്ക്ലബ്ബ്, പുളിയക്കോട്. |

വയായിരുന്നു. പഴയകാലകായികവിനോദങ്ങൾ. തരിശുഭൂമികൾ ഇല്ലാതായി. പാടങ്ങൾപോലും കൃഷിയിടങ്ങളായി. പഞ്ചായത്തിൽ പൊതുകളിസ്ഥലം പുതുതായി ഉണ്ടായതുമില്ല, അതുകൊണ്ടുതന്നെ കായികവിനോദത്തിന് ഒരു സാധ്യതയും ഇല്ലാതായി. പഴയകായിക വിനോദങ്ങളിൽ പുതിയ തലമുറകൾക്ക് ഒരു താല്പര്യവും ഇല്ല.

## പുതിയ കായികവിനോദങ്ങൾ

ഫുട്ബാൾ, വോളിബാൾ, ക്രിക്കറ്റ് എന്നീ കളികളോടാണ് എടപ്പറയിലെ കായികമേഖല ഇഷ്ടപ്പെടുന്നത്. നല്ലനിലവാരമുള്ള ഫുട്ബാൾ താരങ്ങൾ ഇവിടെയുണ്ട്. എല്ലാവരും പല ക്ലബ്ബുകളുടെ താരങ്ങളാണ്. അവരെ ഏകോപിപ്പിച്ച് നല്ലൊരുപഞ്ചായത്ത്ടീമിന് രൂപം നൽകുവാൻ കഴിയുന്നില്ല.

പുതിയതലമുറ-പ്രത്യേകിച്ച് 20 വയസ്സിൽ താഴെയുള്ളവരിൽ ക്രിക്കറ്റ് കളിയിലാണ് കൂടുതൽ താല്പര്യം.

## വിനോദരംഗത്തെ ദുഷ്പ്രവണതകൾ

നല്ലൊരുവിഭാഗം യുവജനങ്ങൾ പണം വെച്ച് ചീട്ടുകളിക്കുന്നവരായുണ്ട്. ക്ലബ്ബുകൾ കൃത്യമായി തുറന്നു പ്രവർത്തിക്കുന്നില്ല. നേരമ്പോക്കിനുള്ളകളികളൊന്നും ക്ലബ്ബുകളിൽ ഇല്ലതാനും അതുകൊണ്ടാണ് യുവാക്കൾ വഴിതെററിപോകുന്നത്. വലിയ സാമൂഹ്യതിന്മയും സകലമതങ്ങളും എതിർക്കുന്നതുമായ പണംവെച്ചുചീട്ടുകളിക്കെതിരെ ക്ലബ്ബുകൾ തന്നെ ബോധവൽക്കരണം നടത്തണം.

പഞ്ചായത്തിൽ പൊതുകളിസ്ഥലമില്ലാത്തതിനാൽ കായികരംഗം മുരടിക്കുയാണ്. പഞ്ചായത്ത്തല മത്സരങ്ങൾ ഇടക്കിടക്ക് സംഘടിപ്പിച്ച് യുവാക്കളുടെ കായികശേഷി വർദ്ധിപ്പിക്കണമെങ്കിൽ പൊതുകളിസ്ഥലം ഉണ്ടായേതീരു.

സാംസ്കാരിക-കായികരംഗങ്ങളിലെ പ്രശ്നങ്ങളും പ്രശ്നപരിഹാരങ്ങളും താഴെപറയുന്നവയാണ്.

- ഒരു മിനി സ്റേറഡിയം പോലും ഇല്ലാത്ത ഈ പഞ്ചായത്തിൽ ആവശ്യമായ സ്റേറഡിയംനിർമ്മിക്കണം 1,2,3,4,9 വാർഡുകൾ ഉൾപെട്ട എടപറ പാതിരിക്കോട് ദേശങ്ങൾ അടങ്ങിയ പഞ്ചായത്തിൻെറ ഉത്തരമേഖലയിൽ ഒരു സ്ക്കൂൾ ഗ്രൗണ്ട്പോലുമില്ല. ഈ കുറവ് പരിഹരിക്കുന്നതിനായി ഈ മേഖലയ്ക്ക് പ്രാമുഖ്യംകൊടുത്തുകൊണ്ട് കളിസ്ഥലങ്ങൾ ഇല്ലാത്ത 6,8 എന്നീ വാർഡുകളേയും പരിഗണിച്ചുകൊണ്ട് സ്റേറഡിയം നിർമ്മാണത്തിന് പദ്ധതിതയ്യാറേക്കണ്ടതാണ്.
- പ്രവൃത്തിക്കുനന്നതും ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേഷനുള്ളതുമായ വായനശാലകളിലെ സെക്രട്ടറിമാർക്ക് ഓണറേറിയം നൽകിയാൽ സാക്ഷരതാരംഗത്തും, വയോജനവിദ്യാഭ്യാസരംഗത്തും, സാംസ്കാരികപ്രവർത്തനങ്ങളിലും വായനശാലകൾക്ക് വളരെ കാര്യമായിപ്രവൃത്തിക്കുവാൻ കഴിയും. അതിനുള്ള പദ്ധതിക്ക് രൂപം നൽകണം.
- നല്ലനിലയിൽ പ്രവൃത്തിക്കുന്നതും അഫിലിയേഷൻ ഉള്ളതുമായ വായനശാലകൾക്ക് ഫർണിച്ചറുകൾ വാങ്ങുവാനും, സ്വന്തമായി സ്ഥലംവാങ്ങി കെട്ടിടം ഉണ്ടാക്കുവാനും ധനസഹായയം നൽകുന്നതിനുള്ള പദ്ധതിക്ക് രൂപകൽപ്പനചെയ്യണം. പ്രവർത്തനങ്ങൾ വിലയിരുത്തി പരാജയം സംഭവിക്കില്ല എന്ന് ഉറപ്പുള്ള വായനശാലകൾക്കുമാത്രം സ്ഥിരമായ ആസ്ഥിക്കുള്ള ധനസഹായം നൽകിയാൽ മതിയാകും.
- വായനശാലകളില്ലാത്ത സ്ഥലങ്ങളിലൊക്കെ വായനശാലകൾ രൂപീകരിക്കണം.
- ക്ലബ്ബുകൾ നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയശേഷം രജിസ്ട്രേഷൻ ഉള്ളക്ലബ്ബുകൾക്ക് കളിക്കോപ്പുകൾ വാങ്ങുന്നതിനും, സെക്രട്ടറിക്ക് ഓണറേറിയം നൽകുന്നതിനും പദ്ധതിയുണ്ടാക്കി യുവാക്കളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കണം.
- ടെലിവിഷനില്ലാത്ത വായനശാലകൾക്കും, ക്ലബ്ബുകൾക്കും ടെലിവിഷൻ നൽകണം. ഹരിജൻ കോളനികൾ, അംഗൻവാടികൾ, സ്ക്കൂളുകൾ എന്നിവിടങ്ങളിലും ഓരോ ടെലിവിഷൻ സെററ് ലഭ്യമാക്കുവാൻ പദ്ധതിവേണം, ക്ലബ്ബുകളും ഹരിജൻകോളനികളും അംഗീകാരമുള്ളവയായിരിക്കണം.

വികസന സെമിനാറിന് ആശംസകൾ.........

# കെ.ടി. മെഡിക്കൽസ്

മേലാറ്റൂർ

വികസന സെമിനാറിന് ആശംസകൾ.........

# സാരി മാളിക

മേലാറ്റൂർ

വിവാഹ വസ്ത്രങ്ങൾക്കും
റെഡിമെയ്ഡ് വസ്ത്രങ്ങൾക്കും
സമീപിക്കുക..

# സുന്ദരി

## ടെക്സ്റ്റയിൽസ്

ഹൈസ്കൂൾ റോഡ്, മേലാറ്റൂർ

"രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ആരോഗ്യം"
എന്ന സ്വപ്നസാക്ഷാത്കാരത്തിന്

# നിയോ ഹോസ്പിറ്റൽ

മഞ്ചേരി റോഡ് പാണ്ടിക്കാട്

മലപ്പുറം ജില്ല. ഫോൺ: 833360

---

വികസന സെമിനാറിന് ആശംസകൾ

**Phone: 38291**

# നിയോ ക്ലേവർക്ക്സ്

പേഴുന്തറ, ഉച്ചാരക്കടവ്

❍ ഒരു സാംസ്കാരിക നിലയവും, ഒരു കല്ല്യാണ മണ്ഡപവും നിർമ്മിച്ച് യോഗങ്ങൾകൂടുവാനുള്ള സ്ഥലമില്ലായ്മപ്രശ്നവും കല്ല്യാണം പോലുള്ള ചടങ്ങുകളും നടത്തുവാനുള്ള സൗകര്യമില്ലായ്മയും പരിഹരിക്കണം. കല്ല്യാണമണ്ഡപത്തിൽനിന്നും വാടകയിനത്തിൽ വരുമാനവും ലഭിയ്ക്കും. അതിനായി വായ്പ ലഭ്യമാക്കിയാലും പ്രശ്നം പരിഹരിക്കണം.

❍ ക്ലബ്ബുകൾ നെഹ്റുയുവകേന്ദ്രവുമായി അഫിലിയേററുചെയ്യുകയും ആനുകൂല്യങ്ങൾ നേടിയെടുക്കുകയും വേണം.

❍ മദ്യപാനത്തിനും വ്യാജമദ്യപ്രചരണത്തിനുമെതിരെ പ്രചരണപരിപാടികളും ബോധവൽക്കരണവും നടത്തുവാൻ പദ്ധതിയുണ്ടാകേണ്ടിയിരിക്കുന്നു.

❍ പുകവലിക്കെതിരെ വ്യാപകമായ ബോധവൽക്കരണം നടത്തണം. 20 വയസ്സിൽ താഴെയുള്ളവരാരും പുകവലിക്കാതായാൽ ഇരുപത്തൊന്നാം നൂററാണ്ടിൻെറ പകുതിക്കുമുമ്പുള്ള ഈ പഞ്ചായത്തിലെ സിഗററ് കച്ചവടവും ബീഡിവില്പനയും ഇല്ലാതാകും.

❍ "പാൻപരാഗിൽ" ലഹരിയുടെ അംശംവളരെയധികമാണ്. യുവാക്കൾ പാൻപരാഗ് ഉപയോഗിക്കുന്നത് വർദ്ധിച്ചുവരുന്നു. പുകവലിയേക്കാളും ശക്തമായി എതിർക്കപ്പെടേണ്ട പാൻപരാഗിനെതിരെ വ്യപകമായ പ്രചരണം നടത്തണം. സ്ക്കൂൾ വിദ്യാർത്ഥികളിൽവരെ പാൻപരാഗിൻെറ ഉപയോഗം പ്രചരിച്ചിട്ടുണ്ട്.

❍ കഞ്ചാവിനും മയക്കുമരുന്നിനുമെതിരെയും ബോധവൽക്കരണം ആവശ്യമാണ് യുവശക്തി അതിനെതിരെ ഉണർത്തപ്പെടണം.

❍ ചീട്ടുകളിപോലെതന്നെ തായംകളി, "എട്ട്ഇടൽ"കളി എന്നിവയിലൂടെ തകരുന്നവർ വളരെയേറെയാണ്. ചീട്ട് കയ്യിലില്ല എന്ന പേരിൽ പോലീസ് അവരെ തടയുന്നില്ല. സമൂഹവും വലിയ വിപത്തായി ഇതിനെ കാണുന്നില്ല. സന്നദ്ധസംഘടനകളും നിയമപാലകരും ഈ സാമൂഹ്യവിപത്തിനെ ഗൗരവപൂർവ്വം കാണണം.

❍ നിരോധനത്തെതുടർന്ന് അപ്രത്യക്ഷമായ ചാരായം വീണ്ടും മദ്യരംഗം കയ്യടക്കിയിരിക്കുന്നു. വ്യാജചാരായമാണ് മദ്യപാനം നിർത്തിയവരെ വീണ്ടും പഴയ അവസ്ഥയിലേക്ക് എത്തിച്ചത്. കള്ളചാരായത്തിനെതിരെയുവജനങ്ങളും സന്നദ്ധസംഘടനകളും രംഗത്തുവരേണ്ടതുണ്ട്.

❍ നാടൻ കലകളായ ചെറുമൻകളി, കോൽകളി, പരിചമുട്ടുകളി എന്നിവയ്ക്ക് പ്രോത്സാഹനം നൽകുവാൻ പദ്ധതി തയ്യാറാക്കി പഴയ സംസ്കാരതനിമ നിലനിർത്തണം.

❍ സ്ത്രീകൾ കലാരംഗത്തും, കായികരംഗത്തും വരുന്നതിനെ എതിർക്കുന്നയാഥാസ്ഥിക നിലപാടുകൾ മാററിയെടുക്കുന്നതിനായി ബോധവൽക്കരണസെമിനാറുകൾ നടത്തണം.

❍ സിനിമകളിലെ അശ്ലീലം, പൈങ്കിളി പ്രസിദ്ധീകരണങ്ങൾ എന്നിവക്കെതിരെയും പ്രചരണം നടത്തേണ്ടതുണ്ട്. നിലവാരമുള്ള സിനിമകൾ പ്രചരിപ്പിക്കുന്നതിനായി ഒരു ഫിലിംസൊസൈററിയും രൂപവത്കരിക്കാവുന്നതാണ്. ഫീൽഡ് പബ്ലിസിററിവിഭാഗത്തിൻെറ സേവനം ഉപയോഗപ്പെടുത്തുവാൻ കഴിയണം.

❍ വിവാഹസദ്യകളിലെ ധൂർത്ത്, ആഭരണഭ്രമം, സ്ത്രീധനസമ്പ്രദായം ഇവയും എതിർക്കപ്പെടേണ്ട സാമൂഹ്യദുരാചാരങ്ങളാണ്.

❍ അന്ധവിശ്വാസങ്ങൾക്കെതിരെ ശക്തമായി പ്രതികരിക്കുവാൻ യുവാക്കൾക്കും ക്ലബ്ബുകൾക്കും കഴിയണം.

❍ പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലുമമുള്ള ഫുട്ബാൾതാരങ്ങളെ തെരഞ്ഞുപിടിച്ച് ഒരു പഞ്ചായത്ത് ടീമിന് രൂപം നൽകുവാൻ പദ്ധതിയാവിഷ്കരിക്കണം.

❍ പെരിന്തൽമണ്ണയിലെ ഏററവും നല്ല വോളിബോൾ ടീം എടപ്പററയിലുണ്ട്. പുളിയക്കോടാണ് ഈ ടീമിലെ അധികം അംഗങ്ങളും. പഞ്ചായത്തുതല വോളിബോൾ ടീമിന് രൂപം കൊടുത്ത് അവർക്ക് പ്രത്യേക കോച്ചിങ്ങ് നൽകണം.

❍ പുതിയ തലമുറയുടെ ഏററവും പ്രിയപ്പെട്ടകളിയായ ക്രിക്കററിന് പ്രോത്സാഹനമെന്ന നിലയിൽ ഒരു ക്രിക്കററ് ക്ലബ്ബിന് രൂപം നൽകണം.

❍ ലളിതകലകൾ അഭ്യസിക്കുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

മുകളിൽ പറഞ്ഞ സാധ്യതകളെ പദ്ധതികളാക്കി മാററി എടപ്പററയിലെ യുവശക്തിയെ 21-ാം നൂററാണ്ടിലേയ്ക്കു നയിക്കുവാനുള്ള നിർദ്ദേശങ്ങൾ ഈ സെമിനാറിൽ നിന്നും ഉയർന്നുവരണം.





# 5 : സഹകരണം

സഹകരണ പ്രസ്ഥാനത്തിന് ഈ അടുത്ത കാലത്താണ് ഈ പഞ്ചായത്തിൽ വേരോട്ടം ലഭിച്ചത്. ആദ്യമായുണ്ടായ വായ്പാ സഹകരണ സംഘം എടപ്പറ്റ സർവ്വീസ് സഹകരണ ബാങ്കാണ്. ഇത് 1995 ഡിസംബർ 23ന് പ്രവത്തനം ആരംഭിച്ചു. മേലാറ്റൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ അധികാര പരിധിയിൽ നിന്നും എടപ്പറ്റ പഞ്ചായത്തിനെ വേർപ്പെടുത്തി രൂപീകരിച്ച ഈ ബാങ്കിന്റെ പ്രഥമ പ്രസിഡണ്ട് ശ്രീ ജോർജ് മാത്യുവും, സെക്രട്ടറി ശ്രീ. കെ. കബീറുമാണ്. പാൽ ഉൽപ്പാദന വിപണനരംഗത്ത് പ്രവർത്തിക്കുന്ന രണ്ട് സഹകരണ സ്ഥാപനങ്ങളാണ് പാതിരിക്കോട് ക്ഷീരോൽപാദക സഹകണ സംഘവും, പുളിയക്കോട്ക്ഷീരോൽപാദക സഹകരണ സംഘവും പെരിന്തൽണ്ണ ബ്ലോക്ക് പ്രവർത്തന പരിധിയായി 1978ൽ രൂപീകരിച്ച മേലാറ്റൂർ ബീകീപ്പേർസ് വില്ലേജ് ഇൻഡസ്ട്രിയൽ കോ. ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആസ്ഥാനവും എടപ്പറ്റയിലാണ്. ഏപ്പിക്കാട് AMLP സ്കൂൾ കോ ഓപ്പറേറ്റീവ് സൊസൈറ്റി ഈ പഞ്ചായത്തിലെ ഏക ഉപഭോക്തൃ സഹകരണ സംഘമാണ്. എടപ്പറ്റ പഞ്ചായത്ത് മൾബറി സഹകരണ സംഘം രജിസ്റ്റർ ചെയ്തെങ്കിലും പട്ടുനൂൽ പുഴു വളർത്തൽ പരാജയപ്പെട്ടതിനെ തുടർന്ന് അതിന്റെ പ്രവർത്തനം വളരെകുറച്ച് ദിവസങ്ങളേ നീണ്ടു നിന്നുള്ളൂ.

## കൃഷി വികസനബാങ്ക്

പെരിന്തൽമണ്ണ സഹകരണ കൃഷി വികസന ബാങ്ക്, പെരിന്തൽമണ്ണ റൂറൽ കോ. ഓപ്പറേറ്റീവ് ഹൗസിങ്ങ് സൊസൈറ്റി പെരിന്തൽമണ്ണ അർബ്ബൻകോ ഓപ്പറേറ്റീവ് ബാങ്ക് എന്നിവയുടെ അധികാരം പരിധിയിൽപ്പെട്ട പ്രദേശമാണ് എടപ്പറ്റ എന്നതിനാൽ അവയുടെ സേവനവും പരിമിതമായ തോതിൽ ഈ പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്.

## മറ്റുസഹകരണ സ്ഥാപനങ്ങൾ

ഈ പഞ്ചായത്ത് അതിർത്തിയിലുള്ള ഏക ധനകാര്യ സ്ഥാപനം എന്ന നിലയിൽ എടപ്പറ്റ സർവ്വീസ് സഹകരണ ബാങ്കിന് വളരെയേറെ വികസന സാദ്ധ്യതയുണ്ട്. മുഴുവൻ നാട്ടുകാരുടെയും സഹകരണം അതിനാവശ്യമാണ്. ക്ഷീരോൽപാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം 3,4,9 വാർഡുകളിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നു. ഈ കാർഷിക മേഖലയിൽ അവയ്ക്കും കാര്യമായി പ്രവർത്തിക്കുവാൻ കഴിയും. തേനീച്ച രോഗത്തെ തുടർന്ന് സാമ്പത്തിക പ്രതിസന്ധിയിലായി തീർത്തും പ്രവർത്തന രഹിതമായ മേലാറ്റൂർ ബീ കീപ്പേർസ് വിലേജ് ഇൻഡസ്ട്രിയൽ കോ. ഓപ്പറേറ്റീവ് സൊസൈറ്റിയെ പുനർജീവിവിപ്പിക്കുവാൻ കേരള ഖാദിഗ്രാമ വ്യവസായ ബോർഡിന്റെയും സംസ്ഥാന സർക്കാരിന്റെയും ശ്രദ്ധതന്നെ പതിയേണ്ടിയിരിക്കുന്നു. സ്കൂൾ സഹകരണ സംഘം പാഠപുസ്തക വിതരണത്തിൽ മാത്രം ഒതുങ്ങി നിൽക്കാതെ

അതിന്റെ പ്രവർത്തനവും വിപുലീകരിക്കുവാൻ സാധ്യതയുണ്ട്. സെറികൾച്ചർ പരാജയപ്പെട്ടതിനാൽ ആ രംഗത്ത് പിടിച്ച് നിൽക്കുവാൻ ഒരു സംഘത്തിന് സാധ്യതയില്ല.

## കാർഷിക വായ്പാ സഹകരണ സംഘം

മൂവായിരത്തോളം കർഷകകുടുംബങ്ങളുള്ള ഈ പഞ്ചായത്തിലെ കർഷകർക്ക് ആവശ്യമായ കാർഷിക വായ്പ നൽകുവാൻ മാസങ്ങൾ മാത്രം പ്രായമുള്ള എടപ്പറ്റ സർവ്വീസ് സഹകരണ ബാങ്കിന് കഴിയുന്നില്ല. മേലാറ്റൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ അംഗങ്ങളായിരുന്ന എടപ്പറ്റക്കാർ മുഖ്യമായും ആ ബാങ്കിനെയാണ് കൃഷി ആവശ്യത്തിന് ആശ്രയിച്ചിരുന്നത്. എന്നാൽ ഇന്ന് ആ ബാങ്കിന്റെ അധികാര പരിധിയിലല്ല എടപ്പറ്റ. ജില്ലാ സഹക

രണ ബാങ്കിൽ നിന്നും കാർഷിക വായ്പാ മതിയായ തോതിൽ എടപ്പറ്റ സർവ്വീസ് സഹകരണ ബാങ്കിന് ലഭിക്കാത്തതാണ് കർഷകർക്ക് വായ്പ ലഭിക്കുവാൻ തടസ്സം. 50 ലക്ഷം രൂപക്കുള്ള കാർഷിക വായ്പാ അപേക്ഷകൾ ലഭിച്ച ഈ ബാങ്കിന് ജില്ലാ സഹകരണ ബാങ്ക് ഈ വർഷം അനുവദിച്ചത് 6 ലക്ഷം രൂപ മാത്രം. നബാർഡ് വായ്പാ വിതരണത്തിൽ നിയന്ത്രണങ്ങൾ വരുത്തിയതിനാലാണ് ജില്ലാ സഹകരണ ബാങ്ക് വായ്പാ പരിധി പരിമിതപ്പെടുത്തിയത്. മേലാറ്റൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ നിന്ന് വേർപ്പെട്ട പ്രദേശമെന്ന പരിഗണന നൽകിയും, ജില്ലാ സഹകരണ ബാങ്ക് എടപ്പറ്റ സർവ്വീസ് സഹകരണ ബാങ്കിനെയും അതുവഴി എടപ്പറ്റയിലെ കർഷകരെയും സാഹിയക്കേണ്ടതുണ്ട്. വളം വിൽപ്പനക്കും ബാങ്ക് പദ്ധതികൾ നടപ്പാക്കണം.

സമഗ്ര തെങ്ങ് കൃഷി വികസന പദ്ധതി (CCDP) യനുസരിച്ചും. IRDP പദ്ധതിയനുസരിച്ചും ബാങ്ക് വായ്പകൾ നൽകുന്നുണ്ടെങ്കിലും അതെല്ലാം സ്വന്തം ഫണ്ടിൽ നിന്നും നൽകുന്നതിനാൽ വായ്പക്ക് കൂടുതൽ പലിശ ഈടാക്കുന്നു. ചുരുങ്ങിയ നിരക്കിൽ ഈ വായ്പകൾ ലഭിക്കുവാൻ ഏർപ്പാടുകൾ ഉണ്ടാക്കണം.

സമ്പാദ്യശീലം പ്രോത്സാഹിപ്പിച്ച് പരമാവധി നിക്ഷേപം കൂട്ടുവാൻ ഈ പഞ്ചായത്തിലെ ഏക ബാങ്കായ എടപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക് തീവ്രയത്നം തന്നെ നടത്തേണ്ടിയിരിക്കുന്നു. വിദേശജോലിക്കാരുടെ നിക്ഷേപം ആകർഷിക്കുന്നതിനും അത് കാർഷിക മേഖലയിലേക്ക് വായ്പയായി തിരിച്ച് വിടുന്നതിനും ബാങ്ക് കാര്യമായി ശ്രദ്ധിക്കണം.

## സ്വർണ്ണ പണയ-കാർഷികേതര വായ്പകൾ

കൃഷിചെല്ലവുകൾ, ചികിത്സ, വിവാഹം, കച്ചവടം മുതലായ ആവശ്യങ്ങൾക്ക് ഇന്ന് വളരെയേറെ കർഷകർ 180% വരെ പലിശക്ക് കടം വാങ്ങുന്ന അവസ്ഥ ഈ പഞ്ചായത്തിലുണ്ട്. അതുമൂലം തകർന്ന കുടുംബങ്ങൾ നിരവധിയാണ്. ബാങ്ക് വായ്പാ സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാലാണ് തമിഴ് നാട്ടുകാരായ ബ്ലേഡുകാരെയും ഈ നാട്ടുകാർ തന്നെയായ ബ്ലേഡുകാരെയും ഈ പ്രദേശത്തുകാർ ആശ്രയിക്കുന്നത് ഈ കഴുത്തറുപ്പൻ പണമിടപാട് അവസാനിപ്പിക്കണമെങ്കിൽ ബാങ്ക് ആവശ്യാനുസരണം അർഹരായവർക്ക് സ്വർണ പണയ

### പട്ടിക 1

| സംഘത്തിന്റെ പേര് | പ്രവർത്തനമാരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങൾ | ഓഹരി മൂലധനം | നിക്ഷേപം | വായ്പ | പ്രവർത്തന മൂലധനം | വായ്പ കാർഷികം | വായ്പ സ്വർണ്ണ പണയം കാർഷികേതരം |
|---|---|---|---|---|---|---|---|---|---|
| എടപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എം. 506 | 1995 | എടപ്പറ്റ ഗ്രാമ പഞ്ചായത്ത് | 1520 | 2,26000 | 36,80,000 | 13,84,000 | 52,41000 | 584000 | 3478000 |

കാർഷികേതര വായ്പ്കൾ ലഭ്യമാക്കിയേ തീരൂ. മുകളിൽ ലഭിച്ച പ്രകാരമുള്ള കണക്കുകളിൽ നിന്നും ബാങ്കിന്റെ നിക്ഷേപ വായ്പാ അനുപാതം തൃപ്തി കരമാണെന്ന് കാണാം. എങ്കിലും നിക്ഷേപവും വായ്പയും ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. കർഷ കരുടെ പങ്കാളിത്തവും ഉറപ്പാക്കണം.

## പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ

1. എടപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം. നമ്പർ എം. 506 പ്രസിഡണ്ട് - ജോർജ് മാത്യു.
2. മേലാറ്റൂർ ബി.കീപ്പേഴ്സ് വില്ലേജ് ഇൻഡസ്ട്രി യൽ കോ. ഓപ്പറേറ്റീവ് സൊസൈറ്റി LTD
(അഡ്മിനിസ്ട്രേറ്റർ ഭരണം) K.V. IND (M) 28.
3. പാതിരിക്കോട് ക്ഷീരോൽപാദക സഹകരണ സംഘം. നമ്പർ എം. 30 (ഡി)
പ്രസിഡണ്ട് സജി തോമസ്
4. പുളിയക്കോട് ക്ഷീരോൽപാദക സഹകരണ സംഘം പ്രസിഡണ്ട്. K.V. സ്റ്റീഫൻ,
5. ഏപ്പിക്കാട് എ.എം.എൽ.പി. സ്കൂൾ കോ. ഓപ്പ റേറ്റീവ് സൊസൈറ്റി നമ്പർ എം. ୨୨.
പ്രസിഡണ്ട് T.J. മറിയക്കുട്ടി.

പാതിരിക്കോട് ക്ഷീരോൽപ്പാദക സഹകരണ സംഘം സംഭരിക്കുന്ന പാൽ മേലാറ്റൂരിലെ മിൽക്ക് ബൂത്തിലും ഹോട്ടലുകളിലുമായി വിറ്റഴിക്കുന്നു. എങ്കിലും അംഗങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻപാ ലും അളക്കുന്നില്ല. പുളിയക്കോട് സംഘം 'മിൽമ' ക്ക് പാൽ നേരിട്ട് കൊടുക്കുന്നത് മൂലം ഉൽപ്പാദ കന് വില ന്യായമായി ലഭിക്കുന്നില്ല. കാലിത്തീറ്റ ന്യായവിലക്ക് ലഭ്യമാക്കുന്നതിനും രണ്ട് സംഘങ്ങ ളും ശ്രദ്ധിക്കുന്നില്ല.

| പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം | പ്രവർത്തന പരിധി | അളക്കുന്ന പാൽ | ലാഭം / നഷ്ടം |
|---|---|---|---|---|---|---|
| പാതിരിക്കോട് ക്ഷീരോൽപ്പാദന സംഘം | 1981 | 220 | 2310 | എടപ്പറ്റ പഞ്ചായത്ത് 3,4, വാർഡുകളിൽ | 100 ലിറ്റർ | ലാഭം |
| പുളിയക്കോട് ക്ഷീരോൽപ്പാദക സഹകരണ സംഘം | 1996 | 60 | 1200 | എടപ്പറ്റ പഞ്ചായത്ത് 9-ാം വാർഡ് | 75 ലിറ്റർ | ലാഭം |

## ഭവന നിർമ്മാണ മേഖല

പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് വായ്പ നൽകുവാൻ ഈ പ്രദേശത്ത് സൗകര്യങ്ങൾ വളരെ കുറവാണ്. പെരിന്തൽമണ്ണ റൂറൽ ഹൗസിങ്ങ് സൊ സൈറ്റി, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പെരി ന്തൽ മണ്ണ കൃഷി വികസന ബാങ്ക് എന്നിവ പരി മിതമായ തോതിൽ ഭവനനിർമ്മാണ വായ്പകൾ ഈ പഞ്ചായത്തിൽ നൽകുന്നുണ്ട്.

## ഖാദി വ്യവസായ മേഖല

ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴി ലുള്ള മേലാറ്റൂർ ബീ കീപ്പേഴ്സ് കോ. ഓപ്പറേറ്റീവ് സൊസൈറ്റി പ്രാരംഘട്ടത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും ഇന്ന് അത് പ്രവർത്തി ക്കുന്നതേയില്ല. തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി തന്നെയില്ല. തേനീച്ച രോഗത്തെ തുടർന്ന് വൻസാ മ്പത്തിക തകർച്ചയിലായ ഈ സഹകരണ സംഘം പുനർജീവിപ്പിച്ച് തേനീച്ച വളർത്തൽ മേഖലയിൽ പ്രവർത്തിച്ചിരുന്ന 300ൽ പരം അംഗങ്ങളെ സഹാ യിക്കേണ്ടതുണ്ട്. സംഘത്തിന് സ്വന്തമായി സ്ഥല വും കെട്ടിടവും ഉണ്ട്.

## ഉപഭോക്തൃ സഹകരണ സംഘങ്ങൾ:

കാർഷികമേഖലയാണെങ്കിലും കർഷകരുടെ

ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ സഹകരണ മേഖലയിൽ ഒരു സംരംഭവും ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. ഒരേ ഒരു ഉപഭോക്തൃ സഹകരണസംഘമായ ഏപ്പിക്കാട് എ.എം.എൽ.പി. സ്കൂൾ കോ. ഓപ്പറേറ്റീവ് സൊസൈറ്റി 1977ൽ ആരംഭിച്ചുവെങ്കിലും ഇന്നും പാഠപുസ്തക വിൽപന മാത്രമേ നടത്തുന്നുള്ളൂ. സഹകരണ മാവേലി സ്റ്റോറുകൾക്കും സാധ്യതയുള്ള പ്രദേശമാണ് എടപ്പറ്റ.

## സഹരണരംഗത്തെ പ്രശ്നങ്ങൾ:

ഗ്രാമസഭകളിൽ ചർച്ചചെയ്ത് പരിഹാരം ആവശ്യപ്പെട്ട പ്രശ്നങ്ങൾ താഴെ പറയുന്നു.

1. കാർഷിക വായ്പകൾ ലഭിക്കുന്നില്ല.
2. പദ്ധതി വായ്പകൾ ലഭിക്കുന്നില്ല. അധികപലിശ ഈടാക്കുന്നു.
3. വായ്പാവ്യവസ്ഥ ഉദാരമാക്കണം.
4. വെള്ളിയഞ്ചേരിയിൽ ഉണ്ടായിരുന്ന ബാങ്കിംഗ് സൗകര്യം നഷ്ടമായി.
5. പൊട്ട്യോടത്താൽ മൂനാടി, കൊമ്പൻകല്ല് പ്രദേശത്തുകാർക്ക് എടപ്പറ്റ ബാങ്ക് വളരെ ദൂരെയാണ്.
6. സ്വർണ്ണപണയ വായ്പയും കാർഷികേതര വായ്പയും യഥേഷ്ടം ലഭിക്കുന്നില്ല.
7. വിദേശ ജോലിക്കാരുടെ നിക്ഷേപം ആകർഷിക്കുവാൻ ബാങ്കുപദ്ധതികൾ ഇല്ല.
8. പാൽ മുഴുവൻ അളക്കുന്നില്ല.
9. പാലിന് ന്യായവില കിട്ടുന്നില്ല.
10. കാലിതീറ്റ സബ്സിഡി ലഭിക്കുന്നില്ല.
11. 1,2,5,6,7,8 എന്നീ വാർഡുകളിൽ ക്ഷീരോൽപാദക സംഘങ്ങളില്ല.
12. എടപ്പറ്റയിൽ മിൽക്ക് ബൂത്തില്ല.
13. പാൽ ഉൽപാദക സംഘങ്ങൾക്ക് സ്വന്തമായ കെട്ടിടം ഇല്ല.
14. ഭവനനിർമ്മാണ വായ്പ ലഭിക്കുന്നില്ല.
15. മേലാറ്റൂർ ബീ കിപ്പേർസ് സൊസൈറ്റി പ്രവർത്തന രഹിതമാണ്.
16. സ്കൂൾ സൊസൈറ്റി വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്നില്ല.
17. മാർക്കറ്റിംഗ് രംഗത്ത് സഹകരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കുന്നില്ല.
18. മാവേലി സ്റ്റോറുകൾ ഇല്ല.
19. പട്ടിക ജാതിക്കാർക്ക് വായ്പ ലഭിക്കുന്നില്ല.
20. കോഴിവളർത്തൽ രംഗത്ത് സഹകാരികൾ ശ്രദ്ധിക്കുന്നില്ല.
21. സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല.
22. ഗ്രാമപഞ്ചായത്തിന്റെ നിക്ഷേപം ഈ പഞ്ചായത്തിനുപുറത്തുള്ള ബാങ്കുകളിൽ നിക്ഷേപിക്കുന്നു.

സഹകരണ രംഗത്തെ സാധ്യതകളും നിർദ്ദേശങ്ങളും

1. എടപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക് കാർഷിക ആവശ്യത്തിനുള്ള വായ്പ ജില്ലാ സഹകരണ ബാങ്കിൽ നിന്നും നേടിയെടുത്ത് അർഹരായവർക്ക് മുഴുവൻ നൽകണം. വായ്പാപരിധി ആൾജാമ്യത്തിൻമേൽ 5000ൽ നിന്നും 10000 ആയി വർദ്ധിപ്പിക്കുകയും സ്വത്ത് പണയത്തിൻമേൽ 50,000 ക വരെ നൽകുകയും വേണം. കൃഷിയിറക്കേണ്ട സമയത്ത് വായ്പ ലഭ്യമാക്കുകയും വേണം.
2. IRDP, CCDP പദ്ധതികൾ പ്രകാരമുള്ള വായ്പകൾ ജില്ലാ സഹകരണ ബാങ്കിൽ നിന്നും അനുവദിച്ച് അർഹരായവർക്ക് ചുരുങ്ങിയ പലിശ നിരക്കിൽ എടപ്പറ്റ സർവ്വീസ് സഹകരണ ബാങ്ക് ലഭ്യമാക്കണം.
3. കാർഷിക വായ്പകൾക്ക് അപേക്ഷ നൽകി മാസങ്ങൾ കാത്തിരിക്കേണ്ടിവരുന്ന അവസ്ഥ മാറുവാനായി സർവ്വീസ് ബാങ്ക് നടപടി സ്വീകരിക്കണം. കൃഷി ആവശ്യത്തിന് ഏതു സമയത്തും വായ്പ ലഭ്യമാക്കണം.
4. വെള്ളിയഞ്ചേരിയിലും, പൊട്ട്യോടത്താലും മൂനാടിയിലും എടപ്പറ്റ സർവ്വീസ് ബാങ്കിന്റെ ശാഖകൾ തുറക്കണം.
5. സ്വർണ്ണ പണയ വായ്പ ജില്ലാ ബാങ്കിൽ നിന്നും വാങ്ങിയോ, നിക്ഷേപം വർദ്ധിപ്പിച്ചോ മുടങ്ങാതെ നൽകുവാൻ സർവ്വീസ് ബാങ്ക് നടപടി കൈക്കൊള്ളണം.
6. ബ്ലേഡ് കമ്പനിക്കാർക്കെതിരെ പ്രചരണം നടത്തുകയും അടിയന്തിര ആവശ്യങ്ങൾ വായ്പകൾ ലഭ്യമാക്കുകയും വേണം.

7. പലിശ രഹിത നിക്ഷേപം സ്വീകരിച്ച് വളരെ പാവപ്പെട്ടവർക്ക് പലിശ രഹിത വായ്പകൾ നൽകുവാൻ സർവ്വീസ് സഹകരണബാങ്കിന് കഴിയണം.

8. വിദേശ ജോലിയുള്ളവരുടെ നിക്ഷേപങ്ങൾ സ്വരൂപിക്കുവാൻ സർവ്വീസ് ബാങ്ക് തീവ്രയത്ന പരിപാടി ആവിഷ്കരിക്കണം.

9. പാതിരിക്കോട് ക്ഷീര സംഘം ഉൽപ്പാദകരുടെ മുഴുവൻ പാലും അളക്കുകയും, പാലിന് പുതിയ മാർക്കറ്റ് കണ്ടെത്തുകയും വേണം.

10. പുളിയക്കോട് ക്ഷീര സംഘം മിൽമക്ക് പാൽകൊടുക്കുന്നത് അവസാനിപ്പിച്ച്കൊണ്ട് പുതിയ മാർക്കറ്റ് കണ്ടെത്തി പാലുൽപാദകർക്ക് വർദ്ധിച്ച വില നൽകണം.

11. കാലിത്തീറ്റ, സബ്സിഡി നിരക്കിൽ വിൽക്കുവാൻ ക്ഷീര സംഘങ്ങൾ നടപടികൈകൊള്ളണം.

12. ക്ഷീര വികസന വകുപ്പിന്റെ കാർഷിക ക്ഷീരോൽപ്പാദന നിർമ്മാണ പ്രദർശന പദ്ധതിയുടെയും സമ്പർക്ക പരിപാടിയുടെയും ആനുകൂല്യങ്ങൾ നേടിയെടുത്ത് ക്ഷീര സംഘങ്ങൾ ക്ഷീര കർഷകർക്ക് ബോധവൽക്കരണ ക്യാമ്പ് നടത്തുക.

13. "പച്ചപുൽ സംഭരണ വിപണന പദ്ധതി" അനുസരിച്ച് ആനുകൂല്യങ്ങൾ നേടിയെടുത്ത് ക്ഷീര സംഘങ്ങൾ 'ഫോഡർ ബാങ്ക്' സ്ഥാപിക്കണം.

14. എടപ്പറ്റയിൽ ഒരു മിൽക്ക് ബൂത്ത് സ്ഥാപിക്കണം.

15. പാതിരിക്കോട് ക്ഷീരസംഘം സർക്കാർ സഹായം നേടിയെടുത്ത് സ്വന്തമായി ഓഫീസ് നിർമ്മിക്കണം.

16. ഭവനനിർമ്മാണ സഹകരണസംഘം എടപ്പറ്റ പ്രവർത്തന പരിധിയായി രൂപീകരിക്കണം. അതിനായി പെരിന്തൽമണ്ണ റൂറൽ സൊസൈറ്റിയുടെ പ്രവർത്തനപരിധിയിൽ നിന്നും ഈ പഞ്ചായത്തിനെ ഒഴിവാക്കണം.

17. മേലാറ്റൂർ ബീ കീപ്പേർസ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി പുനർജീവിപ്പിക്കുവാൻ ഖാദി ബോർഡ് ധനസഹായം ലഭ്യമാക്കണം. തേനീച്ചരോഗം മാറുന്നതുവരെ സംഘത്തിൽ മറ്റു ഗ്രാമ വ്യവസായങ്ങൾ തുടങ്ങണം.

18. ഏപ്പിക്കാട് എ.എം.എൽ.പി. സ്കൂൾ കോ. ഓപ്പറേറ്റീവ് സൊസൈറ്റി കുട്ടികളുടെ യൂണിഫോം, നോട്ടുബുക്കുകൾ, സ്റ്റേഷനറി സാധനങ്ങൾ എന്നിവ കൂടി വാങ്ങി മിതമായ വിലക്കു വിൽക്കുവാൻ നടപടി സ്വീകരിക്കണം. ഒരു ശമ്പളക്കാരനെ നിയമിച്ച് ഒരാൾക്ക് തൊഴിൽ നൽകിയാൽ വിദ്യാർത്ഥികൾക്ക് മിതമായ നിരക്കിൽ ആവശ്യ സാധനങ്ങൾ ലഭിക്കും. യൂണിഫോമിനുള്ള തുണികൾ ഒരുമിച്ച് വാങ്ങി തുന്നിച്ചാൽ DWCRA യൂണിറ്റിൽ ജോലിചെയ്യുന്ന ചുരുങ്ങിയത് 10 യുവതികൾക്ക് ജോലിയും ലഭിക്കും. നോട്ടുബുക്ക് നിർമ്മാണവും തൊഴിൽ സാധ്യതയുണ്ടാകും.

19. സഹകരണ രംഗത്ത് മാർക്കറ്റിംഗ് സംഘവും മാവേലി സ്റ്റോറുകൾ ഏപ്പിക്കാടും വെള്ളിയഞ്ചേരിയും ആരംഭിക്കണം.

20. പട്ടികജാതി സർവ്വീസ് സഹകരണ സംഘം ആരംഭിക്കണം. മേലാറ്റൂർ പട്ടിക ജാതി സഹകരണസംഘത്തിന്റെ അധികാരപരിധിയിൽനിന്നും എടപ്പറ്റ പഞ്ചായത്തിനെ ഒഴിവാക്കുവാൻ നടപടി കൈകൊള്ളണം.

21. കോഴികുഞ്ഞുങ്ങളെയും, കോഴിതീറ്റയും വിതരണം ചെയ്യുന്നതിനായി ഒരു കോഴിവളർത്തൽ സഹകരണസംഘം രൂപീകരിക്കണം.

22. എടപ്പറ്റ സർവ്വീസ് സഹകരണബാങ്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിനും അതിൽ ഗോഡൗൺ നിർമ്മിക്കുന്നതിനും വേണ്ടി ധനസഹായം നേടിയെടുക്കുന്നതിനും പദ്ധതി കൈക്കൊണ്ട് കാർഷികോൽപന്നങ്ങൾ പണമായി സ്വീകരിച്ച് കർഷകന് ന്യായവിലലഭ്യമാക്കുവാൻ നടപടി കൈക്കൊള്ളണം.

23. ഖാദിഗ്രാമ വ്യവസായരംഗത്ത് പുതിയ തൊഴിൽ സാധ്യതകൾ ഉണ്ടാക്കുന്നതിനായി ഇഷ്ടിക നിർമ്മാണം, ബ്ലാക്ക് സ്മിത്തി & കാർപ്പന്ററി, ലതർ, പഴസംസ്കരണം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ഖാദി ഗ്രാമവ്യവസായ സഹകരണസംഘങ്ങൾ തുടങ്ങണം.

24. സഹകരണ ബാങ്ക്, രാസവള വിൽപനയും

മാവേലി സ്റ്റോറും സഹകരണ ടെക്സ്റ്റൈൽസും ആരംഭിക്കണം.

25. നിക്ഷേപശീലം വളർത്തുന്നതിനായി നിത്യ സമ്പാദ്യപദ്ധതിയും, ചിട്ടിയും തുടങ്ങുവാൻ സർവ്വീസ് ബാങ്ക് സത്വര നടപടികൈക്കൊള്ളണം.

26. ഒരു കോ. ഓപ്പറേറ്റീവ് കോളേജ് സ്ഥാപിക്കുവാനുള്ള സാധ്യത ഈ പഞ്ചായത്തിലുണ്ട്.

27. ഗ്രാമപഞ്ചായത്തിന്റേയും, സ്കൂളുകളുടേയും നിക്ഷേപങ്ങൾ ഈ പഞ്ചായത്തിലെ ഏകധനകാര്യ സ്ഥാപനമായ സർവ്വീസ് ബാങ്കിന് നൽകണം. മുകളിൽ പറഞ്ഞ സാധ്യതകളേയും നിർദ്ദേശങ്ങളേയും പദ്ധതികളാക്കിമാറ്റുവാൻ സെമിനാറിനു കഴിയട്ടെ. അതിനുള്ള സഹകരണം എല്ലാ തുറകളിൽ നിന്നും ഉണ്ടാകണം.



## 5.9 പട്ടിക ജാതി - പട്ടിക വർഗ്ഗ ക്ഷേമം

മനുഷ്യ സമൂഹത്തിന്റെ അടിസ്ഥാനവർഗ്ഗം പട്ടിക ജാതി പട്ടികവർഗ്ഗക്കാരാണ്. എടപ്പറ്റയിലെ ജനസംഖ്യയുടെ 8.76% പട്ടിക ജാതിക്കാരും 0.2% പട്ടിക വർഗ്ഗക്കാരുമാണ്. 100 ഹിന്ദുക്കളിൽ 37 പേർ പട്ടിക ജാതിയിൽപെട്ടവരാണ്. ആകെ പട്ടിക ജാതി ജനസംഖ്യ 1762 പേരാണ്. പട്ടികവർഗ്ഗക്കാർ 41 എണ്ണവുമുണ്ട്. താഴെ കൊടുത്തപട്ടിക നോക്കുക.

പട്ടിക-1
**പട്ടികജാതി - പട്ടിക വർഗ്ഗ ജനസംഖ്യാ കണക്ക്**

| ആകെ ജനസംഖ്യ | | | പട്ടിക ജാതി | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| പു | സ്ത്രീ | ആകെ | പു | % | സ്ത്രീ | % | ആകെ | പു | % | സ്ത്രീ | % | ആകെ |
| 9784 | 10340 | 20124 | 828 | 49.5 | 844 | 50.4 | 1762 | 20 | 48.8 | 21 | 51.2 | 41 |

ആകെ പട്ടികജാതി വീടുകളുടെ എണ്ണം 322 ആണ്. വീടൊന്നിന് ശരാശരി 5.47 ആൾ വീതമുണ്ട്. പഞ്ചായത്ത് ശരാശരി 6.13 ആണ്. പട്ടികജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും സൗജന്യമായി വീടുകൾ ലഭിക്കുന്നതുമൂലമാണ് വീടുകളിലെ അംഗസംഖ്യ കുറയുന്നത്.

സാമൂഹ്യ-സാമ്പത്തിക രംഗത്ത് ഈ കാലമത്രയും ചൂഷണം അനുഭവിച്ചിരുന്ന ഈ വിഭാഗം ഇന്നും മുൻനിരയിലേക്കെത്തിയിട്ടില്ല. വീടുകൾ 61% പട്ടിക ജാതി വിഭാഗക്കാർക്കു ആയിട്ടുണ്ടെങ്കിലും കൂലിവേലമാത്രമാണ് ഇവരുടെ വരുമാനമാർഗ്ഗം. സർക്കാർ ജോലിയുള്ള പട്ടികജാതി വിഭാഗക്കാർ ഈ പഞ്ചായത്തിൽ നാലെണ്ണം മാത്രം. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി കോളേജിലെത്തുന്നവർ വിരലിലെണ്ണാൻ മാത്രമേയുള്ളു. പട്ടിക വർഗ്ഗ വിഭാഗക്കാരാകട്ടെ UP സ്കൂൾ തലത്തിൽ പോലും എത്തുന്നില്ല.

### പാർപ്പിടം

പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി ഹരിജൻ കോളനികളിലെ കുടുംബങ്ങൾക്കും, ഒറ്റപ്പെട്ട പട്ടിക ജാതി കുടുംബങ്ങൾക്കും, വീടുനിർമ്മിച്ചുകൊടുക്കുന്ന പദ്ധതിയിൽ കീഴിൽ ഇപ്പോൾ നിലവിലുള്ള 322 പട്ടിക ജാതികുടുംബങ്ങളിൽ 174 കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചു കിട്ടിയിട്ടുണ്ട്. 21കുടുംബങ്ങൾക്ക് സ്വന്തമായി വീടുണ്ട്. 195 പേർക്ക് വീടുള്ളപ്പോൾ 127 പേർക്ക് ഇനിയും വീടുകൾ ലഭിക്കേണ്ടതുണ്ട്. നിലവിലുള്ള പട്ടികജാതി കോളനികളിലെ വീടുകൾ അധികവും പാർപ്പിട യോഗ്യമല്ലാതായിട്ടുണ്ട്. നിർമ്മാണ സാമഗ്രികളുടെ നിലവാരം ഇല്ലായ്മയും വീടിന്റെ ഉടമസ്ഥർ വേണ്ട വിധത്തിൽ സംരക്ഷിക്കാത്തതിനാലുമാണ് വീടുകളധികം കേടുവന്നിട്ടുള്ളത്. സർക്കാർ വീടാണ് കേടുപാടുകൾ തീർക്കേണ്ട ഉത്തരവാദിത്തവും സർക്കാരിനുതന്നെ എന്ന ഒരു ധാരണ പട്ടിക ജാതി വിഭാഗങ്ങൾക്കുണ്ട്. ഈ ധാരണ മാറ്റിയെടുക്കുവാൻ ബോധവൽക്കരണം ആവശ്യമാണ്.

പഴയമാമൂലിൽ നിന്നുകൊണ്ടുള്ള കോളനി നിർമ്മാണ രീതിമാറ്റി കൊച്ചു കോൺക്രീറ്റു കെട്ടിടങ്ങൾ ഉണ്ടാക്കി പട്ടിക ജാതി വിഭാഗക്കാരുടെ അന്തസ്സ് ഉയർത്തണം.

പട്ടിക-2

## പട്ടികജാതി അംഗീകൃത കോളനികൾ

| നമ്പർ | വാർഡ് | കോളനിയുടെ പേര് | വൈദ്യുതി | കുടിവെള്ളം | | | ടെലി വിഷൻ സെറ്റ് |
|---|---|---|---|---|---|---|---|
| | | | | കിണർ | കുഴൽ കിണർ | ടാപ്പ് | |
| 01 | 02 | കല്ലാം പാറ | X | ✓ | X | X | X |
| 02 | 03 | കിഴക്കുംപാടം | ✓ | ✓ | X | X | X |
| 03 | 03 | ചുള്ളിയോടുകുന്ന് | X | ✓ | X | X | X |
| 04 | 05 | കുറുക്കൻ കുണ്ട് | X | X | X | X | X |
| 05 | 06 | പേഴുംതറ(IHDP) | X | ✓ | X | X | X |
| 06 | 06 | കൊമ്പൻകല്ല് | X | X | X | X | X |
| 07 | 08 | ചേരിപറമ്പ്(IHDP) | X | X | X | X | ✓ |
| 08 | 09 | പുളിയക്കോട് | X | ✓ | X | X | X |

8 ഹരിജൻ കോളനികളിൽ വൈദ്യുതീകരിച്ചത് ഒരെണ്ണം മാത്രം. വീടിനോട് അനുബന്ധിച്ച് കക്കൂസുകൾ ഉണ്ട്. പക്ഷേ പലതും ഉപയോഗയോഗ്യമല്ല. ഉപയോഗയോഗ്യമല്ലാത്തവ ഉപയോഗയോഗ്യമാക്കണം. ചേരിപറമ്പ് IHDP ഹരിജൻ കോളനിയിൽ ഒരു പൊതു ടെലിവിഷൻ സെറ്റുണ്ട്.

കോളനികളിലേക്കെല്ലാം റോഡുകൾ ഉണ്ടെങ്കിലും ഗതാഗതയോഗ്യമല്ല. കോളനിറോഡുകളുടെ പട്ടിക നോക്കുക.

പട്ടിക-3

## ടാർ ചെയ്യേണ്ട ഹരിജൻ കോളനി റോഡുകൾ

| റോഡ് നമ്പർ | വാർഡ് | റോഡിന്റെ പേര് | നീളം (മീറ്റർ) | വീതി |
|---|---|---|---|---|
| 03 | 03 | അമ്പാഴപറമ്പ് - കിഴക്കുംപാടം ഹരിജൻ കോളനി | 620 | 4.5 |
| 05 | 03 | ട്രാൻസ്ഫോർമർ - കിഴക്കും പാടം ഹരിജൻ കോളനി | 630 | 5 |
| 04 | 05 | ഹൈസ്കൂൾ പടി - കുറുക്കൻകുണ്ട് ഹരിജൻകോളനി | 450 | 4.2 |
| 03 | 08 | ചേരിപറമ്പ - IHDP ഹരിജൻ കോളനി വട്ടമണ്ണപ്പുറം | 1-800 | 5 |
| 03,08 | 09 | മൈലാടി - ലക്ഷം വീട് ഹരിജൻ കോളനി | 750 | 4 |
| | | ആകെ | 4250 മീറ്റർ | |

മുകളിൽ പറഞ്ഞ ഹരിജൻ കോളനി റോഡുകൾ ടാർചെയ്ത് ഗതാഗതയോഗ്യമാക്കിയും പട്ടിക 2 പ്രകാരം വൈദ്യുതീകരിക്കാത്ത 7 കോളനികളും വൈദ്യുതീകരിക്കുകയും വേണം.

താഴെ പറയുന്ന പട്ടിക ജാതി കോളനികൾക്ക് അംഗീകാരം ലഭിക്കണം.

## അംഗീകാരം ലഭിക്കേണ്ട പട്ടിക ജാതി കോളനികൾ

| നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം |
|---|---|---|---|
| 01 | 01 | പൊട്ടിയോടത്താൽ | 10 |
| 02 | 02 | വാക്കോട് | 10 |
| 03 | 03 | പുത്തനഴി പാലേമ്പടിയൻ | 10 |
| 04 | 04 | പുല്ലുപറമ്പ് ലക്ഷം വീട് | 12 |
| 05 | 07 | ചീനിക്കാ പറമ്പ് | 12 |
| 06 | 08 | ചെറുമൻ കുണ്ട് | 10 |
| 07 | 08 | പറയരു കുന്ന് | 16 |

മുകളിൽ പറഞ്ഞ പട്ടികജാതികോളനികൾക്ക് അംഗീകാരം നേടിയെടുത്ത് ആനുകൂല്യങ്ങൾ ലഭ്യമാക്കണം. കോളനികളിലല്ലാതെ ഒറ്റപ്പെട്ടു ജീവിക്കുന്ന പട്ടിക ജാതിക്കാരിലും ആനുകൂല്യങ്ങൾ എത്തിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ നീതി നടപ്പാവുകയില്ല.

ഗരിജൻ കോളനി

9-ാം വാർഡിലെ മൂന്നാടിയിൽ പത്തു കുടുംബങ്ങൾ താമസിക്കുന്ന ആളൻ കോളനിയുണ്ട്. 20 പുരുഷൻമാരും 21 സ്ത്രീകളും അടക്കം ആകെ 41 ആണ് ജനസംഖ്യ. ഇവർ യഥാർത്ഥത്തിൽ "മലൻ പണ്ടാരം" ജാതിയിൽപ്പെട്ട ആളൻമാരാണ്. യഥാർത്ഥ ആദിവാസികളായ ഇവർക്ക് പട്ടിക വർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ ലഭിയ്ക്കുന്നില്ല. ഇത് കടുത്ത അനീതിയാണ്. സമൂഹത്തിലെ ഏറ്റവും പിന്നോക്കമാണ് ഇവർ എടപ്പറ്റയിൽ ഇവർക്കായി സർക്കാരിൽ നിന്നും അനുവദിച്ചു കിട്ടിയ കോളനി വീടുകൾ വൈദ്യുതിയും, കുടിവെള്ളവും എത്തിക്കുകയും, കക്കൂസുകൾ നിർമ്മിച്ചു നൽകുകയും, കോളനിയായി അംഗീകരിച്ച് വീടുകൾ നിർമ്മിച്ചു നൽകുകയു് വേണം. ഇവർക്ക് പട്ടിക വർഗ്ഗക്കാർക്കുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിക്കുകയും വേണം.

കുടിവെള്ളം

പട്ടിക-2 പ്രകാരം ചേരിപറമ്പ് IHDP കോളനിയിൽ ഒഴികെയുള്ള ഹരിജൻ കോളനികളിൽ കിണറുകൾ ഉണ്ടെങ്കിലും വേനൽകാലങ്ങളിൽ വെള്ളം ലഭ്യമല്ല. അതിനാൽ താഴെ പറയുന്ന സ്ഥലങ്ങളിലെ സാധ്യതകൾ പരിഗണിച്ച് കോളനികളിൽ കുടിവെള്ളം എത്തിക്കണം.

## വാട്ടർ ടാപ്പ് സ്ഥാപിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കേണ്ട കോളനികൾ പട്ടിക -5

| കോളനി നമ്പർ | വാർഡ് | കോളനിയുടെ പേര് | പദ്ധതി | ഏതു സ്കീമിൽ | ഗുണഭോക്താക്കൾ |
|---|---|---|---|---|---|
| 01 | 02 | കല്ലാംപാറ | കല്ലാംപാറ കോളനിയിൽ കുഴൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് ലൈനിട്ട് ഓരോ കോളനി വീടിലും ഓരോ ടാപ്പ് സ്ഥാപിക്കുക. | പട്ടികജാതിക്കാർക്കായുള്ളകുടിവെള്ള പദ്ധതി ഗ്രൗണ്ട് വാട്ടർഡിപ്പാർട്ട്മെന്റ് | 90 |
| 02 | 03 | കിഴക്കും പാടം | ഹരിജൻ കോളനിയിലെ പാറയ്ക്കൽ കിണർക്കുത്തി മോട്ടോർ സ്ഥാപിച്ച് അംഗൻ വാടി സ്ഥലത്ത് ടാങ്ക് കെട്ടി പൈപ്പ് ലൈനിട്ട് ഓരോ കോളനിവീടിലും ഓരോ വാട്ടർ ടാപ്പ് സ്ഥാപിക്കുക. | പട്ടിക ജാതിക്കാർക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി (KWN) | 70 |
| 03 | 03 | ചുള്ളിയോടു കുന്ന് | വാരിയൻ കുളത്തിൽ കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിച്ച് ടാങ്ക് കെട്ടി പൈപ്പ് ലൈനും ടാപ്പുകളും സ്ഥാപിക്കൽ. | Do | 60 |
| 04 | 05 | കുറുക്കൻ കുണ്ട് | കഞ്ഞുണ്ണി പാടത്ത് കിണർ കുഴിച്ച് മോട്ടോർ സ്ഥാപിച്ച് ടാങ്കും, പൈപ്പ് ലൈനും, വാട്ടർ പൈപ്പും വേണം | Do | 57 |
| 05 | 08 | ചെറുമൻ കുണ്ട് | കുഞ്ഞുണ്ണിപാടത്ത് കിണർ കുഴിച്ച് മോട്ടോർ സ്ഥാപിച്ച്, ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈനിലൂടെ ഓരോ കോളനി വീടുകളിലും വെള്ളം എത്തിക്കുന്ന പദ്ധതി | Do | 53 |
| 06 | 08 | പറയരു കുന്ന് | മില്യൻ വെൽ സ്കീം പ്രകാരം കോളനിയിൽ നിലവിലുള്ള കിണറിൽ മോട്ടോറും, ടാങ്കും, വാട്ടർ ടാപ്പും | Do | 71 |
| 07 | 08 | ചേരി പറമ്പ് I.H.D.P കോളനി | സ്രാമ്പിക്കൽ കുന്നുപാടത്ത് കിണറും, മോട്ടോറും, പൈപ്പ്ലൈനും, വാട്ടർ ടാപ്പും സ്ഥാപിക്കൽ | Do | 90 |
| 08 | 06 | പേഴും തറ I.H.D.P കോളനി | കിണർ കുഴിച്ച് ടാങ്ക് നിർമ്മിച്ച് പൈപ്പുലൈൻ സ്ഥാപിക്കൽ | Do | 105 |
| 09 | 07 | കൊമ്പൻകല്ല് ഹരിജൻ കോളനി | കോട്ടോത്തപടി പാടത്ത് കിണറും, മോട്ടോറും, പൈപ്പുലൈനും വീടുകളിൽ വാട്ടർടാപ്പ് സ്ഥാപിക്കലും. | Do | 80 |
| 10 | 09 | പുളിയക്കോട് ലക്ഷംവീട് കോളനി | കുഴൽ കിണറും മോട്ടോറും, പൈപ്പുലൈനും ഓരോ വീടുകളിലും വാട്ടർ ടാപ്പ് സ്ഥാപിക്കലും. | Do | 65 |
| 11 | 09 | മൂനാടി പട്ടിക വർഗ്ഗകോളനി | കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് ലൈൻ സ്ഥാപിക്കുകുയും വാട്ടർ ടാപ്പ് ഏർപ്പെടുത്തുകയും ചെയ്യുക. | പട്ടിക വർഗ്ഗക്കാർക്കുള്ള കുടിവെള്ള പദ്ധതി | 41 |

## കാർഷിക പങ്കാളിത്തം

പട്ടിക ജാതിക്കാർ സ്വന്തമായി കൃഷിചെയ്യുന്നവർ വളരെ ചുരുക്കമാണ്. കോളനികളിൽ സ്വന്തമായ കൃഷിയിടമുണ്ടെങ്കിലും കൃഷിയ്ക്കു വേണ്ടതായ സൗകര്യങ്ങൾ ഇല്ലായ്മയുണ്ട്. ജലസേചന സൗകര്യം ഉണ്ടാക്കിയും മണ്ണൊലിപ്പ് തടയുന്നതിന് മതിൽക്കെട്ടുകൾ ഉണ്ടാക്കിയും കൃഷിയിടങ്ങൾ അഭിവൃദ്ധിപെടുത്തണം. കേന്ദ്രസർക്കാരിന്റെ 100% സബ്സിഡിയോടുകൂടി "മില്ല്യൻ വെൽ സ്കീം" അനുസരിച്ച് പട്ടിക ജാതികോളനികളിലെ കൃഷിഭൂമികൾ വികസിപ്പിക്കുകയും, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും വേണം.

## സാമ്പത്തികം

സാമ്പത്തികരംഗത്ത് പട്ടികജാതി/വർഗ്ഗക്കാർ വളരെ പിന്നിലാണിന്നും. കൂലിവേലക്ക് പോയിട്ടില്ലെങ്കിൽ പട്ടിണിതന്നെ. വിദേശജോലിക്ക് പോകുന്ന പട്ടിക ജാതിക്കാർ തന്നെയില്ല. സ്വയംതൊഴിൽ സംരംഭങ്ങൾക്ക് വായ്പ നൽകുവാൻ ബാങ്കുകൾ മടിക്കുന്നു. പട്ടിക ജാതിക്കാർക്ക് IRDP വായ്പ നൽകുവാനും ബാങ്കുകൾ ഒരുക്കമല്ല. സാമ്പത്തിക ബാധ്യതമൂലം വിദ്യാർത്ഥികൾ പഠനം നിർത്തി പണിക്കുപോകുന്നുണ്ട്. പട്ടിക ജാതിക്കാർക്ക് വായ്പാസൗകര്യം ഉണ്ടാക്കുന്നതിനായി ഒരു പട്ടിക ജാതി സർവ്വീസ് സംഘം രൂപീകരിയ്ക്കയും പഠനത്തിന് പ്രോത്സാഹനമായി പ്രത്യേക സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കുകയും വേണം.

## ആരോഗ്യം

പട്ടിക ജാതിക്കാരുടെ ആരോഗ്യനില പൊതുവെ തൃപ്തികരമാണെങ്കിലും പട്ടികജാതി സ്ത്രീകളുടെ ആരോഗ്യസ്ഥിതി മോശമാണ്. ബാല്യകാലത്തുതന്നെ വിവാഹിതരാകുന്നതും, വർധിച്ച ജോലിഭാരവും, പോഷകാഹാരകുറവും പട്ടിക ജാതി സ്ത്രീകളുടെ ആരോഗ്യം കാർന്നുതിന്നുന്നു. മദ്യപിക്കുന്ന സ്ത്രീകളുമുണ്ട്. ഭർത്താക്കന്മാർ ഭൂരിഭാഗവും സ്ഥിരമായി മദ്യപിക്കുന്നവരാകയാൽ കൂലി ജോലിയിൽ നിന്നും കിട്ടുന്ന വരുമാനം ഭക്ഷണത്തിനു കിട്ടുന്നില്ല. ഇത് പട്ടിക ജാതി സ്ത്രീകളുടെ ആരോഗ്യത്തെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. പട്ടിക ജാതിയിൽ പെട്ട ബാലൻമാർപോലും പുകവലി ശീലിക്കുന്നു. മദ്യപാനത്തിനും, പുകവലിയ്ക്കുമെതിരെ പട്ടികജാതി ക്കാരുടെ ഇടയിൽ പ്രചരണം ഉണ്ടാകേണ്ടതുണ്ട്. ഇടക്കിടക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുവാൻ കഴിയണം.

## സംസ്കാരം

സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ പിൻതള്ളപ്പെട്ടു കിടന്നിരുന്ന പട്ടികജാതിക്കാർ സാംസ്കാരിക രംഗത്തും പിൻതള്ളപ്പെട്ടവരായിരുന്നു. കഴിഞ്ഞ 25 വർഷങ്ങൾക്കുമുമ്പ് ഉയർന്ന ജാതിയിൽപ്പെട്ടവരുടെ കിണറുകളിൽ നിന്നും കുടിവെള്ളം കോരുവാൻ ഹരിജനങ്ങൾക്കെന്നല്ല, ഉയർന്ന ജാതിക്കാരല്ലാത്തമറ്റുള്ളവർക്കുപോലും സ്വാതന്ത്ര്യ മുണ്ടായിരുന്നില്ല. ഉച്ചനീചത്വ വ്യവസ്ഥയുടെ ബലിയാടുകളായ പട്ടിക വിഭാഗങ്ങൾക്ക് തങ്ങളും മനുഷ്യരാണെന്ന ബോധം ഇനിയും ഉണ്ടാകേണ്ടതായിട്ടുണ്ട്. ഹരിജനങ്ങളിൽ എണ്ണത്തിൽ ഏറ്റവും അധികമുള്ള ചെറുമവിഭാഗത്തിന്റെ മാത്രമായിരുന്ന ചെറുമൻ കളി ഇടക്കിടക്ക് സംഘടിപ്പിച്ച് ചെറുമക്കളിലെ കൂട്ടായ്മ വർദ്ധിപ്പിക്കണം. പട്ടിക ജാതി വിഭാഗങ്ങളിലെ പ്രത്യേകിച്ച് ചെറുമവിഭാഗത്തിൽ നിലനിൽക്കുന്ന മദ്യപാന വിപത്തിനെതിരെ പട്ടിക ജാതി വിഭാഗത്തിലെ ചെറുപ്പക്കാർതന്നെ സംഘടിക്കണം. ഭാവി തലമുറയെ രക്ഷിക്കണം. എല്ലാ അംഗീകൃത ഹരിജൻ കോളനികളിലും ടെലിവിഷൻ സെറ്റുകൾ സ്ഥാപിച്ച് അതൊരു ബോധവൽക്കരണ മാധ്യമമാക്കി മാറ്റണം.

## പരമ്പരാഗതതൊഴിലുകൾ

പട്ടിക ജാതിയിൽപ്പെട്ട പാണൻ, പറയൻ വിഭാഗങ്ങളുടെ പരമ്പരാഗത കൈത്തൊഴിലുകളായ കുടയുണ്ടാക്കലും, കുട്ട പനമ്പ് മുതലായവയുടെ നിർമ്മാണവും പുനർജീവിപ്പിച്ച് ശാസ്ത്രീയ രീതികളി

ലൂടെ കൂടുതൽ ലാഭമുണ്ടാക്കുവാൻ കഴിയും. അതിനായി സഹകരണ സംഘം രൂപീകരിക്കുകയും വിൽപ്പനയ്ക്കുള്ള സൗകര്യങ്ങൾ കണ്ടെത്തുകയും വേണം. ഓലകൊണ്ട് കുടയുണ്ടാക്കുന്നതിനുപകരം പ്രദർശന വസ്തുക്കൾ നിർമ്മിക്കാം. വെയിസ്റ്റ് പേപ്പർ പ്ലാസ്റ്റിക് ബക്കറ്റുകൾക്കു പകരം ഭംഗിയുള്ള ഈറ മുള, ബക്കറ്റുകൾ പ്രചരിപ്പിക്കണം. അവയുണ്ടാക്കുന്നതിനുള്ള പരിശീലനപരിപാടികളും സംഘടിപ്പിക്കേണ്ടതാണ്.

## സാമ്പത്തികസഹായങ്ങൾ

പെൺകുട്ടികളുടെ വിവാഹ ധനസഹായം, ഗ്രാമപഞ്ചായത്തിന്റെ ശുപാർശയിൽ ലഭിക്കുവാൻ കഴിയണം. പഠനകാര്യത്തിനും പ്രോത്സാഹന സമ്മാനങ്ങൾ ഗ്രാമപഞ്ചായത്തു നൽകണം. പട്ടികജാതി വികസന കോർപ്പറേഷന്റേയും പട്ടിക വികസനവകുപ്പിന്റെയും ധനസ്ഹായപദ്ധതികൾ അറിയുവാൻ സ്ഥിരമായ ഏർപ്പാട് പഞ്ചായത്തിലില്ല. ആ കുറവു നികത്തുവാൻ പഞ്ചായത്ത് പരിപാടികൾ തയ്യാറാക്കണം.

## ശ്മശാനം

പട്ടിക വിഭാഗക്കാർ പൊതുശ്മശാനത്തിൽ ശവസംസ്കാരം നടത്തുന്ന പതിവില്ല. അതിനാൽ എടപ്പറ്റ 2-ാം വാർഡിലെ പൊതു ശ്മശാനത്തിൽ മറവുചെയ്യുന്ന പതിവ് അവരിലില്ല. ശവസംസ്ക്കാര സൗകര്യമില്ലാത്ത മൂന്നാം വാർഡിൽ അവർക്കായി ഒരു പൊതു ശ്മശാനം നിർമ്മിക്കണം. പ്രസ്തുത ശ്മശാനം ചെറുമ ജാതിക്കാർക്കായി നൽകുകയും അവരുടെ മൂന്നാം വാർഡിൽ നിലവിലുള്ള ശ്മശാനം പൊതു സ്ഥലമാക്കി മാറ്റുകയും അതിൽ പാറയില്ലാത്ത സ്ഥലത്തൊക്കെ മരങ്ങൾവെച്ചു പിടിപ്പിക്കുകയും വേണം.

## വായ്പാസൗകര്യം

കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കി സ്വയം തൊഴിലിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വായ്പ ലഭ്യമാക്കണം. IRDP വായ്പകൾക്ക് 75% സബ്സിഡി അനുവദിക്കണം. അങ്ങനെ സ്വയം തൊഴിൽ രംഗത്തേക്ക് പട്ടിക വിഭാഗക്കാരെ ആകർഷിക്കണം. വിദേശത്തുപോകുവാൻ ബാങ്ക് വായ്പയും ലഭ്യമാക്കണം.

### കൃഷി വികസനസാധ്യതയുള്ള കോളനികൾ
### പട്ടിക - 6

| ക്രമനമ്പർ | വാർഡ് | കോളനി | ചെയ്യേണ്ട വികസന പ്രവൃത്തികൾ |
|---|---|---|---|
| 01. | 03 | കിഴക്കും പാടം | മണ്ണിടിച്ചിൽ തടയുക, ഭൂമി തട്ടു തട്ടാക്കുക ജലസേചന സൗകര്യം ഉണ്ടാക്കുക, തൈകളും വിത്തുകളും നൽകുക. |
| 02. | 03 | ചുള്ളിയോടുകുന്ന് | Do |
| 03. | 08 | ചെറുമൻ കുണ്ട് | Do |
| 04. | 06 | പേഴും തറ (IHDP) | Do |
| 05. | 08 | ചേരി പറമ്പ് (IHDP) | Do |
| 06. | 05 | കുറുക്കൻ കുണ്ട് | Do |
| 07. | 09 | പുളിയക്കോട് | Do |

## സൗജന്യസഹായങ്ങൾ:

കൃഷിആവശ്യത്തിന് പമ്പുസെറ്റുകൾ സൗജന്യമായി നൽകിയാൽ പട്ടിക വിഭാഗക്കാരെ കൃഷി ചെയ്യുന്നതിന് പ്രേരിപ്പിക്കുവാൻ കഴിയും. കോഴി, ആട്, പശുക്കുട്ടികൾ എന്നിവയും സൗജന്യമായി അവർക്ക് നൽകിയാൽ സാമ്പത്തികമായി അവരെ ഉയർത്തിക്കൊണ്ടുവരുവാൻ കഴിയും "മില്യൻ വെൽ സ്കീം" ന്റെ പരിധിയിൽ ഉൾപ്പെടുത്തി അംഗീകൃതകോളനിയിലല്ലാത്ത പട്ടിക വിഭാഗത്തിൽ പെട്ടവർക്കും ഈ ആനുകൂല്യങ്ങൾ ലഭിക്കണം.

## വ്യവസായം

വ്യവസായ സംരംഭങ്ങളിൽ പട്ടികജാതിക്കാർക്ക് പ്രോത്സാഹനം നൽകുന്നതിനായി പട്ടിക ജാതി വ്യവസായ സഹകരണ സംഘം തുടങ്ങിയാൽ കുറേ പേർക്കെങ്കിലും തൊഴിൽ ലഭിക്കും. ഇഷ്ടിക നിർമ്മാണം, ജൈവവള നിർമ്മാണം, മെറ്റൽ ക്രഷർ, എന്നീ വ്യവസായമേഖലകൾ യോജിച്ചവയാണ്.

ഗ്രാമസഭാചർച്ചകളിൽ ഉയർന്നുവന്ന പട്ടിക ജാതി പട്ടികവർഗ്ഗ വികസനരംഗത്തെ പ്രശ്നങ്ങൾക്ക് നമുക്കു പരിഹാരം കാണാം.

## പ്രശ്നങ്ങളും പ്രശ്നപരിഹാര സാധ്യതകളും.

1. വീടുകളില്ലാത്ത മുഴുവൻ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കും വീടുകൾ നിർമ്മിക്കണം.
2. ഇപ്പോൾ വീടു നിർമ്മാണത്തിനുവേണ്ടി അനുവദിക്കുന്ന തുക അപര്യാപ്തമായതിനാൽ തുക വർദ്ധിപ്പിച്ച് വീടുകളുടെ നിലവാരം വർദ്ധിപ്പിക്കണം.
3. ഓടിട്ട കൊച്ചുവീടുകൾക്കു പകരം പുതിയ കോളനി വീടുകൾ ചെറിയ കോൺക്രീറ്റ് കെട്ടിടങ്ങളാക്കി മാറ്റണം.
4. വീടുകൾ സംരക്ഷിക്കേണ്ട ചുമതല ഉടമസ്ഥനുതന്നെ നൽകണം. വീടു സംരക്ഷണം സംബന്ധിച്ച് ബോധവൽകരണം നടത്തണം.
5. ഹരിജൻ കോളനികൾ വൈദ്യുതീകരിക്കണം.
6. കോളനികളിലല്ലാതെ ഒറ്റപ്പെട്ടുതാമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീടുകളും സൗജന്യമായി വൈദ്യുതീകരിക്കണം. (പട്ടിക 2 നോക്കുക)
7. പട്ടിക - 3 ൽ പറഞ്ഞിരിക്കുന്ന ഹരിജൻ കോളനി റോഡുകൾ ടാർചെയ്ത് ഗതാഗതയോഗ്യമാക്കണം.
8. പട്ടിക - 4 ൽ പറഞ്ഞിരിക്കുന്ന അംഗീകാരം ലഭിക്കാത്ത കോളനികൾക്ക് അംഗീകാരം ലഭിക്കണം.
9. മൂനാടിയിലെ ഗിരിജൻ കോളനിയിൽ താമസിക്കുന്നവരെ "മലൻപണ്ടാരം" എന്ന ജാതിയായി പ്രഖ്യാപിക്കുകയും അവരെ പട്ടിക വർഗ്ഗത്തിൽ ഉൾപ്പെടുത്തി എല്ലാ ആനുകൂല്യങ്ങളും നൽകുകയും വേണം.
10. മൂനാടി ഗിരിജൻ കോളനിയിയിലെ കേടുവന്ന വീടുകൾ കേടുപാടുകൾ തീർത്ത് വാസയോഗ്യമാക്കണം. വീടില്ലാത്ത പുതിയ കുടുംബങ്ങൾക്ക് വീടു നൽകുകയും വേണം.
11. ടെലിവിഷൻ സെറ്റുകൾ എല്ലാ അംഗീകൃത കോളനികൾക്കും നൽകണം. ഇപ്പോൾ വൈദ്യുതി ലഭ്യമായിട്ടുള്ള കോളനികളിൽ ഉടൻതന്നെ സാധാരണ ടെലിവിഷൻ ലഭ്യമാക്കണം. വൈദ്യുതിയില്ലാത്ത കോളനികളിൽ അനർട്ടിന്റെ സൗരോർജ്ജ ടെലിവിഷൻ സ്ഥാപിക്കുന്നതിനും പദ്ധതി തയ്യാറാക്കണം.
12. വൈദ്യുതി എത്താത്ത കോളനികളിൽ അനർട്ട് വക സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കണം.
13. പട്ടിക ജാതികോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള സ്ഥായിയായ ഏർപ്പാട് എന്ന നിലയിൽ പട്ടിക - 5 പ്രകാരമുള്ള കോളനികളിൽ ചെറിയ ശുദ്ധജല വിതരണപദ്ധതികൾക്ക് പദ്ധതി തയ്യാറാക്കണം.
14. "മില്യൻ വെൽസ്കീം" അനുസരിച്ച് കൃഷിയോഗ്യമായ ഭൂമിയുള്ള ഹരിജൻ കോളനികളിൽ കൃഷി വികസനപദ്ധതി നടപ്പാക്കണം. മണ്ണൊലിപ്പു തടയുകയും, ജലസ്രോതസ്സുകൾ പുഷ്ടിപെടുത്തുകയും, ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുക

യും വേണം. അതിനായി പട്ടിക 6ൽ പറയുന്ന കോളനികൾ തെരഞ്ഞെടുക്കണം.

15. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വായ്പാ സൗകര്യം ലഭ്യമാക്കുന്നതിനായി ഒരു പട്ടികജാതി സർവ്വീസ് സഹകരണ സംഘം ആരംഭിയ്ക്കുവാൻ പദ്ധതി തയ്യാറാക്കണം.

16. പട്ടികജാതി സ്ത്രീകളുടെ ആരോഗ്യ പരിപാലനത്തിന് ബോധവൽക്കരണവും പോഷകാഹാരവിതരണവും ആവശ്യമാണ്.

17. പട്ടികജാതിയിൽപ്പെട്ട ആൺകുട്ടികളെ പുകവലിയിൽ നിന്നും പിൻതിരിപ്പിക്കണം.

18. പട്ടികജാതിക്കാരിലെ മദ്യപാനശീലം ഇല്ലാതാക്കണം. അതിനുള്ള പ്രചരണപരിപാടിയ്ക്ക് രൂപം നൽകണം.

19. നാടൻ കലയായ ചെറുമൻ കളിയ്ക്ക് പ്രോത്സാഹനം നൽകണം. അവർക്കായി കലാമേളകളും, കായിക മേളകളും സംഘടിപ്പിക്കണം.

20. കുട്ടനെയ്ത്ത്, പനമ്പ് നെയ്ത്ത്, ഓലകുട നിർമ്മാണം എന്നീ പരമ്പരാഗത കൈത്തൊഴിലുകൾക്ക് പ്രോത്സാഹനം നൽകണം. അതിനായി പട്ടികജാതി ഗ്രാമവ്യവസായ സഹകരണ സംഘം രൂപീകരിക്കണം.

21. ചെറുമജാതിക്കാർക്കുവേണ്ടി 3-ാം വാർഡിൽ ഒരു ശ്മശാനം നിർമ്മിക്കണം.

22. പട്ടികജാതി വികസന എക്സ്റ്റൻഷൻ ഓഫീസർ ആഴ്ചയിൽ ഒരു ദിവസമെങ്കിലും പഞ്ചായത്തിൽ ഉണ്ടായിരിക്കണം.

23. പട്ടികജാതി / വർഗ്ഗക്കാർക്കുള്ള ക്ഷേമപദ്ധതികളും വികസന പദ്ധതികളും.

24. പട്ടികജാതി വ്യവസായ സഹകരണസംഘം രജിസ്റ്റർചെയ്ത് സർക്കാർ ആനുകൂല്യങ്ങളോടെ പുതിയ വ്യവസായങ്ങൾ തുടങ്ങണം.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങളെയും സെമിനാറിലെ ചർച്ചകളിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങളേയും, പ്രശ്നപരിഹാര സാധ്യതകളേയും കൂട്ടിയോജിപ്പിച്ച് മഹാത്മാഗാന്ധിയുടെ ഭാഷയിൽ "ദൈവത്തിന്റെ ജനങ്ങളായ" (ഹരിജനങ്ങൾ) അടിസ്ഥാനവർഗ്ഗത്തിന്റെ മോചനത്തിനായി അവരുടെ ഉയർത്തെഴുന്നേൽപിനായി പുതിയ പദ്ധതികൾക്കു രൂപം നൽകാൻ നമുക്കു കഴിയട്ടെ!



# 5 -10- വിദ്യാഭ്യാസം



വിദ്യാഭ്യാസ പരമായി എടപ്പറ്റ ഗ്രാമപഞ്ചായത്ത് ഇന്നും വളരെ പിന്നിലാണ്. ഈ പഞ്ചായത്തിലെ ആദ്യത്തെ LP സ്കൂൾ 1910ൽ പ്രവർത്തനമാരംഭിച്ച കൊമ്പൻകല്ല് GMLP സ്കൂളാണ്.

ഈ പഞ്ചായത്തിൽ ആകെ 7 L.P. സ്കൂളുകളും 2 U.P. സ്കൂളുകളും ഒരു ഹൈസ്ക്കൂളും മാത്രമേയുള്ളൂ.കോളേജുകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എന്തിനേറെ ഒരു ട്യൂട്ടോറിയൽ കോളേജോ, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പോലുമോ ഇവിടെയില്ല.

**പട്ടിക 1**
**വിദ്യാലയ വിവരങ്ങൾ**

| ക്രമ നമ്പർ | വാർഡ് | വിദ്യാലയത്തിന്റെ പേര് | ഇനം | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|
| | | | | M | F | T | M | F | T |
| | | L.P. വിഭാഗം | | | | | | | |
| 1. | I | G.L.P. സ്കൂൾ എടപ്പറ്റ | ഗവ | 137 | 135 | 272 | 2 | 4 | 6 |
| 2. | II | A.M.L.P. സ്കൂൾ എപ്പിക്കാട് | എയിഡഡ് | 192 | 191 | 383 | 2 | 8 | 10 |
| 3. | IV | G.L.P. സ്കൂൾ പാതിരിക്കോട് | ഗവ | 64 | 74 | 138 | 1 | 4 | 5 |
| 4. | VI | G.M.L.P. സ്കൂൾ പാതിരിക്കോട് | ഗവ | 108 | 128 | 236 | 7 | 1 | 8 |
| 5. | VIII | G.L.P. സ്കൂൾ ചേരിപ്പറമ്പ് | ഗവ | 106 | 111 | 217 | 3 | 4 | 7 |
| 6. | IX | A.L.P. സ്കൂൾ പുളിയക്കോട് | എയിഡഡ് | 89 | 90 | 179 | 2 | 4 | 6 |
| 7. | VI | G.M.L.P. സ്കൂൾ പേഴുന്തറ | ഗവ | | | | | | |
| | | **U.P. വിഭാഗം** | | 61 | 48 | 109 | 3 | 2 | 5 |
| 1. | II | G.U.P. സ്കൂൾ എടപ്പറ്റ | ഗവ | 160 | 167 | 327 | 4 | 4 | 8 |
| 2. | VII | A.U.P..സ്കൂൾ വെളിയഞ്ചേരി | എയിഡഡ് | 561 | 519 | 1080 | 14 | 20 | 34 |
| 3. | V | A.S.M.H.S. വെള്ളിയഞ്ചേരി | എയിഡഡ് | 451 | 486 | 937 | 17 | 19 | 36 |
| | | ആകെ | | | | **3878** | **55** | **70** | **125** |

## ഹൈസ്കൂൾ വിദ്യാഭ്യാസ സൗകര്യം

1957ൽ തൊട്ടടുത്ത പഞ്ചായത്തായ മേലാറ്റൂരിൽ ഒരു ഹൈസ്കൂൾ ആരംഭിച്ചതോടെയാണ് എടപ്പറ്റക്കാർക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് സൗകര്യം ലഭിച്ചത്. പാലക്കാട് ജില്ലയിലെ എടത്തനാട്ടുകര ഓറിയന്റ് ഗവ. ഹൈസ്ക്കൂളും ഈ പഞ്ചായത്തിലെ വെള്ളിയഞ്ചേരി പ്രദേശത്തുകാരെ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് സഹായിച്ചു. 1957 വരെ 25 കിലോമീറ്റർ ദൂരെയുള്ള പുരാതനമായ പെരിന്തൽമണ്ണ ഗവ. ഹൈസ്കൂളായിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള ഏകശരണം. അവിടെയുള്ള ബന്ധുക്കളുടെ വീടുകളിൽ താമസിച്ചാണ് കുറച്ചുപേരെങ്കിലും ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയത്.

## കോളേജ് വിദ്യാഭ്യാസ സൗകര്യം

മണ്ണാർക്കാട് MES കോളേജ് വരുന്നതുവരെ കോളേജ് വിദ്യാഭ്യാസത്തിന് പോയിരുന്നവർ വളരെ ചുരുക്കമായിരുന്നു. MES ന്റെ വിദ്യാഭ്യാസരംഗപ്രവേശനവും മധ്യതിരുവിതാംകൂറിൽനിന്നുള്ള കുടിയേറ്റക്കാരുടെ വിദ്യാഭ്യാസ താത്പര്യവും മൂലം 1970 കളോടെ സർവ്വകലാശാല വിദ്യാഭ്യാസം നേടിയവരുടെ എണ്ണം ക്രമേണ വർധിക്കുവാൻ തുടങ്ങി. എങ്കിലും ഇന്നും സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴെയാണ് എടപ്പറ്റയുടെ വിദ്യാഭ്യാസ നിലവാരം. അതിനൊരു തെളിവാണ് എടപ്പറ്റയിലെ സർക്കാർ ജീവനക്കാരുടെയും, സർക്കാർ, സ്വകാര്യ സ്കൂൾ അധ്യാപകരുടെയും അംഗസംഖ്യയിൽ എടപ്പറ്റക്കാരുടെ കുറവ്. ജോലിക്കാരിൽ 90% ത്തിലധികവും പുറമെനിന്നു വന്നവരാണ്.

ഫീസിളവ്, യാത്രാസൗജന്യം, മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്, സർക്കാരിന്റെ പ്രോത്സാഹനം MES പോലുള്ള മുസ്ലീം സംഘടനകളുടെ ബോധവത്ക്കരണം, ഉച്ച ഭക്ഷണം എന്നീകാരണങ്ങൾകൊണ്ടും വിദ്യാഭ്യാസത്തിനുവേണ്ടി ബഡ്ജറ്റിന്റെ 31% ചിലവു ചെയ്യുന്ന സർക്കാർ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്നതുമൂലവും രക്ഷാ കർത്താക്കൾ കുട്ടികളെ സ്കൂളിലയ്ക്കുവാനും ഉപരിപഠനത്തിനയ്ക്കുവാനും തയ്യാറായി അതു മൂലം ഇന്ന് നിലവാരത്തിൽ പിന്നിലാണെങ്കിലും കുട്ടികളെ പഠിപ്പിക്കുന്ന കാര്യത്തിൽ രക്ഷകർത്താക്കൾക്ക് വലിയ താൽപര്യം കാണുന്നു. 3 വയസ്സായ കുട്ടികൾ അധികവും തൊട്ടടുത്തുള്ള അംഗൻവാടികളിൽ പോകുന്നുണ്ട് വിദ്യാഭ്യാസം ലഭിക്കാത്ത കുട്ടികൾ ഇപ്പോൾ വളരെ കുറവാണ്.

### പട്ടിക 2
### ഭൗതിക സൗകര്യങ്ങൾ

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | വിദ്യാർത്ഥികൾ | അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടി വെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1. | G.L.P.S എടപ്പറ്റ | 272 | 6 | 1 | 1 | ഇല്ല | ഇല്ല |
| 2. | A.M.L.P.S എപ്പിക്കാട് | 383 | 10 | ഇല്ല | 1 | കിണർ | ഇല്ല |
| 3. | G.L.P പാതിരിക്കോട് | 138 | 5 | 1 | ഇല്ല | ഇല്ല | ഇല്ല |
| 4. | G.L.P.S പാതിരിക്കോട് | 236 | 8 | 1 | 1 | കിണർ | ഇല്ല |
| 5. | G.M.L.P.S. പേഴുന്തറ | 109 | 5 | 1 | 1 | ഇല്ല | ഇല്ല |
| 6. | G.L.P.S ചേരിപ്പറമ്പ് | 217 | 7 | 1 | 1 | കിണർ | ഇല്ല |
| 7. | A.L.P.S. പുളിയക്കോട് | 179 | 6 | 1 | 1 | ഇല്ല | ഇല്ല |
| 8. | G.U.P.S. എടപ്പറ്റ | 327 | 8 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 9. | A.U.P.S. വെളിയഞ്ചേരി | 1080 | 34 | 2 | ഇല്ല | കിണർ | ഉണ്ട് |
| 10. | A.S.M.H.S. വെളിയഞ്ചേരി | 937 | 36 | 1 | 1 | കിണർ | ഉണ്ട് |

സ്കൂളുകളിലെ ഭൗതിക് സൗകര്യങ്ങൾ വളരെ കുറവാണ് കുടിവെള്ളത്തിന് 5 സ്കൂളുകളിൽ കിണർ സൗകര്യംപോലുമില്ല. ആകെ 10 സ്കൂളുകളുള്ളതിൽ 2 എണ്ണത്തിൽ മാത്രമേ വൈദ്യുതിയുള്ളൂ. ഒരു കക്കൂസ് പോലുമില്ലാത്ത മൂന്നുസ്കൂളുകളുണ്ട്. മൂത്രപ്പുരയില്ലാത്ത രണ്ടുസ്കൂളുകളുണ്ട്. ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ ഗവ.സ്കൂൾ എന്നോ സ്വകാര്യ സ്കൂൾ എന്നോ വ്യത്യാസമില്ല. ഇനി സ്കൂളുകളിലെ അക്കാദമിക് സൗകര്യങ്ങളും കളിസ്ഥലങ്ങളും ഒന്നു പരിശോധിക്കാം.

## പട്ടിക 3
## അക്കാദമിക് സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല | ലബോറട്ടറി ഉണ്ട്/ഇല്ല | പഠനോപകരണങ്ങൾ ഉണ്ട്/ഇല്ല | റേഡിയോ ഉണ്ട്/ഇല്ല | ടേപ്പ്റിക്കോർഡർ ഉണ്ട്/ഇല്ല | T.V. സെറ്റ് ഉണ്ട്/ഇല്ല | VCR/VCP/സിനിമ പ്രൊജക്റ്റ് ഉണ്ട്/ഇല്ല | B.B | | P.T.A | | mothers forum | | ഗ്രൗണ്ട് | സ്കൂൾ വളപ്പ് വിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | വേണ്ടത് | നിലവിലുള്ളത് | സജീവം | നിർജ്ജീവം | സജീവം | നിർജ്ജീവം | ഉണ്ട്/ഇല്ല | |
| 1. | G.L.P.S എടപ്പറ്റ | X | X | ✓ | X | X | X | X | 4 | 3 | - | ✓ | ✓ | | X | 1ഏ |
| 2. | A.M.L.P.S എപ്പിക്കാട് | X | X | ✓ | X | X | X | X | 8 | 8 | ✓ | | ✓ | | ✓ | 1ഏ |
| 3. | G.L.P.S പാതിരിക്കോട് | X | X | ✓ | X | X | X | X | 4 | 3 | - | ✓ | | ✓ | X | 1ഏ |
| 4. | G.M.L.P.S പാതിരിക്കോട് | X | X | ✓ | X | X | X | X | 7 | 5 | - | ✓ | ✓ | | X | 1ഏ |
| 5. | G.M.L.P.S. പേഴുന്തറ | X | X | ✓ | X | X | X | X | 4 | 3 | - | ✓ | ✓ | | X | 1ഏ |
| 6. | G.L.P.S ചേരിപ്പറമ്പ് | X | X | ✓ | X | X | X | X | 8 | 5 | ✓ | | ✓ | | X | 1ഏ7. |
| 7. | A.L.P.S. പുളിയക്കോട് | X | X | ✓ | X | X | X | X | 6 | 5 | | ✓ | | ✓ | ✓ | 1ഏ |
| 8. | G.U.P.S. എടപ്പറ്റ | X | X | ✓ | X | X | X | X | 6 | 3 | ✓ | | ✓ | | X | 2ഏ |
| 9. | A.U.P.S. വെളിയഞ്ചേരി | X | X | ✓ | X | X | X | X | 26 | 24 | ✓ | | ✓ | | ✓ | 2.25 ഏ |
| 10. | A.S.M.H.S. വെളിയഞ്ചേരി | ✓ | ✓ | ✓ | X | X | X | X | 26 | 26 | ✓ | | ✓ | | ✓ | 3ഏ |

Note ഉണ്ട് ✓ ഇല്ല X

സ്കൂളുകളിലെ അക്കാഡമിക് സൗകര്യങ്ങൾ വില യിരുത്തുമ്പോൾ സൗകര്യങ്ങൾ വളരെകുറവാ ണെന്നു കാണാം. എന്നാൽ അധ്യാപകർ പൂർണ്ണ മാണ്. രണ്ടു UP സ്കൂളുകളിലും ലൈബ്രറിയും ലബോറട്ടറിയും ഇല്ല. ഹൈസ്ക്കൂളിൽ മാത്രമാണ് പരിമിതമായ ലൈബ്രറി ലബോറട്ടറി സൗകര്യങ്ങൾ ഉള്ളത്. സ്കൂളുകൾക്കൊക്കെ ആവശ്യത്തിന് സ്ഥ ലമുണ്ടെങ്കിലും സർക്കാർ സ്കൂളുകൾക്കൊന്നിനും കളിസ്ഥലമില്ല. എയിഡഡ് LP സ്കൂളുകൾക്കും ഒരു എയിഡഡ് UP സ്കൂളിനും ഏക ഹൈസ്കൂ ളിനും കളിസ്ഥലമുണ്ട്.

പഞ്ചായത്തിലെ നല്ലൊരു ശതമാനം കുട്ടി കൾ മേലാറ്റൂർ RM ഹൈസ്കൂളിലും, എടത്തനാട്ടു കര G.O.H.S.ലും പഠിയ്ക്കുന്നുണ്ട്. മേലാറ്റൂർ പഞ്ചാ യത്തിലെ കിഴക്കും പാടം GLP സ്കൂളിനെയാണ് മൂന്നാം വാർഡിലെ പകുതിയോളം വിദ്യാർത്ഥികൾ ആശ്രയിക്കുന്നത്. അതുപോലെ 9-ാം വാർഡിലെ മൂന്നാടിഭാഗത്തുള്ള വിദ്യാർത്ഥികൾ പാലക്കാട് ജില്ല യിലെ ചളവ GUP സ്കൂളിനേയും ആശ്രയിക്കു ന്നു. ഹയർസെക്കണ്ടറി വിദ്യാഭ്യാസത്തിനും സർവ്വ കലാശാലാ വിദ്യാഭ്യാസത്തിനും ഏറ്റവും ചുരുങ്ങി യത് 25കിലോമീറ്റർ ദൂരെ പോകേണ്ടിവരുന്നതുമൂലം ഉപരിപഠനം അവസാനിപ്പിക്കുന്ന വിദ്യാർത്ഥികളു മുണ്ട്. സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങളും ഇല്ല. ഉപരിപഠനത്തിനായി പോകുന്നവരുടെ സ്ഥി തിവിവരക്കണക്ക് താഴെകൊടുക്കുന്നു.

## പട്ടിക - 4
## ഉപരിപഠനം നടത്തുന്നവരുടെ കണക്ക്

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 01. | P.D.C., +2 | 124 |
| 02. | ഡിഗ്രി, P.G. | 32 |
| 03. | I.T.I, I.T.C. | 16 |
| 04. | എഞ്ചിനിയറംഗ് | 2 |
| 05. | കംപ്യൂട്ടർ | 3 |
| 06. | മെഡിസിൻ | 1 |
| 07. | മറ്റുള്ളവ | 6 |
| | ആകെ | 184 |

ഉപരിപഠനത്തിനു സൗകര്യങ്ങളുണ്ടാക്കിയാൽ മാത്രമേ എടപ്പറ്റപഞ്ചായത്തിന്റെ വിദ്യാഭ്യാസപിന്നോക്കാവസ്ഥ പരിഹരിക്കപ്പെടുകയുള്ളു.

വിദ്യാഭ്യാസ സൗകര്യങ്ങൾ പരിമിതമാണ്. ഉള്ള സൗകര്യങ്ങൾ തന്നെ വേണ്ടവിധം ഉപയോഗിക്കപ്പെടുന്നില്ല. കഴിഞ്ഞ 5വർഷത്തെ SSLC വിജയ ശതമാനം പരിശോധിക്കാം.

## പട്ടിക 5

## S.S.L.C. വിജയ ശതമാനം

| സ്കൂളിന്റെ പേര് | 1992 | | | 1993 | | | 1994 | | | 1995 | | | 1996 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T | B | G | T | B | G | T |
| A.S.M.H.S. വെളിയഞ്ചേരി | 16 | 32 | 48 | 16 | 38 | 54 | 14 | 34 | 48 | 13 | 22 | 35 | 26 | 39 | 65 |
| ശതമാനം | 33.3 | 66.7 | | 29.6 | 71.4 | | 29.2 | 71.8 | | 37.1 | 62.9 | | 40 | 60 | |

ശരാശരി വിജയ ശതമാനം ആൺകുട്ടി 33.8 % പെൺകുട്ടി 66.2 %

ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂളായ ASMHS വെള്ളിയഞ്ചേരിയേക്കാൾ മോശമാണ് ഈ പഞ്ചായത്തിലെ കുറേയേറെ കുട്ടികൾ പഠിക്കുന്ന മറ്റു ഹൈസ്കൂളുകളുടെ സ്ഥിതി. അതുകൊണ്ട് വിദ്യാഭ്യാസ നിലവരാം പ്രൈമറി തലം മുതൽ ഉയർത്തിക്കൊണ്ടുവരുന്നതിന് ഗ്രാമപഞ്ചായത്ത് ഇടപെട്ടേ മതിയാകൂ.

സ്കൂളുകളിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ അക്ഷര-അക്കജ്ഞാനമില്ലാത്ത കുറെ കുട്ടികളെങ്കിലുമുണ്ട്. ഈ വിഭാഗത്തിൽ കുട്ടികൾക്ക് പ്രത്യേക ബോധന സംവിധാനം ഏർപ്പെടുത്തുവാൻ PTAകൾക്കു കഴിയണം. SSLC വിജയശതമാനം കൂട്ടുന്നതിനു മാത്രമല്ല കൂടുതൽ മാർക്കുവാങ്ങുന്നതിനും പ്രത്യേകം കോച്ചിംഗ് PTA സംഘടിപ്പിക്കണം.

## പട്ടിക 6

## ഇടക്കുവെച്ച് പഠനം നിറുത്തിയവരുടെ കണക്ക്

| | I | | II | | III | | IV | | V | | VI | | VII | | Total | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G | B | G | B | G |
| 1993-94 | 2 | 6 | 3 | 2 | 2 | 8 | 3 | 1 | 2 | 2 | 3 | 7 | 5 | 0 | 20 | 26 |
| 1994-95 | 3 | 4 | 2 | 0 | 2 | 2 | 3 | 9 | 2 | 3 | 4 | 6 | 3 | 7 | 19 | 31 |
| 1995-96 | 4 | 6 | 2 | 1 | 2 | 2 | 2 | 5 | 3 | 6 | 3 | 4 | 2 | 1 | 18 | 25 |
| 1996-97 | 2 | 1 | 2 | 5 | 2 | 5 | 2 | 0 | 4 | 0 | 2 | 6 | 3 | 3 | 18 | 20 |

ഇടയ്ക്കുവെച്ചു പഠനം നിർത്തിപോകുന്ന കുട്ടി കളുടെ എണ്ണം മുൻകൊല്ലങ്ങളെ അപേക്ഷിച്ച് കുറ ഞ്ഞുവരുന്നത് നല്ലൊരു പ്രവണതയാണ്. എങ്കിലും കൊഴിഞ്ഞ് പോക്കിന്റെ കാരണ ങ്ങൾകണ്ടു പിടിച്ച് കൊഴിഞ്ഞു പോയകുട്ടികളെ വീണ്ടും തിരിച്ചുകൊണ്ടുവരുവാൻ പദ്ധതികൾ തയ്യാറാക്കേണ്ടിയിരിക്കുന്നു.

**പട്ടിക 7**

**സ്കൂളുകളിലേക്കുള്ള ശരാശരി ദൂരം**

| ഇനം | ശരാശരി ദൂരം | പരമാവധി ദൂരം |
|---|---|---|
| ലോവർ പ്രൈമറി സ്കൂൾ | 1.1 | 2.4 |
| അപ്പർ പ്രൈമറി സ്കൂൾ | 2.8 | 5.5 |
| ഹൈസ്കൂൾ | 3.6 | 4.8 |
| കോളേജ് | 28 | 33.5 |

പഞ്ചായത്തിന്റെ വിസ്തൃതിക്കനുസരിച്ച ല്ലെങ്കിലും ജനസംഖ്യാനുപാതികമായി സ്കൂളു കൾക്ക് കുറവില്ല. പക്ഷെ പഞ്ചായത്തിന്റെ രണ്ടുഭാഗങ്ങളിൽ ലോവർപ്രൈമറി വിദ്യാഭ്യാസത്തിന് വളരെയേറെ ദൂരെപോകേണ്ടതായി വരുന്നു. 9-ാം വാർഡിലെ മൂനാടിയിൽ നിന്നും 2.4KM ദൂരെയാണ് ഏറ്റവും അടുത്ത പുളിയക്കോട് ALP സ്കൂൾ അതുപോലെ തന്നെ 3-ാം വാർഡിലെ ചുള്ളിയോടുകുന്നു പ്രദേശത്തെ കുട്ടികൾക്ക് 1.5 കി.മീ. നടന്നാലേതൊട്ടടുത്ത ഏപ്പിക്കാട് AMLP സ്കൂളിൽ എത്താൻ കഴിയൂ. എടപ്പറ്റ 1-ാം വാർഡിലെ വിദ്യാർത്ഥികൾക്ക് തൊട്ടടുത്ത UP സ്കൂളിലെത്തണ മെങ്കിൽ 3.5 കി.മി. യാത്രചെയ്യേണ്ടതായിവരുമ്പോൾ 6-ാം വാർഡിലെ കൊമ്പൻകല്ല് പേഴുന്തറ സ്കൂളുകളിൽ നിന്നും IV-ാം ക്ലാസ്സ് പാസാകുന്ന കുട്ടികൾക്ക് അപ്പർപ്രൈ മറി വിദ്യാഭ്യാസത്തിന് 5 കി.മീ.വരെ യാത്രചെയ്യേ ണ്ടിവരുന്നു. അടുത്ത പഞ്ചായത്തിലുള്ള മേലാറ്റൂർ RMHSൽ കുട്ടികളുടെ ആധിക്യം മൂലം പ്രവേശനം കിട്ടുവാൻ തന്നെ വിഷമമായ സാഹചര്യത്തിൽ IX, I, II, III വാർഡുകളിലെ കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനും വളരെയേറെ കഷ്ടപ്പാടുകളു ണ്ട്.

ഹയർസെക്കണ്ടറി വിദ്യാഭ്യാസത്തിന് എട പ്പറ്റ പഞ്ചായത്തിലെ വിദ്യാർത്ഥികൾ 33.5 കി.മീ. ദൂരെ വരെ യാത്രചെയ്യേണ്ടതായി വരുന്നു. വെള്ളി യഞ്ചേരി സെക്കണ്ടറി സൗകര്യം ഏർപ്പെടുത്തി യാൽ പഞ്ചായത്തിന്റെ തെക്കുകിഴക്കൻ പ്രദേശ ങ്ങളിലെ വിദ്യാർത്ഥികൾക്ക് ഒട്ടൊക്കെ ആശ്വാസ മാകും.

## പട്ടികജാതി വിദ്യാർത്ഥികൾ

വിദ്യാഭ്യാസപരമായി ഏറ്റവും മുന്നിൽ നിൽക്കുന്നത് ജനസംഖ്യയിൽ ഏറ്റവും കുറവുവ രുന്ന കൃസ്ത്യാനികളും ഹിന്ദുക്കളിലെ സാമ്പത്തി കമായി ഉയർന്ന വിഭാഗവുമാണ്. മുസ്ലീംകൾ വളരെ പിന്നിലായിരുന്നെങ്കിലും സമീപകാലത്തായി ആശാവഹമായ കുതിച്ചു കയറ്റം വിദ്യാഭ്യാസ രംഗത്തു നടത്തിയിട്ടുണ്ട്.

## പട്ടിക 8
## പട്ടിക ജാതി വിദ്യാർത്ഥികളുടെ കണക്ക്

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | I | | II | | III | | IV | | V | | VI | | VII | | VIII | | IX | | X | | Total | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G |
| 1. | GLPS എടപ്പറ്റ | 6 | 0 | 1 | 2 | 2 | 4 | 5 | 6 | | | | | | | | | | | | | 14 | 12 |
| 2. | AMLP ഏപ്പിക്കാട് | 8 | 3 | 3 | 5 | 2 | 6 | 2 | 1 | | | | | | | | | | | | | 15 | 15 |
| 3. | GLPS പാതിരിക്കോട് | 3 | 2 | 4 | 5 | 2 | 1 | 1 | 5 | | | | | | | | | | | | | 10 | 13 |
| 4. | GMLPS പാതിരിക്കോട് | 3 | 1 | 2 | 2 | 3 | 3 | 1 | 7 | | | | | | | | | | | | | 9 | 13 |
| 5. | GMLPS പേഴുന്തറ | 1 | 4 | 2 | 3 | 4 | 0 | 2 | 3 | | | | | | | | | | | | | 9 | 10 |
| 6. | GLPS പേരിപ്പറമ്പ് | 1 | 4 | 1 | 0 | 1 | 0 | 1 | 5 | | | | | | | | | | | | | 4 | 9 |
| 7. | ALPS പുളിയക്കോട് | 3 | 2 | 1 | 3 | 2 | 10 | 3 | 3 | | | | | | | | | | | | | 9 | 18 |
| 8. | GUPS എടപ്പറ്റ | | | | | | | | | 5 | 6 | 9 | 7 | 2 | 6 | | | | | | | 16 | 19 |
| 9. | AUPS വെളിയഞ്ചേരി | 4 | 6 | 9 | 7 | 5 | 5 | 5 | 5 | 14 | 15 | 13 | 12 | 12 | 17 | | | | | | | 62 | 67 |
| 10. | ASMHS വെളിയഞ്ചേരി | | | | | | | | | | | | | | | 17 | 14 | 10 | 16 | 8 | 10 | 35 | 40 |
| | ആകെ | 29 | 22 | 23 | 27 | 21 | 29 | 20 | 35 | 19 | 21 | 22 | 19 | 14 | 23 | 17 | 14 | 10 | 17 | 8 | 10 | 183 | 216 |

## പട്ടിക 9
## പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| സ്കൂളിന്റെ പേര് | I | | II | | III | | IV | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G |
| ALPS പുളിയകോട് | 0 | 0 | 0 | 1 | 2 | 0 | 1 | 0 | 3 | 1 |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 399 വിദ്യാർത്ഥികളും 4 പട്ടിക വർഗ്ഗ വിദ്യാർത്ഥികളും ഉണ്ട്. ആകെ 403 പേർ UP സ്കൂളിലും ഹൈസ്കൂളിലും ഒരു പട്ടിക വർഗ്ഗ വിദ്യാർത്ഥിപോലും പഠിച്ചിട്ടില്ല. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ പട്ടിക ജാതി വിദ്യാർത്ഥികളുടെ എണ്ണം സ്കൂളിൽ കുറവില്ലെന്നു കാണാം. മാത്രമല്ല ജനറൽ വിഭാഗത്തേക്കാൾ കൂടുതലാണ് പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ അനുപാതം.

| ജനസംഖ്യ ആകെ | ആകെ വിദ്യാർത്ഥികൾ | ആകെ പട്ടികജാതി | | വിദ്യാർത്ഥികൾ | | | |
|---|---|---|---|---|---|---|---|
| എണ്ണം | എണ്ണം | എണ്ണം | ശതമാനം | എണ്ണം | % | എണ്ണം | % |
| 20124 | 3478 | 1713 | 8.51 | 3475 | 89.6 | 403 | 10.4 |

പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ ഇംഗ്ലീഷ് മീഡിയം സ്കൂൾ അണെയിഡഡ് സ്കൂൾ, എന്നിവയിൽ പോകുന്നില്ലെന്ന് ഇതിൽനിന്നും മനസ്സിലാക്കാം. ഈ പഞ്ചായത്തിൽ പട്ടിക ജാതി/പട്ടികവർഗ്ഗക്കാർ ജനസംഖ്യയുടെ 8.51% വരും വിദ്യാർത്ഥികൾ 8% മാത്രം ഹൈസ്കൂൾ തലത്തിലേക്കെത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾ കുറവാണെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

ജനസംഖ്യാനുപാതികമായുള്ള വിദ്യാർത്ഥി വിദ്യാർത്ഥിനി അനുപാതം LP സ്കൂളുകളിലുണ്ട് എന്നാൽ UP തലത്തിൽ പെൺകുട്ടികളുടെ കുറവു കാണുന്നുണ്ട്. താഴെ കൊടുത്ത കണക്കു പരിശോധിയ്ക്കുക. ജനസംഖ്യയിൽ 48.61% പുരുഷന്മാരും 51.39% സ്ത്രീകളുമാണ്.

## പട്ടിക 11
## വിദ്യാർത്ഥി വിദ്യാർത്ഥിനി അനുപാതം

| വിഭാഗം | ആൺകുട്ടികൾ | % | പെൺകുട്ടികൾ | % |
|---|---|---|---|---|
| L.P. 1534 | 756 | 49.28 | 778 | 50.72 |
| U.P 1407 | 721 | 51.24 | 686 | 48.76 |

എന്നാൽ ഹൈസ്കൂൾ വിഭാഗത്തിൽ പെൺകുട്ടികളുടെ അനുപാതത്തിൽ വർദ്ധനവുണ്ട്. ഹൈസ്കൂൾ തലത്തിൽ ആൺകുട്ടികളുടെ എണ്ണത്തിലാണ് കുറവ് അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ മൊത്തം ജനസംഖ്യയുടെ 8.51% പട്ടികജാതി/വർഗ്ഗവിഭാഗത്തിൽപ്പെട്ടവരാണ്. എന്നാൽ മൊത്തം വിദ്യാർത്ഥികളുടെ 10.4% പട്ടിക ജാതിക്കാർ ആണ്. ഇതിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുന്നത് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും അൺയിഡഡ് സ്കൂളുകളിലുമായി ജനറൽ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾ സമീപസ്കൂളുകളിൽ പഠിക്കുന്നു എന്നാണ്. പെരിന്തൽമണ്ണ, മേലാറ്റൂർ, കരുവാരകുണ്ട്, എടത്തനാട്ടുകര എന്നീ സ്ഥലങ്ങളിലെ അണെ

യിഡഡ് സ്കൂളുകളിൽ പഠിയ്ക്കുന്ന ഈ പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം 176 ആണ്. ഇവരിൽ പട്ടികജാതിക്കാരാരും ഇല്ല.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനത്തിനുപോകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലും കുറവുണ്ട്. എങ്കിലും 1996ലെ കാലിക്കറ്റ് യൂനിവേഴ്സിറ്റിയുടെ B.A. അറബിക് & ഇസ്ലാമിക് ഹിസ്റ്ററി പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ C.T. സഫിയ എന്ന മുസ്ലീം പെൺകുട്ടി എടപ്പറ്റക്കാരിയാണെന്ന വസ്തുത ഈ പഞ്ചായത്തിന് അഭിമാനിക്കുവാൻ വക നൽകുന്നു.

## ആൺകുട്ടികളുടെ നിലവാരത്തകർച്ച:-

ആൺകുട്ടികൾ പഠനനിലവാരത്തിൽ വളരെ മോശമാണെന്നു കാണാം. കഴിഞ്ഞ 5 വർഷത്തെ S.S.L.C. വിജയശതമാനം വിലയിരുത്തുമ്പോൾ മനസ്സിലാക്കാവുവാൻ കഴിയുന്നത്. പെൺകുട്ടികളുടെ പകുതി ആൺകുട്ടികൾ മാത്രമേ ഈ പഞ്ചായത്തിൽ നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കുന്നുള്ളു എന്നാണ്. 1992 മുതൽ 1996 വരെയുള്ള 5 വർഷങ്ങളിൽ SSLC പരീക്ഷ വിജയിച്ചവരിൽ 66.2% പെൺകുട്ടികളും ആയിരുന്നു. (പട്ടിക 5 നോക്കുക.) ഈ അന്തരത്തിനു കാരണം കണ്ടുപിടിച്ച് പരിഹാരം നിർദ്ദേശിക്കേണ്ടിയിരിക്കുന്നു.

രക്ഷാകർത്താക്കൾ വിദേശത്തുള്ള ആൺകുട്ടികൾ പഠനകാര്യത്തിൽ ശ്രദ്ധിക്കുന്നില്ല അതിനുപുറമെ പഠനേതരകാര്യങ്ങളിലേക്ക് ആൺകുട്ടികൾ തിരിയുന്നു. കൗമാരപ്രായത്തിലെത്തുന്നതോടെ ആൺകുട്ടികളുടെ ശ്രദ്ധ പഠനത്തിൽനിന്നും ഏതു വഴിയ്ക്കു തിരിയുന്നു എന്നു കണ്ടുപിടിച്ച് ആ പ്രശ്നം പരിഹരിയ്ക്കുകയാണ് വേണ്ടത്.

പ്രാഥമിക ദ്വിതീയ വിവരശേഖരണങ്ങളിലൂടെയും, വിവിധ ഗ്രാമസഭാ ചർച്ചകളിലൂടെയുമാണ് ഇത്രയും വിവരങ്ങൾ ശേഖരിക്കുവാൻ കഴിഞ്ഞത്. ഈ കണക്കുകൾ അപഗ്രഥിച്ചും, ഗ്രാമസഭാ ചർച്ചകളെത്തുടർന്ന് തയ്യാറാക്കിയ റിപ്പോർട്ടുകൾ ക്രോഡീകരിച്ചും വിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന താഴെ പറയുന്ന പ്രശ്നങ്ങളും, സാധ്യതകളും, പരിഹാരനിർദ്ദേശങ്ങൾക്കായി വികസന സെമിനാറിൽ സമർപ്പിക്കുന്നു.

പ്രാഥമിക ദ്വിതീയ വിവരശേഖരണങ്ങളിലൂടെയും, വിവിധ ഗ്രാമസഭാ ചർച്ചകളിലൂടെയുമാണ് ഇത്രയും വിവരങ്ങൾ ശേഖരിക്കുവാൻ കഴിഞ്ഞത്. ഈ കണക്കുകൾ അപഗ്രഥിച്ചും, ഗ്രാമസഭാചർച്ചകളെത്തുടർന്ന് തയ്യാറാക്കിയ റിപ്പോർട്ടുകൾ ക്രോഡീകരിച്ചും വിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന താഴെ പറയുന്ന പ്രശ്നങ്ങളും, സാധ്യതകളും, പരിഹാര നിർദ്ദേശങ്ങൾക്കായി വികസന സെമിനാറിൽ സമർപ്പിക്കുന്നു.

## പ്രശ്നങ്ങൾ

1. 9,3, വാർഡുകളിൽ LP സ്കൂൾ വിദ്യാഭ്യാസത്തിന് സൗകര്യമില്ല.
2. 6,1,4,9,8 വാർഡുകളിലെ കുട്ടികൾക്ക് അപ്പർ പ്രൈമറി വിദ്യാഭ്യാസസൗകര്യമില്ല.
3. 1,2,3,9 വാർഡുകളിലെ വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ സൗകര്യമില്ല.
4. ഹയർസെക്കണ്ടറി വിദ്യാഭ്യാസ സൗകര്യങ്ങൾ ഒന്നുമില്ല.
5. കോളേജ് വിദ്യാഭ്യാസ സൗകര്യം തീരെയില്ല.
6. മുസ്ലീം വിദ്യാർത്ഥിനികൾ ഉപരിപഠനത്തിൽപിന്നിലാണ്.
7. പട്ടിക ജാതിക്കാർ സ്കൂൾ വിദ്യാഭ്യാസത്തിന് വളരെ പിന്നിലാണ്.
8. തൊഴിലധിഷ്ടിത വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നുമില്ല.
9. സ്കൂളുകൾക്ക് ഭൗതീകസൗകര്യങ്ങൾ വളരെ കുറവാണ്.
10. എയിഡഡ് സ്കൂൾ മാനേജർമാർ അക്കാഡമിക് സൗകര്യങ്ങൾ ഉണ്ടാക്കുവാൻ ശ്രദ്ധിക്കുന്നില്ല.
11. ഉച്ചക്കഞ്ഞി വിതരണം പൂർണ്ണമല്ല.
12. ടെക്സ്റ്റ് ബുക്കുകൾ യഥാസമയം കിട്ടുന്നില്ല.
13. അധ്യാപക-രഷാകർത്തൃസമിതികളും, മാതൃ

സംഗമങ്ങളും പല സ്കൂളുകളിലും സജീവമല്ല.

14. വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് കാര്യമായ ശ്രമം ഉണ്ടാകുന്നില്ല.

15. പ്രൈമറി വിദ്യാഭ്യാസത്തിൽ ശ്രദ്ധയില്ല.

16. രക്ഷിതാക്കൾ വിദ്യാഭ്യാസരംഗത്ത് ശ്രദ്ധിക്കുന്നില്ല.

17. ആൺകുട്ടികൾ സ്കൂളിൽ പോകുന്നുണ്ടെങ്കിലും പഠനകാര്യത്തിൽ തീരെ തൽപരരല്ല.

## സാധ്യതകൾ

1. 9-ാം വാർഡിലെ മൂനാടിയിൽ ഒരു ലോവർ പ്രൈമറി സ്കൂൾ അനുവദിച്ചാൽ അവിടെയുള്ള പഞ്ചായത്തിലെ ഏക പട്ടിക വർഗ്ഗ കോളനിയിലെ പട്ടിക വർഗ്ഗക്കാരുടേയും, മൂനാടിയിലെ ഇരുന്നൂറിൽപരം കുടുംബങ്ങൾ താമസിക്കുന്ന പ്രദേശത്തിന്റേയും പ്രാഥമിക മേഖലയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടും.

2. ഒരു വിദ്യാഭ്യാസ സ്ഥാപനം പോലും ഇല്ലാത്ത III-ാം വാർഡിൽ ഒരു എൽ.പി.സ്കൂൾ ആരംഭിക്കണം.

3. VI-ാം വാർഡിലെ പാതിരിക്കോട് GMLP സ്കൂൾ
I-ാം വാർഡിലെ എടപ്പറ്റ G.L.P സ്കൂൾ
IV-ാം വാർഡിലെ പാതിരിക്കോട് G.L.P. സ്കൂൾ
IX-ാം വാർഡിലെ പുളിയക്കോട് ALP സ്കൂൾ
VIII-ാം വാർഡിലെ ചേരിപറമ്പ് G.L.P. സ്കൂൾ എന്നിവ അപ്പർപ്രൈമറി സ്കൂളാക്കി ഉയർത്തണം.

4. വെള്ളിയഞ്ചേരി A.S.M. ഹൈസ്ക്കൂൾ ഒരു വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളാക്കി ഉയർത്തുന്ന പക്ഷം +2 വിദ്യാഭ്യാസ പ്രതിസന്ധി തീരുവാൻ സാധ്യതയുണ്ട്.

5. ഉപരിപഠനത്തിനു പിൻതള്ളപ്പെട്ടുകിടക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് പ്രത്യേക പരിഗണന ലഭിക്കുന്നതിനായി ഒരു വനിതാ അറബിക് കോളേജ് വെള്ളിയഞ്ചേരിയിൽ സ്വകാര്യമേഖലയിലോ, സഹകരണ മേഖലയിലോ ആരംഭിക്കണം. ഗവൺമെന്റ് കോളേജിന് സാധ്യതയില്ലാത്തതിനാൽ സഹകരണ മേഖലയിലോ, സ്വകാര്യമേഖലയിലോ ഒരു കോളേജ് തുടങ്ങുവാൻ കഴിയണം.

6. പട്ടികജാതി/വർഗ്ഗക്കാരായ കുട്ടികളെ തെരഞ്ഞുപിടിച്ച് അവരുടെ വിദ്യാഭ്യാസം തുടർന്നുപോകുന്നതിന് പ്രത്യേക ധനസഹായവും പ്രോത്സാഹനവും നൽകിയാൽ ആ വിഭാഗക്കാരുടെ വിദ്യാഭ്യാസ സ്ഥിതി മെച്ചപ്പെടുവാൻ സാദ്ധ്യതയുണ്ട്.

7. മുസ്ലീം പെൺകുട്ടികൾക്ക് വിദ്യാഭ്യാസകാര്യത്തിൽ പ്രോത്സാഹനം നൽകുവാൻ സന്നദ്ധ സംഘടനകളുടെയും, PTA കളുടേയും സഹകരണം തേടി പുതിയ പരിപാടികൾക്ക് രൂപം നൽകേണ്ടതുണ്ട്.

8. ITI, ITC പോളിടെക്നിക് ഇവയിലേതെങ്കിലും ആരംഭിച്ച് സാങ്കേതിക വിദ്യാഭ്യാസസൗകര്യം ഉറപ്പാക്കുക. കംപ്യൂട്ടർ പരിശീലനം ടൈപ്പ് റൈറ്റിംഗ്, ഷോർട്ട്ഹാൻഡ് പരിശീലനം, എലക്ട്രോണിക്സ് പരിശീലനം എന്നിവയ്ക്ക് മാനവശേഷി വികസന വകുപ്പിന്റെ ധനസഹായം ലഭ്യമാക്കിയോ, മറ്റു മാർഗ്ഗങ്ങൾ കണ്ടെത്തിയോ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുക.

9. പാതിരിക്കോട് GLP സ്കൂളിന് സ്വന്തമായ സ്ഥലമോ, കെട്ടിടമോ ഇല്ല. PTA യുടെ സഹകരണത്തോടെ സ്ഥലം വാങ്ങുകയും, കെട്ടിടം നിർമ്മിക്കുകയും വേണം.

10. ചേരിപ്പറമ്പ് GLP സ്കൂളിന് ചുറ്റുമതിലും കളിസ്ഥലവും, വൈദ്യുതിയും വേണം.

11. എടപ്പറ്റ GUP സ്കൂളിന് കളിസ്ഥലവും ചുറ്റുമതിലും, വൈദ്യുതിയും, കക്കൂസും, മൂത്രപ്പുരയും അത്യാവശ്യമാണ്.

12. എടപ്പറ്റ GLP സ്കൂളിന് കളിസ്ഥലവും, ചുറ്റുമതിലും, കുടിവെള്ളവും, വൈദ്യുതിയും വേണം.

13. പാതിരിക്കോട് GMLP സ്കൂളിന് കളിസ്ഥലം ചുറ്റുമതിൽ, വൈദ്യുതി എന്നിവ ആവശ്യമാണ്.

14. എയിഡഡ് സ്കൂളുകളിൽ അത്യാവശ്യസൗകര്യങ്ങൾ ഉണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്. മാനേജർമാർക്ക് അതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. PTA യുടെ സന്നദ്ധ പ്രവർത്തനങ്ങളും, സഹായങ്ങളും തേടുകയും ചെയ്യണം.

15. ഉച്ചക്കഞ്ഞി വിതരണത്തിന് ഇന്നുള്ള തട

സ്സങ്ങൾ നീക്കുവാൻ കഴിയണം. മുടങ്ങാതെ ഉച്ച ക്കഞ്ഞി മുഴുവൻ L.P. UP സ്കൂളുകളിലും ലഭ്യമാക്കണം.

16. ടെക്സ്റ്റ് ബുക്കുകൾ യഥാസമയം വിതരണം ചെയ്യുന്നതിന് സ്കൂൾ സൊസൈറ്റി മുൻകൂട്ടി പദ്ധതി ആസൂത്രണം ചെയ്യണം. ടെക്സ്റ്റ് ബുക്കുകൾക്കു പുറമേ വില കുറഞ്ഞ നിരക്കിൽ നോട്ടുബുക്കുകൾ, പഠനസാമഗ്രികൾ, യൂനിഫോം ഇവ വിതരണം ചെയ്യുവാനും സ്കൂൾ സൊസൈറ്റി പദ്ധതി തയ്യാറാക്കേണ്ടിയിരിക്കുന്നു.

17. വിദ്യാഭ്യാസ സമിതികൾ പഞ്ചായത്തു തലത്തിലും, വാർഡുതലത്തിലും രൂപീകരിക്കണം. മാനേജർമാരെ കൂടി സമിതികളിൽ സഹകരിപ്പിക്കണം.

18. പഞ്ചായത്തുതല സ്കൂൾ കോംപ്ലക്സ് സജീവമാക്കണം. മാനേജ്മെന്റ് സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കും മാനേജർ തയ്യാറാകുന്നില്ലെന്ന കാരണത്താൽ ഭൗതിക സൗകര്യങ്ങൾ തടസ്സപ്പെടുവാൻ പാടില്ല.

19. കുട്ടികളുടെ എണ്ണത്തിൽ കുറവുള്ള GLPS പാതിരിക്കോട്, GMLPS പേഴുംതറ സ്കൂളുകളുടെ സമീപപ്രദേശത്ത് പ്രത്യേക വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് കുട്ടികളുടെ കുറവ് പരിഹരിക്കണം.

20. മാതൃസംഗമങ്ങൾ സജീവമാക്കുകയും, മാതാക്കളാണ് കുട്ടിയുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിലെ പ്രധാന കണ്ണിയെന്ന് ബോധവൽക്കരണം നടത്തുകയും വേണം.

21. സ്കൂൾ PTA യ്ക്കു പുറമേ ക്ലാസ്സ് തല PTA കളും രൂപീകരിക്കണം.

22. ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനരഹിതമാണ്. അവ പ്രവർത്തിക്കണം സാക്ഷരരായ നവസാക്ഷരർ നിരക്ഷരരാകുന്നതുതടയുവാനും സമ്പൂർണ്ണ സാക്ഷരതനേടിയ പഞ്ചായത്താക്കി നിലനിർത്തുവാനും, വയോജന വിദ്യാഭ്യാസ പരിപാടിക്ക് ധനസഹായം നൽകി പ്രോത്സാഹിപ്പിക്കണം.

23. പാതിരിക്കോട് ദേശീയ വായനശാലയും, എടപ്പറ്റ പഞ്ചായത്തു വായനശാലയും വയോജന വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുവാൻ തയ്യാറാകണം. ധനസഹായവും ലഭ്യമാക്കണം. അതോടൊപ്പം പുതിയ സന്നദ്ധസംഘടനകളെ ഈ രംഗത്തേക്ക് കൊണ്ടുവരികയും വേണം.

24. പ്രീ.പ്രൈമറി സ്കൂളുകൾ എല്ലാ L.P. സ്കൂളുകളിനോടനുബന്ധിച്ചും ആരംഭിക്കണം.

25. വിദ്യാർത്ഥികൾക്ക് കളിക്കോപ്പുകൾ ലഭ്യമാക്കുകയും, കായികരംഗത്ത് പ്രോത്സാഹനം ലഭ്യമാകയും വേണം.

26. ഹൈസ്കൂൾ UP സ്കൂളുകൾ LP സ്കൂളുകൾ എന്നീ ക്രമത്തിൽ ടെലിവിഷൻസെറ്റുകൾ ലഭ്യമാക്കണം.

27. സ്കൂളുകളിലെ 20% മാർക്കിൽ കുറവുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ PTA ക്ക് കഴിയണം. ധനസഹായവും, സന്നദ്ധസേവനവും ലഭ്യമാക്കണം.

28. അംഗൻവാടികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. കെട്ടിടങ്ങളുടെ കേടുപാടുകൾ തീർക്കണം. കളിക്കോപ്പുകൾ വേണ്ടത്ര ലഭ്യമാക്കണം.

29. പട്ടികജാതി കോളനികളിലെ അംഗൻവാടികളോടനുബന്ധിച്ച് പാർക്കുകൾ നിർമ്മിക്കണം. പട്ടികജാതി കുട്ടികളിൽ പഠനതാത്പര്യം വളർത്തണം.

30. ഏകാദ്ധ്യാപക വിദ്യാലയങ്ങൾ ആവശ്യമുള്ളിടത്തൊക്കെ ആരംഭിക്കുവാൻ കഴിയണം. കാളമം, (വാർഡ്8) ബാലവാടിപ്പടി (വാർഡ്5) ഈ പ്രദേശങ്ങളിൽ ഇതാവശ്യമാണ്. എല്ലാ സ്കൂളുകളിലും ഫർണീച്ചറുകൾ, പഠനോപകരണങ്ങൾ എന്നിവ ആവശ്യത്തിനുണ്ടെന്ന് ഉറപ്പുവരുത്തണം.

32. പാഠ്യേതര വിഷയങ്ങളിലുള്ള താൽപര്യം കണ്ടറിഞ്ഞ് വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുവാൻ നിർബ്ബന്ധമായും പദ്ധതി തയ്യാറാക്കണം.

33. കൃഷിയിലും, വനവൽക്കരണത്തിലും പരിതസ്ഥിതി സംരക്ഷണത്തിലും വിദ്യാർത്ഥികൾക്ക് താൽപര്യം വർദ്ധിപ്പിക്കുവാനുള്ള പദ്ധതി ഓരോ സ്കൂളിലും നടപ്പാക്കണം.

34. ആൺകുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി അച്ചടക്ക കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഗ്രാമസഭാ ചർച്ചകളിലൂടെ മനസ്സിലാക്കുവാൻ കഴിഞ്ഞ മുകളിൽ പറഞ്ഞ പ്രശ്നങ്ങളും സാധ്യതകളും വിലയിരുത്തിക്കൊണ്ട് നമുക്ക് ഈ സെമിനാറിൽ പരിഹാരങ്ങൾ നിർദ്ദേശിക്കാം.



# 5 -11

# കുടിവെള്ളം - ആരോഗ്യം

" വെള്ളം വെള്ളം സർവ്വത്ര
കുടിക്കാനില്ല വേണ്ടത്ര "

## കുടിവെള്ളം

ഭൂമിയിൽ വെള്ളം സുലഭമാണ്. എന്നാൽ ഈ വെള്ളമത്രയും ഉപയോഗക്ഷമമല്ല. ഭൂമിയിലുള്ള വെള്ളം മൊത്തത്തിൽ ഒരു ഗാലൻ (4.1 ലിറ്റർ) ഭരണിയിൽ ഉൾക്കൊള്ളിക്കാമെങ്കിൽ അതിൽ രണ്ടു സ്പൂൺ വെള്ളം മാത്രമാണ് പാനയോഗ്യമായിട്ടുള്ളത്. ജീവൻ നിലനിറുത്താനായി ഒരു മനുഷ്യന് ഒരു വർഷം ഒരു ക്യൂബിക് മീറ്റർ ശുദ്ധജലം ആവശ്യമുണ്ട്. എല്ലാ ആവശ്യങ്ങൾക്കും കൂടി ഒരു വർഷം 28 ക്യൂബിക് മീറ്റർ ജലം ഒരാൾക്ക് ആവശ്യമായി വരുന്നു. അതായത് ഒരാൾക്ക് ഒരു ദിവസം ഏകദേശം 75 ലിറ്റർ ജലം ആവശ്യമായി വരുന്നു.

കുടിവെള്ളത്തിനായി പഞ്ചായത്തിലെ 99% ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ ആകെ 3282 വീടുകളുള്ളതിൽ 1924 വീടുകൾക്കുമാത്രമേ സ്വന്തമായി കിണറുകളുള്ളൂ. 26 പൊതു കിണറുകളും 12 കുഴൽകിണറുകളും വേറെയുമുണ്ട്. ആകെ 1962 കിണറുകളുള്ളതിൽ 680 കിണറുകൾ വേനൽകാലങ്ങളിൽ വെള്ളമില്ലാത്തവയാണ്. 132 കിണറുകളിൽ തീരെ വെള്ളമില്ല. പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 45%വും ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ്.

### നിലവിലുള്ള കിണറുകൾ

പട്ടിക - 1

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതുകിണറുകൾ | | സ്വകാര്യകിണറുകൾ | | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്തത് | | |
| 23 | 3 | 1924 | 220 | 12 | 2182 |

## പൊതുകിണറുകൾ

### പട്ടിക –2

| വാർഡ് | കുഴൽ കിണറുകൾ | കിണർ | ആകെ |
|---|---|---|---|
| 01 | - | 6 | 6 |
| 02 | 2 | 3 | 5 |
| 03 | 2 | 7 | 9 |
| 05 | 3 | - | 3 |
| 06 | 1 | 1 | 2 |
| 07 | - | 3 | 3 |
| 08 | 2 | 1 | 3 |
| 09 | 2 | 5 | 7 |
| ആകെ | 12 | 26 | 38 |

നിലവിലുള്ള കുഴൽ കിണറുകളടക്കം പഞ്ചായത്തിൽ 38 പൊതു കിണറുകളും 1924 സ്വകാര്യ കിണറുകളുമാണുള്ളത്. ആകെയുള്ള 12 കുഴൽ കിണറുകളിലെ വെള്ളവും കുറഞ്ഞ ഇരുമ്പു ചുവയുള്ളതാണെങ്കിലും 10 എണ്ണത്തിലെ വെള്ളമേ കുടിക്കാൻ ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്തിലെ 45% ജനങ്ങളും കുടിവെള്ള ക്ഷാമം നേരിടുന്നവരാണ്. അവർ കുടിവെള്ളത്തിനായി ശരാശരി 300 മീറ്റർ ദൂരെ പോകേണ്ടിവരുന്നു. ഏറ്റവും കൂടുതൽ ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കേന്ദ്രഗവൺമെന്റ് സഹായത്തോടെ "രാജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷ"ന്റെ ശുദ്ധജല വിതരണ സംവിധാനം ഏർപ്പെടുത്തിയാൽ ഒരു പരിധിവരെ പരിഹാരമാകും.

വിശേഷാൽ ഗ്രാമസഭയിൽ നിന്നുയർന്നു വന്നപ്രശ്നപരിഹാരങ്ങൾ താഴെ കൊടുക്കുന്നു.

## കുഴൽ കിണറുകളിലൂടെ വെള്ളം ലഭ്യമാകുന്ന സ്ഥലങ്ങൾ

| വാർഡ് | കുഴൽ കിണർ ആവശ്യമുള്ള സ്ഥലങ്ങൾ | ആകെ |
|---|---|---|
| 01 | പൊട്ടിയോടത്താൽ ഹരിജൻ കോളനി പ്രദേശം, പാറക്കുഴി, അമ്പലപ്പടി, അംഗൻവാടി, വേങ്ങശ്ശേരിക്കുണ്ട്, വടക്കും പറമ്പ്, പറൽകുന്ന്, എടപറ്റ GLP, എടപ്പറ്റ സെന്റർ, വള്ളിക്കാതത്തൊടി, ചെന്നായ് പാറ, രാമൻ തിരുത്തി മദ്രസ് പ്രദേശം | 11 |
| 02 | കല്ലാംപാറ കോളനി, പുല്ലാനിക്കാട് ലക്ഷം വീട്, മങ്കരപടി, കുണ്ടം ചോല, പെരുപ്പൻ കുന്ന് | 5 |
| 03 | പുളിയൻ തോടുകര, പൂശാലിപ്പടി, ഏപ്പിക്കാട് ടൗൺ,ചുള്ളിയോടുകുന്ന് | 4 |
| 04 | പാതിരിക്കോട് കുരിശ്, പുല്ലുപറമ്പ്, ചെറുമുണ്ട | 3 |
| 05 | ഓലപ്പാറ, കല്ലൻപടി, പടിക്കൽ പറമ്പ്, | 3 |
| 06 | പേഴുന്തറകോളനി, അംഗൻവാടി, കോട്ടോത്തുപടി, ആലിൻകുന്ന്, പൂച്ചപാറ, പരിയങ്ങാട്ട് ചോല, പൂക്കാടി | 7 |
| 07 | UP സ്കൂൾ പരിസരത്ത്, ദാറുൽ ഉറും മദ്രസക്കു സമീപം, ആഞ്ഞിലങ്ങാടി പള്ളിപ്പടി. | 3 |
| 08 | കാരാട്ടപ്പാറ ഹരിജൻ കോളനി, ഹെൽത്ത് സെന്ററിനു സമീപം, കാളമാടം പ്രദേശം, മാടമ്പിക്കന്ന്, അൻഡമാൻ ദ്വീപ് | 5 |
| 09 | പുളിയക്കോട് സ്കൂൾ പടി, പുളിയക്കോട് പാറ, മൂനാടി, മൂനാടി പള്ളിപടി | 4 |
| | ആകെ | 45 |

## കുടിവെള്ളക്ഷാമ പ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

### *വാർഡ് – 1*

ഒന്നാം വാർഡിലെ കൂടുതൽ പ്രദേശങ്ങളിലും കടുത്ത ജല ക്ഷാമം നേരിടുന്നുണ്ട്. പൊട്ടിയൊടത്താൽ ഹരിജൻ കോളനി പ്രദേശത്തും, പാറക്കുഴിപ്രദേശത്തും, അമ്പലപ്പടി അംഗൻവാടി പരിസരത്തും, വേങ്ങശ്ശേരി കുണ്ട്, വടക്കുംപറമ്പ്, പാറൽക്കുന്ന്, എടപ്പറ്റ GLPയ്ക്കു സമീപവും, എടപ്പറ്റ സെന്റർ വള്ളിക്കാത്തൊടി, ചെന്നായ്പ്പാറ, രാമൻ തിരുത്തി മദ്രസാ പ്രദേശം എന്നീ സ്ഥലങ്ങൾ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ്. ഇവിടങ്ങളിൽ കുഴൽകിണറിനുള്ള സർവേ നടത്തി, സാധ്യതയുള്ള സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിച്ച് പരിഹാരം കാണാൻ കഴിയും. കുഴൽ കിണറിനു സാധ്യതയില്ലാത്ത സ്ഥലങ്ങളിലേക്ക് ഒലിപ്പുഴ

റോഡിൽ കക്കാടം കയത്തിനു സമീപം ടാങ്കു കെട്ടി പൈപ്പ്ലൈൻ മുഖേന വെള്ളം എത്തിച്ചാൽ വാർഡിലെ ശുദ്ധജലക്ഷാമത്തിനു ഒരു പരിധിവരെ പരിഹാരമാകും.

## വാർഡ്–2

രണ്ടാം വാർഡിലെ കല്ലാപാറ ഹരിജൻ കോളനിയിൽ കിണറുണ്ടെങ്കിലും വേനൽക്കാലമായാൽ കുടിവെള്ളത്തിനു യാതൊരു മാർഗ്ഗവുമില്ല. അടുത്തുള്ള കുഴൽകിണറാണെങ്കിൽ ഇരുമ്പു ചുവ കാരണം പാനയോഗ്യമല്ല. കടുത്ത ജലക്ഷാമം നേരിടുന്ന ഈ കോളനി പ്രദേശത്ത് പ്ലാസ്റ്റിക് (PVC) പൈപ്പ് ഉപയോഗിച്ചു ഒരു കുഴൽകിണർ കുഴിച്ചാൽ ഒരു പരിധിവരെ സൗകര്യമാകും. കൂടാതെ പുല്ലാനിക്കാട് ലക്ഷംവീട് കോളനി പ്രദേശം, മങ്കരപ്പടി, കുണ്ടംചോല, പെരുപ്പൻകുന്ന് എന്നിവിടങ്ങളിലും കടുത്ത ശുദ്ധജലക്ഷാമം നേരിടുന്നു. ഇവിടങ്ങളിൽ ഭൂഗർഭജലസർവേ നടത്തി സാധ്യതയുള്ള പ്രദേശങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിച്ചാൽ രണ്ടാം വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനാകും. കുഴൽകിണറിനു സാധ്യതയില്ലാത്ത സ്ഥലങ്ങളിലേക്ക് രണ്ടാം വാർഡിലെ ചെറയക്കോട് ഭാഗത്ത് ഒലിപ്പുഴക്ക് സമീപം വാട്ടർടാങ്കു കെട്ടി മോട്ടോർ സ്ഥാപിച്ചാൽ വാർഡിലെ ഒട്ടുമിക്ക ക്ഷാമപ്രദേശങ്ങളിലും ശുദ്ധജലം എത്തിക്കാൻ കഴിയും.

## വാർഡ്– 3

മൂന്നാം വാർഡിലെ പുളിയൻ തോട്ടുകര, പൂശാലിപ്പടി, ഏപ്പിക്കാട് ടൗൺ, ചുള്ളിയോടു കുന്ന് എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം നേരിടുന്നു. ഇവിടങ്ങളിൽ ഭൂഗർഭജല സർവേ നടത്തി സാധ്യതയുള്ള പ്രദേശങ്ങളിൽ കുഴൽ കിണർ സ്ഥാപിച്ചാൽ മൂന്നാം വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനാകും. കുഴൽ കിണറിനു യോഗ്യമല്ലാത്ത സ്ഥലങ്ങളിലേക്ക് മൂന്നാം വാർഡിലെ അമ്പാഴപ്പറമ്പ് പ്രദേശത്ത് കുഴൽ കിണറിനു സാധ്യതയുണ്ടെങ്കിൽ അവിടെ കുഴൽകിണർ സ്ഥാപിച്ച് ഉയർന്ന ഭാഗത്ത് വാട്ടർടാങ്ക് കെട്ടി വാർഡിലെ കുടിവെള്ളക്ഷാമ പ്രദേശങ്ങളിലേക്ക് മുഴുവനും പൈപ്പലൈൻ മുഖേന വെള്ളമെത്തിക്കാൻ കഴിയും.

## വാർഡ്–4

നാലാംവാർഡിൽ പാതിരിക്കോട് കുരിശുപ്രദേശം, പുല്ലുപറമ്പ്, ചെറുമുണ്ടക്കുന്ന് എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം നേരിടുന്നു. ഈ പ്രദേശങ്ങളിൽ ഭൂഗർഭജല സാധ്യതയുണ്ടെങ്കിൽ കുഴൽകിണറുകൾ സ്ഥാപിച്ചാൽ ഒരു പരിധിവരെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകും.

## വാർഡ് –5

അഞ്ചാം വാർഡിലെ ഓലപ്പാറ,കല്ലൻ പടി, ബാലവാടിപ്പടി എന്നിവിടങ്ങളിലാണ് ശുദ്ധജലക്ഷാമമുള്ളത്. ഇവിടങ്ങളിൽ ഭൂഗർഭ ജലസാധ്യതയുള്ള പ്രദേശങ്ങളിൽ കുഴൽകിണർ കുഴിച്ച് അഞ്ചാം വാർഡിലെ കുടിവെള്ള ക്ഷാമത്തിന് പ്രശ്നപരിഹാരം കാണാം.

## വാർഡ് –6

ആറാം വാർഡിലെ പേടുന്തറ കോളനി, അംഗൻവാടി പ്രദേശം, കോട്ടോത്തുപടി, ആലിൻകുന്ന്, പൂച്ചപ്പാറ, പരിയങ്ങാട്ട് ചോല, പൂക്കാടി എന്നീ പ്രദേശങ്ങളിൽ കടുത്ത ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശങ്ങളാണ്. ഇവിടെ കുഴൽകിണറിനു സാധ്യതയുള്ള സ്ഥലങ്ങളിൽ കുഴൽകിണർ കുഴിച്ചും, അല്ലാത്ത സ്ഥലങ്ങളിലേക്ക് ആറാം വാർഡിലെ ചക്കുറ്റിപ്പാറയിലെ വള്ളിയാറിൽ മോട്ടോർ സ്ഥാപിച്ച് ആലിൻ

കുന്നിൽ ടാങ്കു വഴി പൈപ്പുലൈൻ മുഖേന വാർഡിലെ എല്ലാ ശുദ്ധജലക്ഷാമ പ്രദേശത്തേക്കും വെള്ളമെത്തിക്കാനാകും.

## വാർഡ് – 7

ഏഴാം വാർഡിൽ UP സ്കൂൾ പരിസരത്തും ദാറൂൽ ഉലൂം മദ്രസയുടെ സമീപത്തും ആഞ്ഞിലങ്ങാടി പള്ളിപ്പടിയിലും കുഴൽകിണറിനു സർവേ നടത്തി സാധ്യതയുണ്ടെങ്കിൽ കുഴൽ കിണർ സ്ഥാപിച്ചാൽ പ്രശ്ന പരിഹാരമാകും. ഇതിനു പകരം മുത്തപ്പൻ പാറയിൽ കുഴൽകിണറിൽ മോട്ടോർ സ്ഥാപിച്ച് വാട്ടർ ടാങ്ക് നിർമ്മിച്ചാൽ വാർഡിലെ എല്ലാ പ്രദേശങ്ങളിലേക്കും പൈപ്പുലൈൻ വഴി വെള്ളമെത്തിക്കാൻ സാധിക്കും.

## വാർഡ് – 8

എട്ടാം വാർഡിലെ കാരാട്ടപ്പാറ ഹരിജൻകോളനിയിലും, ഹെൽത്തുസെന്ററിനു സമീപത്തും, കാളമാടം പ്രദേശം, മാടമ്പിക്കുന്ന്, അൻഡമാൻ ദ്വീപ് എന്നിവിടങ്ങളിലുമാണ് കടുത്ത ശുദ്ധജലക്ഷാമം നേരിടുന്നത്. ഇവിടങ്ങളിൽ സർവേ നടത്തി സാധ്യതയുള്ള സ്ഥലങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിച്ചും, ബാക്കിയുള്ള പ്രദേശങ്ങളിലേക്ക് സ്രാമ്പിക്കൽ കുന്നിൽ കുഴൽകിണറിൽ മോട്ടോർ സ്ഥാപിച്ച് വാട്ടർടാങ്ക് കെട്ടി പൈപ്പ്ലൈൻ സ്ഥാപിച്ചും എട്ടാം വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും. 10 വീടിന് ഒരു കിണർ എന്ന തോതിലെങ്കിലും കുടിവെള്ള സൗകര്യം ഏർപ്പെടുത്തിയാൽ കുടിവെള്ളംക്ഷാമം ഒരിക്കലും അനുഭവപ്പെടില്ലെന്നുതന്നെ പറയാം.

## വാർഡ്–9

ഒൻപതാം വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഒരെളുപ്പമാർഗ്ഗം. പറയൻമാടിലെ ജലസ്രോതസ്സ് പൈപ്പുലൈൻ മുഖേന വാർഡിലെ ക്ഷാമപ്രദേശങ്ങളിൽ എത്തിച്ചാൽ മാത്രം മതി. അതിലൂടെ ഈ വാർഡിലെ ജനങ്ങളുടെ പാനജല ദുരിതമകറ്റാനാകും.

## ചെറുകിട ശുദ്ധജലപദ്ധതികൾ

എടപ്പറ്റ പഞ്ചായത്തിൽ നിലവിൽ ഒരു പൈപ്പുലൈൻ കണക്ഷൻ പോലുമില്ല. പഞ്ചായത്തിലെ കുടിവെള്ള പ്രശ്നപരിഹാരത്തിനായി വിശേഷാൽ ഗ്രാമസഭകളിൽനിന്നും രണ്ടുമൂന്നു നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. അതുമൂലം ഈ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമത്തിനു സ്ഥായിയായ പരിഹാരം കാണാൻ കഴിയും. ആകെയുള്ള 9 വാർഡുകളിൽ 6 വാർഡുകളിൽ ശുദ്ധജലമെത്തിക്കാൻ കഴിയുന്ന നാല് ചെറുകിട പദ്ധതികളുടെ നിർദ്ദേശങ്ങളാണ് വന്നിട്ടുള്ളത്.

1. രണ്ടാം വാർഡിലെ കല്ലാംമ്പാറ പ്രദേശത്ത് പാടത്ത് കിണർ കുഴിച്ചാൽ എല്ലാ കാലത്തും വെള്ളം ലഭിക്കും അവിടെനിന്നും കല്ലാമ്പാറയുടെ ഉയർന്ന പ്രദേശമായ പഞ്ചായത്ത് ഓഫീസ് പരിസരത്തുള്ള ഉയർന്ന കുന്നിൽ വാട്ടർ ടാങ്കു കെട്ടിയാൽ പൈപ്പലൈൻ മുഖേന, രണ്ടാം വാർഡിലെ ഹരിജൻ കോളനിയിലും, മൂന്നാം വാർഡിലെ ഒട്ടുമിക്ക കുടിവെള്ള ക്ഷാമ പ്രദേശങ്ങളിലും ശുദ്ധജലമെത്തിക്കാൻ കഴിയും.

2. എട്ടാം വാർഡിലെ വരടിക്കുളം ശരിയാക്കി കല്ലംകുന്നിൽ ടാങ്കുകെട്ടി പൈപ്പുലൈനിട്ടാൽ 5,7,8 എന്നീ വാർഡുകളിലെ ശുദ്ധജലക്ഷാമത്തിന് വിരാമം കുറിക്കാൻ കഴിയും.

3. രണ്ടാം വാർഡിലെ എല്ലാക്കാലത്തും സുലഭമായി വെള്ളം ലഭിക്കുന്ന വാക്കോട് പഞ്ചായത്തുകുളം കുടിവെള്ള ആവശ്യത്തിനു മാത്രമായി ഉപയോഗിക്കുകയും അവിടെ

ഉയർത്തി ടാങ്ക് നിർമ്മിച്ചാൽ പൈപ്പ് ലൈൻ മുഖേന രണ്ടാം വാർഡിൽ മുഴുവൻ സ്ഥലങ്ങളിലും ശുദ്ധജലം വിതരണം ചെയ്യാനും കഴിയും.

4. അമ്പാഴപ്പറമ്പ് ചോലകുളം നന്നാക്കി മോട്ടോർ സ്ഥാപിച്ച് ടാങ്കുകെട്ടി പൈപ്പുലൈൻ ഇട്ടാൽ ചുള്ളിയോടുകുന്ന്, പൂശാലി പടി, അമ്പാഴപറമ്പ്, ചൂണ്ടിക്കാലായ് ഭാഗങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടും.

## മറ്റു നിർദ്ദേശങ്ങൾ

കുടിവെള്ള ക്ഷാമ പരിഹാരത്തിനായി വെള്ളം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ മഴവെള്ളം സംഭരിക്കുവാൻ കുഴികളും, പൊട്ടക്കുളങ്ങളും പൊട്ട കിണറുകളും പരമാവധി ഉപയോഗപ്പെടുത്തുക.

നിലവിലുള്ള തോടുകളിലെല്ലാം വെള്ളം കെട്ടിനിർത്താനുള്ള സംവിധാനം ഏർപ്പെടുത്തുക. ഇതിനുവേണ്ട ബോധവത്ക്കരണക്ലാസ്സുകളും മറ്റും സംഘടിപ്പിക്കുക.

ചെരിവുള്ള പ്രദേശങ്ങളിലെല്ലാം കോണ്ടൂർ ലൈനുകളായി ചാലുകൾ നിർമ്മിച്ചും, തോടുകളിൽ തടയണകൾ നിർമ്മിച്ചും ഭൂമിയിലെ ജല വിതാനം ഉയർത്തുക.

ഇനി സാധ്യതകളും, വിഭവങ്ങളും വിലയിരുത്തി പദ്ധതികൾക്കു രൂപം നൽകാം.





# ആരോഗ്യം

എടപ്പറ്റയിലെ ജനങ്ങൾ പാരമ്പര്യ ചികിത്സാ രീതികളാണ് ഇരുപത്തിയഞ്ചു വർഷം മുൻപു വരെ സ്വീകരിച്ചിരുന്നത്. തൊട്ടടുത്ത പഞ്ചായത്തായ മേലാറ്റൂരിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം വന്നതോടെ അലോപ്പതി ചികിത്സയിലേക്ക് ജനങ്ങൾ പതുക്കെ തിരിയുവാൻ തുടങ്ങി. ജപിച്ച ചരട്, ഏലസ്സ് എന്നിവ കയ്യിലും, അരയിലും കഴുത്തിലും കെട്ടുക, മന്ത്രം ചെയ്ത് ഊതുക, വഴിപാടുകൾ നേരുക തുടങ്ങിയ അന്ധവിശ്വാസജടിലമായ ചികിത്സാ സമ്പ്രദായങ്ങൾ അലോപ്പതി ചികിത്സാ സൗകര്യങ്ങൾ കൊണ്ട് കുറഞ്ഞിട്ടുണ്ടെങ്കിലും ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ പടിവാതിൽക്കൽ നിൽക്കുന്ന ഈ സമയത്തും ചിലരെങ്കിലും ഇത്തരം പ്രാകൃത രീതികൾ അനുവർത്തിക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ ഏതാനും നാട്ടുവൈദ്യൻമാർ ഉണ്ടായിരുന്നു. ഇന്ന് അവരുടെ സ്ഥാനം കാപ്സൂൾ രൂപത്തിലും, സിറപ് രൂപത്തിലുമുള്ള വൻ കമ്പനികളുടെ ആയുർവേദ മരുന്നുകൾ കയ്യടക്കിയിരിക്കുന്നു. ആയുർവേദ മരുന്നുകൾ തികച്ചും അലോപ്പതി മരുന്നുകളുടെ രൂപത്തിലായി.

**ഈ പഞ്ചായത്തിലുള്ള ആരോഗ്യസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.**

പട്ടിക – 1

| ക്രമ നമ്പർ | വാർഡ് | പേരു വിവരം/സ്ഥിതി ചെയ്യുന്ന സ്ഥലം | റിമാർക്സ് |
|---|---|---|---|
| 1 | 04 | ഗവ: ആയൂർവ്വേദ ഡിസ്പെൻസറി, പാതിരിക്കോട് | – |
| 2 | 07 | ഗവ: ഡിസ്പെൻസറി, വെള്ളിയഞ്ചേരി | 1996 ഏപ്രിൽ മാസത്തിൽ ആരംഭിച്ചു |
| 3 | 01 | I.P.P. സബ്ബ്സെന്റർ, എടപ്പറ്റ | – |
| 4 | 02 | I.P.P. സബ്ബ്സെന്റർ, ഏപ്പിക്കാട്, പല്ലാനികക്കാട് | – |
| 5 | 06 | I.P.P. സബ്ബ്സെന്റർ, പേഴുന്തറ | – |
| 6 | 08 | I.P.P. സബ്ബ്സെന്റർ ചേരിപറമ്പ് | – |
| 7 | 09 | I.P.P. സബ്ബ്സെന്റർ, പുളിയക്കോട് | – |

## നിലവിലുള്ള ആരോഗ്യസ്ഥാപനങ്ങൾ

1973–ൽ ആരംഭിച്ച ആയുർവേദ ഡിസ്പെൻസറിക്ക് പഞ്ചായത്ത് നൽകിയ സ്ഥലവും, പഞ്ചായത്തു നിർമ്മിച്ചു നൽകിയ സ്വന്തമായ കെട്ടിടവും ഉണ്ട്. അവിടെ ഒരു ഡോക്ടറുടെ സേവനം സ്ഥിരമായി ലഭിക്കുന്നു. എന്നാൽ കിടത്തി ചികിത്സിക്കുവാൻ സൗകര്യമില്ല. 1996 ഏപ്രിൽ മാസത്തിലാണ് പുതിയ ഗവൺമേണ്ട് ഡിസ്പെൻസറി എടപ്പറ്റക്ക് അനുവദിച്ചത്. ഡോക്ടറെ നിയമിച്ചെങ്കിലും സ്ഥിരമായി വരുവാൻ തുടങ്ങിയിട്ടില്ല. സൗകര്യങ്ങളും ഒന്നുമില്ല. വാടക കൂടാതെ പഞ്ചായത്തു നൽകിയ കെട്ടിടത്തിൽ തൽക്കാലം ആരംഭിച്ചെങ്കിലും സ്ഥലവും കെട്ടിട സൗകര്യവും ഉണ്ടായെങ്കിലേ ഡിസ്പെൻസറി പൊതുജനങ്ങൾക്കു പ്രയോജനപ്പെടുകയുള്ളു. 5 സബ്ബ് സെന്ററുകൾക്കും സ്ഥലവും കെട്ടിടവും ഉണ്ട്. 2 ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനവും ഈ പഞ്ചായത്തിൽ ലഭ്യമാണ്. ഇതാണ് ആരോഗ്യ സേവനരംഗത്തെ എടപ്പറ്റയുടെ ചിത്രം. സ്വാകാര്യ ആസ്പത്രികൾ ഒന്നു പോലും ഇവിടെയില്ല.

## ആരോഗ്യരംഗത്തെ സൗകര്യങ്ങൾ

എടപ്പറ്റയിലെ രോഗികൾ മുഖ്യമായും ആശ്രയിക്കുന്നത് പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രികളെയാണ്. ഗവ: ആശുപത്രികളിലെ സൗകര്യങ്ങളുടെ കുറവ് മൂലം മേൻമയുള്ള ചികിത്സാ സൗകര്യം ഒഴിവാക്കി രോഗികൾ സ്വകാര്യ ആശുപത്രികളെ ശരണം പ്രാപിക്കുന്നു. സർക്കാർ ആശുപത്രികളെ അന്തസ്സിന്റെ പ്രശ്നമായിക്കണ്ട് ഒഴിവാക്കുന്ന പ്രവണതയും ഉണ്ട്. ജനങ്ങളുടെ വരുമാനത്തിൽ ഉണ്ടായിരിക്കുന്ന വർദ്ധനവ് അവരെ സ്വകാര്യ ആശുപത്രികളിലേക്ക് ആകർഷിക്കുവാൻ ഒരു കാരണമാണ്. ജീവനക്കാരുടെ പെരുമാറ്റദൂഷ്യവും സർക്കാർ ആശുപത്രികളോട് ജനങ്ങളെ അകറ്റുന്നുണ്ട്.

## നിലവിലുള്ള രോഗങ്ങൾ

തുടച്ചു മാറ്റപ്പെട്ടു എന്നു കരുതിയ മലമ്പനി ഈ പഞ്ചായത്തിൽ വീണ്ടും വന്നു. കൊതുകു ശല്യം അതിരൂക്ഷമായതാണ് ആരോഗ്യ രംഗത്തെ ഏറ്റവും വലിയ പ്രശ്നം. കൊതുകുകളുടെ മുഖ്യ ഉത്ഭവകേന്ദ്രം കക്കൂസുകളാണ്. ക്ഷയരോഗം പിടിപെടുന്ന രോഗികളുടെ എണ്ണം അതിവേഗം കൂടിക്കൊണ്ടിരിക്കുന്നു. കുഷ്ടരോഗികളുടെ എണ്ണത്തിലും വർധനവുണ്ട്. ജലജന്യരോഗങ്ങളും, പ്രാണിജന്യരോഗങ്ങളും സമീപകാലത്തായി വർധിച്ചുവരുന്നുണ്ട്.

എക്സ്റേ പരിശോധന കൂടാതെ കഫ പരിശോധനയിലൂടെ ക്ഷയരോഗികളെ തിരിച്ചറിയാവുന്ന പരിശോധനാ രീതി മേലാറ്റൂർ P.H.C. യിൽ നിലവിലുണ്ട്. സൗജന്യമായി രോഗം മാറുന്നതുവരെ മരുന്നും നൽകുന്നുണ്ട്. എങ്കിലും ക്ഷയരോഗികൾ മറ്റ് ആസ്പത്രികളിൽ എക്സ്റേ പരിശോധനയിലൂടെ ചികിത്സിക്കപ്പെടുന്നു.

## കക്കൂസുകൾ

ഈ പഞ്ചായത്തിൽ 3282 വീടുകളുണ്ട്. ഇവരിൽ 1712 കുടുംബങ്ങളിൽ മാത്രമേ കക്കൂസ് ഉള്ളൂ. ജലജന്യ– പ്രാണിജന്യ രോഗങ്ങൾ പെരുകുവാൻ ഒരു പ്രധാനകാരണം മലമൂത്ര വിസർജ്ജനത്തിന് പൊതുസ്ഥലങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടാണ് കക്കൂസുകൾ ഇല്ലാത്ത 1570 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കക്കൂസ് ഇല്ലാത്ത വീടുകൾ ആകെ ള്ള വീടുകളുടെ 47.8 ശതമാനം വരും. ഈ 1570 വീടുകൾക്കും ഒരുമിച്ചുതന്നെ കക്കൂസുകൾ ഉണ്ടാക്കിയാലേ എടപ്പറ്റയുടെ ആരോഗ്യപ്രശ്നം പരി

ഹരിക്കുവാൻ കഴിയുകയുള്ളു. ഒരു കക്കൂസിന് 2000 രൂപ വെച്ചു കണക്കാക്കിയാലും അതിനു മൊത്തം 31,40000 രൂപ വേണ്ടി വരും. സ്കൂളുകളിലും അംഗൻ വാടികളിലും പൊതുസ്ഥലങ്ങളിലും കക്കൂസ് സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥയുമുണ്ട്.

കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങളും സാധ്യതകളും താഴെ കൊടുക്കുന്നു.

**കക്കൂസ് നിർമ്മാണ രംഗത്തെ പ്രശ്നങ്ങളും സാധ്യതകളും**

| പ്രശ്നങ്ങൾ | സാധ്യതകൾ |
|---|---|
| 1) 1570 വീടുകളിലും, 10 സ്കൂളുകളിലും 12 അംഗൻവാടികളിലും ഏപ്പിക്കാട് ടൗൺ, മുത്തപ്പൻ പാറ ജംഗ്ഷൻ എന്നീ പൊതു സ്ഥലങ്ങളിലും കക്കൂസുകൾ ഇല്ല. | 1) സർക്കാർ അർദ്ധസർക്കാർ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സാമ്പത്തിക സഹായം ലഭ്യമാക്കണം.<br>2) കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി/ ഗ്രാമമാതൃകാശുചിത്വ പരിപാടിയിൽ എടപ്പറ്റ പഞ്ചായത്തിനെ മുഴുവൻ ഉൾപ്പെടുത്തി കക്കൂസില്ലാത്ത മുഴുവൻ കുടുംബങ്ങൾകക്കും കക്കൂസ് നലകണം.<br>3)കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടിയിൻ കീഴിൽ P.T.A യുടെ സഹകരണത്തോടെ മുഴുവൻ സ്കൂളുകൾക്കും കക്കൂസ് നിർമ്മിക്കണം. രാജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ സഹായവും ലഭ്യമാക്കണം.<br>4)സ്ത്രികൾക്ക് സാനിറ്റേഷൻ കോംപ്ലക്സുകൾ നിർമ്മിക്കുനന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി അനുസരിച്ച് പൊതു സ്ഥലങ്ങളിൽ കക്കുസും കുളിമുറിയും നിർമ്മിക്കണം. |
| 2) ചെലവു കുറഞ്ഞ കക്കൂസുകളുടെ നിർമ്മാണ രീതി അറിയില്ല, ഇരട്ടക്കുഴി കക്കൂസുകൾ നിർമ്മിക്കുന്നതിന് ബോധവൽക്കരണമില്ല. | കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടിയനുസരിച്ച് സാമ്പത്തിക സഹായം നേടിയെടുത്ത് പരിശീലന ക്യാമ്പുകളും ബോധവൽക്കരണവും നടത്തണം. |

## കൊതുകു ശല്യം

പഞ്ചായത്തിൽ കൊതുകു ശല്യം താങ്ങാവുന്നതിലധികമാണ്. കക്കൂസ് ടാങ്കുകൾ, വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങൾ, ഒഴിവാക്കിയ പാത്രങ്ങളിൽ കെട്ടിനിൽക്കുന്ന വെള്ളം, റബ്ബർ തോട്ടങ്ങളിലെ ചിരട്ടകളിലെ വെള്ളം, വാട്ടർ ടാങ്കുകൾ എന്നിവയാണ് കൊതുകു പെരുകുവാൻ കാരണമായിട്ടുള്ളത്. ഡൽഹിയിലെ ഡങ്കി പനി ഒരു പാഠമാണ്. വിട്ടുമാറിയെന്നു കരുതിയ മലമ്പനി വീണ്ടും വന്നു. രാത്രിയിൽ ഉറങ്ങുവാൻ കൊതുകുകൾ അനുവദിക്കുന്നില്ല. ഇതിനൊരു അറുതി വരുത്തുവാൻ ശാശ്വതമായ പദ്ധതിയുണ്ടാകേണ്ടിയിരിക്കുന്നു.

## പരിഹാരനിർദ്ദേശങ്ങൾ

1. ബോധവൽക്കരണം

2. വാർഡുതലത്തിൽ കൊതുകുനിവാരണ കമ്മിറ്റികൾ രൂപീകരിച്ച് ഓരോ വീട്ടിലും കൊതുകിന്റെ ഉറവിടം കണ്ടുപിടിക്കണം.

3. കക്കൂസ് ടാങ്കിന്റെ വിടവുകൾ അടക്കുവാനും, ഗ്യാസ് പൈപ്പ് പ്ലാസ്റ്റിക് വല കൊണ്ട് കവർ ചെയ്യുവാനും റബ്ബർ ചിരട്ടകൾ വർഷക്കാലത്ത് കമിഴ്ത്തിവെയ്ക്കുവാനും, കാലിപാട്ടകൾ, പ്ലാസ്റ്റിക് കൂടുകൾ എന്നിവ വെള്ളം കെട്ടിനിൽക്കാതെ നശിപ്പിക്കുവാനും, വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങൾ മണ്ണിട്ടു തൂർത്തും, ശുചീകരണം നടത്തിയും കൊതുകിന്റെ ഉറവിടം നശിപ്പിക്കുവാൻ ജനപങ്കാളിത്തത്തോടെ പദ്ധതി തയ്യാറാക്കണം.

## പരിസര ശുചിത്വം

പരിസര മലിനീകരണം ഗുരുതരമല്ലെങ്കിലും മത്സ്യക്കച്ചവടകേന്ദ്രങ്ങൾ, അറവുശാലകൾ എന്നിവയിലെ മാലിന്യം ഇല്ലാതാക്കണം. ഗ്രാമസഭകളിൽ ഇതു സംബന്ധിച്ചുവന്ന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. ഏപ്പിക്കാട് ജംഗ്ഷനിൽ ഇറച്ചി മാർക്കറ്റ് നിർമ്മിച്ച് മൃഗാവശിഷ്ടങ്ങൾ ആഞ്ഞിലങ്ങാടി റോഡുവക്കിലെ കുഴിയിൽ ഇടുന്നതൊഴിവാക്കി ആധുനിക സംവിധാനം ഉണ്ടാക്കിയും പരിസരമലിനീകരണം ഒഴിവാക്കണം.

2. എടപ്പറ്റ ജംഗ്ഷനിൽ അറവുശാല നിർമ്മിക്കണം.

3. മത്സ്യകച്ചവടത്തിനായി ഏപ്പിക്കാട്, ആഞ്ഞിലങ്ങാടി എന്നിവിടങ്ങളിൽ മത്സ്യമാർക്കറ്റ് ഉണ്ടാക്കണം.

4. മാംസവിൽപ്പനക്ക് ലൈസൻസ് ഉറപ്പാക്കണം.

5. ഏപ്പിക്കാട് ടൗണിൽ അഴുക്കുചാൽ പദ്ധതി നടപ്പാക്കി മാലിന്യം ഇല്ലാത്താക്കണം.

6. ഹോട്ടലുകൾ, ചായക്കടകൾ എന്നിവിടങ്ങളിൽ ശുചിത്വം ഉറപ്പാക്കണം.

## പൊതു ശ്മശാനം

പഞ്ചായത്തിലെ ll–ാം വാർഡിൽ ഒരു പൊതു ശ്മശാനമുണ്ട്. അവിടെ മൃതദേഹം മറവുചെയ്യുന്ന പതിവ് ഈ നാട്ടുകാർക്കില്ല. കാരണം ഹിന്ദുക്കൾ പട്ടികജാതിക്കാരല്ലാത്തവരൊക്കെ സ്വന്തം വീട്ടുവളപ്പിൽ തന്നെയാണ് മൃതദേഹം മറവു ചെയ്യാറുള്ളത്. മുസ്ലീംകളും, ക്രിസ്ത്യാനികളും പള്ളികളിലുമാണ്. പട്ടിക വർഗ്ഗക്കാർ സ്വന്തം ചുടലകളിൽ മാത്രമേ ശവശരീരം മറവു ചെയ്യാറുള്ളൂ. അവർക്കുവേണ്ടി മൂന്നാം വാർഡിൽ ചെറിയൊരു ശ്മശാനമുണ്ട്. പക്ഷെ അവിടെ അധികം ആളുകളെ സംസ്ക്കരിക്കുവാൻ സൗകര്യമില്ല. പാറക്കെട്ടുകൾ നിറഞ്ഞ സ്ഥലമാണ്. അതിനാൽ പട്ടികജാതിയിലെ ചെറുമ വിഭാഗക്കാർക്കുമാത്രമായി ഒരു ശ്മശാനം നിർമ്മിക്കേണ്ടതാണ്. ഇപ്പോൾ നിലവിലുള്ള സ്ഥലം പൊതുസ്ഥലമാക്കിമാറ്റി മരങ്ങൾ വെച്ചു പിടിപ്പിക്കുകയും ചെയ്യാവുന്നതാണ്.

# വാർഡു തിരിച്ചുള്ള ആരോഗ്യ പ്രശ്നങ്ങൾ

| വാർഡ് | നിലവിലുള്ള സർക്കാർ സ്ഥാപനങ്ങൾ | നിലവിലുള്ള സ്വകാര്യ സ്ഥാപനങ്ങൾ | നിലവിലുള്ള പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|---|---|
| 01 | I.P.P. സബ്ബ്സെന്റർ | ഇല്ല | ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ല. ക്ഷയരോഗം, കോളറ, ദന്തരോഗങ്ങൾ വ്യാപകം | സബ്ബ് സെന്ററിൽ ദിവസവും ഒരു ഡോക്ടറുടെ സേവനം ലഭ്യമാക്കണം. സ്കൂളിൽ കുടിവെള്ളം ലഭ്യമാക്കണം. |
| 02 | I.P.P. സബ്ബ്സെന്റർ | ഇല്ല | I.P.P. സബ്ബ്സെന്റർഇല്ല. ആളൊഴിഞ്ഞ പ്രദേശത്താണ്. കക്കൂസുകൾ ഇല്ലാത്തതിനാൽ പുഴയിലെ ജലം മലിനമാകുന്നു. | സബ്ബ് സെന്റർ വൈദ്യുതികരിക്കണം. ഡോക്ടറുടെ സേവനം ലഭ്യമാക്കണം. സ്കൂളുകൾക്ക് കക്കൂസ്. കക്കൂസുകൾ ഇല്ലത്ത മുഴുവൻ കുടുംബങ്ങൾകക്കും കക്കൂസ് ലഭ്യമാക്കണം. |
| 03 | ഇല്ല | ആയുർവേദ വൈദ്യശാല–1 | ചികിത്സാ സൗകര്യങ്ങൾ ഒന്നുമില്ല. കുടിവെള്ളത്തിനു ക്ഷാമമുണ്ട്. ഏപ്പിക്കാട് പൊതുകക്കൂസ് ഇല്ല. മത്സ്യമാർക്കറ്റ് ഇല്ല. റോഡുകളിലെ അറവ് മലിനികരണം ഉണ്ടാകുന്നു. മലമ്പനി പിടിപെടുന്നു. ക്ഷയരോഗം വർധിക്കുന്നു.I.P.P. സബ്ബ്സെന്റർ ഇല്ല. ഹെൽത്ത് ഇൻസ്പെക്ടർ ഇല്ല. | 1) ഒരു ഹോമിയോ ആസ്പത്രി അനുവദിക്കണം.<br>2) പൂശാലി പടിയിൽ I.P.P. സബ്ബ്സെന്റർ വേണം.<br>3)രാജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷന്റന്റെ സഹാം തേടി കുടിവെള്ളത്തിന്റെയും കക്കൂസുകളുടെയും പ്രശ്നം പരിഹരിക്കണം<br>4) മത്സ്യ മാർക്കറ്റ് ഏപ്പിക്കാട്<br>5)ഏപ്പിക്കാട് ഡ്രൈനേജ് സൗകര്യം<br>6)ഏപ്പിക്കാട് ഹെൽത്ത് ഇൻസ്പെക്ടർ<br>7)മാറാ രോഗികൾക്ക് പെൻഷൻ,<br>8)ബോധവൽക്കരണ ക്യാമ്പുകൾ |
| 04 | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി | ആയുർവേദ വൈദ്യശാല–1 | ആയുർവേദ ആസ്പത്രിയിൽ കിടത്തി ചികിത്സിക്കുവാൻ സൗകര്യമില്ല. ആസ്പത്രിയിൽ വെള്ളമില്ല. അലോപ്പതി ചികിത്സാ സൗകര്യമില്ല കക്കൂസുകൾ ഇല്ല | 1)ആയുർവേദ ആസ്പത്രയിൽ പുതിയ വാർഡ് നിർമ്മിക്കണം. 2) ആസ്പത്രി പടിക്കൽ കുഴൽ കിണർ വേണം. 3) I.P.P. സബ്ബ്സെന്റർ അനുവദിക്കണം. 4) കക്കൂസ് ഇല്ലാത്ത കുടുംബങ്ങളിൽ കക്കൂസ് വേണം. 5) സ്കൂളിൽ കക്കൂസ്, കുടിവെള്ളം,6) കുടുംബക്ഷേമകാര്യങ്ങളിൽ ബോധവൽക്കരണം. |

# വാർഡു തിരിച്ചുള്ള ആരോഗ്യ പ്രശ്നങ്ങൾ

| വാർഡ് | നിലവിലുള്ള സർക്കാർ സ്ഥാപനങ്ങൾ | നിലവിലുള്ള സ്വകാര്യ സ്ഥാപനങ്ങൾ | നിലവിലുള്ള പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|---|---|
| 05 | ഇല്ല | ഇല്ല | ചികിത്സാ സൗകര്യങ്ങൾ ഒന്നുമില്ല. കക്കൂസുകൾ ഇല്ല. തെരുവുനായ്ക്കൾ ശല്യം ചെയ്യുന്നു. | 1) I.P.P. സബ്ബ് സെന്റർ തുടങ്ങണം. 2) ഹോമിയോ ആസ്പത്രി അനുവദിക്കണം. 3) നായ്ക്കൾക്ക്ലൈസൻസ് നൽകണം. ലൈസൻസ് ഇല്ലാത്തവയെ കൊല്ലണം. 4)കക്കൂസ് ഇല്ലാത്തവർക്കെല്ലാം സൗജന്യ കക്കൂസ് നൽകണം. |
| 06 | I.P.P. സബ്ബ്സെന്റർ – 1 | ഇല്ല | I.P.P. സബ്ബ്സെന്ററിൽ ചികിത്സാ സൗകര്യം ഇല്ല. കക്കൂസുകൾ ഇല്ലാത്തവർ നിരവധി. | I.P.P. സബ്ബ്സെന്റർ ഒരു ഡിസ്പെൻസറിയായി ഉയർത്തണം.2) മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നൽകണം. 3) പേപ്പട്ടി ശല്യം അവസാനിപ്പിക്കണം. 4) കൊതുകുകളെ നശിപ്പിക്കണം. |
| 07 | ഗവ: ഡിസ്പെൻസറി–1 | ഇല്ല | ഗവർമ്മേണ്ട് ഡിസ്പെൻസറിക്ക് സ്ഥലം, കെട്ടിടം, സൗകര്യങ്ങൾ, ഡോക്ടർ ഒന്നുമില്ല. കക്കൂസുകൾ ഇല്ലാത്തതിനാൽ രോഗം വർദ്ധിക്കുന്നു. കൊതുകു ശല്യം രൂക്ഷം | ഗവ:ഡിസ്പെൻസറിക്ക് 1 ഏക്ര സ്ഥലം 50% ജന വിഹിതതത്തോടെ കണ്ടെത്തണം. കെട്ടിടം നിർമ്മിക്കുകയും സ്ഥിരമായി ഡോക്ടറെ ലഭിക്കുകയും വേണം. 2) എല്ലാ വീടുകളിലും കക്കൂസുകൾ ലഭ്യമാക്കണം. 3) കൊതുകുകളെ നശിപ്പിക്കണം.മത്സ്യ മാർക്കറ്റ് വേണം. |
| 08 | I.P.P. സബ്ബ്സെന്റർ – 1 | ഇല്ല | ചികിത്സാ സൗകര്യം ഇല്ല. കുടിവെള്ളവുംകക്കൂസും വീടുകൾക്കും സ്കൂളിനും നിർമ്മിക്കുവാൻ നടപടി വേണം | I.P.P. സബ്ബ്സെന്ററിൽ ഒരു ഡോക്ടർ സ്ഥിരമായി വേണം. സൗകര്യങ്ങൾ വർധിപ്പിക്കണം. 2) ചേരിപറമ്പ് സ്കൂളിൽ രാജീവ് ഗാന്ധി ഡ്രിങ്കിംഗ് മിഷന്റെ ശുദ്ധ ജല, ശുചീകരണ പരിപാടി നടപ്പാക്കണം. 3) ഹരിജൻ കോളനികളിൽ കക്കൂസുകൾ നവീകരിക്കണം. 4) മുത്തപ്പൻ പാറയിൽ പൊതു കക്കൂസ് വേണം. 5) കക്കൂസും ശുദ്ധജലവും ഇല്ലാത്ത മുഴുവൻ വീടുകളിലും കക്കൂസും ശുദ്ധജലവും. 6) ബോധവൽക്കരണ ക്യാമ്പുകളും സിനിമാ പ്രദർശനവും |
| 09 | I.P.P. സബ്ബ്സെന്റർ – 1 | ഇല്ല | ചികിത്സാ സൗകര്യം ഇല്ല. വീടുകൾക്ക് കക്കൂസ് ഇല്ല. കൊതുകു ശല്യം രൂക്ഷം. പേപ്പട്ടി ശല്യം ഇല്ലാതാക്കണം. | I.P.P. സെന്റർ വികസപ്പിച്ച് ഡിസ്പെൻസറി ആക്കി മാറ്റണം. മുഴുവൻ വീടുകൾക്കും കക്കൂസും ശുദ്ധജലവും നൽകണം. തെരുവുനായ്ക്കളെ നശപ്പിക്കണം. കൊതുകുനിവാരണം ഉറപ്പാക്കണം. |

## *മദ്യപാനം മയക്കുമരുന്ന്, പുകവലി*

മദ്യപാനം കൊണ്ട് ആരോഗ്യം നശിക്കുന്നവർ കുറച്ചൊന്നുമല്ല. വ്യാജമദ്യം ഉപയോഗിക്കുന്നവർ കരൾ രോഗത്തിനും, കുടൽ രോഗത്തിനും അടിമകളാകുന്നു. തലച്ചോറിനെ ബാധിക്കുന്ന രോഗങ്ങളും മദ്യപാനം, മയക്കുമരുന്ന് എന്നിവ മൂലം ഉണ്ടാകുന്നു. പുകവലി കൊണ്ടും, വെറ്റില മുറുക്കുന്നതുകൊണ്ടും, പാൻ പരാഗ് ഉപയോഗിക്കുന്നതുകൊണ്ടും നിത്യരോഗികളായി തീരുവാൻ വലിയ സാധ്യയുണ്ട്. ഇതിനെതിരെ ബോധവൽക്കരണം നടത്തുകയും, അക്കാര്യത്തിന് പൊതുജനസഹകരണം തേടുകയും വേണം.

രണ്ടായിരമാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഉണ്ടാകണം. നമ്മുടെ പഞ്ചായത്തിനെ "ശുചിത്വ ഗ്രാമം ആരോഗ്യഗ്രാമം" ആക്കി മാറ്റണം. നിർദ്ദേശങ്ങൾ പരിഗണിച്ച് അതിനുള്ള പദ്ധതികൾക്ക് നമുക്ക് രൂപം നൽകാം.





# 5 - 12

# പാർപ്പിടം, സാമൂഹ്യക്ഷേമം

## പാർപ്പിടം

ഗൾഫ് മേഖലയുടെ സ്വാധീനം പാർപ്പിട നിർമ്മാണ രംഗത്ത് വലിയമാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വിദേശത്ത് ജോലി ചെയ്യുന്നവരെല്ലാം തന്നെ അവരുടെ സമ്പാദ്യത്തിന്റെ നല്ലൊരു ശതമാനം ഭവനനിർമ്മാണത്തിനായി ചെലവഴിക്കുന്നുണ്ട്. ഇത്തരം ആളുകൾ ഒന്നും തന്നെ കുറഞ്ഞ ചെലവിൽ വീടു നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കാറില്ലായെന്നതാണ് യാഥാർത്ഥ്യം. ഗൾഫുകാരുടെ സമ്പാദ്യത്തിന്റെ ഏറിയപങ്കും ഭവനനിർമ്മാണത്തിനു ചെലവഴിക്കുന്നത് പാർപ്പിടം സുരക്ഷിതമാക്കുമെങ്കിലും പ്രത്യുൽപാദനപരമല്ലാത്ത ഇത്തരം ചെലവുകൾ പഞ്ചായത്തിന്റെ സാമ്പത്തികമേഖലയുടെ വളർച്ചക്ക് സഹായകമാകുന്നില്ല.

നിത്യകൂലിവേലക്കു പോകുന്നവരും താഴ്ന്ന വരുമാനക്കാരുമാണ് അധികമാളുകളും. അതുകൊണ്ട് ഇടത്തരം വീടുകളാണ് പഞ്ചായത്തിലധികവും. ആകെയുള്ള 3282 വീടുകളിൽ 12 ശതമാനം ഭേദപ്പെട്ടതും 30 ശതമാനം ഇടത്തരവും 32 ശതമാനം മോശപ്പെട്ടതുമാണ്. 26% വളരെ മോശപ്പെട്ടതോ ഓല മേഞ്ഞതോ ആണ്. ആകെയുള്ള വീടുകളിൽ 322 എണ്ണം ഹരിജൻ വിഭാഗങ്ങളുടേതാണ്. 174 ഹരിജൻ കുടുംബങ്ങൾ വിവിധ സർക്കാർ പദ്ധതിപ്രകാരം വീട് ലഭിച്ചവരും 21 കുടുംബങ്ങൾ സ്വന്തമായി വീടുള്ളവരും 127 കുടുംബങ്ങൾ വീട് ലഭിക്കാനായി കാത്തിരിക്കുന്നവരുമാണ്.

കെട്ടിട നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളുടെ ക്രമാതീതമായ വിലവർദ്ധന, തൊഴിലാളികളുടെ കൂലി വർദ്ധന എന്നിവ താഴ്ന്ന വരുമാനക്കാർക്ക് പാർപ്പിട നിർമ്മാണം എന്നത് വളരെ ക്ലേശകരമാക്കുന്നു. ഇടത്തരം കുടുംബങ്ങളാണ് ഭവനനിർമ്മാണ രംഗത്ത് ഏറെ കഷ്ടതയനുഭവിക്കുന്നവർ. ഹരിജനങ്ങൾക്കും മറ്റു ദുർബ്ബല വിഭാഗങ്ങൾക്കും വീടനുവദിക്കുന്നതിനായി RLEGP, NREP, IAY, JRY, MWS തുടങ്ങി പദ്ധതികളിലൂടെ അനുവദിക്കുന്ന സഹായത്തിന്റെ പരിധി ഉയർത്തേണ്ടതുണ്ട്. സർക്കാർ അനുവദിച്ചുകൊടുക്കുന്ന സാമ്പത്തിക സഹായം ഇന്നത്തെ ചുറ്റുപാടിൽ ഒരു വീടു നിർമ്മിക്കുന്നതിനു പര്യാപ്തമല്ല. പട്ടകജാതി വിഭാഗങ്ങൾക്ക് അനുവദിക്കുന്ന സാമ്പത്തിക സഹായം അവർ കരാറുകാരെ ഏൽപിക്കുന്നത് കൊണ്ട് കരാറുകാർ നിർമ്മിക്കുന്ന

വീടുകൾ ഗുണമേൻമ കുറഞ്ഞവയായി തീരുകയും ചെയ്യുന്നു. വീടനുവദിച്ചു കൊടുത്ത് ഒരു വർഷത്തിനകം തന്നെ റിപ്പയർചെയ്തു തരണമെന്നപേക്ഷയുമായി പഞ്ചായത്താഫീസിൽ വരുന്ന പതിവാണ് കാണുന്നത്. വീടിനുള്ള ഗുണഭോക്താക്കളായി തിരഞ്ഞെടുക്കുന്ന ഹരിജൻ കുടുംബാംഗങ്ങൾക്ക് ഈയാവശ്യത്തിനായി ബോധവത്ക്കരണം നൽകുന്നത് നന്നായിരിക്കും.

## വായ്പാസൗകര്യം

ഭവനനിർമ്മാണത്തിനു വായ്പ ലഭിക്കുന്നതിനു പഞ്ചായത്തിലെ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നു. ഭവനനിർമ്മാണരംഗത്ത് വായ്പയനുവദിക്കുന്ന ബാങ്കുകളോ, സ്ഥാപനങ്ങളോ ഒന്നും തന്നെ ഈ പഞ്ചായത്തിലോ, സമീപ പഞ്ചായത്തുകളിലോ പ്രവർത്തിക്കുന്നില്ലയെന്നതാണു കാരണം. പെരിന്തൽമണ്ണയിൽ പ്രവർത്തിക്കുന്ന കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റിയാണ് ഈ മേഖലയിൽ ആശ്രയിക്കാവുന്ന സ്ഥാപനം മറ്റു ബാങ്കുകളൊന്നും തന്നെ ഈ രംഗത്ത് താൽപര്യം കാണിക്കുന്നില്ല. പുതുതായാരംഭിച്ച എടപ്പറ്റ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഒഴികെ മറ്റു ധനകാര്യസ്ഥാപനങ്ങളൊന്നും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ഭവനവായ്പയനുവദിക്കുന്ന ദേശസൽകൃത ബാങ്കുകൾ സ്ഥിരവരുമാനമില്ലാത്ത അപേക്ഷകർക്ക് വായ്പ കൊടുക്കാൻ താൽപര്യപ്പെടുന്നില്ല. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ചു പലിശനിരക്ക് 12 ശതമാനമായി നിജപ്പെടുത്തിയും, തവണ വ്യവസ്ഥകളായി തിരിച്ചെടുക്കാനുള്ള സംവിധാനവും നിലവിലുള്ള ദേശസാൽകൃതബാങ്കുകൾ ഉണ്ടാകേണ്ടതുണ്ട്. ഭവനവായ്പയനുവദിക്കുന്നതിനു പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഒരു ഹൗസിംഗ് സൊസൈറ്റി ആരംഭിക്കാൻ നടപടികളുണ്ടാകേണ്ടതാണ്.

## മൈത്രീഭവന നിർമ്മാണ പദ്ധതി

രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി പ്രകാരം (മൈത്രീ ഭവനം) വായ്പക്ക് അപേക്ഷിക്കുന്ന താഴ്ന്ന വരുമാനക്കാരായ ആളുകൾക്ക് അത് ലഭിക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകളും, കാലതാമസവും നേരിടുന്നു. അനുവദിച്ചു കിട്ടുന്ന വായ്പാതുകയും അപര്യാപ്തമാണ്. പഞ്ചായത്തുകളിലൂടെ അതിനു അപേക്ഷകൾ വിതരണം ചെയ്യുന്നതിനും സാങ്കേതിക ഉപദേശം നൽകുന്നതിനും സംവിധാനം ഉണ്ടാക്കണം. വളരെ കുറച്ച് പേർക്കുമാത്രമെ ഈ പദ്ധതി പ്രകാരമുള്ള പ്രയോജനം ഇതിനകം പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളു.

## സൗജന്യഭവനനിർമ്മാണ പദ്ധതികൾ

പാർപ്പിടരംഗത്ത് കഷ്ടപ്പെടുന്ന ഹരിജന വിഭാഗത്തിൽപ്പെടാത്ത മറ്റു താഴ്ന്ന വരുമാനക്കാർക്കും ദുർബ്ബലവിഭാഗങ്ങൾക്കും സർക്കാർ പദ്ധതികളിലൂടെ അനുവദിക്കുന്ന വീടുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണ്. സർക്കാർ പദ്ധതികളിലൂടെ ഹരിജനങ്ങൾക്കനുവദിക്കുന്ന വീടുകൾകൊണ്ട് അവരുടെ പാർപ്പിടപ്രശ്നങ്ങൾ പൂർണ്ണമായല്ലെങ്കിലും കുറെയൊക്കെ പരിഹരിക്കാനാകുന്നുണ്ട്.

## സ്റ്റാൻഡേർഡ് സൈസ് ഗൃഹ നിർമ്മാണ സാമഗ്രികൾ

രൂക്ഷമായ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനും ചെലവു ചുരുക്കുന്നതിനും, ഈ രംഗത്ത് ഒരു ഏകീകൃത സ്വഭാവം ഉണ്ടാകേണ്ടതാവശ്യമാണ്. വീട് നിർമ്മിക്കാനാവശ്യമായ ഇഷ്ടികകൾ, ജനലുകൾ, വാതിലുകൾ, ഓട് എന്നിവയെല്ലാം ഒരേ അളവിലും വലിപ്പത്തിലും നിർമ്മിക്കാവുന്നതാണ്. എല്ലാ കമ്പനികളും ഇത് സ്വീകരിക്കുകയും ചെയ്യുമ്പോൾ ഏതു കമ്പനിയിൽനിന്ന് വാങ്ങിയാലും പ്രയാസങ്ങൾ നേരി

ടുന്നില്ല. ഇന്ന് പല കമ്പനികളും പല വലിപ്പത്തിലും അളവിലുമുള്ള ഇഷ്ടികകളാണ് നിർമ്മിക്കുന്നത്. മൂന്നു വിഭാഗങ്ങളായി തിരിക്കാവുന്നതാണ്. ഉയർന്നതരം വീടുകൾക്കുള്ള അളവിലും ഇടത്തരം വീടുകൾക്കുള്ള അളവിലും താഴ്ന്നതരം വീടുകൾക്കുള്ള അളവിലും കട്ടില ജനൽ എന്നിവ നിർമ്മിച്ചു കൊടുക്കാവുന്നതാണ്. വ്യത്യസ്ഥ ഡിസൈനുകൾ സ്വീകരിച്ച് തന്നെ ഒരേ അളവിൽ ജനലുകൾ, കട്ടിലകൾ എന്നിവ ഉണ്ടാക്കുന്നത് നന്നായിരിക്കും. ചെലവു കുറഞ്ഞ വീടുനിർമ്മിക്കുന്നതിനെകുറിച്ചുള്ള വിവരങ്ങൾ ഒന്നും തന്നെ പഞ്ചായത്താഫീസ് മുഖേനയോ മറ്റു സംഘടനകൾ മുഖേനയോ ജനങ്ങൾക്ക് ലഭ്യമാകുന്നില്ല. നിർമ്മിത കേന്ദ്രയുടെ വീടുകളൊന്നും ഇതുവരെ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടില്ല.

**ഗ്രാമസഭകളിലൂടെ ഉയർന്ന വന്ന പാർപ്പിട രംഗത്തെ പ്രധാന പ്രശ്നങ്ങൾ.**

1. വീടുകളുടെ നിർമ്മാണത്തിനാവശ്യമായ വസ്തുക്കളുടെ ക്രമാതീതമായ വിലവർദ്ധനയും കൂലിവർദ്ധനയും

2. വീടുനിർമ്മിക്കാനാവശ്യമായ വസ്തുക്കളുടെ ദൗർലഭ്യത

3. ഭവനനിർമ്മാണത്തിനു വായ്പാ സൗകര്യങ്ങളില്ല

4.സർക്കാർ ഭവനവായ്പാ പദ്ധതികൾ (രാജീവ് ദശലക്ഷം)ക്കുള്ള സാങ്കേതിക ബുദ്ധിമുട്ട് –കാലതാമസം

5. പട്ടികജാതി/പട്ടികവർഗ്ഗക്കാരായ എല്ലാ കുടുംബാംഗങ്ങൾക്കും വീട് ലഭിക്കാൻ കഴിയുന്നില്ല.

6. മറ്റു ദുർബ്ബല വിഭാഗങ്ങൾക്കനുവദിച്ചുകിട്ടുന്ന വീടുകളുടെ എണ്ണം വളരെ കുറവാണ്.

7. ഭൂരഹിത കർഷകതൊഴിലാളികൾക്കും മറ്റു വിഭാഗങ്ങൾക്കും വീടുവെക്കുന്നതിനും സ്ഥലം വാങ്ങുന്നതിനും ധനസഹായം ലഭിക്കുന്നില്ല.

8. നിലവിലുള്ള ഹരിജൻ കോളനികളിലെ വീടുകൾ തകർച്ചയെ നേരിടുന്നു.

9. ദാരിദ്ര്യ രേഖക്കു താഴെയുള്ള മറ്റു വിഭാഗങ്ങളിൽപ്പെട്ടയാളുകൾക്ക് നിലവിലുള്ള വീടുകൾ റിപ്പയർ ചെയ്യുന്നതിനു ധനസഹായം ലഭിക്കുന്നില്ല.

10. ചെലവു കുറഞ്ഞ വീടുകളെക്കുറിച്ച് അവ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പരിശീനലമോ ഉപദേശമോ ലഭിക്കുന്നില്ല.

11. സർക്കാർ ജീവനക്കാർക്ക് താമസിക്കുന്നതിനു ക്വാർട്ടേഴ്സ് സൗകര്യമില്ല.

13. പ്രകൃതിക്ഷോഭം മൂലം വീട് നഷ്ടപ്പെടുന്നവർക്ക് പഞ്ചായത്ത് മുഖേന സഹായം നൽകുന്നില്ല.

## *സാധ്യതകൾ*

1. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള പരിശീലനവും, ബോധവൽക്കരണവും സംഘടിപ്പിക്കാവുന്നതാണ്.

2. ഭവനനിർമ്മാണ വായ്പ ലഭ്യമാക്കുന്നതിൽ സഹകരണാടിസ്ഥാനത്തിൽ ഹൗസിംഗ് സൊസൈറ്റി സ്ഥാപിക്കാവുന്നതാണ്.

3.സർക്കാരിന്റെ ഭവന വായ്പാ പദ്ധതികൾക്കുള്ള അപേക്ഷകൾ പഞ്ചായത്തു മുഖേന നൽകേണ്ടതും ഗുണഭോക്താവിനെ പഞ്ചായത്ത് ഭരണസമിതിക്ക് കണ്ടെത്താവുന്നതുമാണ്.

4. പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്നതു പോലെ മറ്റു ദുർബ്ബല വിഭാഗങ്ങൾക്കും വീടനുവദിക്കാവുന്നതാണ്.

5. സർക്കാർ നൽകുന്ന വായ്പയുടെ തുക വർദ്ധിപ്പിക്കുക.

6. സ്റ്റേജ് സർട്ടിഫിക്കറ്റനുവദിക്കുന്നതിനു പഞ്ചായത്ത് മെമ്പർമാർക്ക് അധികാരം നൽകുക.

7. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയുടെ ഭവന വായ്പ 26400 രൂപയിൽനിന്ന് 60,000 രൂപയായി വർദ്ധിപ്പിക്കുകയും അത് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്യുക.

8. ഹരിജൻ വിഭാഗങ്ങൾക്കനുവദിക്കുന്ന വീടുകളുടെ സംരക്ഷണത്തിനും കേടുപാടുകൾ തീർക്കുന്നതിനും അവരെ ബോധവാൻമാരാക്കുക.

9. സർക്കാർ പദ്ധതി പ്രകാരം വീടുകൾക്കനുവദിക്കുന്ന ധനസഹായം വർദ്ധിപ്പിക്കുക.

10. ഗൃഹനിർമ്മാണത്തിനുപയോഗിക്കുന്ന കട്ടിലുകൾ, ജനലുകൾ എന്നിവ ഒരേ വലിപ്പത്തിലും, ഘനത്തിലുമാക്കുക. അതിനായി 3 അളവുകൾ നിശ്ചയിച്ച് അതു നടപ്പാക്കുവാൻ പ്രചരണം നടത്തുക. ഇഷ്ടികകൾക്കും സ്റ്റാൻഡേർഡ് അളവ് പാലിക്കണം.

11. കേരളീയരുടെ പുരാതന മാതൃകയിലുള്ള വീടുകൾക്ക് പ്രോത്സാഹനം നൽകുക.

12. വലിയ വീടുകൾ നിർമ്മിക്കുന്നതിനെതിരെ പ്രചരണം നടത്തുകയും വൻമാളികകൾക്ക് നികുതി ഭാരം കൂട്ടുകയും ചെയ്യുക.

13. പഞ്ചായത്ത് സ്ഥലം വാങ്ങി കോർട്ടേഴ്സും ഫ്ളാറ്റും പണിയുക. കോർട്ടേഴ്സ് സർക്കാർ ജീവനക്കാർക്കും, ഫ്ളാറ്റുകൾ ഓഫീസുകൾക്കും നൽകുക. അതിനായി വായ്പകൾ ലഭ്യമാക്കണം.

14.പഞ്ചായത്ത് ഓഫീസിനോടനുബന്ധിച്ച് മറ്റ് ഓഫീസുകൾക്ക് സ്ഥല സൗകര്യം ഉണ്ടാക്കുക.

15. ഓരോ വാർഡിലും സ്ഥലം വാങ്ങി പട്ടികജാതി വിഭാഗത്തിൽ പെടാത്ത വളരെ പാവങ്ങൾക്ക് വീടുകൾ പണിതു നൽകുകയും അവിടെ പ്രാഥമിക സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക. വീടിനു സ്ഥലം ലഭിക്കുന്നവരോടോ, അവരെ സ്പോൺസർ ചെയ്യുന്നവരോടോ സ്ഥലത്തിന്റെ വിലയുടെ 50% വാങ്ങുകയും ചെയ്യുക.

16. ഭവന നിർമ്മാണസാമഗ്രികൾ എടപ്പറ്റ പഞ്ചായത്തിൽ തന്നെ ലഭ്യമാക്കുക. വളരെയേറെ തൊഴിൽ സാധ്യത അതുമൂലമുണ്ടാകും.

17. നിർമ്മാണ തൊഴിലാളികളെ ഇൻഷൂർ ചെയ്യുവാൻ പദ്ധതി തയ്യാറാക്കുക.

18. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എല്ലാ തൊഴിലാളികളും അംഗമായി ചേരുക.

മേൽ പറഞ്ഞ പ്രശ്നങ്ങളും സാധ്യതകളും അപഗ്രഥിച്ച് പുതിയ പദ്ധതികൾക്കു രൂപം നൽകാൻ നമുക്കു കഴിയണം. അങ്ങനെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുവാൻ ശ്രമിക്കാം.



# സാമൂഹ്യക്ഷേമം

**സാ**മൂഹ്യസാമ്പത്തികരംഗങ്ങളിൽ വളരെ പിന്നിലാണ് എടപ്പറ്റ. സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പരിപാടികളിലൂടെ ആനുകൂല്യങ്ങൾ കൈപറ്റുന്നവർ രജിസ്റ്ററുകൾ പ്രകാരം ദാരിദ്ര്യരേഖക്കു മുകളിലായിരിക്കാമെങ്കിലും യഥാർത്ഥത്തിൽ ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തി സാമ്പത്തികമായി ഭദ്രത കൈവരിക്കുന്നവർ വളരെ ചുരുക്കമാണ്.

ദ്വിതീയ വിവരശേഖരണം, സാമൂഹ്യസാമ്പത്തിക സർവ്വേ എന്നിവയെ അടിസ്ഥാനമാക്കി ലഭിച്ച കണക്കുകൾ പ്രകാരം എടപ്പറ്റയിലെ 50 ശതമാനത്തിലധികം കുടുംബങ്ങൾ ഇന്നും ദാരിദ്ര്യരേഖക്കു താഴെയാണ്.

## ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങളുടെ കണക്ക്

### പട്ടിക – 1

| വാർഡ് | ജനറൽ | പട്ടികജാതി | പട്ടികവർഗ്ഗം | ആകെ |
|---|---|---|---|---|
| 01 | 227 | 25 | – | 252 |
| 02 | 133 | 28 | – | 161 |
| 03 | 140 | 32 | – | 172 |
| 04 | 236 | 28 | – | 264 |
| 05 | 121 | 21 | | 142 |
| 06 | 161 | 34 | – | 195 |
| 07 | 133 | 17 | – | 150 |
| 08 | 145 | 38 | – | 183 |
| 09 | 143 | 22 | 10 | 175 |
| ആകെ | 1439 | 245 | 10 | 1694 |

വികസന സെമിനാറിന് ആശംസകൾ

വസ്ത്രങ്ങൾക്ക്

# അഭിലാഷ് ടെക്സ്റ്റയിൽസ്

മേലാറ്റൂർ

ബോംബെ ഡയിംഗ്
മഫത്ത്ലാൽ } അംഗീകൃത വ്യാപാരി

ഫോൺ: 38332 (Shop) 38138 (Resi)

വികസന സെമിനാറിന് ആശംസകൾ

# ഹഷ്മി ട്രാവൽസ്

മേലാറ്റൂർ Phone: 38135 (04933)

*വികസന സെമിനാറിന് ആശംസകൾ*



## സന്തോഷ് ഡക്കറേഷൻസ്

**മേലാറ്റൂർ, അലനല്ലൂർ, അങ്ങാടിപ്പുറം**

**ഫോൺ: 38150 (04933)**

ഈ പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളുടെ എണ്ണം 3282 ആണ്. അതിൽ 1694 കുടുംബങ്ങൾക്ക് ഇനിയും ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കേണ്ടിയിരിക്കുന്നു. ആകെ കുടുംബങ്ങളുടെ എണ്ണത്തിൽ 51.6% വരും ദാരിദ്ര്യരേയ്ക്കു താഴെയുള്ള കുടുംബങ്ങൾ.

## പട്ടികവർഗ്ഗം

ഈ പഞ്ചായത്തിലാകെ 322 പട്ടികജാതി വിഭാഗത്തിൽപെട്ട കുടുംബങ്ങളും, 9–൧൦ വാർഡിൽ 10 പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ട കുടുംബങ്ങളുമുണ്ട്. എന്നാൽ 77 പട്ടിക ജാതി കുടുംബങ്ങളെ വായ്പയും സബ്സിഡിയും നൽകിയതിന്റെ പേരിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ ലിസ്റ്റിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. യഥാർത്ഥത്തിൽ അവരുടെ അവസ്ഥ ഇന്നും ദാരിദ്ര്യരേഖയ്ക്കു താഴെതന്നെയാണ്. പട്ടികവർഗ്ഗ കുടുംബങ്ങൾ സാമൂഹ്യമായും സാമ്പത്തികമായും വളരെ കഷ്ടപ്പെടുന്നവരാണ്. എന്നാൽ സാങ്കേതികമായി അവർ പട്ടിക വർഗ്ഗ ലിസ്റ്റിൽ വരാത്തതിനാൽ അവർക്കും ആനുകൂല്യങ്ങൾ തടയപ്പെടുന്നു.

## നടപ്പുപദ്ധതികൾ

ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ രണ്ടു വിഭാഗത്തിൽ പെടുന്നു.

1. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ

2. വിവിധ വിഭാഗക്കാർക്കായുള്ള പെൻഷൻ, ധനസഹായപദ്ധതികൾ. ക്ഷേമനിധി മുതലായവ.

നടപ്പുപദ്ധതികളുടെ ആനുകൂല്യങ്ങൾ വളരെ ചെറിയൊരു വിഭാഗത്തിനുമാത്രമേ ലഭിക്കുന്നുള്ളു. പരിമിതമായ ഫണ്ട്, IRDP ഗുണഭോക്താക്കൾക്ക് വായ്പ ലഭിക്കുവാനുള്ള തടസ്സങ്ങൾ, പദ്ധതികളെ കുറിച്ച് ജനങ്ങൾക്ക് അറിവില്ലായ്മ, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, സാങ്കേതിക നൂലാമാലകൾ എന്നിവയെല്ലാം പദ്ധതിയുടെ നടത്തിപ്പിനുള്ള തടസ്സങ്ങളാണ്.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവൃത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡവലപ്പ്മെൻഡ് ഓഫീസിനു കീഴിലുള്ള താഴെപറയുന്ന 2 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകളാണ്.

1. എടപ്പറ്റ

2. വെള്ളിയഞ്ചേരി

ഈ രണ്ട് ഓഫീസുകളുടേയും പ്രവർത്തനം ഗ്രാമപഞ്ചായത്ത് ഓഫീസിൽ കേന്ദ്രീകരിച്ചു തന്നെയായിരിക്കണം.

## ബ്ലോക്ക് ഡവലപ്പ്മെൻഡ് ഓഫീസുവഴിയുള്ള പദ്ധതികൾ

1. IRDP വായ്പ: പട്ടികജാതി വിഭാഗക്കാർക്ക് വായ്പാസംഖ്യയുടെ 50% തുകയും, മറ്റു വിഭാഗക്കാർക്ക് മൂന്നിൽ ഒരു ഭാഗവും സബ്സിഡി

ലഭിക്കുന്ന IRDP വായ്പകൾ ലഭിക്കുവാൻ എട പ്പറ്റക്കാർക്ക് വലിയ ബുദ്ധിമുട്ടുണ്ട്. ബാങ്കിംഗ് സൗകര്യമില്ലാത്തതാണ് വലിയ പ്രശ്നം. ഈ പ്രശ്നം പരിഹരിക്കേണ്ടിയിരിക്കുന്നു. വായ്പ വാങ്ങുന്നവർ അധികവും കറവുമാടു വാങ്ങു ന്നതിനും, കച്ചവടത്തിനുമാണ് വായ്പാസംഖ്യ ഉപയോഗിക്കുന്നത്. ഈ മേഖലയിൽ നിന്നും മാറി കൂടുതൽ തൊഴിൽ സാധ്യതയുള്ളതും ലാഭമുള്ളതുമായ മേഖലയിലേക്ക് ദാരിദ്ര്യ രേഖക്കു താഴെയുള്ളവരെ തിരിച്ചു വിടുവാൻ ബോധവൽക്കരണം നടത്തേണ്ടതാണ്.

## ബാങ്കിംഗ് പ്രശ്നം

എടപ്പറ്റയിൽ ഒരു വയസ്സു പോലും തിക യാത്ത ഒരു സർവ്വീസ് സഹകരണ ബാങ്ക് മാത്ര മേയുള്ളു. ജില്ലാ സഹകരണബാങ്കിൽ നിന്നും IRDP വായ്പ വിതരണത്തിനുള്ള തുക ഈ ബാങ്കിനു ലഭിക്കാത്തതിന്റെ പേരിൽ കൂടുതൽ പേർക്ക് വായ്പ നൽകുവാൻ ഈ ബാങ്കിനു കഴിയുന്നില്ല. സ്വന്തം ഫണ്ടിൽനിന്നും വായ്പ നൽകുന്നതിനാൽ കൊടുക്കുന്ന IRDP വായ്പ കൾക്ക് പലിശയിൽ കിഴിവും ലഭിക്കുന്നില്ല. സർവ്വീസ് സഹകരണ ബാങ്കിനു പുറമേ ഈ പഞ്ചായത്തിനു പുറത്തുള്ള മേലാറ്റൂർ സ്റ്റേറ്റ് ബാങ്കും, കരുവാരകുണ്ട് സൗത്ത് മലബാർ ഗ്രാമീണബാങ്കും വളരെ കുറച്ചു പേർക്കു മാത്രം IRDP വായ്പകൾ നൽകുന്നുണ്ട്. എങ്കിലും ആകെ ആവശ്യമുള്ള വായ്പസംഖ്യ യുടെ ചെറിയൊരു ശതമാനം മാത്രമേ ഈ മൂന്നു ബാങ്കുകളും കൂടി നൽകുന്നുള്ളു.

IRDP വായ്പ ലഭിച്ച് തൊഴിൽ നേടി ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയവർ ആകെ 108 പേരുണ്ട്.

| | |
|---|---|
| എടപ്പറ്റ സർക്കിൾ | 58 |
| വെള്ളിയഞ്ചേരി സർക്കിൾ | 50 |
| ആകെ | 108 |

ഈ നൂറ്റി എട്ടുപേർ ഔദ്യോഗികമായി ദാരി ദ്ര്യരേഖയ്ക്കു മുകളിലായെങ്കിലും അവർ ഭൂരി ഭാഗവും ഇപ്പോഴും പഴയസ്ഥിതിയിൽ തന്നെ യാണ്. അതിനാൽ IRDP സബ്സിഡി സംഖ്യ കൂടുതൽ പ്രയോജനകരമായ രീതിയിൽ വിനി യോഗിക്കുവാനുള്ള പദ്ധതിക്ക് രൂപം നൽകേ ണ്ടതുണ്ട്.

## ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയു വാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്ന താണ് ട്രൈസം. ബ്ലോക്ക് ഡവലപ്പ്മെൻഡ് ഓഫീസു മുഖേനയാണ് പരിശീലനം നൽകു ന്നത്. ട്രൈസം പരിശീലന പരിപാടി അനുസ രിച്ച് എടപ്പറ്റ V.E.O. 14 പേരെ പരിശീലനത്തിന യയ്ക്കുകയുണ്ടായി. അവരൊക്കെ ഇന്ന് തൊഴിൽ ചെയ്തു ജീവിയ്ക്കുന്നതായാണ് ഔദ്യോഗിക കണക്ക്.

## DWCRA

5 വനിതാ ശിശു വികസന യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 5 യൂണിറ്റുകളി ലുമായി 44 സ്ത്രീകൾ തൊഴിൽ ചെയ്തു ജീവി ക്കുന്നു. പ്രവർത്തിക്കുന്ന യൂണിറ്റുകൾ ഏതൊ ക്കെയെന്നു നോക്കുക.

# DWCRA യൂണിറ്റുകൾ

## പട്ടിക 2

| വാർഡ് | പ്രവർത്തിക്കുന്ന യൂണിറ്റ് | യൂണിറ്റിലെ അംഗസംഖ്യ |
|---|---|---|
| 01 | – | – |
| 02 | 1 | 8 |
| 03 | 1 | 10 |
| 04 | – | – |
| 05 | 1 | 8 |
| 06 | – | – |
| 07 | – | – |
| 08 | 1 | 8 |
| 09 | 1 | 10 |
| ആകെ | 5 | 44 |

5 വാർഡുകളിൽ മാത്രമേ ഓരോ DWCRA യൂണിറ്റുകൾ പ്രവർത്തിക്കുന്നുള്ളു. ഓരോന്നുള്ള വാർഡുകളിൽ കൂടുതൽ യൂണിറ്റുകൾ തുടങ്ങുവാനും ഇല്ലാത്ത വാർഡുകളിൽ പുതിയവ തുടങ്ങുവാനും നല്ല സാധ്യതയുണ്ട്. IRDP സർവ്വേ ലിസ്റ്റിൽപെട്ട 10 സ്ത്രീകൾ ഉണ്ടെങ്കിൽ ഒരു DWCRA യൂണിറ്റ് തുടങ്ങുവാൻ കഴിയും. വർദ്ധിച്ച നിരക്കിലുള്ള ധനസഹായം ഉപയോഗപ്പെടുത്തി വനിതകൾക്ക് തൊഴിൽ നൽകുവാൻ കഴിയുന്ന ഈ പദ്ധതിക്ക് ബാങ്ക് വായ്പകൾ ലഭ്യമാക്കുകയും വേണം.

DWCRA യൂണിറ്റുകൾക്ക് താഴെ പറയുന്ന തൊഴിൽ സംരംഭങ്ങൾ വിജയകരമായി നടത്തുവാൻ കഴിയും.

1. ഭക്ഷ്യസംസ്കരണം
2. ബാഗ് നിർമ്മാണം
3. ഹാൻഡ്മെയ്ഡ് പേപ്പർ നിർമ്മാണം
4. ടി.വി. അസംബ്ലിംഗ്
5. സോപ്പു നിർമ്മാണം
6. പ്രസ്
7. പശു വളർത്തൽ
8. റഡിമെയ്ഡ് വസ്ത്രനിർമ്മാണം

ഒറ്റയ്ക്കൊറ്റയ്ക്ക് പശു വളർത്തുന്നത് സാമ്പത്തികമായി നഷ്ടമാണ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ഒരു പൊതു തൊഴുത്തു നിർമ്മിച്ച് പരിചരിച്ച് പശുക്കളെ വളർത്തിയാൽ ലാഭമാക്കുവാൻ കഴിയുമോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

## കക്കൂസ്

കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾ വലിയൊരു പ്രശ്നമയി മാറിയിട്ടുണ്ട് ഈ പഞ്ചായത്തിൽ. കക്കൂസ് ഉള്ള വീടുകളുടെയും, ഇല്ലാത്ത വീടുകളുടേയും കണക്ക് താഴെ കൊടുക്കുന്നു.

**പട്ടിക 3**

| | |
|---|---|
| കക്കൂസ് ഉള്ള വീടുകൾ | 1712 |
| കക്കൂസ് ഇല്ലാത്ത വീടുകൾ | 1570 |
| ആകെ | 3282 |

CRSP പദ്ധതിപ്രകാരം 13 കക്കൂസുകൾ ഈ പഞ്ചായത്തിന് അനുവദിച്ചു കിട്ടുകയുണ്ടായി. കക്കൂസ് ഇല്ലാത്തവരുടെ എണ്ണം വെച്ചു നോക്കുമ്പോൾ 13 കക്കൂസുകൾ നിസ്സാരമാണ്. കൂടുതൽ തുക ഈ ഇനത്തിലേയ്ക്ക് വകയിരുത്തേണ്ടതുണ്ട്.

## ദുർബലർക്ക് വീടുകൾ

സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും ഇതുവരെയായി പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്കും അല്ലാത്തവർക്കുമായി ആകെ 102 വീടുകൾക്കുള്ള ധനസഹായം അനുവദിച്ചു കിട്ടിയിട്ടുണ്ട്.

## ദുർബല വിഭാഗങ്ങൾക്ക് അനുവദിച്ച വീടുകളുടെ എണ്ണം

**പട്ടിക – 4**

| ക്രമനമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 01 | RLEGP | 20 |
| 02 | NREP | 40 |
| 03. | IAY | 20 |
| 04 | JRY | 12 |
| 05 | MWS | 10 |
| | ആകെ | 102 |

വീടില്ലാത്തവർ വളരെ കൂടുതലുള്ള ഈ പഞ്ചായത്തിൽ വീടു നിർമ്മിക്കുന്നതിനുള്ള ധനസഹായം സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും വർദ്ധിച്ച തോതിൽ ലഭ്യമാക്കണം.

## *റോഡുകൾ, പാലങ്ങൾ മുതലായവ*

JRY പദ്ധതിപ്രകാരം വളരെയേറെ റോഡുകൾ ഇവിടെ നിർമ്മിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നുമാണ് അതിനു സഹായം ലഭിക്കുന്നത്. താഴെ പറയുന്ന പാലങ്ങളുടെ പ്രവർത്തികൾ JRY പദ്ധതിപ്രകാരം നിർവ്വഹിക്കുന്നതിന് പദ്ധതി തയ്യാറാക്കേണ്ടതാണ്.

| ക്രമനമ്പർ | വാർഡ് | പാലത്തിന്റെ പേര് |
|---|---|---|
| 01 | 03 | പുളിയൻ തോടിന് വയനാടൻ പടിപാലം |
| 02 | 08 | തടിയൻപറമ്പ് - പാലക്കാപറമ്പ് റോഡിൽ തോടിനു പാലം |
| 03 | 08 | കല്ലൻകുന്ന്-ചിരട്ടകുളം റോഡിന് പാലം |
| 04 | 05 | കാരാട്ടു തൊടിപടി നടപാലം |
| 05 | 04 | പുളിയൻ തോട് കുറുക്കൻപടി നടപാലം |

പ്രാദേശിക തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നതിനു വേണ്ടിയുള്ള ജവാഹർ റോസ്ഗാർ യോജന ഫലപ്രദമായി നടപ്പാക്കുവാൻ പദ്ധതി തയ്യാറാക്കണം.

JRY പദ്ധതിയിൻ കീഴിൽ റോഡുകളുടെ ടാറിംഗ് ജോലിയും ഏറ്റെടുത്തു നടത്തണം. അതിനു മുൻഗണന നൽകണം.

## *പെൻഷൻ പദ്ധതികൾ*

സ്വന്തമായി ജീവിതമാർഗ്ഗമില്ലാത്തവർക്ക് വിവിധ പെൻഷനുകൾ നൽകി വരുന്നുണ്ട്. അവയെല്ലാം കൃത്യമായി ലഭിക്കുന്നില്ല എന്നതാണ് ഇന്നത്തെ അവസ്ഥ. അർഹരായ മുഴുവൻ ആൾക്കാർക്കും പെൻഷൻ ലഭിക്കുന്നുമില്ല. നിലവിൽ പെൻഷൻ കിട്ടിക്കൊണ്ടിരിക്കുന്നവരുടെ വിവരം താഴെ കൊടുക്കുന്നു.

### പെൻഷൻ സംബന്ധിച്ച വിവരങ്ങൾ
### പട്ടിക - 5

| ക്രമനമ്പർ | ഏതു പെൻഷൻ | ലഭിക്കുന്നവരുടെ എണ്ണം |
|---|---|---|
| 01 | കർഷക തൊഴിലാളി പെൻഷൻ | 185 |
| 02 | വാർധക്യ പെൻഷൻ | 22 |
| 03 | വിധവാ പെൻഷൻ | 40 |
| 04 | വികലാംഗ പെൻഷൻ | 20 |
| 05 | ക്ഷയരോഗ പെൻഷൻ | 11 |
| | ആകെ | 278 |

ആകെ 278 പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. അതിനേക്കൾ എത്രയോ അർഹരായ വ്യക്തികൾക്ക് പെൻഷൻ അനുവദിച്ചു കിട്ടിയിട്ടുമില്ല. അനർഹരായവർ പെൻഷൻ വാങ്ങുന്നില്ല എന്നാണ് സർവ്വേയിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞത്. നിലവിലുള്ള പെൻഷൻ വ്യവസ്ഥകൾ മാറ്റി ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയാൽ ഒരു പരിധിവരെ പെൻഷൻ കിട്ടുവാനുള്ള ബുദ്ധിമുട്ട് ഒഴിവായി കിട്ടും.

## വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികൾ ഉള്ള വിധവകൾക്ക് പെൻഷന് അർഹതയില്ല. എങ്കിലും സർവ്വേപ്രകാരം 100ൽ അധികം വിധവകൾ പെൻഷന് അർഹരായവരുണ്ട്. വരുമാന പരിധി നോക്കി വിധവാപെൻഷൻ അനുവദിക്കുവാൻ കഴിയണം.

## വികലാംഗർ

വികലാംഗർക്ക് ഉപകരണങ്ങൾ നൽകുന്ന പദ്ധതിയും, പെൻഷൻ നൽകുന്ന പദ്ധതിയും നിലവിലുണ്ട്. സമൂഹത്തിൽ ഏറ്റവും അവഗണന അനുഭവിക്കുന്ന ഈ വിഭാഗത്തിന് അവരവരുടെ ശരീരശേഷിയനുസരിച്ച് സ്വയം തൊഴിലിന് സഹായം നല്കുന്ന പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. വികലാംഗക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനവും സഹായവും ഈ പഞ്ചായത്തിൽ എത്തിയിട്ടില്ല. പെൻഷന് അർഹതയുള്ളവർക്കെല്ലാം പെൻഷനും ലഭിക്കുന്നില്ല എന്ന് താഴെ പറയുന്ന കണക്കു പരിശോധിച്ചാൽ വ്യക്തമാകും.

### വികലാംഗരെ സംബന്ധിച്ച വിവരങ്ങൾ

**പട്ടിക – 6**

| 15 വയസ്സുവരെയുള്ളവർ | | | 15 വയസ്സിനു മുകളിലുള്ളവർ | | | ആകെ |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 14 | 18 | 32 | 59 | 42 | 101 | 133 |

വികലാംഗരായ 133 പേർ ഇവിടെയുണ്ട്. പ്രായപൂർത്തിയായ അർഹതയുള്ള വികലാംഗർക്കും പെൻഷൻ ലഭിക്കുമെന്നുറപ്പാക്കണം.

## വാർധക്യ പെൻഷൻ

65 വയസ്സു കഴിഞ്ഞവരും പ്രായപൂർത്തിയായ ആൺകുട്ടികൾ കൂടെ താമസിക്കാത്തവരും വരുമാന മാർഗ്ഗമില്ലാത്തവരുമായവർക്ക് വാർധക്യകാല പെൻഷന് അർഹതയുണ്ട്. പഞ്ചായത്തിനാണ് ഇപ്പോൾ വാർധക്യകാല പെൻഷൻ അനുവദിക്കേണ്ട ഉത്തരവാദിത്തം. ഇപ്പോൾ വാർധക്യകാല പെൻഷന് അർഹതയുള്ളവരുടെ സംഖ്യ 130നും 150നും ഇടയിലാണെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽനിന്നും മനസ്സിലാകുന്നു. അവർക്കെല്ലാം പെൻഷൻ ലഭ്യ

മാക്കണം. ഈ പഞ്ചായത്തു ഭരണസമിതി അധികാരത്തിൽ വന്നശേഷം 13 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. 9 പേർക്ക് മുൻപു തന്നെ ലഭിക്കുകയും ചെയ്തിരുന്നു.

## കർഷകത്തൊഴിലാളി പെൻഷൻ

ഈ പഞ്ചായത്തിൽ ഏറ്റവും അധികമുള്ള തൊഴിലാളി വിഭാഗം കർഷക തൊഴിലാളികളാണ്. പെൻഷന് അർഹതയുള്ള കർഷക തൊഴിലാളികളുടെ സംഖ്യ 220 നും 250നും ഇടയിലാണെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു.

## വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധന സഹായം

ഈ പദ്ധതിയനുസരിച്ച് 2000/– രൂപയാണ് ധനസഹായം ലഭിക്കുക. ഇത് സമയത്തിനു ലഭിക്കുന്നില്ല. സാങ്കേതിക തടസ്സങ്ങൾ വളരെയേറെ. ഈ കുറവുകൾ പരിഹരിക്കുവാൻ കഴിയണം. ധനസഹായപരിധി 5000/– രൂപയാക്കി വർദ്ധിപ്പിക്കുകയും വേണം.

## തൊഴിലില്ലായ്മാവേതനം

തൊഴിലില്ലായ്മാവേതനം പ്രത്യുൽപാദനമേഖലയിലേക്ക് തിരിച്ചുവിടുകയാണു വേണ്ടത്. S.S.L.C. പാസായശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലില്ലാത്തവർക്കാണ് തൊഴിലില്ലായ്മ) വേതനം ലഭിക്കുക. ഈ പഞ്ചായത്തിലെ S.S.L.C വരെയെങ്കിലും വിദ്യാഭ്യാസ യോഗ്യതയുള്ളവരെ പഞ്ചായത്ത് ഓഫീസിൽ രജിസ്റ്റർ ചെയ്ത ശേഷം അവർക്ക് ജോലി ലഭിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകി തൊഴിലില്ലായ്മ പരിഹരിക്കുവാനുള്ള പദ്ധതിക്കാണ് രൂപം നൽകേണ്ടത്.

## അംഗൻവാടികൾ

1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നാണ് കണക്ക്. അതനുസരിച്ച് ഈ പഞ്ചായത്തിൽ 20 അംഗനവാടികൾ വേണം. എന്നാൽ 12 എണ്ണം മാത്രമേയുള്ളു. നിലവിലുള്ള അംഗൻവാടികൾ താഴെ പറയുന്നവയാണ്.

### അംഗൻവാടികളുടെ പട്ടിക
### പട്ടിക 7

| ക്രമനമ്പർ | വാർഡ് | അംഗൻവാടി സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|---|
| 01 | 01 | കരിങ്കാളികാവ് |
| 02 | 01 | എടപ്പറ്റ |
| 03 | 02 | ഏപ്പിക്കാട് |
| 04 | 03 | കിഴക്കുംപാടം |
| 06 | 04 | പുല്ലുപറമ്പ് |
| 07 | 05 | ബാലവാടിപടി |
| 08 | 06 | പേഴുംതറ |
| 09 | 06 | കോട്ടത്തപടി |
| 10 | 08 | ചേരിപറമ്പ് |
| 11. | 09 | പുളിയക്കോട് |
| 12 | 09 | മൂനാടി |

7–ാം വാർഡിൽ ഒരു അംഗൻവാടിപോലു മില്ല. 8,5,4,2 വാർഡുകളിൽ ഓരോന്നുമാത്രമേ യുള്ളൂ. ഈ കുറവുകൾ നികത്തണം.

താഴെ പറയുന്ന സ്ഥലങ്ങളിൽ അംഗൻവാടികൾ ആരംഭിക്കണമെന്ന് ഗ്രാമസഭകൾ നിർദ്ദേശിച്ചിട്ടുണ്ട്.

## അംഗൻവാടികൾ ആരംഭിക്കേണ്ട സ്ഥലങ്ങൾ

### പട്ടിക 8

| ക്രമനമ്പർ | വാർഡ് | സ്ഥലം |
|---|---|---|
| 01 | 07 | ആഞ്ഞിലങ്ങാടി |
| 02 | 08 | മാടമ്പി |
| 03 | 08 | കാളമാടം |
| 04 | 02 | പുല്ലാനിക്കാട് |
| 05 | 07 | മുരുമുരുപ്പൻപാറ |
| 06 | 05 | ഓലപ്പാറ |
| 07 | 04 | കുരിശ് |
| 08 | 03 | അമ്പാഴപറമ്പ് |
| 09 | 01 | പൊട്ടിയോടത്താൽ |
| 10 | 07 | വെള്ളിയഞ്ചേരി U.P. സ്കൂൾപടി |
| 11 | 08 | അന്തമാൻ ദ്വീപ് |
| 12 | 02 | ഗാന്ധിനഗർ |
| 13 | 06 | പൂക്കാടി |
| 14 | 09 | മൈനർ അങ്ങാടി |

മുകളിൽ പറയുന്ന അംഗൻ വാടികൾ തയ്യാറാക്കപ്പെടുന്ന മുൻഗണനാക്രമം അനുസരിച്ച് അനുവദിച്ചു കിട്ടേണ്ടതാണ്.

## *അംഗൻവാടികളിലെ സൗകര്യങ്ങൾ*

നിലവിലുള്ള 12 അംഗൻവാടികളിൽ 10 എണ്ണത്തിന് സ്വന്തമായ കെട്ടിടമുണ്ട്. എങ്കിലും മിക്ക

വാറും എല്ലാ കെട്ടിടങ്ങളും കേടുപാടുകൾ തീർക്കേണ്ട പരുവത്തിലാണ്. ചുറ്റുമതിൽ, കിണർ, കക്കൂസ് എന്നിവയും ഇല്ല. കുട്ടികൾക്ക് ആവശ്യമായ കളിക്കോപ്പുകൾ, ഫർണീച്ചർ എന്നിവയും ഇല്ല. അടിയന്തിര ശ്രദ്ധ പതിപ്പിച്ച് കെട്ടിടങ്ങൾ കേടുപാടുകൾ തീർക്കുകയും, അത്യാവശ്യ സൗകര്യങ്ങൾ നിർമ്മിക്കുകയും വേണം.

താഴെ പറയുന്ന 2 അംഗൻവാടികൾക്ക് സ്വന്തമായ സ്ഥലം ഉണ്ട്. എന്നാൽ കെട്ടിടം ഇല്ല.

1. 3-ാം വാർഡിലെ കിഴക്കുപാടം-ചുള്ളിയോടുകുന്ന് അംഗൻവാടി

2. 6-ാം വാർഡിലെ കോട്ടോടത്തുപടി അംഗൻവാടി

ഈ രണ്ട് അംഗൻവാടികൾക്കും കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. കിഴക്കുംപാടം ഹരിജൻ കോളനിയിലാണ് 3-ാം വാർഡിലെ അംഗൻവാടിക്കുള്ള സ്ഥലം ലഭിച്ചിട്ടുള്ളത്. സ്ഥലം സംഭാവന ചെയ്തതും പട്ടികജാതി വിഭാഗത്തിൽപെട്ടവരാണ്. അതിനാൽ ഈ അംഗൻവാടികെട്ടിടത്തിന്റെ പണി പ്രത്യേക ഘടകപദ്ധതി പ്രകാരം പൂർത്തിയാക്കേണ്ടതാണ്.

അംഗൻവാടികളിൽ കുട്ടികൾ വേണ്ടുവോളമുണ്ട് അമ്മമാരുടെ സഹകരണവും ഉണ്ട്. വർക്കർമാരുടെയും ഹെൽപ്പർമാരുടേയും സേവനവേതന വ്യവസ്ഥകൾ പരിഷ്കരിച്ചേ മതിയാകൂ. ഒരു പ്രൈമറി സ്കൂൾ അധ്യാപികയേക്കാൾ ജോലിഭാരം അംഗൻവാടി വർക്കർക്കുണ്ട്.

## മറ്റു ക്ഷേമ പരിപാടികൾ

വികലാംഗർക്ക് പ്രത്യേക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയനുസരിച്ച് അർഹരായവർക്കൊക്കെ ഉപകരണങ്ങൾ വിതരണം ചെയ്യുക. വികലാംഗ വിദ്യാർത്ഥികൾക്കുള്ള ധനസഹായ പദ്ധതി ലഘൂകരിച്ചു നൽകുക, വികലാംഗർക്കുള്ള തൊഴിൽ പരിശീലനത്തിനുള്ള സ്റ്റൈപ്പന്റ് പദ്ധതി നടപ്പാക്കുക എന്നീ കാര്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

## ക്ഷയരോഗ പെൻഷൻ

ക്ഷയരോഗികളുടെ എണ്ണം കൂടി വരുന്നു. വളരെയേറെ ക്ഷയരോഗികൾക്ക് പെൻഷൻ ലഭിക്കാതിരിക്കുന്നു. ഏതെങ്കിലും ഒരു ഗവർമ്മേണ്ട് സർവ്വീസിലുള്ള ഡോക്ടർ ശുപാർശ ചെയ്താൽ അർഹരായവർക്കു മുഴുവൻ ക്ഷയരോഗ പെൻഷൻ ലഭിക്കുവാൻ കഴിയണം.

## ഭൂരഹിത കർഷക തൊഴിലാളികളുടെ ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീം

ഭൂ രഹിതരായ കർഷക തൊഴിലാളികൾ മരണമടയുമ്പോൾ അവകാശികൾക്കു LIC നൽകുന്ന 2000/- രൂപയുടെ ആശ്വാസ പരിപാടി കൂടുതൽ ആൾക്കാർക്കു പ്രയോജനപ്പെടണം. കർഷകത്തൊഴിലാളികളുടെ ഒരു പട്ടിക അതിനായി പഞ്ചായത്തിൽ സൂക്ഷിക്കണം.

## കേരള മരംകയറ്റ തൊഴിലാളി ക്ഷേമനിധി

മരം കയറുന്ന തൊഴിലാളികൾക്ക് അപകടം സംഭവിക്കുമ്പോൾ നൽകുന്ന ധനസഹായമാണിത്. തൊഴിലാളി മരണപ്പെട്ടാൽ 5000/രൂപയാക്കി അവകാശികൾക്കു നൽകും. അംഗഭംഗം വന്നാലും ധനസഹായം ലഭിക്കും. ഈ ധനസഹായത്തിന് അർഹതയുള്ളവരുടെ പട്ടിക പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## പട്ടികജാതി ക്ഷേമം

സാമൂഹ്യക്ഷേമ പരിപാടികളിൽ പട്ടികജാതി യിൽപെട്ടവർക്ക് പ്രത്യേക പരിഗണന നൽകു ന്നുണ്ട്. അവ ഏതൊക്കെയെന്നു നോക്കാം.

## ഭൂ രഹിത - ഭവനരഹിത പുനര ധിവാസ പദ്ധതി

ഭൂരഹിതരായ പട്ടികജാതിയിൽപെട്ടവർക്ക് സ്ഥലം വാങ്ങി വീടു വെയ്കുന്നതിനുള്ള ധന സഹായം ലഭ്യമാക്കി ഈ പഞ്ചായത്തിലെ പട്ടി കജാതി വിഭാഗത്തിൽ പെട്ടവരുടെ ക്ഷേമം ഉറ പ്പുവരുത്തണം.

"ഭവന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ" പദ്ധ തിയിൻ കീഴിൽ പട്ടികജാതി കോളനികൾ വൈദ്യുതീകരിക്കുന്നതിനും, അഴുക്കുചാലുകൾ നിർമ്മിക്കുന്നതിനും, കക്കൂസ്, കുളിമുറി മുത ലായവ നിർമ്മിക്കുന്നതിനും സാമൂഹ്യക്ഷേമ വകുപ്പിനുള്ള പദ്ധതി വ്യാപകമായി നടപ്പാ ക്കണം.

നിർധനരായ പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായ പദ്ധതി, ചികി ത്സക്കുള്ള ധനസഹായ പദ്ധതി എന്നീ ക്ഷേമ പദ്ധതികൾ ആരും അറിയാതെ പോകുന്നത് അവസാനിപ്പിക്കാനായി ബോധവൽക്കരണം ആവശ്യമാണ്.

## ക്ഷേമനിധികൾ

തൊഴിൽ ചെയ്തു ജീവിക്കുന്നവരുടെ തൊഴിൽശേഷി ഇല്ലാതാകുമ്പോൾ പെൻഷൻ ലഭിക്കുന്നതിനും, അത്യാഹിതങ്ങൾ സംഭവിക്കു മ്പോൾ നഷ്ടപരിഹാരം ലഭിക്കുന്നതിന് പല ക്ഷേമനിധികളും ഇന്നുണ്ട്. പക്ഷെ അവ യൊന്നും സാധാരണക്കാർക്ക് അറിവില്ല എന്ന ന്യൂനതയുണ്ട്. നിലവിലുള്ള ക്ഷേമനിധികൾ ഏതൊക്കെയാണെന്നു പരിശോധിക്കാം.

1. 1974 ലെ കേരള കർഷക തൊഴിലാളി ക്ഷേമ നിധി– ഇതിലെ അംഗങ്ങൾ കർഷക തൊഴിലാ ളികളാണ്.

2. 1990ലെ നിർമ്മാണ തൊഴിലാളി ക്ഷേമനിധി

ഈ ക്ഷേമനിധിയിൽ 18 നും 60നും മദ്ധ്യേ പ്രായമുള്ള നിർമ്മാണ തൊഴിലാളികൾക്ക് പ്രവേശനം ലഭിക്കും.

3. കേരള കൈതൊഴിലാളി വിദഗ്ദ്ധ തൊഴി ലാളി ക്ഷേമനിധി - ഈ പദ്ധതിയിൽ തയ്യൽക്കാർ, ബാർബർമാർ, അലക്കുകാർ, കൊല്ലപണിക്കാർ, മരം കയറ്റക്കാർ, കൈതൊ ഴിലാളികൾ, ബീഡി തൊഴിലാളികൾ, പെയിന്റർമാർ, വാച്ച് - സൈക്കിൾ റിപ്പയർ ചെയ്യുന്നവർ, നിലം ഉഴുന്നവർ, പാൽ വിതര ണക്കാർ, തേങ്ങ വെട്ടി ഉണക്കുന്നവർ, ഫോട്ടോ ഗ്രാഫർമാർ എന്നീ തൊഴിലാളികൾക്ക് ഈ പദ്ധ തിയിൽ അംഗമായി ചേരാവുന്നതാണ്.

4. കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമ നിധി – ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് ഇതിൽ അംഗമായി ചേരുവാൻ കഴിയും.

## വനിതാക്ഷേമം

സാമൂഹ്യ ക്ഷേമ ബോർഡിന്റേയും, വനിതാ വികസന കോർപ്പറേഷന്റേയും വിവിധ ധനസ ഹായപദ്ധതികൾ നടപ്പാക്കി സാമൂഹ്യമായി വളരെ പിന്നിൽ കിടക്കുന്ന വനിതകളെ ഉദ്ധരി ക്കുവാൻ പദ്ധതികൾ തയ്യാറാക്കണം.

നടപ്പു പദ്ധതികൾ എന്തൊക്കെയാണെന്ന് കണ്ടു കഴിഞ്ഞു. ഇനി ഗ്രാമ സഭകളിൽ ചർച്ച ചെയ്യപ്പെട്ട സാമൂഹ്യ ക്ഷേമരംഗത്തെ എടപ്പറ്റ യുടെ പ്രശ്നങ്ങൾ എന്തൊക്കെയെന്നു നോക്കാം.

## പ്രശ്നങ്ങൾ

1. ദാരിദ്ര്യരേക്കു താഴെയുള്ളവരുടെ സാമ്പത്തിക സ്ഥിതി പുരോഗമിക്കുന്നില്ല.

2. മൂനാടിയിലെ "മലൻപണ്ടാരം" വിഭാഗത്തിൽപെട്ട ഗിരിജനങ്ങൾക്ക് പട്ടിക വർഗ്ഗ ആനുകൂല്യം ലഭിക്കുന്നില്ല.

3. അർഹരായ മുഴുവൻ ആൾക്കാർക്കും പെൻഷൻ ലഭിക്കുന്നില്ല.

4. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നില്ല.

5. IRDP വായ്പകൾ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നില്ല.

6. IRDP വായ്പകൾ നൽകുവാൻ ബാങ്കുകൾ തയ്യാറാകുന്നില്ല.

7. IRDP ലിസ്റ്റിൽ പെട്ടവർക്ക് നൽകുന്ന ട്രൈസം പരിപാടി വിജയപ്രദമല്ല.

8. DWCRA യൂണിറ്റുകൾ വളരെ കുറവാണ്. ഉള്ളവയുടെ പ്രവർത്തനം തൃപ്തികരമല്ല.

9. കക്കൂസ് ഇല്ലാത്ത വീടുകൾക്ക് ധനസഹായം ലഭിക്കുന്നില്ല.

10. പട്ടിക ജാതിയിൽ പെടാത്തവർക്ക് ഭവന നിർമ്മാണ ധനസഹായം വളരെ കുറവാണ്.

11. JRY പദ്ധതിയിൻ കീഴിൽ മരാമത്തു പണികൾ കാര്യമായി നടക്കുന്നില്ല.

12. അംഗൻവാടികളുടെ കേടുവന്ന കെട്ടിടങ്ങൾ കേടുപാടു തീർക്കുന്നില്ല.

13. 7-ാം വാർഡിൽ അംഗൻവാടിയില്ല.

14. കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നില്ല.

15. അംഗൻവാടികൾക്ക് ആവശ്യമായ സൗകര്യങ്ങളില്ല

16. അംഗൻവാടി ജീവനക്കാരുടെ സേവന വേതനവ്യവസ്ഥകൾ തൃപ്തികരമല്ല.

17. ക്ഷയരോഗ പെൻഷൻ, വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം എന്നിവ യഥാവസരം ലഭിക്കുന്നില്ല.

18. ക്ഷേമനിധികളെകുറിച്ച് അറിവില്ല.

19. പട്ടികജാതി ക്ഷേമത്തിനുവേണ്ടിയുള്ള എല്ലാ ക്ഷേമ പദ്ധതികളും ഇവിടെ നടപ്പാക്കുന്നില്ല.

20. വനിതാക്ഷേമത്തിനുവേണ്ടിയുള്ള വനിതാവികസന കോർപ്പറേഷന്റെയും സാമൂഹ്യ ക്ഷേമ ബോർഡിന്റേയും പദ്ധതികളൊന്നും ഇവിടെ നടപ്പാക്കുന്നില്ല.

21. വികലാംഗക്ഷേമത്തിന്റെ കാര്യത്തിൽ കാര്യമായി ശ്രദ്ധിക്കുന്നില്ല.

22. വൃദ്ധന്മാർക്കുവേണ്ടിയുള്ള ക്ഷേമപദ്ധതികൾ നടപ്പാക്കുന്നില്ല.

## പ്രശ്നപരിഹാര സാധ്യതകൾ

1. IRDP വായ്പകൾ മാമൂൽ പരിപാടികൾക്കു നൽകാതെ ലാഭകരമായി നടത്തുവാൻ കഴിയുന്ന ഇലക്ട്രോണിക്സ്, ഗൃഹോപകരണ നിർമ്മാണം, ഗൃഹനിർമ്മാണ സാമഗ്രികളുടെ നിർമ്മാണം എന്നീ ആവശ്യങ്ങൾക്കു നൽകിയാൽ വായ്പ വാങ്ങുന്നവരുടെ വരുമാനം വർദ്ധിക്കുവാൻ സാധ്യതയുണ്ട്.

2. മലപ്പുറം ജില്ലാസഹകരണ ബാങ്കിൽനിന്നും വായ്പ നേടിയെടുത്ത് ചുരുങ്ങിയ പലിശ നിരക്കിൽ IRDP വായ്പകൾ നൽകുവാൻ സർവ്വീസ് ബാങ്ക് പദ്ധതി തയ്യാറാക്കണം.

3. ഒരു ദേശസാൽകൃത ബാങ്കിന്റെ ശാഖ എടപ്പറ്റയിൽ തുടങ്ങണം.

4. മൂനാടിയിൽ ഗിരിജനങ്ങൾക്ക് പ്രത്യേക പരിഗണന നൽകി അവരുടെ സാമൂഹ്യ പുരോഗതി ഉറപ്പുവരുത്തണം.

5. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ പഞ്ചായത്ത് ഓഫീസിൽ പ്രവർത്തിക്കണം. ദിവസേന സേവനം ലഭ്യമാക്കുകയും വേണം.

6. താല്പര്യമുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് ട്രൈസം പദ്ധതിപ്രകാരം പരിശീലനം നൽകുവാൻ ഈ പഞ്ചായത്തിൽതന്നെ സൗകര്യം ചെയ്യണം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് വായ്പ ലഭ്യമാക്കുകയും ചെയ്താൽ തൊഴിലില്ലായ്മ ഇല്ലാതാക്കാൻ സാധ്യതയുണ്ട്.

7. എല്ലാ വാർഡുകളിലും DWCRA യൂണിറ്റുകൾ സ്ഥാപിച്ച് വനിതകൾക്ക് തൊഴിൽ നൽകണം. ഈ പഞ്ചായത്തിൽ യോജിച്ച വ്യവസായങ്ങൾ തുടങ്ങുകയും വേണം.

8. കക്കൂസ് ഇല്ലാത്ത വീടുകൾക്ക് കക്കൂസ് നൽകുവാനായി CRSP അനുസരിച്ച് പദ്ധതി തയ്യാറാക്കണം. ഓരോ പ്രദേശത്തും മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നൽകുവാനായി ക്ലസ്റ്ററുകൾ കണ്ടെത്തി തീരുമാനിക്കണം.

9. പട്ടികജാതിയിൽ പെടാത്ത ദരിദ്രർ അനേകമാണ്. വീടു നിർമ്മിക്കുന്നതിനുള്ള പ്രത്യേക പദ്ധതി തയ്യാറാക്കി ദാരിദ്ര്യരേഖക്കു താഴെയുള്ളവർക്ക് വീടു നൽകണം.

10. JRY പദ്ധതിയിൽ ഉൾപ്പെടുത്തി പാലങ്ങളും റോഡുകളും നിർമ്മിച്ചാൽ ഗ്രാമീണ പുരുഷ തൊഴിലാളികളുടെയും സ്ത്രീ തൊഴിലാളികളുടെയും തൊഴിൽ സാധ്യത വർധിക്കുവാൻ സാധ്യതയുണ്ട്.

11. മുഴുവൻ അംഗൻവാടികളുടേയും കേടുപാടുകൾ തീർക്കുവാൻ സന്നദ്ധപ്രവർത്തകരേ കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള പദ്ധതിക്ക് രൂപം നൽകണം.

12. ഒരു അംഗൻവാടിപോലുമില്ലാത്ത 7–ാം വാർഡിൽ ഒരു അംഗൻവാടിയെങ്കിലും ഉടനെ തുടങ്ങുവാൻ കഴിയണം. ആവശ്യമുള്ള സ്ഥലത്തൊക്കെ അംഗൻവാടികൾ അനുവദിക്കുവാൻ നടപടി കൈക്കൊള്ളണം.

13. കെട്ടിടമില്ലാത്ത പേഴുംതറ അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കണം.

14. കിഴക്കുംപാടം ഹരിജൻ കോളനിയിൽതന്നെയുള്ള 3–ാം വാർഡിലെ അംഗൻവാടിക്ക് പ്രത്യേക ഘടക പദ്ധതിപ്രകാരം കെട്ടിടവും, കുട്ടികൾക്ക് കളിക്കുവാനുള്ള പാർക്കും മറ്റു സൗകര്യങ്ങളും നിർമ്മിക്കേണ്ടതാണ്.

15. അംഗൻവാടികൾക്ക് ചുറ്റുമതിൽ, കുടിവെള്ള സൗകര്യം, കക്കൂസ് മുതലായവ നിർമ്മിക്കണം.

16. അംഗൻവാടി കുട്ടികൾക്ക് കളിക്കോപ്പുകൾ, ഫർണീച്ചർ എന്നിവ വാങ്ങിക്കുവാൻ പദ്ധതി വേണം.

17. അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചാൽ അംഗൻവാടികളുടെ നിലവാരം ഉയരുവാൻ സാധ്യതയുണ്ട്.

18. പെൻഷനുകൾ പാസാക്കുന്നതും, വിതരണം ചെയ്യുന്നതും ഗ്രാമപഞ്ചായത്തിൽ നിന്നാ

യാൽ അഗതികളുടേയും, ദുർബലരുടേയും ബുദ്ധിമുട്ടുകൾ കുറയുവാൻ സാധ്യതയുണ്ട്.

19. ക്ഷേമനിധികളെ കുറിച്ചുള്ള അറിവു നൽകുന്നതിനായി ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിച്ചാൽ ക്ഷേമനിധികളിൽ കൂടുതൽ ആൾക്കാർ ചേരുവാൻ സാധ്യതയുണ്ട്.

20. സാമൂഹ്യമായി പിന്നണിയിലുള്ള വനിതകളുടെ പുരോഗതിക്കായി സാമൂഹ്യക്ഷേമ ബോർഡ്, വനിതാ വികസന കോപ്പറേഷൻ എന്നിവയുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ ആവിഷ്കരിച്ചാൽ സ്ത്രീകളുടെ സാമൂഹ്യ പിന്നോക്കാവസ്ഥ മാറുവാൻ സാധ്യതയുണ്ട്.

21. വികലാംഗർക്ക് കായികശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുകയും, തൊഴിൽ ചെയ്തു ജീവിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുകയും വേണം. വികലാംഗക്ഷേമ കോപ്പറേഷന്റെ ധനസഹായം ലഭ്യമാക്കുകയും വേണം. അവർക്ക് ബങ്കുകൾ സ്ഥാപിച്ചു കൊടുത്ത് എന്തെങ്കിലും തൊഴിൽ ചെയ്യുവാനുള്ള സാഹചര്യം ഒരുക്കിയാൽ അവർക്ക് കുടുംബം പോറ്റുവാൻ കഴിയുന്നതാണ്.

22. വളരെ സാധുക്കളായ വൃദ്ധരുടെ മാനസിക ഉല്ലാസത്തിനും സംരക്ഷണത്തിനുമായി ഒരു വൃദ്ധ സദനം തുടങ്ങിയാൽ 60 വയസ്സിനു മുകളിലുള്ള ആരാരുമില്ലാത്ത വൃദ്ധർക്ക് വലിയ ആശ്വാസമാകുവാൻ സാധ്യതയുണ്ട്.

മുകളിൽ പറഞ്ഞിട്ടുള്ള പ്രശ്നങ്ങളും പ്രശ്ന പരിഹാര സാധ്യകളും വിശദമായി ചർച്ച ചെയ്യണം. പുതിയ സാധ്യതകൾ കണ്ടെത്തണം. അങ്ങനെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികൾക്ക് രൂപം നൽകുവാൻ കഴിയണം.

## പൊതുവിതരണം

ഈ പഞ്ചായത്തിൽ മാവേലിസ്റ്റോറുകളോ, സഹകരണ സ്റ്റോറുകളോ ഒന്നുമില്ല. ആകെയുള്ളത് കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 6 പൊതുവിതരണ കേന്ദ്രങ്ങളാണ്. പൊതു വിതരണ കേന്ദ്രങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

### പൊതുവിതരണ കേന്ദ്രങ്ങൾ

### പട്ടിക 9

| ക്രമ നമ്പർ | വാർഡ് | പൊതുവിതരണ കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|---|
| 01 | 01 | എടപ്പറ്റ റയിൽ |
| 02 | 03 | ഏപ്പിക്കാട് ജംഗ്ഷൻ |
| 03 | 04 | പുല്ലുപറമ്പ് |
| 04 | 05 | ബാലവാടിപടി |
| 05 | 08 | മുത്തപ്പൻപാറ |
| 06 | 09 | പുളിയക്കോട് |

3282 കുടുംബങ്ങൾക്ക് 6 റേഷൻ കടകൾ മാത്രമേയുള്ളു. 2,6,7 വാർഡുകളിലെ ജനങ്ങൾക്ക് റേഷൻ സാനധനങ്ങളായ അരി, പഞ്ചസാര, മണ്ണെണ്ണ മുതലായവ വാങ്ങുവാൻ വളരെ ദൂരെ പോകേണ്ടതുണ്ട്. ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുന്നത് 6–ാം വാർഡുകാരാണ്. അവരിൽ നല്ലൊരു ശതമാനം മേലാറ്റൂർ പഞ്ചായത്തിലെ ഉച്ചാരക്കടവ് പൊതുവിതരണ കേന്ദ്രത്തെയാണ് ആശ്രയിക്കുന്നത്.

അതിനാൽ താഴെ പറയുന്ന ക്രമത്തിൽ പൊതുവിതരണകേന്ദ്രം അനുവദിക്കണം.

## പൊതുവിതരണ കേന്ദ്രം ആവശ്യമുള്ള സ്ഥലങ്ങൾ

### പട്ടിക 10

| ക്രമനമ്പർ | വാർഡ് | സ്ഥലം |
|---|---|---|
| 01 | 06 | കൊമ്പൻകല്ല് (പൂക്കാടി) |
| 02 | 02 | പുല്ലാനിക്കാട് |
| 03 | 07 | U.P. സ്കൂൾപടി |

## *മാവേലി സ്റ്റോർ*

പൊതുവിതരണ കേന്ദ്രത്തിൽ സാധാരണ വേണ്ടതായ നിത്യോപയോഗ സാധനങ്ങളൊന്നും കിട്ടാറില്ല. അതിനാൽ പഞ്ചായത്ത് ആസ്ഥാനമായ ഏപ്പിക്കാട് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക ഒരു മാവേലി സ്റ്റോർ തുറക്കണം. അതിനു സാധ്യതയില്ലെങ്കിൽ സർവ്വീസ് സഹകരണ ബാങ്കിന് ഒരു സഹകരണ സ്റ്റോർ തുറക്കാവുന്നതാണ്. ഏതായാലും എടപ്പറ്റയിൽ ഒരു കൺസ്യൂമർ സ്റ്റോറെങ്കിലും ആരംഭിക്കേണ്ടതുണ്ട്.

റേഷൻകാർഡുകൾ പുതുതായി അനുവദിച്ചു കിട്ടുന്നതിനും, കാർഡുകളിൽ പുതിയ പേരുകൾ ചേർക്കുന്നതിനും ഇന്നു വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ട്. അതു പരിപരിക്കുവാൻ ആഴ്ചയിൽ ഒരു ദിവസമെങ്കിലും പഞ്ചായത്ത് ഓഫീസിൽ റേഷൻകാർഡിനുള്ള അപേക്ഷ സ്വീകരരിക്കുന്നതിനും അനുവദിക്കുന്നതിനുമുള്ള സൗകര്യം സൃഷ്ടിക്കണം.

ഉപഭോക്താക്കളുടെ താല്പര്യ സംരക്ഷണത്തിനുവേണ്ടി പഞ്ചായത്തു തലത്തിൽ ഒരു കൺസ്യൂമർ ഫോറം രൂപീകരിക്കുകയും വേണം



# 5 - 13 വനം

എടപ്പറ്റയിലെ 54.65 ഹെക്ടർ സ്ഥലം വനഭൂമിയാണ്. ഇത് മൊത്തം വിസ്തീർണ്ണത്തിന്റെ 2.12 ശതമാനം വരും. നിക്ഷിപ്ത വനഭൂമിയായി സർക്കാർ ഏറ്റെടുത്ത ഈ 54.65 ഹെക്ടർ സ്ഥലം 1985 വരെ സ്വകാര്യ കൃഷി ഭൂമിയായിരുന്നു. അതുകൊണ്ടു തന്നെ വൻമരങ്ങൾ ഒന്നുമില്ല. എന്നാൽ വളരെ പെട്ടെന്ന് വനമായിക്കൊണ്ടിരിക്കുന്നു. ചെരിവും, പാറക്കെട്ടുമുള്ള ഈ വനഭൂമി ഫലഭൂയിഷ്ടമാണ്. ജലസ്രോതസ്സുകളുമുണ്ട്. വന്യമൃഗങ്ങളൊന്നുമില്ല. കാട്ടുപന്നിക്കൂട്ടങ്ങൾ ഈ വനം കയ്യടക്കിയിരിക്കുന്നു. മൂനാടിയിലെ ആളൻമാർ എന്ന ഗിരിവർഗ്ഗക്കാർ ഈ വനഭൂമി പ്രദേശമായ പറയൻമാടിന്റെ താഴെയാണ് താമസം. പറയൻ മാട് സഹ്യപർവ്വത താഴ്‌വരയിലെ ഒരു കൊച്ചു കുന്നാണ്. ഈ വനഭൂമിയോടു ചേർന്ന് വേറെ വനങ്ങൾ ഇല്ല. ചുറ്റു ഭാഗവും കൃഷിയിടങ്ങളാണ്. ഈ പഞ്ചായത്തിൽ റിസർവ്വ് വനങ്ങൾ ഒന്നുമില്ല.

പറയൻമാട് വനഭൂമി ഈ പഞ്ചായത്തിന്റെ പാരിസ്ഥിതികസന്തുലിതാവസ്ഥക്ക് വളരെ നല്ലതാണ്. മൂനാടിയിലെ ഉറവകൾ ശക്തി പ്രാപിച്ചു വരുന്നുണ്ട്. അതോടൊപ്പം തന്നെ കാട്ടുപന്നികളുടെ കടുത്ത ശല്യം മൂലം കൃഷി നാശത്തിനു കാരണവും ഈ വനഭൂമി തന്നെ. കേന്ദ്ര സബ്സിഡി 50% ലഭിക്കുന്ന അനർട്ടിന്റെ സൗരോർജ്ജ കമ്പിവേലി ഉപയോഗിച്ച് പന്നി ശല്യം അവസാനിപ്പിക്കുവാൻ അധികൃതർ തയ്യാറാകേണ്ടതാണ്. ബാക്കി തുക പഞ്ചായത്ത് മുടക്കുകയും വേണം.

## സാമൂഹ്യ വനവൽക്കരണം

വനഭൂമി വളരെ കുറവായ ഈ പഞ്ചായത്തിൽ വളരെയേറെ കാർഷിക വിളകളും നാണ്യവിളകളും ഉണ്ട്. റബ്ബറാണ് മുഖ്യമായ പച്ചപ്പുതപ്പ്. വേനൽക്കാലത്ത് ഇലകൊഴിയുന്നതിനാൽ റബ്ബർ മരങ്ങൾ കാട്ടുമരങ്ങൾക്ക് പകരമാകുന്നില്ല. അതിനാൽ കാട്ടുവൃക്ഷങ്ങളോ അതേ ഗുണമുള്ള ഫലവൃക്ഷങ്ങളോട നട്ടുപിടിപ്പിക്കേണ്ടതുണ്ട്.

## സാമൂഹ്യ വനവൽക്കരണം, പൊതുവഴികളിൽ

ഈ പഞ്ചായത്തിലാകെ 92.15 കിലോമീറ്റർ റോഡുകളുണ്ട്. ഈ റോഡുകൾക്കിരുവശവും മരങ്ങൾ വെച്ചു പിടിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കി നടപ്പാക്കിയാൽ പഞ്ചായത്തിന്റെ വരുമാനം വർധിക്കും. റോഡുവക്കിൽ മരം വെച്ചു

പിടിപ്പിക്കുന്നതിനായി പ്ലാവ്, മാവ്, ആഞ്ഞിലി, തേക്ക് മുതലായ നാടൻ മരങ്ങളും മരുത്, ഇരൂൾ, വെൺതേക്ക് മുതലായ കാട്ടുമരങ്ങളും ഉപയോഗിക്കണം. തൈകൾ സൗജന്യമായി പഞ്ചായത്ത് വിതരണം നടത്തണം. വനം വകുപ്പിന്റെ സഹായം ഇക്കാര്യത്തിൽ തേടണം.

## സന്നദ്ധസേവനം

വൃക്ഷ തൈകൾ സൗജന്യമായി വിതരണം ചെയ്യണം. എന്നാൽ തൈകൾ വെച്ചുപിടിപ്പിക്കുന്നതിനായി പഞ്ചായത്ത് പണം ചെലവഴിക്കേണ്ടതില്ല. റോഡിന് ഇരുവശവുമുള്ള നാട്ടുകാരെ ഉപയോഗിച്ച് തൈകൾ നടണം. സംരക്ഷണവും തൈകൾ നടുന്നവർ നിർവ്വഹിക്കണം. നിശ്ചിത കൊല്ലം തികയുമ്പോൾ മരം മുറിച്ചുവിറ്റു കിട്ടുന്ന തുകയുടെ ഒരു നിശ്ചിത ശതമാനം വൃക്ഷങ്ങൾ സംരക്ഷിച്ചവർക്കും ബാക്കി പഞ്ചായത്തിനും ലഭിയ്ക്കും. മരം വെട്ടുന്ന മുറയ്ക്ക് പുതിയ മരങ്ങൾ വെച്ചു പിടിപ്പിക്കുകയും വേണം. വൃക്ഷസംരക്ഷകർക്ക് ഉറപ്പും, സംരക്ഷണവും നൽകുന്ന വിധത്തിൽ പദ്ധതി തയ്യാറാക്കേണ്ടതുണ്ട്.

## സാമൂഹ്യ വനവൽക്കരണം - പൊതുസ്ഥലങ്ങളിൽ

റോഡു വക്കുകളിൽ വൃക്ഷം വെച്ചുപിടിപ്പിക്കുന്നതുപോലെ സർക്കാർ ഓഫീസുകളിൽ, ശ്മശാനത്തിൽ, സ്കൂൾ വളപ്പുകളിൽ, അംഗൻവാടികളിൽ, ആസ്പത്രി വക സ്ഥലങ്ങളിൽ എല്ലാം വനവൽക്കരണ പദ്ധതി നടപ്പാക്കണം. അതും സ്പോൺസർ ചെയ്യിക്കുവാൻ കഴിയണം.

## സാമൂഹ്യ വനവൽക്കരണം - സ്വകാര്യസ്ഥലങ്ങളിൽ

ഗ്രാമപഞ്ചായത്ത് സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലും വൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കണം. അതുകൊണ്ട് ഗ്രാമപഞ്ചായത്തിന് ലാഭം ഉണ്ടാവുകയില്ല. എങ്കിലും വലിയ ഒരു സാമൂഹ്യനൻമയായിരിക്കും അത്. വൃക്ഷങ്ങൾ നാട്ടിൽ വളരട്ടെ, ഏതു ചെറുകിട-നാമമാത്ര ഭൂ ഉടമയ്ക്കും ഒരു മരമെങ്കിലും നടുവാൻ കഴിയണം. സൗജന്യമായി തൈ വിതരണം ചെയ്താൽ ഭൂ ഉടമകൾ അത് പ്രയോജനപ്പെടുത്തും. ഓരോരുത്തർക്കും ആവശ്യമായ തൈകൾ വിതരണം ചെയ്യണം. ഈ ആവശ്യത്തിനുവേണ്ടി മുടക്കുന്ന പണം ഒന്നിന് പത്തായും, പത്തിനു നൂറായും വർധിക്കും.

## ബോധവൽക്കരണം

സാമൂഹ്യ വനവൽക്കരണം വിജയിക്കണമെങ്കിൽ വ്യാപകമായ ബോധവൽക്കരണം ആവശ്യമാണ്. അതിനായി പഞ്ചായത്ത് കുറച്ചു പണം മുടക്കട്ടെ. രാഷ്ട്രീയ പാർട്ടികൾ, സന്നദ്ധസംഘടനകൾ, പൊതുപ്രവർത്തകർ ഇവരുടെയെല്ലാം സേവനം ഈ കാര്യത്തിൽ ഉറപ്പുവരുത്തുവാനുള്ള പദ്ധതിക്ക് രൂപം നൽകണം.

## വനവൽക്കരണദിനം, വൃക്ഷസംരക്ഷണദിനം

മരങ്ങൾ നടുന്നതിനായി ഒരു ദിവസം തെരഞ്ഞെടുക്കണം. അതിനു മുൻപായി തൈകൾ ഒരുക്കിയിരിക്കണം. വാർഡുതലത്തിലും, ഏരിയാ തലത്തിലും കമ്മിറ്റികൾക്ക് രൂപം കൊടുത്തിരിക്കണം. നല്ല പ്രചരണവും നൽകണം. വായനശാലകളേയും, ക്ലബുകളേയും അംഗൻവാടികളേയും സ്കൂളുകളേയും സർക്കാർ ഓഫീസുകളേയും പങ്കെടുപ്പിച്ച് വനവൽക്കരണദിനത്തിൽ ഒരൊറ്റ ദിവസം കൊണ്ടു തന്നെ ആയിരക്കണക്കിന് വൃക്ഷതൈകൾ പഞ്ചായത്തിൽ നടുവാൻ കഴിയണം. പിന്നീട് സംരക്ഷണവും ഉറപ്പുവരുത്തണം. അതിനെല്ലാം വിശദമായ പദ്ധതി തയ്യാറാക്കി പ്രാവൃത്തികമാക്കണം.

## "ഒരാൾക്ക് ഒരു മരം"

എടപ്പറ്റയിൽ 20124 ജനങ്ങൾ ഉണ്ട്. ഓരോ ജനങ്ങളുടെ പേരിലും ഒരു വർഷം ഓരോ മരങ്ങളെങ്കിലും വെച്ചുപിടിപ്പിക്കുവാൻ കഴിയുന്ന പദ്ധതിയാണ് ആവിഷ്ക്കരിക്കേണ്ടത്. 9–ാം പദ്ധതി അവസാനിയ്ക്കുമ്പോഴേക്കും 'ഒരാൾക്ക് ഒരു മരം' പദ്ധതി വഴി ഈ പഞ്ചായത്തിൽ ഏറ്റവും ചുരുങ്ങിയത് 100000 മരങ്ങളെങ്കിലും വളർന്നുവരണം. അതിനുള്ള പദ്ധതിയാണ് ആവിഷ്ക്കരിക്കേണ്ടത്. 20 കൊല്ലം കഴിയുമ്പോൾ ഒരു ലക്ഷം മരത്തിന്റെ മൂല്യം എത്രയെന്ന് ഒന്നാലോചിക്കുന്നത് നന്നായിരിയ്ക്കും.

ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെട്ട കാര്യങ്ങളാണ് മുകളിൽ സൂചിപ്പിച്ചത്. അവ നിർദ്ദേശങ്ങളായി പരിഗണിച്ച് പുതിയ പദ്ധതികൾക്ക് രൂപം നൽകി എടപ്പറ്റയെ ഒരു പച്ചപുതച്ച പഞ്ചായത്തായി മാറ്റിയെടുക്കണം.



# 6 ഉപസംഹാരം

ഗാന്ധിജയന്തിദിനമായ 1995 ഒക്ടോബർ 2–ാംന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ താണ് ഇന്നത്തെ പഞ്ചായത്ത് ഭരണസമിതി.

ഒക്ടോബർ 4–ാംന് പ്രസിഡണ്ട് തെരഞ്ഞെടുപ്പും, വൈസ്പ്രസിഡണ്ട് തെരഞ്ഞെടുപ്പും നടന്നു. പിന്നീട് സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും കമ്മിറ്റി ചെയർ പേഴ്സന്റേയും തെരഞ്ഞെടുപ്പു നടന്നു. പഞ്ചായത്തിന്റെ വികസനത്തിനു വേണ്ടി പുതിയ വികസന രാഷ്ട്രീയ സംസ്കാരവുമായി മുന്നോട്ടു പോവുകയാണ് ഭരണസമിതി. വികസനപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാൻ, പുതിയ ആസൂത്രണങ്ങൾക്ക് രൂപം നൽകുവാൻ, 9–ാം പദ്ധതി ജനകീയ പദ്ധതിയാക്കുവാൻ നിർദ്ദേശിക്കപ്പെട്ടതനുസരിച്ച് ജനകീയാസൂത്രണ സമിതിയ്ക്കും രൂപം നൽകി.

9–ാം പദ്ധതിയ്ക്കുള്ള രൂപരേഖ തയ്യാറാക്കുവാൻ ഭരണസമിതിയെ ജകീയാസൂത്രണ സമിതി വളരെയേറെ സഹായിക്കുന്നുണ്ട്. ജനകീയാസൂത്രണപരിപാടികൾക്ക് നല്ല ജനകീയ സഹകരണവും ലഭിക്കുന്നുണ്ട്. ഈ ജനകീയ സഹകരണവും, ജനകീയാസൂത്രണ സമിതിയുടെ ഉപദേശങ്ങളും നിലനിന്നാൽ 21–ാം നൂറ്റാണ്ടിലേക്കു പ്രവേശിക്കുമ്പോൾ എടപ്പറ്റയ്ക്ക് പുതിയ രൂപഭാവങ്ങൾ കൈവരുമെന്നും ഈ രണ്ടാം ഗ്രേഡ് പഞ്ചായത്ത് ഗ്രേഡ് – 1 ആയി ഉയരുമെന്നും നമുക്കു പ്രത്യാശിക്കാം.

അടിത്തട്ടിൽ നിന്നും ആസൂത്രണം, അധികാരം ജനങ്ങൾക്ക് എന്നൊക്കെ പറയുന്നുണ്ടെങ്കിലും ജനങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുവാൻ ഇന്നുള്ള നിയമങ്ങളും ചട്ടങ്ങളും വിലങ്ങുതടിയാണ് എന്ന അഭിപ്രായമാണ് പഞ്ചായത്തുഭരണസമിതിയ്ക്കുള്ളത്. ചട്ടം മാറ്റുക തന്നെ വേണം. പഞ്ചായത്തു ഭരണം ജനങ്ങൾക്ക് പ്രയോജനകരമാക്കി തീർക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഭരണസമിതി സമർപ്പിച്ചുകൊള്ളുന്നു.

1. പഞ്ചായത്തുഫണ്ട് ചെലവഴിക്കാനുള്ള പൂർണ്ണ അധികാരം തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾക്കായിരിക്കണം.

2. ഭരണസമിതി തീരുമാനിക്കുന്ന സാങ്കേതിക വിദഗ്ദ്ധനെ കൊണ്ട് മരാമത്തുപണികൾക്കുള്ള എസ്റ്റിമേറ്റിനു രൂപം നൽകുവാൻ ഭരണസമിതിയ്ക്ക് സ്വാതന്ത്ര്യം വേണം.

3. സെക്രട്ടറിക്ക് തയ്യാറാക്കാവുന്ന എസ്റ്റിമേറ്റിന്റെ പരിധി 5000/– എന്നുള്ളത് 50000/– രൂപ എന്നാക്കി ഉയർത്തണം.

4.അൺ ടൈഡ് ഫണ്ടിന്റെ ആക്ഷൻ പ്ലാൻ തയ്യാറാക്കി അംഗീകരിക്കുവാനുള്ള അധികാരം ഭരണസമിതിക്ക് മാത്രമായിരിക്കണം. അംഗീകാരം വാങ്ങൽ കാലതാമസം വരുത്തിവെക്കുന്നു.

5. പട്ടികജാതിക്ഷേമത്തിനുവേണ്ടി നീക്കിവെക്കുന്ന തുക ജനസംഖ്യാനുപാതികമാക്കി കുറവുചെയ്യണം.

6. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് നിർത്തൽ ചെയ്ത് അവരെ പഞ്ചായത്ത് ഓഫീസിനു കീഴിൽ പ്രവൃത്തിക്കുന്ന സാമൂഹ്യക്ഷേമ വകുപ്പിന്റെ ജീവനക്കാരാക്കി മാറ്റണം.

7. വില്ലേജ് ഓഫീസുകളിൽ പിരിക്കുന്ന ബേസിക് ടാക്സ് അതാതു ദിവസം പഞ്ചായത്തു കണക്കിലേക്ക് വരവുവെയ്ക്കുവാൻ കഴിയണം.

8. സ്റ്റാമ്പ് ഡ്യൂട്ടി, വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ എന്നിവ മാസാമാസം പഞ്ചായത്തിനു ലഭിക്കണം.

9. പ്രസിഡണ്ടിന് ഒരു പേഴ്സണൽ സ്റ്റാഫിനെ അനുവദിക്കണം.

10. ഓരോ വകുപ്പുകളും ഓരോ സർക്കാരായി പ്രവർത്തിക്കാതെ പഞ്ചായത്തിൽ നടപ്പാക്കുന്ന വിവിധ പരിപാടികൾ പഞ്ചായത്തിന്റെ കീഴിൽ ഏകീകരിക്കണം.

11. പഞ്ചായത്തിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പുതുക്കുകയും കൂടുതൽ സ്റ്റാഫിനെ നിയമിക്കുകയും വേണം.

12. പഞ്ചായത്ത് ഓഫീസിൽ ഒരു ടൈപ്പിസ്റ്റിനെ നിയമിക്കണം.

13. പഞ്ചായത്തു വക മരാമത്തു ജോലികൾ നോമിനിയെ നിശ്ചയിച്ച് ഏൽപ്പിക്കുമ്പോൾ കമ്മിറ്റി കൺവീനറായ നോമിനിയ്ക്ക് എസ്റ്റിമേറ്റു തുകയോ, ഭരണസമിതി കുറവ് ചെയ്ത് നിശ്ചയിക്കുന്ന തുകയോ, നൽകുവാനുള്ള അധികാരം ഭരണസമിതിക്ക് വേണം. ടെൻണ്ടർ ചെയ്യുന്ന കാലതാമസം ഒഴിവാക്കുവാൻ അതാവശ്യമാണ്.

14. 9-ാം പഞ്ചവത്സരപദ്ധതിക്കുവേണ്ട സ്കീമുകൾ തയ്യാറാക്കുന്ന ജോലിയാണല്ലോ ഇപ്പോൾ ചെയ്തുവരുന്നതും, ഇനി ചെയ്യുവാൻ പോകുന്നതും. ജനങ്ങൾ തീരുമാനിക്കുന്ന പദ്ധതികൾ തന്നെ ഇവിടെ നടപ്പാക്കാൻ കഴിയുന്ന സ്ഥിതിവിശേഷം ഉണ്ടാകേണ്ടതുണ്ട്. അല്ലെങ്കിൽ പഞ്ചായത്തു സംവിധാനത്തോട് ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെടും. ആ വിശ്വാസം നഷ്ടപ്പെടുവാൻ അനുവദിച്ചുകൂടാ.

15. പഞ്ചായത്തിന്റെ അധികാരപരിധിയിൽപെടാത്ത കാര്യങ്ങൾ നേടിയെടുക്കുന്നതിന് പഞ്ചായത്ത് നിവേദനങ്ങൾ നൽകുകയും, ആവശ്യമായ അപേക്ഷകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അനർട്ടിന്റെ ഒരു ഓഫീസ് എടപ്പറ്റയിൽ തുടങ്ങുക, എടപ്പറ്റയിൽ റെയിൽവേ ലയിനിന് ലവൽ ക്രോസിംഗ് നിർമ്മിക്കുവാൻ അനുമതി നൽകുക, എടപ്പറ്റയിൽ റയിൽവേ ഹാൾട്ട് സ്റ്റേഷൻ അനുവദിക്കുക, എടപ്പറ്റയിൽ ഒരു ടെലഫോൺ എക്സ്ചേഞ്ച് ആരംഭിക്കുക, എടപ്പറ്റ ബ്രാഞ്ച് പോസ്റ്റ് ഓഫീസ് സബ്ബ് പോസ്റ്റ് ഓഫീസാക്കി ഉയർത്തുക, ആവശ്യമായ സ്ഥലങ്ങളിൽ ബ്രാഞ്ച് പോസ്റ്റ് ഓഫീസുകൾ തുറക്കുക, വൈദ്യുതീകരിക്കാത്ത പ്രദേശങ്ങൾ വൈദ്യുതീകരിക്കുക, K.S.R.T.C. ബസ്സു റൂട്ടുകൾ എടപ്പറ്റ വഴി അനുവദിക്കുക, ഇലക്ട്രിക്കൽ സബ്ബ് സ്റ്റേഷൻ ആരംഭിക്കുക എന്നിങ്ങനെയുള്ള ആവശ്യങ്ങൾ അതുമായി ബന്ധപ്പെട്ട അധികൃതർ പ്രത്യേകമായി പരിഗണിക്കേണ്ടതാണ്. എങ്കിൽ മാത്രമേ ഗ്രാമസഭകളിലും, പഞ്ചായത്തു സമിതികളിലും പൊതുജനവിശ്വാസം കൈവരുകയുള്ളൂ. അധികാരം ജനങ്ങൾക്ക് കൈവന്നു എന്ന് ബോധ്യം വരുകയും ചെയ്യും.

ജനങ്ങളുടെ കൂട്ടായ്മയിലും, സഹകരണത്തിലും, ജനകീയാസൂത്രണ സമിതിയുടെ ആത്മാർത്ഥതയിലും, കഴിവിലും എടപ്പറ്റ ഗ്രാമ പഞ്ചായത്ത് ഭരണസമിതിക്ക് വൻ പ്രതീക്ഷയുണ്ട്. മുഴുവൻ ജനങ്ങളുടേയും സഹകരണവും കരുത്തും ഉപയോഗപ്പെടുത്തി പ്രതീക്ഷയോടെ വലിയൊരു പുരോഗതി ലക്ഷ്യമാക്കി നമുക്കൊറ്റക്കെട്ടായി മുന്നേറാം.

**M.K. അലി, പ്രസിഡണ്ട്,**
എടപ്പറ്റ ഗ്രാമ പഞ്ചായത്ത്.

# അധികാരം ജനങ്ങൾക്ക്

# ജനകീയാസൂത്രണ പരിപാടി



## എടപ്പറ്റ ഗ്രാമപഞ്ചായത്ത്

# എടപ്പറ്റ ഗ്രാമപഞ്ചായത്ത്



## അധികാരം ജനങ്ങൾക്ക്

### ജനകീയാസൂത്രണ പ്രസ്ഥാനം

തൃശ്ശൂരിന്റെ പാരമ്പര്യം
വള്ളുവനാടിന്റെ ചൈതന്യം
മഞ്ഞിലാസിന്റെ തിളക്കം




# മഞ്ഞിലാസ് ജ്വല്ലറി

ഊട്ടി റോഡ്, പെരിന്തൽമണ്ണ.

**Tel. 326977**

PRINTED AT UDAYA ART PRINTERS CHOONDAL PH: 522714